# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃശ്ശൂർ കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001

ഇ-മെയിൽ: corptsr.ksad@kerala.gov.in

ഫോൺ : 0487-2443619

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്. എ,(ടി.എസ്.സി)555/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001
തീയ്യതി: 14/07/2022
ഇ-മെയിൽ:
corptsr.ksad@kerala.gov.in
ഫോൺ: 0487-2443619

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
തൃശ്ശൂർ കോർപ്പറേഷൻ

സർ,

വിഷയം : തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-9,1-11,1-14,1-16,1-18,1-24,1-28,1-34,1-131 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി (ഉപരിപത്രം സഹിതം).

5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്. എ,(ടി.എസ്.സി)555/22 തീയ്യതി: 14/07/2022

## തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 182 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 66 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സുനിൽദത്ത്.എം.ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-02-2022 | 30-04-2022 |
| ശ്രീമതി. സബിത .എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ), സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-05-2022 | 23-06-2022 |
| ശ്രീമതി. ലത എം.എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീമതി.സബിത.എസ്, ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീമതി.മീര നായർ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഹണി. കെ.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ചൈതന്യ പുരുഷോത്തോമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിവ്യ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സോന.കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കാർത്തിക. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മാലിനി. വി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിഷ കെ.ടി, ഓഡിറ്റർ
ശ്രീമതി.നിഷ.കെ.കെ, ഓഡിറ്റർ
ശ്രീമതി. നിലൂഫർ ബി.ഐ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അജിത ജയരാജൻ | മേയർ | 01-04-2020 | 11-11-2020 |
| ശ്രീ. എസ്. ഷാനവാസ്, ജില്ലാ കളക്ടർ (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | ചെയർമാൻ | 12-11-2020 | 27-12-2021 |
| ശ്രീ. വർഗ്ഗീസ് .എം.കെ | മേയർ | 01-04-2020 | 10-08-2020 |
| ശ്രീ. പി.രാധാകൃഷ്ണൻ | സെക്രട്ടറി | 10-08-2020 | 31-03-2021 |
| ശ്രീ. വിനു.സി.കുഞ്ഞപ്പൻ | സെക്രട്ടറി | 10-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനു.സി.കുഞ്ഞപ്പ**ൻ** | അഡീഷണ**ൽ** സെക്രട്ടറി | 01-04-2020 | 11-08-2020 |
| ശ്രീ..അരു**ൺ**കുമാ**ർ** വി.സി. | അഡീഷണ**ൽ** സെക്രട്ടറി(ഇ**ൻ**ചാ**ർ**ജ്ജ്) | 12-08-2020 | 31-03-2021 |
| ശ്രീമതി. ഷൈനി ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 01-04-2020 | 11-06-2020 |
| ശ്രീമതി. സരസ്വതി എ.കെ | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 12-06-2020 | 31-03-2021 |
| ശ്രീമതി. ദീപ.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 02-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി. സിമി റോസ് ആൻഡ്രൂസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-12-2020 | 20-01-2021 |
| ശ്രീമതി. മജാ ജോസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 21-01-2021 | 17-03-2021 |
| ശ്രീ. ഷിബു കുമാർ പി.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 17-03-2021 | 31-03-2021 |
| ഡോ. ശ്രീമതി. അനിത സുകുമാർ .കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീമതി. കെ.കെ. ബിന്ദു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 08-12-2020 |
| ഡോ. ശ്രീമതി. ബിനി വി.വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-12-2020 | 31-03-2021 |
| ഡോ.ശ്രീ. ബിജു.ജി.പിള്ള | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ഒല്ലൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ധന്യ വിൻസെന്റ് | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രബിത | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മാധവൻ.കെ.സി. | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | 01-04-2020 | 31-05-2020 |
| ശ്രീ. രാജീവ് ഇ.കെ | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | 01-06-2020 | 02-08-2020 |
| ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | 03-08-2020 | 31-03-2021 |
| ഡോ.ശ്രീമതി. ശ്രീദേവി | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ശ്രീ. ഭരതരാജൻ.കെ.എസ് | പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീ. എ.എസ് സുധീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ (വിൽവട്ടം) | 01-04-2020 | 19-09-2020 |

| | | | |
|---|---|---|---|
| ഡോ.ശ്രീ. ഫ്രാൻസിസ് ബാസ്റ്റിൻ .പി | സീനിയർ വെറ്ററിനറി സർജൻ (വിൽവട്ടം) | 20-09-2020 | 30-11-2020 |
| ഡോ.ശ്രീ. എ.എസ് സുധീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ (വിൽവട്ടം) | 01-12-2020 | 28-02-2021 |
| ഡോ.ശ്രീ. ഫ്രാൻസിസ് ബാസ്റ്റിൻ .പി | സീനിയർ വെറ്ററിനറി സർജൻ (വിൽവട്ടം) | 01-01-2021 | 31-03-2021 |
| ഡോ.ശ്രീമതി. ജ്യോതിലക്ഷ്മി | സീനിയർ വെറ്ററിനറി സർജൻ (ഒല്ലൂർ) | 01-04-2020 | 23-09-2020 |
| ശ്രീമതി. നവ്യ രാമചന്ദ്രൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 18-12-2020 |
| ശ്രീമതി. ജലജ വി.എസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 19-12-2020 | 18-02-2021 |
| ശ്രീമതി. നവ്യ രാമചന്ദ്രൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 19-02-2021 | 25-02-2021 |
| ശ്രീ. പ്രദീപ് പി.എസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീ. സന്ദീപ് കെ.ജി | കോർപ്പറേഷൻ എഞ്ചിനീയർ | 01-01-2020 | 04-05-2020 |
| ശ്രീമതി. ഷൈബി ജോർജ്ജ് | കോർപ്പറേഷൻ എഞ്ചിനീയർ | 05-05-2020 | 31-03-2021 |
| ശ്രീമതി. ഷൈബി ജോർജ്ജ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1(ഇൻ ചാർജ്ജ്) | 01-04-2020 | 20-04-2020 |
| ശ്രീമതി. അനിത .എസ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 | 21-04-2020 | 06-01-2021 |
| ശ്രീമതി. ഷീജ എസ്.എസ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 | 06-01-2021 | 31-03-2021 |
| ശ്രീമതി. ഷൈബി ജോർജ്ജ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2 | 01-04-2020 | 04-05-2020 |
| ശ്രീ. രാജ് ജെ.ആർ | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2 | 06-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ഉഷ പി.എസ് | സൂപ്രണ്ട്, മഹിളാ മന്ദിരം | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു.പി.ബി | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശരണ്യ സി.ജി | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ, അർബൻ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി. രേഖ കെ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ, അർബൻ 2 | 01-04-2020 | 07-09-2020 |
| ശ്രീമതി. ശ്രീവിദ്യ. എസ്. മാരാർ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ, അർബൻ 2 | 14-09-2020 | 31-03-2021 |
| ശ്രീമതി. സുധർമ്മണി.ജി | സീനിയർ സൂപ്പർവൈസർ, ഒല്ലൂക്കര അഡീഷണൽ , സി.ഡി.പി.ഒ അർബൻ 2( ഇൻ ചാർജ്ജ്) | 07-09-2020 | 14-09-2020 |
| ഡോ.ശ്രീമതി. റിനു ജോൺ | സീനിയർ വെറ്ററിനറി സർജൻ (ഒല്ലൂർ) | 23-09-2020 | 31-03-2021 |
| ഡോ.ശ്രീ. നിധിൻ പോൾ .എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-12-2020 | 13-12-2020 |
| ശ്രീമതി. അനിത എസ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2 | 05-05-2020 | 05-05-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rephy John (Audit Officer (HG), On 05-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.Karthika (Senior Grade Auditor, On 01-07-2022)<br>Last Updated By: Jisha K.T (Auditor, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 05-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: P.Karthika (Senior Grade Auditor, On 06-07-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 05-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Chaithanya Purushothaman (Asst. Audit Officer, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 13-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Niloofer B.I. (Auditor, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 13-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 05-07-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: P.Karthika (Senior Grade Auditor, On 04-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 1-11 |
| 12 | കാർഡ് പേയ്മെന്റ് ഉപയോഗിച്ച് വരവ് വന്ന തുകയിൽ കുറവ് കാണുന്നു.<br>Written By: Niloofer B.I. (Auditor, On 30-06-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-12 |
| 13 | ചെക്ക് റിസീവ്ഡ് രജിസ്റ്ററിലെ അപാകത<br>Written By: Niloofer B.I. (Auditor, On 01-07-2022)<br>Last Updated By: Niloofer B.I. (Auditor, On 14-07-2022) | 1-13 |
| 14 | അനാഥമന്ദിരം- സംഭാവനകൾ പ്രത്യേക ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: P.Karthika (Senior Grade Auditor, On 06-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-14 |
| 15 | വിൽവട്ടം സോണൽ - വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-15 |
| 16 | സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകൾ<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 1-16 |

| | | |
|---|---|---|
| 17 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-17 |
| 18 | വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങൾ<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-18 |
| 19 | വസ്തുനികുതി പരിഷ്ക്കരണം - പൂർണ്ണമായി നടപ്പിലാക്കുവാൻ നഗരസഭയ്ക്കായില്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-19 |
| 20 | കേന്ദ്ര സർക്കാർ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത്<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-20 |
| 21 | സേവനഉപനികുതി ഈടാക്കുന്നതിന് മുൻകാല പ്രാബല്യം നൽകൽ നിയമപരമല്ല<br>Written By: Jisha K.T (Auditor, On 02-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 08-07-2022) | 1-21 |
| 22 | കെട്ടിടങ്ങളുടെ പൂർണ്ണവിവരം അസസ്സമെന്റ് രജിസ്റ്ററിൽ ചേർത്ത് വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-22 |
| 23 | വസ്തു നികുതി നിർണ്ണയം നടത്തിയതിലെ അപാകത<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-23 |
| 24 | വസ്തു നികുതി നിർണ്ണയത്തിലെയും, ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കിയതിലേയും അപാകതകൾ<br>Written By: Jisha K.T (Auditor, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-24 |
| 25 | ഒഴിഞ്ഞു കിടക്കുന്നതു മൂലം വസ്തുനികുതിയിൽ ഇളവ് ലഭിക്കുന്ന കെട്ടിടങ്ങളുടെ വിവരമടങ്ങിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-25 |
| 26 | വസ്തുനികുതി ഒടുക്കുന്നതിൽ ഇളവനുവദിച്ച വിമുക്തഭടന്മാരുടെ വിവരമടങ്ങിയ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-26 |
| 27 | ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ കാലതാമസം<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Sona K Sathyan (Auditor, On 14-07-2022) | 1-27 |
| 28 | ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം -- നിർണ്ണയിച്ച വസ്തുനികുതിയുടെ പകുതി മാത്രം വർഷങ്ങളായി അടവാക്കുന്നു.<br>Written By: Jisha K.T (Auditor, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-28 |
| 29 | കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല – കുറവ് ഏരിയക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-29 |
| 30 | കെട്ടിടത്തിന്റെ ഏരിയ കണക്കാക്കിയത് കൃത്യമല്ല -- വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടില്ല<br>Written By: Jisha K.T (Auditor, On 02-07-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Sunil Dutt.M.R (Senior Deputy Director, On 06-07-2022) | |
| 31 | പുതുക്കി നിർമ്മിച്ചതും ക്രമവൽക്കരിച്ചതുമായ കെട്ടിടങ്ങൾ -- വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ല.<br>Written By: Jisha K.T (Auditor, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-31 |
| 32 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-32 |
| 33 | വിൽവട്ടം സോണൽ- നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല-വൻ തുക കുടിശ്ശിക<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-33 |
| 34 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ സംബന്ധിച്ച്<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-34 |
| 35 | അനധികൃത കെട്ടിട നമ്പർ നല്കിയ കെട്ടിടത്തിനു വസ്തുനികുതി അടവാക്കിയിട്ടില്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-35 |
| 36 | അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി അടവാക്കിയിട്ടില്ല<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-36 |
| 37 | എല്ലാ മൊബൈൽടവറുകളും യഥാസമയം വസ്തുനികുതി അടവാക്കുന്നില്ല.<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-37 |
| 38 | മൊബൈൽടവർ നിർമ്മാണത്തിന് അനുമതി -- പെർമിറ്റ് ഫീ, വസ്തുനികുതി ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: P.Karthika (Senior Grade Auditor, On 06-07-2022) | 1-38 |
| 39 | തൊഴിൽ നികുതി കുടിശ്ശിക – ഈടാക്കാനാവാത്ത നഷ്ടം<br>Written By: Jisha K.T (Auditor, On 02-07-2022)<br>Last Updated By: Meera Nair (Audit Officer, On 14-07-2022) | 1-39 |
| 40 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-40 |
| 41 | തൊഴിൽ നികുതി-ചട്ടം 3(1) പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Jisha K.T (Auditor, On 13-07-2022) | 1-41 |
| 42 | ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-42 |
| 43 | തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ - സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-43 |
| 44 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Niloofer B.I. (Auditor, On 14-07-2022) | 1-44 |

| | | |
|---|---|---|
| 45 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഓൺലൈനായി അടവാക്കിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല-വരവിന്റെ കൃത്യത പരിശോധിക്കാനായില്ല<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 13-07-2022) | 1-45 |
| 46 | തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-46 |
| 47 | വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 13-07-2022) | 1-47 |
| 48 | തൊഴിൽനികുതി-ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-48 |
| 49 | ഒല്ലൂർ മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ ,അസ്സ്മെന്റ് റിട്ടേൺസ് എന്നിവ പരിശോധിച്ചതിലെ അപാകതകൾ<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-49 |
| 50 | ഒല്ലൂക്കര മേഖല കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിലെ അപാകതകൾ<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-50 |
| 51 | ഡി.സി.ബി.പൊരുത്തപ്പെടുന്നില്ല.<br>Written By: Jisha K.T (Auditor, On 30-06-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-51 |
| 52 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 06-07-2022) | 1-52 |
| 53 | വാടക കുടിശ്ശിക ഈടാക്കിയില്ല.<br>Written By: P.Karthika (Senior Grade Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-53 |
| 54 | കടമുറികളുടെ ഒപ്പ് വച്ച കരാർ ഹാജരാക്കിയില്ല.<br>Written By: P.Karthika (Senior Grade Auditor, On 02-07-2022)<br>Last Updated By: Meera Nair (Audit Officer, On 14-07-2022) | 1-54 |
| 55 | കടമുറിയുടെ ലൈസൻസ് കൈമാറ്റം-ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: P.Karthika (Senior Grade Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 13-07-2022) | 1-55 |
| 56 | പഴയ ബസ് സ്റ്റാന്റ് കെട്ടിടം- അനധികൃത കടമുറി ഉപയോഗം<br>Written By: P.Karthika (Senior Grade Auditor, On 06-07-2022)<br>Last Updated By: P.Karthika (Senior Grade Auditor, On 06-07-2022) | 1-56 |
| 57 | കടമുറി ലൈസൻസ് വ്യവസ്ഥയിൽ നൽകൽ -സാമ്പത്തികനഷ്ടമുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: P.Karthika (Senior Grade Auditor, On 01-07-2022)<br>Last Updated By: P.Karthika (Senior Grade Auditor, On 06-07-2022) | 1-56-A |
| 58 | കമ്മ്യൂണിറ്റി ഹാളുകളുടെ സൗജന്യാനുമതി - രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല (വിൽവട്ടം സോണൽ)<br>Written By: P.Karthika (Senior Grade Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 1-57 |
| 59 | ഹാൾ ഉപയോഗത്തിന് കറന്റ് ചാർജ്ജ് ഈടാക്കിയില്ല.<br>Written By: P.Karthika (Senior Grade Auditor, On 02-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-57-A |
| 60 | ഹാൾ വാടക കുറവ് നിർണ്ണയിച്ചിരിക്കുന്നു<br>Written By: P.Karthika (Senior Grade Auditor, On 03-07-2022) | 1-58 |

| | | |
|---|---|---|
| | Last Updated By: Sona K Sathyan (Auditor, On 05-07-2022) | |
| 61 | ഡി & ഒ ലൈസൻസ് - അപാകതകൾ<br>Written By: Nisha K.K (Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-59 |
| 62 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- അപാകതകൾ<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 1-60 |
| 63 | ഒല്ലൂർ മേഖലാ കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-61 |
| 64 | ഒല്ലൂക്കര മേഖല കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് പരിശോധിച്ചതിൽ കണ്ട അപാകതകൾ<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Malini V.M (Auditor, On 14-07-2022) | 1-62 |
| 65 | വരവിനങ്ങളുടെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല<br>Written By: Jisha K.T (Auditor, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 06-07-2022) | 1-63 |
| 66 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് FATEAOS ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 13-07-2022) | 1-64 |
| 67 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEAOS ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച്<br>Written By: Nisha K.K (Auditor, On 30-06-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-65 |
| 68 | കൂർക്കഞ്ചേരി മേഖലാ കാര്യാലയം സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടത് സംബന്ധിച്ച്<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-66 |
| 69 | കെട്ടിട നിർമ്മാണ രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-67 |
| 70 | ബിൽഡിംഗ് പെർമ്മിറ്റ് നൽകിയതിലെ അപാകത<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-68 |
| 71 | സമയ പരിധി കഴിഞ്ഞ പെർമിറ്റ് പുതുക്കിയില്ല- നടപടി ഉണ്ടായില്ല.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-69 |
| 72 | കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ചുമത്തിയ നികുതി ഉറപ്പാക്കാതെ കെട്ടിടം റഗുലറൈസ് ചെയ്ത് ഒക്യുപൻസി അനുവദിച്ചു.ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 9,16,372/-രൂപ അടവാക്കി<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-70 |
| 73 | കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരമുള്ള നടപടിയ്ക്ക് വിധേയമായ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി.ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 14,06,374/- രൂപ നഗരസഭയ്ക്ക് | 1-71 |

| | | |
|---|---|---|
| | തനതു വരുമാനമായി<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | |
| 74 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം ഭൂമിയുടെ തരം രേഖപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-72 |
| 75 | അംഗീകൃത കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പാർക്കിംഗ് സ്ഥലത്ത് കെട്ടിടനിർമ്മാണം - നഗരസഭയിൽ പോസ്റ്റ് ഓഡിറ്റ് നടത്തേണ്ടതാണ്<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-73 |
| 76 | ഒക്യുപൻസിക്ക് വിരുദ്ധമായി കെട്ടിടം മാറ്റം വരുത്തി ഉപയോഗിക്കുന്നു<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 1-74 |
| 77 | ക്രമവൽക്കരിച്ച് നൽകാത്ത കെട്ടിടം -ഒക്യുപൻസിക്ക് വിരുദ്ധമായി ഉപയോഗപ്പെടുത്തി വരുന്നു.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-75 |
| 78 | വിൽവട്ടം സോണൽ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-76 |
| 79 | അനധികൃത കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു - കേരള മുനിസിപ്പാലിറ്റി ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധം<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-77 |
| 80 | നഗരസഭ അനധികൃതമായി കണ്ടെത്തിയ കെട്ടിടം - നിയമാനുസൃതമാക്കാതെ കാലങ്ങളായി ഉപയോഗിക്കുന്നു.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-78 |
| 81 | റഗുലേറ്ററി സംവിധാനം കാര്യക്ഷമമല്ല – ക്രമവൽകരിക്കപ്പെടാത്ത കെട്ടിടങ്ങൾ കാലങ്ങളായി ഉപയോഗിച്ചു വരുന്നു.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-79 |
| 82 | ക്രമവൽക്കരിക്കാത്ത കെട്ടിടത്തിലെ പ്രവർത്തനം-നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-80 |
| 83 | നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അനുമതിയില്ലാതെ പണികഴിച്ച കെട്ടിടത്തിലെ പ്രവർത്തനം- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണാധികാരത്തിന്മേലുള്ള കടന്നു കയറ്റം<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-81 |
| 84 | കെട്ടിടത്തിലെ അധികനിർമ്മാണം - കോടതി ഉത്തരവ് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-82 |
| 85 | അനധികൃതനിർമ്മാണം -- ക്രമവൽക്കരണത്തിനുള്ള അപേക്ഷ – നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-83 |

| | | |
|---|---|---|
| 86 | ക്രമവൽക്കരിക്കാൻ സാധ്യമല്ലാത്ത കെട്ടിടം -- അനധികൃതനിർമ്മാണത്തിന് നടപടികൾ എടുത്തിട്ടില്ല<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-84 |
| 87 | അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-85 |
| 88 | മാർ അദ്ദായ് ശ്ലീഹാ പള്ളി കോമ്പൌണ്ടിൽ അനധികൃത നിർമ്മാണം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-86 |
| 89 | ബത്‌ലേഹം കോൺവെന്റ് സ്കൂൾ കെട്ടിടനിർമ്മാണം - അനധികൃത നിർമ്മാണം ക്രമവത്കരിച്ചിട്ടില്ല – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-87 |
| 90 | റഗുലറൈസ് ചെയ്യാൻ നോട്ടീസ് നൽകി/നിരസിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-88 |
| 91 | അപാകതകൾ പരിഹരിക്കുന്നതിന് അറിപ്പ് നൽകിയിട്ടും ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളിൽ തുടർ നടപടിസ്വീകരിക്കുന്നില്ല<br>Written By: Honey.K.S (Asst. Audit Officer, On 02-07-2022)<br>Last Updated By: Chaithanya Purushothaman (Asst. Audit Officer, On 14-07-2022) | 1-89 |
| 92 | കോർപ്പറേഷൻ പരിധിയിൽ ചട്ടവിരുദ്ധമായി പരസ്യബോർഡ് സ്ഥാപിച്ചിരിക്കുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Honey.K.S (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-90 |
| 93 | ഫലവൃക്ഷത്തൈകൾ - സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Sabitha S (Audit Officer, On 02-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-91 |
| 94 | സുഭിക്ഷ കേരളം-തരിശുകേരളം-പദ്ധതിയിലെ നടത്തിപ്പിലെ അപാകതകൾ<br>Written By: Sabitha S (Audit Officer, On 05-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-92 |
| 95 | സുഭിക്ഷകേരളം-ടെറസ്സിലും, കൃഷി ഭൂമിയിലും മഴമറ സ്ഥാപിക്കൽ<br>Written By: Sabitha S (Audit Officer, On 05-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-93 |
| 96 | വൻതുക അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെങ്കിലും നടപ്പാക്കുന്നില്ല.<br>Written By: Honey.K.S (Asst. Audit Officer, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-94 |
| 97 | ചെലവ് തുക ചേർത്ത് സുലേഖ കാലികമാക്കിയിട്ടില്ല.<br>Written By: Honey.K.S (Asst. Audit Officer, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-95 |
| 98 | ചെലവഴിക്കാത്ത വിഹിതം സർക്കാരിലേക്ക് അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Honey.K.S (Asst. Audit Officer, On 03-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 12-07-2022) | 1-96 |
| 99 | എ ബി സി പ്രോജക്ട് ന്യൂ-- പദ്ധതിയുടെ ഓഡിറ്റിൽ കണ്ടെത്തിയ | 1-97 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Honey.K.S (Asst. Audit Officer, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | |
| 100 | അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകി.-- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു<br>Written By: Honey.K.S (Asst. Audit Officer, On 03-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-98 |
| 101 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jisha K.T (Auditor, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-99 |
| 102 | പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതി അവലോകനം<br>Written By: Chaithanya Purushothaman (Asst. Audit Officer, On 01-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-100 |
| 103 | മാലിന്യ സംസ്കരണ പരിശീലന പരിപാടി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Rephy John (Audit Officer (HG), On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-101 |
| 104 | പോഷകാഹാരവിതരണം-സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിലെ കാലതാമസം കരണീയമല്ല<br>Written By: Divya.S (Senior Grade Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-102 |
| 105 | ഫുഡ് ടെസ്റ്റ് ലാബുകളിൽ ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ 2020-21 ലെ വാർഷികറിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: Divya.S (Senior Grade Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-103 |
| 106 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Chaithanya Purushothaman (Asst. Audit Officer, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-104 |
| 107 | സർക്കാർ വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ അനുവദിച്ചതിൽ കൈപ്പറ്റ് രസീത് കൃത്യമായി ഹാജരാക്കിയിട്ടില്ല.<br>Written By: Niloofer B.I. (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-105 |
| 108 | കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്ക്കിൻ (ഷീ പാഡ്) വിതരണം - പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല.<br>Written By: Niloofer B.I. (Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-106 |
| 109 | വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകിയതിൽ അധിക തുക അനുവദിച്ചു.<br>Written By: Niloofer B.I. (Auditor, On 02-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-107 |
| 110 | കോർപ്പറേഷൻ പരിധിയിലെ വായനശാലകൾക്ക് കമ്പ്യൂട്ടർ ടേബിൾ നൽകിയതിൽ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Niloofer B.I. (Auditor, On 02-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-108 |
| 111 | സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Niloofer B.I. (Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 13-07-2022) | 1-109 |
| 112 | കുടുംബശ്രീ മെമ്പർ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Malini V.M (Auditor, On 14-07-2022) | 1-110 |

| | | |
|---|---|---|
| 113 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Malini V.M (Auditor, On 03-07-2022)<br>Last Updated By: Malini V.M (Auditor, On 14-07-2022) | 1-111 |
| 114 | അയ്യന്തോൾ ആയുർവേദ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ- ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല<br>Written By: Malini V.M (Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 1-112 |
| 115 | അയ്യന്തോൾ സോണൽ ഡിവിഷൻ 54 പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി -രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.Karthika (Senior Grade Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-113 |
| 116 | മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയെങ്കിലും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.<br>Written By: P.Karthika (Senior Grade Auditor, On 05-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-114 |
| 117 | ബില്ലിൽ നിന്ന് കുറവ് ചെയ്ത ജി എസ് ടി സർക്കാരിലേക്ക് അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: P.Karthika (Senior Grade Auditor, On 05-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-115 |
| 118 | റണ്ണിംഗ് കോൺട്രാക്ട് -- വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: P.Karthika (Senior Grade Auditor, On 05-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-116 |
| 119 | ഓഫീസ് കമ്പ്യൂട്ടർവൽക്കരണം- ബില്ലുകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 1-117 |
| 120 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-118 |
| 121 | പ്രൊജക്ട് ഫയൽ ലഭ്യമാക്കിയില്ല –പദ്ധതി തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Jisha K.T (Auditor, On 14-07-2022) | 1-119 |
| 122 | നഗരസഞ്ചയം പദ്ധതി– ധനവിനിയോഗ വിവരം ഇല്ല- ചെലവ് തുക 6,18,27,068/- തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-120 |
| 123 | പി.എം.എ.വൈ. ലൈഫ് അർബൻ ഭവന നിർമ്മാണം-വിഹിതം നൽകൽ പദ്ധതി - അപാകതകൾ<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-121 |
| 124 | കൈപ്പറ്റ് രസീതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-122 |
| 125 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും- വിതരണ വിവരം സൂക്ഷിക്കേണ്ടതാണ്.<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-123 |
| 126 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sona K Sathyan (Auditor, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-124 |

| | | |
|---|---|---|
| 127 | റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല.<br>Written By: Chaithanya Purushothaman (Asst. Audit Officer, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-125 |
| 128 | അമൃത് പദ്ധതി-അവലോകനം<br>Written By: Chaithanya Purushothaman (Asst. Audit Officer, On 02-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-127 |
| 129 | മഴക്കുഴി നിർമ്മാണം മഴവെള്ള സംഭരണി സ്ഥാപിക്കൽ-റീടെൻഷൻ തുക തിരികെ നൽകൽ<br>Written By: Meera Nair (Audit Officer, On 03-07-2022)<br>Last Updated By: Divya.S (Senior Grade Auditor, On 14-07-2022) | 1-128 |
| 130 | കാര്യക്ഷമമായ ഭരണനിർവ്വഹണത്തിലെ വീഴ്ച<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-129 |
| 131 | മാലിന്യ നിർമ്മാർജ്ജന ഫണ്ട് - നിയമ നിഷ്കർഷ പാലിച്ചില്ല.<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 1-130 |
| 132 | ആസ്തി സംരക്ഷണത്തിലെ വീഴ്ച<br>Written By: P.Karthika (Senior Grade Auditor, On 03-07-2022)<br>Last Updated By: Sunil Dutt.M.R (Senior Deputy Director, On 15-07-2022) | 1-131 |
| 133 | വിൽവട്ടം സോണൽ ഏരിയയിലെ തെരുവു വിളക്കുകൾ,ഹൈമാസ്റ്റ് ലാമ്പുകൾ എന്നിവയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് നല്കിയത്<br>Written By: Meera Nair (Audit Officer, On 03-07-2022)<br>Last Updated By: Meera Nair (Audit Officer, On 13-07-2022) | 1-132 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി - ചട്ടം 3(1) പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Rephy John (Audit Officer (HG), On 14-07-2022)<br>Last Updated By: Rephy John (Audit Officer (HG), On 14-07-2022) | 2-1 |
| ഭാഗം **3** | | |
| 1 | കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു.<br>Written By: Nisha K.K (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 3-1 |
| 2 | വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകിയതിൽ അധിക തുക അനുവദിച്ചു<br>Written By: Niloofer B.I. (Auditor, On 05-07-2022)<br>Last Updated By: Sabitha S (Audit Officer, On 14-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Sabitha S (Audit Officer, On 05-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sona K Sathyan (Auditor, On 03-07-2022)<br>Last Updated By: Sona K Sathyan (Auditor, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 04-07-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പാ തിരിച്ചടവ്<br>Written By: Sona K Sathyan (Auditor, On 03-07-2022)<br>Last Updated By: Sona K Sathyan (Auditor, On 04-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sona K Sathyan (Auditor, On 03-07-2022)<br>Last Updated By: Sona K Sathyan (Auditor, On 03-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 04-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Jisha K.T (Auditor, On 02-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Sona K Sathyan (Auditor, On 01-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Chaithanya Purushothaman (Asst. Audit Officer, On 14-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sona K Sathyan (Auditor, On 01-07-2022)<br>Last Updated By: Jisha K.T (Auditor, On 01-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബജറ്റ് സഹായിക്കുന്നു.

ബജറ്റ് തയ്യാറാക്കലും അവതരിപ്പിക്കലും എന്ന പ്രക്രിയ ഫലവത്താകുന്നത് അതിൽ ഉൾപ്പെടുത്തിയ ചെലവ് നിയന്ത്രിച്ച് ലക്ഷ്യങ്ങൾ നേടുന്നുവെന്ന് ഉറപ്പു വരുത്തുമ്പോഴാണ്.

താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും മാനുവലുകളും അടിസ്ഥാനമാക്കിയാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

1. 1994-ലെ കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 285 മുതൽ 293 വരെ

2. 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 63

3. നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ ഖണ്ഡിക നം.33.1

കേരള മുനിസിപ്പാലിറ്റി ആക്ട് 285 പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾ പ്രകാരമോ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായോ സെക്രട്ടറി ഓരോ വർഷവും ജനുവരി 15-ാം തീയ്യതിക്കകം അടുത്ത വർഷത്തെ വരവു-ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതാകയാൽ അത് സംബന്ധിച്ച് തന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി സമർപ്പിക്കേണ്ടതുമാണ്.

2020-21സാമ്പത്തിക വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവയുടെ വിദാംശങ്ങൾ താഴെ ചേർക്കുന്നു;

| | 2020-21 ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| കൗൺസിൽ അംഗീകാരം ലഭിച്ച തീയ്യതി | 23.03.2020 | 18.02.2021 |
| മുന്നിരിപ്പ് | 36,83,04,772 | 32,57,28,406 |
| വരവ് | 741,01,42,450 | 232,42,56,017 |
| ആകെ | 777,84,47,222 | 264,99,84,423 |
| ചെലവ് | 740,02,63,325 | 234,50,97,227 |
| നീക്കിയിരിപ്പ് | 37,81,83,897 | 30,48,87,196 |

*2020-21ബജറ്റ് ഫയൽ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ:*

1) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട് വിവിധ സെക്ഷനുകളിൽ നിന്ന് വിവരങ്ങൾ ആവശ്യപ്പെട്ട് 08.11.2019 തീയ്യതിയായി കത്ത് നൽകിയിട്ടുണ്ട്.

2) കൈമാറ്റം ചെയ്ത് ലഭിച്ച സ്ഥാപനങ്ങളുടെ മേധാവികളോട് വിവരങ്ങൾ ലഭ്യമാക്കാൻ 08.12.2019-ലെ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകണമെന്ന് നിയമം അനുശാസിക്കുന്ന തീയ്യതി (ജനുവരി15)ക്കകം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

3) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഈ നിയമവ്യവസ്ഥ ഒരു സ്റ്റാന്റിങ്ങ് കമ്മിറ്റിയും പാലിച്ചു കണ്ടില്ല.

4) പല സ്റ്റാന്റിങ്ങ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി ശുപാർശകൾ സമർപ്പിക്കാത്തതിനാൽ യഥാർത്ഥത്തിൽ ആവശ്യകതയുള്ള മേഖലകളിൽ തുക വകയിരുത്താതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.

5) ബജറ്റ് തയ്യാറാക്കുന്നതിനായി D & O License Fee, വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിലെ 2020-21സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവുകൾ, റവന്യൂ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർ നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നില്ല.

6) 1994-ലെ കേരള മുനിസിപ്പലിറ്റി ആക്റ്റിലെ വകുപ്പ് 287 പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് എസ്റ്റിമേറ്റ്, അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിന് മുൻപ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അംഗീകാരത്തിനാ യി വയ്ക്കേണ്ടതാണ്. ആക്ററിലെ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ട്.

7) ആക്റ്റിലെ വകുപ്പ് 289-ൽ വർഷാരംഭത്തിനു മുൻപായി കൗൺസിൽ പാസാക്കിയ ബജറ്റിന്റെ പകർപ്പ് സർക്കാരിനും അവർ ഇതിലേ ക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കും അയച്ചു കൊടുക്കേണ്ടേതുമാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഈ നിയമ നിഷ്കർഷ പാലിച്ചു കാണുന്നില്ല.

8) National Municipal Accounts Manual, അദ്ധ്യായം 33, ഖണ്ഡിക 33.3, 2007-ലെ കേരളാ മുനിസിപ്പൽ

അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 63എന്നിവ പ്രകാരം സംസ്ഥാനങ്ങളും നഗരപാലികാ സ്ഥാപനങ്ങളും ബഡ്ജറ്റ് രൂപീകരണത്തിനായി പ്രത്യേക മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലില്ല. മുനിസിപ്പലിറ്റി ആക്റ്റിലെ വകുപ്പ് 285-ൽ നിഷ്കർഷിക്കുന്ന നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കുകയോ നഗരസഭകൾക്കായി ബജറ്റ് മാന്വൽ തയ്യാറാക്കുകയോ ചെയ്യേണ്ടതുണ്ട്.

9) ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വരവ്-ചെലവുകൾക്ക് അനുസൃതമായാണോ യഥാർതഥത്തിൽ വരവ്-ചെലവ് നിർവ്വഹിക്കുന്നത് എന്ന് ശാസ്ത്രീയമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ഓരോ ചെലവും നിർവ്വഹിക്കുമ്പോൾ ബജറ്റുമായി പൊരുത്തപ്പെടുത്തിയതിനുശേഷം ചെലവുകൾ നിർവ്വഹിക്കുന്നതിൽ പ്രായോഗിക പ്രശ്നങ്ങൾ നിലവിലുണ്ട്.

10) വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രതിമാസ/ വാർഷിക ബജറ്റ് അവലോകനം നടത്തുന്നില്ല.

11) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ നിന്നും പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

സാമ്പത്തിക നിയന്ത്രണം നടപ്പിലാക്കുന്നതിന് ഏറ്റവും ഫലപ്രദമായ ഉപകരണങ്ങളിലൊന്നായ ബജറ്റിന്റെ പ്രാധാന്യം മനസിലാക്കി അത് കാര്യക്ഷമമായും വേണ്ടത്ര തയ്യാറെടുപ്പുകളോടെയും കൃത്യമായ നടപടിക്രമങ്ങളിലൂടെയും രൂപീകരിക്കുന്നതിന് ജീവനക്കാരെയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവരെയും സജ്ജരാക്കാൻ ആവശ്യമായ നടപടികൾ തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | കൗൺസിൽ തീരുമാനം |
|---|---|---|
| 31.07.2021 | 30.07.2021 | 26.07.2021 ലെ 12-ാം നമ്പർ കൗൺസിൽ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 55,04,54,714.67 |
| വരവ് | ₹ 271,01,39,919 |
| ആകെ | ₹ 3,26,05,94,633.67 |
| ചെലവ് | ₹ 253,71,94,153 |
| നീക്കിയിപ്പ് | ₹ 72,34,00,480.67 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയ തുക ACR പ്രകാരം (രൂപ) | ചെലവഴിച്ച തുക ACR പ്രകാരം (രൂപ) | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് – പൊതുവിഭാഗം | ₹ 50,01,95,530 | ₹46,51,84,488 | 93% |
| 2. | വികസന ഫണ്ട് – എസ്.സി.പി. | ₹ 9,72,64,000 | ₹ 8,25,19006 | 84.84% |
| 3. | വികസന ഫണ്ട് – ടി.എസ്.പി | - | - | - |
| 4. | DF CFC United Basic Grant | ₹ 20,17,57,000 | ₹ 19,65,59,397 | 97.42% |
| 5. | DF Tied Grant | ₹ 52,00,00,000 | ₹ 15,80,11,359 | 30.39% |
| 6. | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹ 14,85,74,000 | ₹ 14,45,33,436 | 97.28% |
| 7 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ₹ 8,09,25,132 | ₹ 7,54,40,007 | 93.22% |

നഗരസഭയുടെ ACR പ്രകാരമുള്ള തുകയും അക്കൗണ്ട്സ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. അപാകതയുടെ വിവരം ഖണ്ഡിക 1-11ൽ വിശദമായി ചേർത്തിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയത് , ഭാഗികമായി നടപ്പാക്കിയത് , നടപ്പാക്കാത്തത് എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 1216 | 750 | 428 | 38 | 61.67% |

അംഗീകാരം ലഭിച്ചതിൽ 61.67 ശതമാനത്തോളം പ്രൊജക്ടുകൾ മാത്രമേ പൂർണ്ണമായി നടപ്പിലാക്കിയുള്ളൂ. അംഗീകാരം ലഭിച്ച പ്രൊജക്ടുകളെല്ലാം നടപ്പാക്കുവാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭാഗികമായി നടപ്പാക്കിയത് സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| സാമ്പത്തിക വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2020-21 | ₹25,50,571 | ₹2,01,61,733 | ₹2,27,12,304 | ₹2,20,96,165 | ₹ 6,16,139 |

2019-2020 ലെ വാർഷിക കണക്ക് B-17 പ്രകാരമുള്ള മുൻവർഷത്തെ നീക്കിയിരിപ്പ് തുക 25,51,035 രൂപയാണ്. ബാങ്കിൽ നിന്നും റിട്ടേൺ ആയ 464/- രൂപ കൂടി ചേർത്ത് ക്രമീകരിച്ച തുകയാണ് തൻവർഷത്തെ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1346 | ₹ 20383100 |
| വാർദ്ധക്യകാല പെൻഷൻ | 18441 | ₹ 276696500 |
| വികലാംഗ പെൻഷൻ | 2212 | ₹ 33352800 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1392 | ₹ 20910500 |
| വിധവാ പെൻഷൻ | 8682 | ₹ 131496500 |
| തൊഴിൽ രഹിത വേതനം | 10 | ₹ 7200 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓരോ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുന്നു. അപാകതകൾ ബോദ്ധ്യപ്പെടുന്ന വേളയിൽ തന്നെ ഓഡിറ്റ് എൻക്വയറികൾ നൽകി ആയത് ക്രമപ്പെടുത്തുന്നുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന വിഷയങ്ങളിൽ ഭരണസമിതിയുടെ സവിശേഷശ്രദ്ധ ഉണ്ടാവേണ്ടതാണ്.

1) നഗരസഭ കാര്യാലയത്തിലെ ജീവനക്കാർ ഓഫീസ് യോഗം ചേർന്നത് സംബന്ധിച്ച് 2020-21 വർഷത്തെ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനുകളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. യോഗതീരുമാനങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2) 2017ലെ ജീവനക്കാരുടെ ജോലിവിഭജനരേഖയാണ് നിലവിലും നഗരസഭയിൽ പിൻതുടരുന്നത്. ജോലിവിഭജനം സംബന്ധിച്ച ഉത്തരവുകളിൽ കാലികമായ മാറ്റം വരുത്തി ക്രമപ്പെടുത്തേണ്ടതാണ്. നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം, അവയുടെ ബാക്ക് അപ്പ് എടുത്തു സൂക്ഷിയ്ക്കൽ എന്നിവ സംബന്ധിച്ച പരാമർശങ്ങളും കൂടി ഉൾപ്പെടുത്തേണ്ടതാണ്. ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ തൻപതിവേട് എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനും ആയത് എഴുതി സൂക്ഷിക്കേണ്ടതും അത് എല്ലാ മാസവും സെക്ഷൻ മേധാവികൾക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

3) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള എല്ലാ രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ജനറൽ ലെഡ്ജർ, സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അഗ്നിബാധ, പ്രകൃതിദുരന്തം എന്നിവ സംരക്ഷിക്കപ്പെടുന്ന

തരത്തിലാണ് അക്കൗണ്ടിംഗ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടത്.

4) ബജറ്റ് പാസാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവു-ചെലവു കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

5) ലോൺ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും വരവു-ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഈ രജിസ്റ്റർ വരവു-ചെലവ് പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടവിധം ക്രമപ്പെടുത്തേണ്ടതാണ്.

6) ഇൻകുമ്പൻസി രജിസ്റ്റർ പൂർണ്ണമല്ല.

7) സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും, ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. കാലികമാക്കിയ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണമാക്കി വെബ് അധിഷ്ഠിതമായ ഡാറ്റാബേസ് ഐ.കെ.എം.ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

8) ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായവുമായി താദാത്മ്യം പ്രാപിക്കുംവിധം സാംഖ്യ, സുലേഖ, സൂചിക എന്നീ സോഫ്റ്റ്‌വെയറുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുംവിധം ആസ്തി രജിസ്റ്റർ രൂപകല്പന ചെയ്യേണ്ടതാണ്.

9) കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 ചാപ്റ്റർ 3 റൂൾ 15(2) പ്രകാരം ഒരു സാമ്പത്തികവർഷത്തിൽ അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കുന്ന വരുമാനങ്ങൾക്ക് സ്ഥാപനമേധാവി ഡിമാന്റ്, ഡിമാന്റിലെ വ്യത്യാസം/ഇളവ് എന്നിവയുടെ സമ്മറി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതായോ ആയതിനനുസരിച്ച് പ്രതിമാസം ഡിമാന്റ് മാറ്റം വരുത്തുന്നതായോ കാണുന്നില്ല. ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകളും വരവുകളും കൃത്യമായി ഡിസിബി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല എന്നത് പ്രധാനപ്പെട്ട ഒരു അപാകതയാണ്. പേരിനു മാത്രം ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്ന പ്രവണതയാണ് സോണൽ ഓഫീസുകളിലും മെയിൻ ഓഫീസുകളിലും കാണുന്നത്. നഗരസഭയിലെ നികുതി വരവുകൾക്ക് മേൽനോട്ടം വഹിക്കേണ്ടുന്ന ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം നിലവിൽ അപൂർണ്ണവും നികുതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താതും അവസാനഭാഗത്ത് കൂട്ടിയെഴുതി സംഗ്രഹമെഴുതി ആധികാരികമാക്കാത്തതും വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതുമായി രജിസ്റ്ററുകളാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഈ വീഴ്ച ഗൗരവമേറിയതും അടിയന്തിരമായി പരിഹരിപ്പെടേണ്ടതുമാണ്.

10) 2020-21 ഓഡിറ്റിനോട് അനുബന്ധിച്ച് 182 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 72 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണത്തിന് യഥാസമയം മറുപടി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഇത് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം11(4) ന്റെ ലംഘനമാണ്. നിയമപരമായ ബാദ്ധ്യത നിറവേറ്റുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ നിയന്ത്രണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 മുതൽ 15.11.2021 വരെ | 2019-20<br>2020-21 | 36/എ2/2021/ആർ.പി.എ.ഡബ്ല്യു(1) തി.11.05.2022<br>36/എ2/2021/ആർ.പി.എ.ഡബ്ല്യു(2) തി.11.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2021 മുതൽ 12.03.2021 വരെ | 2019-20 | 05.08.2021 ലെ Audit-I/AMG-I/(HQ)III/I/8A-60,2020-21/5 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

### വാർഷിക കണക്കിലെ അപാകതകൾ

തൃശ്ശൂർ നഗരസഭയുടെ 2020-21 വർഷത്തെ ജനറൽ വിഭാഗത്തിന്റെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

2. ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ Revenue Contribution ആക്കി രേഖപ്പെടുത്തിയതിന്റെയും Capital Contribution ആക്കി രേഖപ്പെടുത്തിയതിന്റെയും വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

3. I-16 ഷെഡ്യൂളിലെ Provisions & Write Off എന്നതിലെ തുകകൾ കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

4. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Depreciation I-17(a) ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല.

5. വരവിനങ്ങളുടെ ഡി.സി.ബി. പരിശോധിക്കുന്നതിനായി പൂർത്തിയാക്കിയ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

6. സാമൂഹ്യക്ഷേമ സുരക്ഷാ പെൻഷനുകളുടെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. ബി 5 ഷെഡ്യൂളിലെ തുകകൾ പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല. ഹഡ്കോ ലോൺ റീപേയ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും ബി 5 ഷെഡ്യൂളിലെ നീക്കിയിരുപ്പ് തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ ബി 7 ഷെഡ്യൂളിലെ ഡെപ്പോസിറ്റ് തുകകൾ പരിശോധിക്കാനായിട്ടില്ല.

9. ബി 11 ഷെഡ്യൂളിലെ ഫിക്സഡ് അസെറ്റ് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (റേറ്റ് ഓഫ് ഡിപ്രിസിയേഷൻ, ബുക്ക് വാല്യൂ ഓഫ് അസെറ്റ്, ലൈഫ് ടൈം ഓഫ് അസെറ്റ് മുതലായവ) ഹാജരാക്കിയിട്ടില്ല.

10. ആസ്തി രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഹാജരാക്കിയതിൽ ആസ്തികളുടെ മൂല്യം, നിർമ്മിച്ച വർഷം തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി 11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

11. 2020-21സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തികൾക്ക് വിവിധ ഇനങ്ങളിലായി അഡ്വാൻസ് നൽകിയതിന്റെയും തിരിച്ച് പിടിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിരവധി തുകകൾ നാളിതുവരെ തിരിച്ച് പിടിക്കാതെ നിലനിൽക്കുന്നുണ്ട്. അഡ്വാൻസ് തുകകൾ നൽകിയതിന്റെയും തിരികെ ഈടാക്കാനുള്ളതിന്റെയും വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്താത്തതിനാൽ വിവിധ ഇനങ്ങളിൽ തിരിച്ച് പിടിക്കാൻ ബാക്കിയുള്ള വാർഷിക കണക്കിലെ ബി 18 ഷെഡ്യൂളിലെ അഡ്വാൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബി 18 ഷെഡ്യൂളിലെ ലോൺസ് / ഡെപ്പോസിറ്റ്സ് എന്നിവ പരിശോധിക്കാനാവശ്യമായ പ്രൊജക്ട് ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

12. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനവൽ ഖണ്ഡിക 27. 48-a(1) പ്രകാരം, യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ഇനങ്ങളുടെ Income & Expenditure Statement, Receipts & Payment Statement എന്നിവയിലെ തുക ഒന്നായിരിക്കണം. അതുപോലെ തന്നെ അക്രൂവൽ രീതിയിലല്ലാതെ ചെലവ് കണക്കാക്കുന്ന ഇനങ്ങളുടെ കാര്യത്തിലും ഇത് ബാധകമാണ്. എന്നാൽ താഴെപ്പറയുന്ന വരവ്-ചെലവുകളുടെ കാര്യത്തിൽ Income & Expenditure Statement ലേയും, Receipts & Payment Statement ലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

RECEIPTS

| CODE | ITEM | Income & Expenditure പ്രകാരം | Receipts & Payments പ്രകാരം |
|---|---|---|---|
| 130200100 | Rent From Staff Qtrs (Rp 3)(i-3) | 631473/- | 559110/- |
| 140200300 | Fines (Rp 4 (I-4b) | 3954873/- | 3568996/- |
| 180400100 | Recovery From Employees (Rp 9) (I-9) | 79043/- | 33043/- |
| 110100200 | Profession Tax For Employees(rp 1)(i - 1) | 108776240/- | 117031893/- |
| 140500900 | Public Sanitation Charges (Rp4 – I4b) | 545399/- | 29300/- |
| 140800100 | Other Charges (Rp4- I4b) | (24900) | 100/- |
| 180809900 | Miscellanious Receipts(RP 9)(I-9) | 3581737/- | 2193992/- |
| 180100100 | Deposits Forfeited (RP 9) (I-9) | 170000/- | ഉൾപ്പെടുത്തിയിട്ടില്ല |
| 140200100 | Penalties(I -4(b))(RP-4) | 323013/- | 321920/- |
| 140200700 | Advertisement Fees (I -4(b)) (RP-4) | 92061/- | 81259/- |
| 150120200 | Sale Of Scrap (I -5(b))(RP-5) | 3199801/- | 3149361/- |
| 140200200 | Penal Interest (I -4(b))(RP-4) | 6697600/- | 6696570/- |
| 140501300 | Lorry,Taxi, Auto & Other Vehicles Stand Fees (I -4(b))(RP-4) | 418320/- | 15840/- |

EXPENDITURE

| CODE | ITEM | Income & Expenditure പ്രകാരം | Receipts & Payments പ്രകാരം |
|---|---|---|---|
| 210200104 | TA-Permt.Staff (RP 10) (I-10b) | 28707/- | 25507/- |
| 210200105 | TA-Temp.Staff (I-10b) | 71060/- | 46390/- |
| 210300104 | Contri. To Pen Fund | 10000268/- | 460445/- |

| | | | |
|---|---|---|---|
| | Regular Employee-Permt.Staff (RP 10)(I-10b) | | |
| 210400100 | Leave Encashment (RP 10) (I-10b) | 8742704/- | 4279261/- |
| 210500900 | Other Establishment Expenses (RP 10) (I-10b) | 6006013/- | 371832/- |
| 220210100 | Printing & Stationary (RP 11) (I-11b) | 1496775/- | 1463775/- |
| 220510100 | Law Charges (I-11b) (RP 11) | 989500/- | 500/- |
| 220600100 | News Paper Advt Charge (RP 11) (I-11b) | 1931712/- | 253956/- |
| 220520100 | Professional & Other Fees (I-11b) (RP 11) | 7883391/- | 1933003/- |
| 230100100 | Electricity Charges (RP 12) (I-12b) | 9714223/- | 9714158/- |
| 240800100 | Other Finance Expenses (RP13) (I-13) | 15238190/- | 1143800/- |
| 230500600 | Rep & Maintenance Street Light (RP 12) (I-12b) | 14639574/- | 1390235/- |
| 230509900 | Rep & Maintenance Other Infra. Assets (RP 12) (I-12b) | 7418968 | 1850598 |
| 230520100 | Rep & Maintenance Buildings (I-12b) | 2133763 | Nil |
| 230590100 | Rep & Maintenance Machinery (RP 12) (I-12b) | 303495 | 227087 |
| 250401205 | Implement – Sanitation Programme (RP 14) (I-14) | 9762822 | 74662 |
| 230500100 | Rep & Maintenance Road & Pavements (RP 12) (I-12b) | 111244281 | 1155107 |
| 210100200 | Wages (RP 10) (I-10b) | 84637573 | 84345208 |
| 230500300 | Rep & Maintenance Water Supply (RP 12) (I-12b) | 14514049 | 81407 |
| 230500400 | Rep & Maintenance Drainage (RP 12) (I-12b) | 24786517 | 22612 |
| 230500500 | Rep & Maintenance Severage (RP 12) (I-12b) | 4949499 | Nil |
| 230510400 | Rep & Maintenance Markets (RP 12) (I-12b) | 317306 | Nil |
| 230510900 | Rep & Maintenance Other Civic Amenities (RP 12) (I-12b) | 925729 | Nil |
| 230590900 | Other Repair & Maintenance (RP 12) (I-12b) | 2105155 | 446554 |

പ്രസ്തുത ഇനങ്ങളിലെ Income & Expenditure Statement ലെയും, Receipts & Payment Statement ലെയും തുകകളിലുള്ള വ്യത്യാസം ബാലൻസ് ഷീറ്റിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ബാലൻസ് ഷീറ്റിൽ ഏത് ഹെഡിൽ ആണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത് എന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

13. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഫണ്ടുകളുടെ ചെലവ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് | വാർഷിക കണക്ക് പ്രകാരം വരവ്/ചെലവ് |
|---|---|---|
| Development Fund - General | 465184488 | 470735576 |
| Development Fund – Special Component Plan | 82519006 | 84454006 |
| Development Fund – Central Finance Commission Grant | 196559397 | 178535715 |
| Development Fund – CFC – Performance Grant | 158011359 | 162121637 |

| | | |
|---|---|---|
| Maintenance Fund – Road Assets | 1445334436 | 150428412 |
| Maintenance Fund – Non – Road Assets | 75440007 | 75891607 |
| Genaral Purpose Fund | 144893804 | 151593000 |

14. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 58725/എഫ്.എം.3/ 2008/ത.സ്വ.ഭ.വ. തീയതി:26.05.2011 നമ്പർ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിനുപുറമേ ഒരു ദേശസാൽകൃത/ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പരിശോധിച്ചതിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് നിരവധി അക്കൗണ്ടുകൾ നിലനിർത്തിയിട്ടുള്ളതായി കാണുന്നു.

അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| 1 | SBT Own Fund 57069788272 |
| 2 | South Indian Bank 21697 |
| 3 | Canara Bak – Own Fund (0720101070534) |
| 4 | SIB – Public Contribution |
| 5 | Catholic Syrian Bank (0185-01314997-190001) |
| 6 | TSB (Own Fund) |
| 7 | Treasury Own Fund (Account No.1337/2) |
| 8 | Bank Of India (8550........220) |
| 9 | Disaster Management SBT (Account No. 67117883861) |

15. വാർഷിക കണക്കുകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ച TUDA യുടെ 5അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. ആയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

TDA SBT 67251658987, TDA Account District Co-Operative Bank, TDA Account No 799011700000267 District Treasury, TDA Treasury Savings Account TPA 597, TDA New PF Account District Treasury

16. ബാലൻസ് ഷീറ്റ് B-13 പ്രകാരം Investment – Other Funds എന്ന ഹെഡ്ഡിലെ നീക്കിയിരിപ്പ് തുക -33959738/- രൂപയാണ്. Investments – Other Funds ലെ ഷെഡ്യൂൾ B-13 പ്രകാരമുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

1) Preference Shares – Specific Funds - 10,00,000/-
2) Fixed Deposits – Specific Grants - 3,53,95,200/-
3) Accumulated Provisions - (7,03,54,938)

Accumulated Provision ഹെഡ്ഡിലെ തുകആയി (-70354938/-)രൂപ വന്നിട്ടുള്ളത് ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 കാർഡ് പേയ്മെന്റ് ഉപയോഗിച്ച് വരവ് വന്ന തുകയിൽ കുറവ് കാണുന്നു.

2020-21 സാമ്പത്തികവർഷത്തിലെ ചെക്ക് റിസീവ്ഡ് രജിസ്റ്റർ പരിശോധിച്ചതിൽ 18.2.2021ലെ കാർഡ് പേയ്മെന്റ് തുക 2,40,257/- രൂപയാണ് വന്നിരിക്കുന്നത്. എന്നാൽ 19.2.2021ൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ (A/C No 0085053000021697) സെക്രട്ടറിയുടെ പേരിൽ 2,36,480/- രൂപയാണ് അടവാക്കിയിരിക്കുന്നതായി കാണുന്നത്. 3,777/- രൂപ കുറവായി കാണുന്നു. കൂടാതെ 22.2.2021ലെ കാർഡ് പേയ്മെന്റ് തുകയും സോണൽ ഓഫീസിൽ അടച്ച തുകയും കൂടി 58,939/- രൂപയാണ് കാണുന്നത്. എന്നാൽ 23.02.2021ൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ (A/C No 0085053000021697) 53,841/- രൂപയാണ് ഒടുക്കിയതായി കാണുന്നത്. 5,098 രൂപ കുറവായി കാണുന്നു. ഇങ്ങനെ കുറവ് വന്നതും, ബാങ്കിൽ ഡി.ഡി./ചെക്ക് മുഖേനയും, കാർഡ് പേയ്മെന്റ് വഴിയും അടവാക്കുന്ന തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റുമായി തൊട്ടടുത്ത മാസം ആദ്യ ആഴ്ചയിൽ തന്നെ പരിശോധിച്ച് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുണ്ടോ എന്നതിന്റെയും വിശദാംശങ്ങൾക്ക് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 79 തിയതി 16.06.22) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ചെക്ക് റിസീവ്ഡ് രജിസ്റ്ററിലെ അപാകത

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 19(3)ൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കുന്ന എല്ലാ ചെക്കുകളും/ഡിമാന്റ് ഡ്രാഫ്റ്റുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും ചട്ടം 20-ൽ ബാങ്കിൽ നൽകിയ ചെക്ക് ഡിസോണർ ചെയ്യപ്പെടുന്ന സന്ദർഭങ്ങളിൽ അതുമായി ബന്ധപ്പെട്ട രശീതി റദ്ദു ചെയ്യേണ്ടതും, പാർട്ടിയിൽ നിന്നും തുക ക്യാഷ് /ഡി.ഡി ആയോ ഈടാക്കി പുതിയ രശീതി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

തൃശ്ശൂർ കോർപ്പറേഷന്റെ SBIഅക്കൗണ്ടിലേക്ക് (A/c No.57069788272) അടവാക്കുന്ന ചെക്കുകൾ ബാങ്കുകാർ ഒരുമിച്ച് (ബൾക്ക് പോസ്റ്റിങ്ങ്) ബാങ്ക് പാസ്സ് ബുക്കിൽ വരവ് വയ്ക്കുന്നതിനാൽ തുക വരവ് വന്നത് കണ്ടെത്താനും,

ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നില്ല. മറ്റൊരു തനതുഫണ്ടായ SIB അക്കൗണ്ടിലെ (A/c. No. 0085053000021697) ബാങ്ക് പാസ്സ് ബുക്കിൽ ചെക്ക് നമ്പർ കൃത്യമായി രേഖപ്പെടുത്താതെ സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്തുന്നതായും കാണുന്നു. ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നില്ല. ചെക്ക് റിസീവിഡ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഒന്നും നടത്തുന്നില്ല. കോർപ്പറേഷന്റെ ഏത് അക്കൗണ്ടിലേക്കാണ് വരവ് വന്നത്, ചെക്ക് മടക്കിയ വിവരം, ഓരോ ചെക്കും ഏത് ഇനത്തിൽ ലഭിച്ചതാണെന്ന വിവരം മുതലായവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ചെക്കുകൾ പ്രകാരമുള്ള തുകകൾ കോർപ്പറേഷനിൽ വരവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

2020-21 സാമ്പത്തികവർഷത്തെ ചെക്ക് റിസീവ്ഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ വരവു വന്നതായി കാണുന്നില്ല. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി നമ്പർ | ചെക്ക് സമർപ്പിച്ച തീയതി | ബാങ്ക് | ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| 120010500220 | 14/08/2020 | SBI TCR | 659572 | 5000 |
| 120010500262 | 21/08/2020 | SIB TCR | 013016 | 21000 |
| 120010500263 | 21/08/2020 | SIB TCR | 013017 | 1250 |
| 120010500164 | 21/08/2020 | SBI TCR | 093377 | 1890 |
| 120010400125 | 21/08/2020 | SBI TSR | 678480 | 10000 |
| 120010400139 | 21/08/2020 | SBI TCR | 678481 | 10000 |
| 120010400128 | 21/08/2020 | SBI TCR | 678482 | 10000 |
| 120010400127 | 21/08/2020 | SBI TCR | 678483 | 10000 |
| 120010400129 | 21/08/2020 | SBI TCR | 678484 | 10000 |
| 120010400126 | 21/08/2020 | SBI TCR | 678485 | 10000 |
| 120010400130 | 21/08/2020 | SBI TCR | 678486 | 10000 |
| 120010400132 | 21/08/2020 | SBI TCR | 678487 | 10000 |
| 120010400131 | 21/08/2020 | SBI TCR | 678488 | 10000 |
| 120010400133 | 21/08/2020 | SBI TCR | 678489 | 10000 |
| 120010400136 | 21/08/2020 | SBI TCR | 678490 | 10000 |
| 120010400134 | 21/08/2020 | SBI TCR | 678491 | 10000 |
| 120010400121 | 21/08/2020 | SBI TCR | 678492 | 10000 |
| 120010400123 | 21/08/2020 | SBI TCR | 678493 | 15000 |
| 120010400124 | 21/08/2020 | SBI TCR | 678494 | 15000 |
| 120010500273 | 21/08/2020 | SBI TCR | 342325 | 18500 |
| 120060500112 | 21/08/2020 | SBI TCR | 269853 | 15552 |
| 120010500356 | 27/08/2020 | SIB TCR | 027417 | 1250 |
| 120010500357 | 27/08/2020 | SIB TCR | 027416 | 14750 |
| 120010500379 | 3/09/2020 | Axis TCR | 517684 | 1250 |
| 120010400170 | 7/09/2020 | FED.TCR | 167983 | 4665 |
| 120010500458 | 11/09/2020 | SIB TCR | 058355 | 7280 |
| 120010500459 | 11/09/2020 | SIB TCR | 058303 | 17500 |
| 120020500302 | 17/09/2020 | SBI TCR | 100110 | 79209 |
| 120060500142 | 17/09/2020 | SBI TCR | 804847 | 55496 |
| 120010500567 | 23/09/2020 | SIB TCR | 104375 | 689910 |
| 120040500343 | 23/09/2020 | SIB EKM | 027989 | 4850 |
| 120040500344 | 23/09/2020 | SIB EKM | 027984 | 1250 |
| 120010500568 | 24/09/2020 | SBI TCR | 080376 | 32497 |
| 120010500572 | 24/09/2020 | SBI TCR | 383110 | 147033, 132430 |
| 120040500404 | 24/09/2020 | SBI TCR | 73471 | 3700 |
| 120040500405 | 24/09/2020 | SBI TCR | 73472 | 1250 |
| 120040500406 | 24/09/2020 | SBI TCR | 046208 | 11400 |
| 120060500153 | 24/09/2020 | SIB TCR | 269853 | 15552 |
| 120010500583 | 25/09/2020 | SIB TCR | 030967 | 6250 |
| 120010500584 | 25/09/2020 | SIB TCR | 030998 | 1250 |
| 120040500450 | 25/09/2020 | SIB TCR | 036266 | 18300 |
| 120010500583 | 29/09/2020 | SIB TCR | 112935 | 24000 |

| | | | | |
|---|---|---|---|---|
| 120040500509 | 29/09/2020 | SIB TCR | 052977 | 7350 |
| 120040500510 | 29/09/2020 | SIB TCR | 30460 | 6900 |
| 120040500514 | 29/09/2020 | SIB TCR | 128957 | 1250 |
| 120040500515 | 29/09/2020 | SIB TCR | 128958 | 1200 |
| 120040500450 | 29/09/2020 | SIB Kuttanellur | 248587 | 45662, 46716, 56432, 77526, 330 |
| 120010500689 | 30/09/2020 | SBI TCR | 975060 | 40588 |
| 120040500690 | 30/09/2020 | SBI TCR | 975059 | 60883 |
| 120040500691 | 30/09/2020 | SBI TCR | 975061 | 27525 |
| 120010500693 | 30/09/2020 | SIB Hydrabad | 646066 | 6000 |
| 120010500694 | 30/09/2020 | SIB Hydrabad | 649488 | 6000 |
| 120010500695 | 30/09/2020 | SBI TCR | 104604 | 73600 |
| 120020500414 | 30/09/2020 | SIB TCR | 92067 | 41630 |
| 120040500530 | 30/09/2020 | SIB TCR | 891407 | 36850 |
| 120040500530 | 30/09/2020 | SIB TCR | 891406S | 1250 |
| 120040400148 | 7/10/2020 | SBI TCR | 006330 | 1000 |
| 120040500637 | 9/10/2020 | SIB TCR | 054540 | 2200 |
| 120040500637 | 9/10/2020 | SIB TCR | 054545 | 1250 |
| 120120500015 | 26/02/21 | - | 389342 | 5230 |
| 120120500016 | 26/02/21 | - | 510889 | 14750 |
| 120120500029 | 23/02/21 | SIB TCR | 265251 | 7150 |
| 120120500030 | 23/02/21 | SIB TSR | 265237 | 3450 |
| 120120500043 | 23/02/21 | - | 282254 | 625 |
| 120120500044 | 23/02/21 | - | 282255 | 625 |
| 120010501278 | 22/02/21 | - | 267555 | 22482 |
| 120010501302 | 02/03/21 | SIB TSR | 037227 | 24824 |
| 120010501305 | 22/02/21 | - | 699067 | 17258 |
| 120040500960 | 22/02/21 | AXIS BANK | 518211 | 9750 |
| 120010400489 | 04/03/21 | FEDEREL BANK | 085814 | 134664 |
| 120020400264 | 19/02/21 | PUNJAB NATIONAL BANK | 840674 | 3714 |
| 120020400304 | 06/03/21 | SBI TSR | 041371 | 10000 |
| 120020400306 | 06/03/21 | SBI TSR | 041373 | 10000 |
| 120010501463 | 20/03/21 | - | 232545 | |

ആയതിന് നൽകിയ എൻക്വയറിക്ക് (നമ്പർ 80 തിയതി 16.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ബാങ്കിൽ വരവ് വരുന്ന ഓരോ തുകക്കും കൃത്യമായ ചെക്ക് നമ്പർ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 അനാഥമന്ദിരം- സംഭാവനകൾ പ്രത്യേക ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്

വിൽവട്ടം മേഖലാ കാര്യാലയത്തിന കീഴിൽ പ്രവർത്തിക്കുന്ന രാമവർമ്മപുരത്തെ സ്നേഹവീടിന് 2020-21ൽ സംഭാവനയായി ലഭിച്ച 220501/-രൂപ മിസ്സലേനിയസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. കോർപ്പറേഷന്റെ പ്രത്യേക രശീത് പ്രകാരമാണ് സംഭാവന തുക സ്വീകരിക്കുന്നത്. ഇതിനാൽ രശീത് പ്രകാരം പ്രതിമാസമോ ഒരു സാമ്പത്തിക വർഷമോ എത്ര തുകയാണ് ലഭിക്കുന്നത് എന്ന് കൃത്യതപ്പെടുത്താൻ കഴിയാതെ വരുന്നു. ഒരു ദിവസത്തെ ഭക്ഷണത്തിന് 3000/-രൂപയാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ഫിക്സഡ് രശീതുകളല്ലാത്തതിനാൽ ഒരു രശീതിൽ തന്നെ മൂവായിരത്തിൽ കുറവോ അധികമോ തുക ലഭിക്കാവുന്നതാണ്.

സ്നേഹവീട്ടിലെ ഒരു ദിവസത്തെ ഭക്ഷണമുൾപ്പെടെയുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് കോർപ്പറേഷൻ ആരോഗ്യ വിഭാഗത്തിൽ നിന്നാണ്. ചെലവിനത്തിലുള്ള തുക കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുമ്പോൾ, ഇതേ ആവശ്യങ്ങൾക്ക് സന്നദ്ധസേവനം വഴി എത്ര രൂപ കോർപ്പറേഷന് ലഭിക്കുന്നുണ്ടെന്ന് അക്കൗണ്ട്സിൽ രേഖപ്പെടുത്താതെ പോകുന്നു. ഈ അപാകത പരിഹരിക്ക പ്പെടേണ്ടതാണ്.

## 1-15 വിൽവട്ടം സോണൽ - വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങൾ ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഫാറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി വിവരങ്ങൾ ഫാറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വിൽവട്ടം സോണൽ ഓഫീസ് പരിധിയിൽ ആകെ 7 ഡിവിഷനുകൾ ഉണ്ട്. നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി പരിപാലിച്ച് വരുന്നത്. വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും ലഭ്യമല്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ കുടിശ്ശിക എന്നിവ പരിശോധിക്കാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.09 /05.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ കാലഹരണപ്പെടുമെന്നതിനാൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം വളരെ പ്രാധാന്യമർഹിക്കുന്നു. ആയതിനാൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതും വസ്തുനികുതി ഇനത്തിലുള്ള തനതുവരുമാനം നികുതി കുടിശ്ശിക ഉൾപ്പെടെ ഉറപ്പാക്കേണ്ടതുമാണ്.

## 1-16 സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകൾ

എ) അസസ്സ്മെന്റ് രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്വെയറിലേയും നികുതി വ്യത്യാസം

2020-21 സാമ്പത്തികവർഷത്തെ മെയിൻ ഓഫീസിലെ അസസ്സ്മെന്റ് രജിസ്റ്ററിലെ നികുതിയും സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റ എൻട്രിയായി നൽകിയ വസ്തുനികുതിയും തമ്മിൽ (അപ്രൂവ് ചെയ്തത്) വ്യത്യാസം കാണുന്നു. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ/ കെട്ടിട നമ്പർ | ഫയൽ നം. | അസസ്സ്മെന്റ് രജിസ്റ്റർ/ഫോറം 6 പ്രകാരം | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം |
|---|---|---|---|---|
| 1 | 35/931/19 | R5/DW3/BR/27 /20-21 | 11610/- | 10321/- |
| 2 | 35/1168/1 | R5/21356/2020 | 1545/- | 1059/- |
| 3 | 35/931/10 | R5/DW3/BR/27 /20-21 | 4094/- | 3641/- |
| 4 | 35/4676/41 | R5/44123/20 | 4676/- | 4444/- |
| 5 | 35/1621 | R5/47225/20 | 2351/- | 1353/- |
| 6 | 35/3948/1 | R2/2071/21 | 2036/- | 2850/- |

വസ്തുനികുതിയിൽ ഇത്തരത്തിലുള്ള വ്യത്യാസം കണ്ടതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 65 തിയതി 7.06.22) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) സഞ്ചയ സോഫ്റ്റ് വെയറിലെ അപാകത( ഒല്ലൂർ സോണൽ)

2020- 21 സാമ്പത്തിക വർഷത്തെ ഒല്ലൂർ സോണൽ ഓഫീസിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 250 M2 ൽ കൂടുതൽ തറ വിസ്തീർണം ഉള്ള കെട്ടിടത്തിന് 15% തുക ഈടാക്കി നികുതി നിർണയം നടത്താൻ 1/07/20 ലെ സെക്രട്ടറിയുടെ നിർദ്ദേശം കാണുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 15% തറ വിസ്തീർണത്തിന്റെ തുക കൂട്ടി ചേർക്കാൻ സാധിക്കുന്നില്ല എന്നും അതിനാൽ ബഹുമാനപ്പെട്ട സെക്രട്ടറിയുടെ ഉത്തരവനുസരിച്ച് തറ വിസ്തീർണത്തിന്റെ 15% അധിക തുക ഒഴിവാക്കിയാണ് സഞ്ചയയിൽ ഡാറ്റാ എൻട്രി അപ്രൂവ് ചെയ്തിരിക്കുന്നതായും കാണുന്നത്. അങ്ങനെ വരുമ്പോൾ നികുതിയിനത്തിൽ വ്യത്യാസം കാണുന്നു. നികുതിയിനത്തിലെ വ്യത്യാസത്തിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | 15% വർദ്ധനവിൽ വസ്തുനികുതി | 15% കുറവിൽ വസ്തുനികുതി | നികുതിയിനത്തിൽ വ്യത്യാസം |
|---|---|---|---|
| 29/1095(1) | 6,431 | 5,716 | 715 |
| 29/1095(2) | 40,832 | 36,298 | 4,534 |
| 29/1095(3) | 13,355 | 11,874 | 1,481 |
| 29/1095(4) | 35,520 | 31,575 | 3,945 |

| ആകെ | 96,138 | 85,463 | 10,675 |
|---|---|---|---|

വസ്തുനികുതിയിനത്തിൽ ഇത്തരത്തിൽ കുറവ് വന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3 തിയതി 23.05.22) മറുപടി നൽകിയിരിക്കുന്നത്, 250 M2 ൽ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടത്തിന് 15% വരുന്ന വർദ്ധനവ് വരുത്താൻ സാധിക്കാത്തത് സഞ്ചയ സോഫ്റ്റ് വെയറിലെ സാങ്കേതികമായ പ്രശ്നത്താലാണെന്നും ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് പലതവണ ഐ.കെ.എം. സാങ്കേതികവിദഗ്ധരോട് ആവശ്യപ്പെട്ടിരുന്നതാണെന്നും ആണ് അറിയിച്ചിരിക്കുന്നത്.ആയതിനാൽ ഈ സാങ്കേതിക പ്രശ്നത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്തതായി കാണുന്നില്ല.

2020-21 സാമ്പത്തികവർഷത്തെ മെയിൻ ഓഫീസിലെ സഞ്ചയ സോഫ്റ്റ് വെയറും അസസ്സ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിന്റെ ഭാഗമായി അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ/ കെട്ടിട നമ്പർ | ഫയൽ നം. | അസസ്സ്മെന്റ് രജിസ്റ്റർ/ഫോറം 6 പ്രകാരം | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം |
|---|---|---|---|---|
| 1 | 35/5572/1B | R5/13575/21 | 27,932/- | ഡാറ്റാ എൻട്രി ചേർത്തിട്ടില്ല |
| 2 | 35/1805/2/1 | R5/3954/21 | 5,270/- | " " |
| 3 | 35/5572/4B | R5/39020/20 | 11,975/- | " " |
| 4 | 35/1321/5/1 | R5/45571/20 | 1195/- | " " |
| 5 | 35/5572/4D | R5/13575/21 | 47346/- | " " |
| 6 | 39/2467/1 | DW3/BA /132/11-12 | 3706/- | " " |
| 7 | 39/2467/2 | DW3/BA /132/11-12 | 3706/- | " " |
| 8 | 39/2467/3 | DW3/BA /132/11-12 | 3706/- | " " |
| 9 | 39/684/1 | DW3/BA /386/10-11 | 2415/- | " " |
| 10 | 39/1081/B | | 2314/- | " " |

സഞ്ചയയിൽ ഡാറ്റാ എൻട്രി ചേർക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നമ്പർ 66 തിയതി 7.06.22) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) അസസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്വെയറിലെ ഡാറ്റാ എൻട്രിയും തമ്മിൽ വ്യത്യാസം കാണുന്നു.

2020-21 സാമ്പത്തികവർഷത്തെ അസസ്സ്മെന്റ് രജിസ്റ്ററുകളും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള പേര്, തറ വിസ്തീർണ്ണം, നികുതി എന്നിവ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഡിവിഷനിലും കെട്ടിടനമ്പറിലും വ്യത്യാസം കാണുന്നില്ല. സഞ്ചയയിൽ വസ്തുനികുതി അപ്രൂവ് ചെയ്യതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം | | | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ഡിവിഷൻ/ കെട്ടിട നമ്പർ | പേര് | വിസ്തീർണ്ണം | വസ്തു നികുതി | പേര് | വിസ്തീർണ്ണം | വസ്തു നികുതി |
| 1 | 39/684/2 | ഷംസുദ്ദീൻ രായംമരയ്ക്കാർ | 21.88m$^2$ | 2415/- | ഗിരീശൻ പുളിക്കൻ | 144.03m$^2$ | 23687/- |
| 2 | 39/684/4 | " " | 21.88m$^2$ | 2415/- | " " | 52.88m$^2$ | 8698/- |
| 3 | 39/684/5 | " " | " " | 2295/- | " " | 52.80m$^2$ | 8698/- |
| 4 | 39/684/6 | " " | " " | " " | " " | 85.45m$^2$ | 14053/- |
| 5 | 39/684/7 | " " | " " | " " | " " | 106.82m$^2$ | 17568/- |
| 6 | 39/684/8 | " " | " " | " " | " " | 76.83 | 12636/- |

ആയതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( എൻക്വയറി നമ്പർ 67 തിയതി 7.06.22). മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാഎൻട്രി നടത്തുമ്പോൾ കടന്നുകൂടിയിട്ടുള്ള

അപാകതകൾ എത്രയും വേഗം പരിഹരിയ്ക്കേണ്ടതും,നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ നികത്താൻ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-17 വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ഇ-ഗവേണൻസ് പ്ലാറ്റ്ഫോമാണ് സഞ്ചയ സോഫ്റ്റ് വെയർ. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഉള്ള എല്ലാ കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മുഴവൻ വിശദാംശങ്ങളും സൂക്ഷിക്കേണ്ടത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. പ്രസ്തുത സോഫ്റ്റ് വെയറിൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിലെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായി പൂർത്തിയാകാത്തതിനാൽ കോർപ്പറേഷനിലെ മുഴവൻ കെട്ടിടങ്ങളുടെയും 100% നികുതി പിരിച്ചെടുക്കാൻ പര്യാപ്തമല്ല എന്ന് കാണാവുന്നതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങൾ ചട്ടം 13പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഫാറം 4ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി വിവരങ്ങൾ ഫാറം 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. തൃശ്ശൂർ നഗരസഭ മെയിൻ ഓഫീസ്, 5 സോണൽ ഓഫീസുകൾ എന്നിവിടങ്ങളിലായി 55 ഡിവിഷനുകൾ നഗരസഭയിലുണ്ട്. നഗരസഭയിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി നഗരസഭയിൽ പരിപാലിച്ചു വരുന്നത്. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ ഓരോ സെക്ഷൻ ക്ലർക്കുമാരുടേയും ഹാന്റ്ബുക്കിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ആയത് ആധികാരികമാകുന്നുമില്ല. ഡിമാന്റ്, കളക്ഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ തയ്യാറാക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയുണ്ടാകുന്നില്ല. വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്താത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും ലഭ്യമല്ല. കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി അംഗീകാരം നൽകാത്തതിനാൽ സഞ്ചയയിൽ നിന്നുള്ള ഡിമാന്റ് രജിസ്റ്ററും ലഭ്യമല്ല.2020- 21ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ് 28,05,98,818 /- രൂപയും കളക്ഷൻ 25,48,87,944/- രൂപയുമാണ്. ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുക തന്നെയാണോ യഥാർത്ഥ ഡിമാന്റ് എന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റിനാകുന്നില്ല.

കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾ ഡിമാന്റായി മാറുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്റെയും വസ്തുനികുതി കളക്ഷൻ കുടിശിക വിവരങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന നഗരസഭയിലെ നിലവിലെ സംവിധാനം 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങൾ ചട്ടം 13 പ്രകാരമായിരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർണ്ണയിക്കപ്പെടുന്ന വസ്തുനികുതി ഡിമാന്റായി മാറുന്നുവെന്ന് ഉറപ്പാക്കുന്ന സംവിധാനത്തിന്റെ അഭാവം തിട്ടപ്പെടുത്താനാകാത്ത നികുതി നഷ്ടത്തിന് കാരണമാകും.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ കാലാഹരണപ്പെടുമെന്നതിനാൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുന്നതിലെ അലംഭാവം, ബന്ധപ്പെട്ട രജിസ്റ്റർ പരിപാലനത്തിലെ ഉദാസീനത എന്നിവ ഓഡിറ്റിൽ ഗൗരവായി വീക്ഷിക്കുന്നു. ഈ വിഷയം അടിയന്തിരമായി പരിഹരിച്ച് വസ്തുനികുതി ഇനത്തിലുള്ള തനതുവരുമാനം (നികുതി കുടിശ്ശിക) ഉൾപ്പെടെ ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങൾ

ഒല്ലൂക്കര സോണലിലെ 2020-21 വർഷത്തെ വസ്തുനികുതി നിർണ്ണയം നടത്തിയ ചുവടെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ/ കെട്ടിടനമ്പർ | കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ തറവിസ്തീർണം |
|---|---|---|---|
| 1) | 18/643(4) | ടെറസ്സ്,ഹാൾ,ഒരു നില,മൂന്നു മുറി | 101.35എം2 |
| 2) | 18/732(2) | ഗ്രൗണ്ട് ഫ്ലോർ.1 ബെഡ്റൂം,സിറ്റൗട്ട്,ഹാൾ, കിച്ചൺ,വർക്ക്ഏരിയ,ടോയ് ലറ്റ്. | 79.33എം2 |

| | | | |
|---|---|---|---|
| 3) | 18/732(3) | ഫസ്റ്റ് ഫ്ലോർ ഓപ്പൺ ടെറസ്സ്,ഇരുനിലയുള്ള വാസഗൃഹം | 136എം2 |
| 4) | 18/569/1 | സിറ്റൗട്ട്,ലിവിംഗ് റൂം,ഡൈനിംഗ് റൂം,1ബെഡ്റൂം,കിച്ചൺ,ബാൽക്കണി. | 151136എം2 |
| 5) | 17/1296(1) | ഗ്രൗണ്ട് ഫ്ലോർ ഒരു കടമുറി ഷെഡ്ഡ്,ടോയ് ലറ്റ് | 65.74എം2 |
| 6) | 17/993(4) | ഡൈനിംഗ്,ഡ്രോയിംഗ്,3ബെഡ്റൂം, അടുക്കള,വർക്ക് ഏരിയ | 74.89എം2 |
| 7) | 17/1260/1 | ഒറ്റനില,ഓട്,1ബെഡ് റൂം,സിറ്റൗട്ട്,ഹാൾ,അടുക്കള | 28എം2 |
| 8) | 17/786/4 | താഴത്തെനിലസിറ്റൗട്ട്,ഹാൾ,1മുറി, അടുക്കള | 40.18എം2 |
| 9) | 17/69/5 | ടെറസ്സ് | 214എം2 |
| 10) | 18/1563/(1). | ഒരു ബെഡ് റൂം, സിറ്റൗട്ട്,ഹാൾ,കിച്ചൺ | 52എം2 |
| 11) | 18/609/1 | ടെറസ്സ് -ഗ്രൗണ്ട് ഫ്ലോർ<br>രണ്ട് ബെഡ്റൂം,ബാത്ത് അറ്റാച്ചഡ് പോർച്ച്,സിറ്റൗട്ട്,ഹാൾ,അടുക്കള, ഒരു ബെഡ്റൂം,അറ്റാച്ചഡ് ടോയ്ലറ്റ്,ഡ്രോയിംഗ് | 161.8എം2 |
| 12) | 18/296/1 | വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. | - |

ക്രമനമ്പർ 11വരെയുള്ള കെട്ടിടങ്ങളുടെ ഈടാക്കേണ്ട നികുതി രേഖപ്പെടുത്തിയതായി കാണുന്നില്ല. ക്രമ നമ്പർ 12 ന്റെ കെട്ടിട നമ്പരൊഴികെ മറ്റു വിവരങ്ങൾ ഒന്നും രേഖപ്പെടുത്തി കാണുന്നില്ല.മേൽ കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താതിരുന്നതിനു കാരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-3/21/തീയതി.06.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ നേരിട്ടു പരിശോധിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-19 വസ്തുനികുതി പരിഷ്കരണം - പൂർണ്ണമായി നടപ്പിലാക്കുവാൻ നഗരസഭയ്ക്കായില്ല.

06.03.2019 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം. 540/2019/ ത.സ്വ.ഭ.വ. പ്രകാരം നിലവിലുള്ള കെട്ടിങ്ങളുടെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യ തീയതി 01.04.2016 ആയി നിശ്ചയിച്ച് ഉത്തരവായിരുന്നു. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും കെട്ടിങ്ങളുടെ വിവരശേഖരണം, ഫോറം നം. 6ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടി ക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ കാലാവധി അവസാനിച്ചിരിക്കേ നികുതി പരിഷ്കരണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. നിലവിൽ ARV കെട്ടിടങ്ങളിൽ 145118 കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി വരുത്തുകയും ആയതിൽ 36299 കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിനായി നഗരസഭ ULTS നെ ചുമതലയേൽപ്പിച്ചിട്ടുണ്ട്.

GIS മാപ്പിംഗ് നടത്തി ULTS ശേഖരിക്കുന്ന വിവരങ്ങൾക്കൊപ്പം വസ്തുനികുതി പരിഷ്കരണം നടത്തേണ്ടുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ടി വിവരങ്ങൾ റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് ഫോറം നം.6 തയ്യാറാക്കി സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ടെന്നും നിലവിൽ വസ്തുനികുതി പരിഷ്കരണം 31.03.2023 തിയ്യതിയ്ക്കകം പൂർത്തീകരിക്കാൻ കഴിയുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.57/20.05.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി വരുത്തിയ കുടുംബശ്രീ കമ്പ്യൂട്ടർ സെന്ററിന് 864000/- രൂപയും റവന്യൂ വിഭാഗത്തിലെ നികുതി പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 9 സെക്ഷൻ റൈറ്റേഴ്സിനെ നിയോഗിക്കുകയും അവർക്ക് 2019-2020ൽ വേതനമിനത്തിൽ 748942/-രൂപയും നഗരസഭ ചെലവഴിച്ചിട്ടുള്ളതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-2020ലെ ഓഡിറ്റ് റിപ്പോർട്ട് നം.കെ.എസ്.എ(ടി.എസ്.സി)4/830/2021 തിയ്യതി 15.01.2022ലെ ഖണ്ഡിക1-15എയിൽ പരാമർശിക്കുന്നുണ്ട്. 2020-2021 സാമ്പത്തിക വർഷം സെക്ഷൻ റൈറ്റേഴ്സിന് 872170/-രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.നിലവിൽ വസ്തുനികുതി പരിഷ്കരണത്തിനായി ULTS നെ ചുമതലയേൽപ്പിച്ചിട്ടും നാളിതുവരെ നികുതിപരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കുവാൻ നഗരസഭയ്ക്കായില്ല. ഇപ്രകാരം വസ്തുനികുതി പരിഷ്കരണത്തിനായി നഗരസഭയ്ക്ക് വൻ തുക സാമ്പത്തിക ബാദ്ധ്യത വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.വസ്തുനികുതി പരിഷ്കരണം യഥാസമയം പൂർത്തീകരിക്കാത്തതിനാൽ വസ്തു നികുതിയിനത്തിൽ കോർപ്പറേഷന് വൻ തുക നഷ്ടം ഉണ്ടാകുന്നതായും ഓഡിറ്റിൽ വിലയിരുത്തുന്നു.കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ കാലഹരണപ്പെടുമെന്നതിനാൽ വസ്തുനികുതി പരിഷ്കരണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കേണ്ടതാണ്.

## 1-20 കേന്ദ്ര സർക്കാർ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത്

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും 285-ാം അനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.കോർപ്പറേഷനിലെ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും 2020-21സാമ്പത്തികവർഷം ഈടാക്കിയ സർവ്വീസ് ചാർജ്ജിന്റെ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 62/02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കേണ്ട സർവ്വീസ് ചാർജ്ജ് പൂർണ്ണതോതിൽ സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതിയിൽ കണക്കാക്കപ്പെടാവുന്ന വസ്തുനികുതിയുടെ 75% ഉം ഭാഗികമായി സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതിയിൽ വസ്തുനികുതിയുടെ 50% ഉം സേവനങ്ങളൊന്നും പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ലാത്ത സംഗതിയിൽ വസ്തുനികുതിയുടെ 33 1/3% ഉം ആയിരിക്കുന്നതാണ്. സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് കോർപ്പറേഷന്റെ വരുമാനത്തിന് മുതൽക്കൂട്ടാകുമെന്നതിനാൽ ആയത് ഈടാക്കേണ്ടതും 2020-21 വർഷം ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 സേവനഉപനികുതി ഈടാക്കുന്നതിന് മുൻകാല പ്രാബല്യം നൽകൽ നിയമപരമല്ല

കോർപ്പറേഷൻ കൗൺസിലിന്റെ 16.11.2019 ലെ 1ാം നമ്പർ തീരുമാനപ്രകാരം 01.04.2016 പ്രാബല്യത്തിൽ അടിസ്ഥാന വസ്തുനികുതിയുടെ 10% സേവനഉപനികുതി ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ മുൻകാലപ്രാബല്യത്തോടെ സേവനഉപനികുതി ഈടാക്കുന്നുണ്ട്.

ഓഡിറ്റ് സമയത്ത് വിൽവട്ടം മേഖലാകാര്യാലയത്തിൽ ഇപ്രകാരം മുൻകാലപ്രാബല്യത്തോടെ സേവനഉപനികുതി ഈടാക്കിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | രസീത് നം. | വ്യക്തിയുടെ പേര് | കെട്ടിട നമ്പർ | ഈടാക്കിയ സേവന ഉപനികുതി |
|---|---|---|---|---|
| 1 | 03/122010101111/ 5.5.2022 | പ്രദീപ് പി | 9/1119-1 | 606 |
| 2 | 03/122010101170/ 5.5.2022 | Ritha V | 9/605 | 1890 |
| 3 | 03/122010101160/ 5.5.2022 | പങ്കജവല്ലി | 8/817-1 | 1512 |
| 4 | 03/122010101158/ 5.5.2022 | രമണൻ | 5/821 | 468 |
| 5 | 03/122010101148/ 5.5.2022 | മാതിരിജോസ് | 11/825-1 | 1153 |

അയ്യന്തോൾ മേഖലാകാര്യാലയത്തിൽ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതിയോടൊപ്പം സേവന നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിവരം .

| ക്രമനമ്പർ | രസീതി നമ്പർ | കെട്ടിട ഉടമ | കെട്ടിട നമ്പർ | ഒടുക്കിയ തിയതി | സേവന നികുതി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 122010102220 | ഡോ.ടി.ബി കലാസ് | 55/1195 | 25.05.2022 | 728 |
| 2 | 122011100180 | സുബ്രഹ്മണ്യൻ | 49/634/1 | 25.05.2022 | 3750 |
| 3 | 12201010224 | വി.എസ് അറുമുഖൻ | 55/1157 | 25.05.2022 | 3468 |

2022-23 സാമ്പത്തിക വർഷത്തിൽ കൂർക്കഞ്ചേരി സോണൽ ഓഫീസിൽ വസ്തുനികുതിയോടൊപ്പം സേവനനികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| രസീത് നമ്പർ | പേര്,മേൽവിലാസം | കെട്ടിട നമ്പർ | ഒടുക്കിയ തിയതി | സേവന നികുതി കുടിശ്ശിക |
|---|---|---|---|---|
| 122010101176 | രാമദാസ് & ഗീത കണക്കപ്പറമ്പിൽ | 41/ 389 | 5.05.2022 | 804 |
| 122010101179 | വൽസലകുമാരൻ കൊട്ടിയാട്ടിൽ | 44/ 109-1 | 5.05.2022 | 1544 |
| 122010101178 | തോമസ് പി. ഐ | 33/ 595 | 5.05.2022 | 1365 |

| | | | | |
|---|---|---|---|---|
| | ബിജിലി സ്കറിയ | | | |
| 122010101180 | ശങ്കരനാരായണൻ | 34/1059-21 | 5.05.2022 | 1062 |
| 122010101181 | സുഷിത ബാസി | 41/914-5 | 5.05.2022 | 2280 |

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 പ്രകാരം സേവനഉപനികുതി ചുമത്തൽ, നിരക്കുകൾ, പിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം അടിസ്ഥാനവസ്തുനികുതിയുടെ 10% സേവനഉപനികുതി ചുമത്താവുന്നതും ആയത് വസ്തുനികുതിയോടൊപ്പം രണ്ട് അർദ്ധവർഷങ്ങളായി പിരിച്ചെടുക്കാവുന്നതുമാണ്.

1998ലെ കേരള മുനിസിപ്പാലിറ്റി (പുതിയ നികുതികളെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 231ാം വകുപ്പ് പ്രകാരം ആദ്യമായോ അഥവാ പുതിയ നിരക്കിലോ ഏതെങ്കിലും നികുതി ചുമത്താൻ ഒരു കൗൺസിൽ തീരുമാനിച്ചുകഴിഞ്ഞാൽ അങ്ങനെയുള്ള നികുതിയുടെ നിരക്കും അത് ഏത് തീയതി മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും നികുതി ചുമത്തേണ്ട കാലയളവ് ഏതെങ്കിലുമുണ്ടെങ്കിൽ അത് ഏതെന്നും വിവരിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം അങ്ങനെയുള്ള നികുതി പ്രാബല്യത്തിൽ വരുന്നതിന് കുറഞ്ഞത് ഏഴ് ദിവസമെങ്കിലും മുമ്പായി സെക്രട്ടറി മുനിസിപ്പാലിറ്റിയുടെ ഓഫീസ് നോട്ടീസ് ബോർഡിലും ആ മുനിസിപ്പൽ പ്രദേശത്ത് വ്യാപകമായ പ്രചാരമുള്ളതും ആ പ്രദേശത്തെ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതുമായ രണ്ടിൽ കുറയാത്ത ദിനപ്പത്രങ്ങളിലും കേരള ഗസറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതും എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ ആ പ്രദേശത്ത് കൂടുതൽ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിൽ കൂടി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

നിയമവ്യവസ്ഥ ഇതായിരിക്കേ മുൻകാല പ്രാബല്യത്തോടെ സേവനഉപനികുതി ഈടാക്കുന്നത് നിയമപരമല്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. നിയമവ്യവസ്ഥ പാലിക്കാതെ ഇപ്രകാരം പുതിയ നികുതി മുൻകാല പ്രാബല്യത്തോടെ ചുമത്തിയതിന് വ്യക്തമായ കാരണങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
1.04.2016 പ്രാബല്യത്തിൽ സേവനനികുതി ചുമത്തുവാൻ തീരുമാനിച്ച നഗരസഭ കൗൺസിലിന്റെ 16.11.2019 ലെ 1-ാം നമ്പർ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 കെട്ടിടങ്ങളുടെ പൂർണ്ണവിവരം അസസ്സമെന്റ് രജിസ്റ്ററിൽ ചേർത്ത് വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല

2020-2021 സാമ്പത്തിക വർഷം ബിൽഡിംഗ് റഗുലറൈസേഷനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പല ഫയലുകളിലും പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ (AR Details) ലഭ്യമല്ലായെന്നാണ് രേഖപ്പെടുത്തി കാണുന്നത്. AR വിവരം ലഭ്യമാക്കാത്ത കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 1 | DW5/BA /185/20-21 | 1/219 | രവീന്ദ്രൻ, രാഘവൻ | 100 |
| 2 | DW5/BA /185/20-21 | 1/460 | രാഘവൻ | 113 |
| 3 | DW5/BR /54/20-21 | 5/395/A | ത്രേസ്യാമ | 100 |
| 4 | DW5/BR /47/20-21 | 1/63 | ഒ.കെ മണി | 356 |

കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനായി 01.04.2013 പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. 100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2013 പ്രകാരം ഉത്തരവായിരുന്നു. 06.03.2019 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം. 540/2019/ ത.സ്വ.ഭ.വ. പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകൾക്കും 2019 സെപ്തംബർ വരെ പണി പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ പറഞ്ഞ പഴയ കെട്ടിടങ്ങളുടെ വിവരം ശേഖരിച്ച് കെട്ടിടങ്ങളുടെ തരം, വിസ്തീർണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ (AR Details) അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് ( നം. 76 തിയ്യതി: 10.06.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഫീൽഡ് തല പരിശോധന നടത്തി അടിയന്തിരമായി അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നികുതി വരുമാനം ഉറപ്പാക്കേണ്ടതുമാണ്.

## 1-23 വസ്തു നികുതി നിർണ്ണയം നടത്തിയതിലെ അപാകത

ഒല്ലുക്കര സോണലിലെ ശ്രീ. കെ.എ വിൻസെന്റ്, തേറാട്ടിൽ കളപ്പുര (H), മുക്കാട്ടുകര, നെട്ടിശ്ശേരി എന്ന വ്യക്തിയുടെ കെട്ടിടത്തിന്(10/293)2020 രണ്ടാം അർദ്ധവർഷം മുതൽ ടാക്സ് ഈടാക്കിയിട്ടുണ്ട്. ഓഫീസ് കുറിപ്പിൽ 20/10/2020ൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതായി പറയുന്നു.ഫയലിനൊപ്പം ഹാജരാക്കിയ

പെർമിറ്റ് അനുവദിച്ച പ്ലാനിൽ മേൽക്കൂര കോൺക്രീറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ വസ്തുനികുതി നിർണ്ണയ-വിവര ശേഖരണ ഫാറത്തിൽ (ഫോറം-6) നിബന്ധന 23(സി) പ്രകാരം മേൽക്കൂര ഓട് എന്ന് കാണിച്ച് 10% ഇളവ് നല്കിയിട്ടുണ്ട്.ആകെ വിസ്തീർണ്ണം 297.57എം$^2$ 15/-രൂപ നികുതി നിർണ്ണയിച്ചതിന്റെ കൂടെ 10% ഇളവ് 446/-രൂപ കുറച്ചതായി കാണുന്നു.മേൽക്കൂരയുടെ തരം കോൺക്രീറ്റ് ആയിട്ടും ഇപ്രകാരം ഇളവ് നല്കിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(3/21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത പരിശോധിച്ച് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.നികുതിയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതാണ്.

## 1-24 വസ്തു നികുതി നിർണ്ണയത്തിലെയും, ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കിയതിലേയും അപാകതകൾ

OLK3/BA/161/17-18 Dtd 3/10/ 2017 ഫയൽ പ്രകാരം ജയിംസ് മുതൽ നാലുപേർക്കുമായി പെർമിറ്റ് അനുവദിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കിയതിലും, ആർ.ഐയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ നികുതി നിർണ്ണയത്തിലും,ഓഡിറ്റ് ടീം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

11.01.2021 ൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ പ്രസ്തുത കെട്ടിടം 07.05.2020 ൽ 565.57m$^2$ വിസ്തീർണ്ണത്തിൽ ശ്രീ.ജയിംസ്, ഗ്രേസി, ഫ്രാൻസിസ്, മേരി,ലിയോൺസ് & ലിൻസൺ തോട്ടാൻ മണ്ണൂത്തി പി.ഒ. എന്നിവരുടെ പേരിലുള്ള കെട്ടിടം ശ്രീ.സുരേന്ദ്രൻ.പി. എന്നയാളുടെ മേൽ നോട്ടത്തിൽ പെർമിറ്റിന് അനുസൃതമായിട്ട് പണി പൂർത്തീകരിച്ചിട്ടുണ്ട് എന്നും ആയത് ഉപയോഗത്തിന് അനുയോജ്യമാണ് എന്നും സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. എന്നാൽ നേരിട്ട് ഉള്ള സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ മാത്രം ഉപയോഗിയ്ക്കുന്നതായി കാണുകയുണ്ടായി.ആയതിൽ തന്നെ കടമുറികൾ നമ്പർ പതിച്ച് നല്കിയത് ഒട്ടിച്ചതായി കാണുന്നില്ല.കടമുറികളുടെ തറയിൽ ടൈൽ പതിച്ചതായി കാണുന്നില്ല. ആകെ 23 കടമുറികൾ ഉള്ളതിൽ താഴെ നിലയിൽ 13 കടമുറികളും(കെട്ടിടനമ്പർ-935/13) മുകളിൽ 10 കടമുറികളും ആണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ സ്ഥല പരിശോധനയിൽ മുകളിലത്തെ നിലയും,സ്റ്റെയർ കേസും ടൈലുകൾ പാകിയിട്ടില്ലാത്തതായും കടമുറികൾ ഭിത്തി കെട്ടിതിരിച്ചിട്ടില്ലാത്തതായും, കെട്ടിട നമ്പർ പതിച്ചിട്ടില്ലാത്തതായും കാണുന്നു.ഈ സാഹചര്യത്തിൽ റവന്യൂ ഇൻസ്പെക്ടർ നികുതി നിർണ്ണയ വിവരശേഖരണ ഫാറം നം.6 ൽ എപ്രകാരം കടമുറിയുടെ തറ വിസ്തീർണ്ണം നിശ്ചയിച്ചത് എന്നും,ഫോറം 6 ലെ ക്രമനം-22ക്രമനം,-24 ബി എന്നിവ പ്രകാരമുള്ള നിബന്ധനകളിലെ അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവ് കണക്കാക്കിയത് എന്നും വ്യക്തമല്ല.

കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച പ്ലാനിൽ ടോയ്ലറ്റുകളുടെ എണ്ണം രണ്ടു നിലകളിലുമായി 6എണ്ണവും, അംഗപരിമിതർക്ക് ഒരു ടോയ്ലറ്റും 3യൂറിനലും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും,നേരിട്ടുള്ള പരിശോധനയിൽ 2എണ്ണം ആണ് കാണാനായത്. ആയതിൽ തന്നെ താഴത്തെ നിലയിൽ അഡീഷണലായി കെട്ടിടത്തിന്റെ പുറം ഭിത്തിയോടും അതിർത്തിമതിലിനുമിടയിലായി നിർമ്മിച്ച ടോയ്ലറ്റ് അനധികൃതമായി കാണപ്പെട്ടിരുന്നു. കാർ പാർക്കിംഗ് ഏരിയ കൃത്യമായി എണ്ണം തിരിച്ച് രേഖപ്പെടുത്തിയതായി കാണുന്നില്ല. 6പാർക്കിംഗിൽ 6-മത്തെത് അംഗപരിമിതർക്കായി പ്രത്യേകമായി രേഖപ്പെടുത്തി കാണുന്നില്ല.അംഗീകൃതപ്ലാനിൽ നിന്നും വ്യതിചലിച്ച് പണി പൂർത്തീകരിച്ച ബിൽഡിംഗിന്റെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് എപ്രകാരം അനുവദിച്ചു എന്നത് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്കു(എൻക്വയറി നമ്പർ ഒല്ലൂക്കര 7/21/തീയതി-07.05.2022) ലഭ്യമാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ ശ്രീ.ജെയിംസ് & അദേഴ്സ് എന്ന പേരിൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നല്കിയതിൽ നിന്ന് വ്യത്യസ്തമായി നിലവിൽ സ്ഥലത്ത് അധികനിർമ്മാണങ്ങൾ കാണുന്നതിനാൽ കക്ഷിയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും,കെട്ടിടം ഒക്യുപെൻസി നല്കുന്ന സമയത്തെ രൂപത്തിലേയ്ക്ക് മാറ്റുന്നതിനും, അല്ലാത്ത പക്ഷം KM Act1994 Rule242 പ്രകാരം അനധികൃതനിർമ്മാണത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു കൊണ്ടുള്ള 13/05/2022 തിയ്യതിയായുള്ള നോട്ടീസ് കക്ഷിയ്ക്ക് നല്കിയിട്ടുള്ളതാണ്.ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.എന്നാൽ റവന്യൂ വിഭാഗത്തിൽ നിന്നും മേലപാകതകൾക്കു എന്തു നടപടി സ്വീകരിച്ചു എന്നതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടനികുതിയിനത്തിൽ മുകളിലത്തെ നിലയിൽ കടമുറികൾ തിരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ തറവിസ്തീർണവും ഒരുമിച്ച് കണക്കാക്കി നികുതി നിശ്ചയിക്കേണ്ടതായിരുന്നു.എന്നാൽ അപ്രകാരം നികുതി നിർണ്ണയം നടത്താതിരുന്നതിനാൽ നഗരസഭയ്ക്കു നഷ്ടം വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.ആയതിനു ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-25 ഒഴിഞ്ഞു കിടക്കുന്നതു മൂലം വസ്തുനികുതിയിൽ ഇളവ് ലഭിക്കുന്ന കെട്ടിടങ്ങളുടെ വിവരമടങ്ങിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 239(3) എ പ്രകാരം കെട്ടിട ഉടമസ്ഥനോ അയാളുടെ ഏജന്റോ

(1) കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും കിടക്കുകയാണെന്നോ, അഥവാ

(2)നോട്ടീസ് നൽകപ്പെടുന്ന അർദ്ധവർഷത്തിലോ തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കപ്പെടാതിരിക്കുകയും ചെയ്യുമെന്നോ

നേരത്തേ തന്നെ സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലല്ലാതെ അങ്ങനെയുള്ള യാതൊരു ഇളവ് ചെയ്യലും അനുവദിക്കാവുന്നതല്ല.

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ Building Demolishing Register പ്രകാരം ചില കെട്ടിട ഉടമകളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതായി രേഖപ്പെടുത്തിയിരുന്നെങ്കിലും അവരുടെ അപേക്ഷകൾ ലഭ്യമാക്കിയിരുന്നില്ല. ഇക്കാര്യമാരാഞ്ഞ് കൊടുത്ത ഓഡിറ്റ് എൻക്വയറിക്ക് (4/24.05.22) 8.6.22ന് നൽകിയ മറുപടിയിൽ കെട്ടിടഉടമകളിൽ നിന്ന് അപേക്ഷ ലഭിച്ചെങ്കിലും സ്ഥലപരിശോധനയിൽ അവ ഒഴിഞ്ഞ് കിടക്കുന്നില്ല എന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിച്ചില്ലയെന്നും അവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്നും സൂചിപ്പിച്ചിരുന്നു. സഞ്ചയയിൽ ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ അപേക്ഷകരുടെ പേരുവിവരം രജിസ്റ്ററിൽ ചേർത്തിരുന്നെങ്കിൽത്തന്നെയും അപേക്ഷ പരിഗണിക്കുന്നില്ലയെന്ന തീരുമാനിച്ചപ്പോൾ അവരെ ഒഴിവാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതായിരുന്നു.ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാവാതെ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വസ്തുനികുതി ഒടുക്കുന്നതിൽ ഇളവനുവദിച്ച വിമുക്തഭടന്മാരുടെ വിവരമടങ്ങിയ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

സ.ഉ.(കൈ) നം106/2017/ത.സ്വ.ഭ.വ., തീയതി 26.05.2017 പ്രകാരം എല്ലാ വിമുക്തഭടന്മാരെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000ച.അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.ഇതിനായി അവർ ഓരോ വർഷവും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്.

അയ്യന്തോൾ മേഖലാ കാര്യാലയത്തിൽ ഇപ്രകാരമുള്ള വിവരമടങ്ങിയ രജിസ്റ്ററിൽ കണ്ട ചിലരുടെ അപേക്ഷയോടൊപ്പം സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നില്ല. ഇക്കാര്യമുന്നയിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറിക്ക് (8/28.5.22)30.5.22ന് നൽകിയ മറുപടിയിൽ പരാമർശത്തിലുൾപ്പെട്ടവരിൽ നിന്നും അപേക്ഷയോടൊപ്പം സാക്ഷ്യപത്രം വാങ്ങിയിരുന്നെന്നും എന്നാൽ സ്ഥലപരിശോധനയിൽ ഇവരുടെ കെട്ടിടങ്ങളെല്ലാം അസ്സസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടത്തിയതായി കണ്ടെത്തിയതിനാൽ കെട്ടിടം റെഗുലറൈസ് ചെയ്തതിനുശേഷമേ നികുതിയിളവനുവദിക്കാൻ സാധിക്കുവെന്ന് കക്ഷികളെയറിയിച്ചിട്ടുണ്ടെന്നും നിലവിൽ കെട്ടിടങ്ങൾക്ക് നികുതിയിളവനുവദിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയത് സഞ്ചയയിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഇവരുടെ വിവരങ്ങൾ ചേർത്തിടത്ത് ഒഴിവാക്കിയതായിക്കാണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണമായിരുന്നു. മാത്രമല്ല സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ ഇത്തരത്തിലുള്ള അലംഭാവം കരണീയമല്ലെന്ന കൂടി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-27 ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ കാലതാമസം

ഫയൽ നം. R4/DW5/BA/464/09-10

തൃശ്ശൂർ നഗരസഭയിൽ 1-ാം ഡിവിഷനിൽ ദി ചെയർമാൻ, ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് എന്നവരുടെ ഉടമസ്ഥതയിൽ 10903.77 M2 വിസ്തീർണ്ണമുള്ള ധനലക്ഷ്മി ബാങ്ക് കെട്ടിടത്തിന്റെ പണി 28.12.2018 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതായി ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 07.09.2020 തിയ്യതിയിലാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. ആയതുപ്രകാരം 1/1842/1 മുതൽ 1/1842/14വരെ കെട്ടിടങ്ങൾക്ക് (കെട്ടിടങ്ങൾക്ക് തുടർച്ചയായ ക്രമനമ്പർ നല്കി കാണുന്നില്ല) 01.10.2018 പ്രാബല്യത്തിൽ അർദ്ധവാർഷിക വസ്തുനികുതിയായി 5,84,576/- രൂപ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ 03.05.2020ലെ ആർ.സി.2/100/2020 സർക്കുലറിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തിയ കാലയളവ് പുനർനിർണ്ണയം ചെയ്യണമെന്ന കെട്ടിട ഉടമയുടെ 24.03.2021ലെ അപേക്ഷയിൽ ഒക്യുപൻസി തീയതിയായ 07.09.2020 പരിഗണിച്ച് വസ്തുനികുതി 1.04.2020 പ്രാബല്യത്തിൽ നികുതിനിർണ്ണയം ചെയ്ത് നൽകുകയുണ്ടായി.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) 21/12/2018 ന് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് 07/09/2020 നാണ് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 20(3) പ്രകാരം കെട്ടിട ഉടമ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.അതല്ലയെങ്കിൽ അപാകതയെന്താ ണെന്ന് കെട്ടിട ഉടമയെ അറിയിക്കേണ്ടതാണ്.എന്നാൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാത്തപക്ഷം അപ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റ് ലഭിച്ചുവെന്ന് കണക്കാക്കാവുന്നതു മാണ്. മാത്രവുമല്ല ഇക്കാലയളവിൽ 03/05/2020 ലെ സർക്കുലർ ബാധകമാകുകയുമില്ല.

2) 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ

വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. കെട്ടിടത്തിന്റെ പൂർത്തീകരണ തിയതി 28.12.2018 ആയതിന്റെ അടിസ്ഥാനത്തിൽ 01.10.2018 പ്രാബല്യത്തിൽ അർദ്ധവാർഷിക വസ്തുനികുതിയായി 5,84,576/- രൂപ ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ 03.05.2020ലെ ആർ.സി.2/100/2020 സർക്കുലറിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തിയ കാലയളവ് പുനർനിർണ്ണയം ചെയ്തതിനാൽ 2018-19 അർദ്ധവർഷം മുതൽ 2019-20വർഷം വരെ നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന (3 X 584576/-) 17,53,728/-രൂപ വസ്തുനികുതിയിനത്തിൽ നഷ്ടമാക്കി.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 54 / 18.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് ഒക്യുപൻസി നൽകുന്നതിലെ കാലതാമസം നികുതി നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം -- നിർണ്ണയിച്ച വസ്തുനികുതിയുടെ പകുതി മാത്രം വർഷങ്ങളായി അടവാക്കുന്നു.

ഫയൽ നം. VBA 405/20-21/31.3.2021

VTM3/1538/21/31.3.2021

ശ്രീമതി. മേഴ്സി, പൂവത്തിങ്കൽ, വില്ലടം എന്ന വ്യക്തി നിലവിലുള്ള വാസഗൃഹത്തിന്റെ (119.70m2) വിപുലീകരണത്തിന് (GF_ 13.96m2,FF-- 89.01m2) 31.3.2021 ന് അപേക്ഷ സമർപ്പിച്ചു. ആവശ്യമായ പെർമിറ്റ് ഫീയും കോമ്പൗണ്ടിംഗ് ഫീയും അടവാക്കി DW/VBA/405/20-21 തീയതി. 24.8.21 നമ്പറായി പെർമിറ്റ് അനുവദിച്ചു.

നിലവിൽ ഉണ്ടായിരുന്ന Wd 10/34-1(7/261) നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 119.70m2 ആണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം (Wd 10 Vol 3) കെട്ടിടത്തിന്റെ ഏരിയ 111.90m2 ആണ്.ഈ കെട്ടിടത്തിന് 01.04.2004 മുതൽ 540 രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുമുണ്ട്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 540 രൂപ നികുതി നിർണ്ണയിച്ചതായി കാണുന്നുവെങ്കിലും 2011-12 മുതൽ 2020-21 വരെ 270രൂപ (ലൈബ്രറി സെസ് 14 രൂപ ഉൾപ്പെടെ 284 രൂപ) അടവാക്കി വരുന്നതായി കാണുന്നു. 2012-13ൽ തുക അടവാക്കിയതിന്റെ വിവരം സഞ്ചയയിൽ ലഭ്യമല്ല.

അപാകതകൾ

1. നിലവിൽ ഉണ്ടായിരുന്ന കെട്ടിടത്തിന് നിർണ്ണയിച്ച വസ്തുനികുതിയുടെ പകുതി മാത്രം വർഷങ്ങളായി അടവാക്കുന്നതായി കാണുന്നു.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാംവകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

ഈ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി 15/07.05.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയതിൽ കുറവ് വന്ന തുക അടവാക്കുന്നതിന് കെട്ടിടഉടമക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വസ്തനിർണ്ണയ രജിസ്റ്ററുകൾ കാലികമാക്കി വിവരങ്ങൾ സഞ്ചയയിൽ യഥാസമയം ചേർത്ത് കൃത്യതപ്പെടുത്തി വസ്തുനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.നിർണ്ണയിച്ച വസ്തുനികുതിയെക്കാൾ കുറവ് അടവാക്കുവാൻ ഇടയായ സാഹചര്യം പരിശോധിക്കേണ്ടതാണ്. സമാനമായ മറ്റ് കേസുകൾ ഉണ്ടെങ്കിൽ ആയത് കണ്ടെത്തി വസ്തുനികുതി കൃത്യമായി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ എന്നിവ പ്രകാരം ഡിമാന്റ് ചെയ്ത നികുതിയുടെ പകുതി മാത്രം വർഷങ്ങളായി ഈടാക്കുന്നത് കൃത്യമായ ആഭ്യന്തരനിയന്ത്രണത്തിന്റെയും യഥാസമയം മേൽനോട്ടച്ചുമതലകൾ നിർവഹിക്കാത്തതിന്റെയും അനന്തരഫലമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് അത്യാവശ്യമാണ്.

## 1-29 കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല – കുറവ് ഏരിയക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

അയ്യന്തോൾ മേഖലാകാര്യാലയത്തിൽ നിലവിലുള്ള 73.50m2 വാസഗൃഹം വിപുലീകരിച്ചത് ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് ക്രമവൽക്കരിക്കാതെ അപാകത കാണിച്ച് നോട്ടീസ് നൽകിയിരിക്കുകയാണ്. അപാകത പരിഹരിച്ച് നാളിതുവരെ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല.

വിശദാംശങ്ങൾ

| | |
|---|---|
| അപേക്ഷകൻ | ഭാരതി,ജയ,ജയൻ |
| അപേക്ഷയുടെ തീയതി | 16.3.2021 |
| ഫയൽ നം. | AYL/BA/450/20-21 |
| വില്ലേജ് | പുല്ലഴി |
| സർവെ നം | 121/1-1 |

| | |
|---|---|
| അപേക്ഷയുടെ വിവരം | നിലവിലുള്ള വാസഗൃഹം- Extension --ക്രമവൽക്കരണം |
| നിലവിലുള്ള കെട്ടിടം | 48/54/1-- -- 73.50m2- GF(നികുതി -- 787)<br>FF – 25.54m2 (Proposed)<br>ആകെ -- 99.04m2 |
| സ്ഥലവിസ്തീർണ്ണം | 2.43ആർ |
| നോട്ടീസ് നൽകിയ തീയതി | 13/01/2022 |
| നോട്ടീസ് നം. | AYL/BA/450/20-21 |

നോട്ടീസിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ

1.സമർപ്പിച്ച പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയുടെ തരം നിലം ആണ്.ആയത് പുല്ലഴി കൃഷിഭവനിലെ തണ്ണീർത്തടഡാറ്റാബാങ്കിൽ ഉൾപ്പെടുന്നതാണ്. ആയതുകൊണ്ട് പ്രസ്തുത ഭൂമിയുടെ തരം മാറ്റി രേഖകൾ ഹാജരാക്കേണ്ടതാണ്.

അപാകതകൾ

1. വസ്തുനികുതി നിർണ്ണയരജിസ്റ്റർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഏരിയ 58.32m2 ആണ്. എന്നാൽ യഥാർത്ഥത്തിൽ 73.50m2 ആണ്.കെട്ടിടത്തിന്റെ ഏരിയയിൽ വ്യത്യാസം 15.18m2. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ യഥാർത്ഥ ഏരിയ കണക്കിലെടുത്തിട്ടില്ല.

കുറവ് ഏരിയക്ക് നികുതി നിർണ്ണയിച്ചതിന് മൂലം വസ്തുനികുതിയിൽ വർഷം തോറും കുറവുണ്ടാകുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25.5.2022 ) 58.32m2 പ്ലിന്ത് ഏരിയ ഉള്ള കെട്ടിടത്തിന് മാത്രമാണ് ഒക്കുപ്പൻസി നൽകിയതെന്നും ബാക്കി ഭാഗം ക്രമവൽക്കരിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ വസ്തുനികുതി നിർണ്ണയിക്കാനാവൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള 73.50m2 കെട്ടിടത്തിൽ 25.54m2 ആണ് പുതിയതായി നിർമ്മിച്ച ക്രമവൽക്കരിക്കുന്നതിനുള്ള കെട്ടിടം.

73.50m2 ഏരിയ ഉള്ള കെട്ടിടം നിലവിൽ ഉണ്ടെന്നിരിക്കെ എന്തുകൊണ്ടാണ് 58.32m2 ഏരിയക്കുമാത്രം നികുതി നിർണ്ണയിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ഇത്തരത്തിൽ കുറവ് ഏരിയക്ക് നികുതി നിർണ്ണയിച്ച വേറെയും കെട്ടിടങ്ങൾ ഉണ്ടെങ്കിൽ പരിശോധനാവിധേയമാക്കി നികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-30 കെട്ടിടത്തിന്റെ ഏരിയ കണക്കാക്കിയത് കൃത്യമല്ല -- വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടില്ല

ഫയൽ നം.-- VBA /331/ 20-21

VTM 3/ 722/21/18.2.21

വിൽവട്ടം വില്ലേജിൽ സർവ്വേ നം. 643/5 ൽ ഉൾപ്പെട്ട 0.0409ഹെക്ടർ സ്ഥലത്ത് ഉള്ള 7/418 (Wd8/40/1)നം. കെട്ടിടത്തിന്റെ വിപുലീകരണം നടത്തി ക്രമവൽക്കരിക്കുന്നതിന് ശ്രീമതി. നിർമ്മല ഡേവിസ്, മിഥുൻ ഡേവിസ് എന്നിവർ 18/2/2021 ന് അപേക്ഷ സമർപ്പിച്ചു. കെട്ടിടത്തിന്റെ നിർമ്മാണം 25/2/2019 ന് പൂർത്തിയായിട്ടുള്ളതാണ്.

ഏരിയ – നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ --- 113.92m2

ടോയ് ലറ്റ് ബ്ലോക്ക് --- 3.32m2

ഒന്നാംനില (പുതുക്കിയത് ) ---- 94.02m2

ആകെ --- 211.26 M2

ആവശ്യമായ ഫീ അടവാക്കി 22.11.2021 ന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.

ഈ കെട്ടിടത്തിന്റെ ഏരിയ വസ്തുനികുതി നിർണ്ണയരജിസ്റ്റർ പ്രകാരം 122.59 M2 ആണ്.

അപാകതകൾ

1. പ്ലാനിനോടൊപ്പം ഹാജരാക്കിയ ആധാരപ്രകാരം നിലവിൽ 2450 സ്ക്വയർഫീറ്റ് കെട്ടിടം (GF – 1300m2,FF-1150m2) നിലവിൽ ഉള്ളതാണ്.എന്നാൽ 122.59m2 കെട്ടിടത്തിന് മാത്രമാണ് നികുതി ഈടാക്കുന്നത്. മാത്രമല്ല പ്ലാനിലും നോട്ട്ഫയലിലും 117.24m2 കെട്ടിടമാണ് നിലവിൽ ഉള്ളതെന്നാണ് കാണിച്ചിട്ടുള്ളത്.

2. കെട്ടിടം വിപുലീകരിച്ചതിന് ശേഷം 211.26m2 വിസ്തീർണ്ണമുള്ള കെട്ടിടമാണ് ഉള്ളത്.ആയതിന് നികുതി നിർണ്ണയിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/07.05.22) 7/418 നം.കെട്ടിടത്തിന് നിലവിൽ 122.59m2 ഏരിയക്കാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടം ക്രമവൽക്കരിച്ച്

VBA/331/20-21 തീയതി. 22.11.2021 നമ്പറായി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് GF (Exi) – 113.92m2, FF(comp) – 94.02m2,Toilet Block (Exis) – 3.32m2 ആകെ 211.26m2ന് നൽകിയിട്ടുള്ളതാണ്. അപേക്ഷകൻ വില്ലേജിൽ ഒറ്റത്തവണ നികുതി അടവാക്കിയ രസീത് ഹാജരാക്കിയിട്ടില്ല.ആയതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. രസീത് ഹാജരാക്കുന്ന മുറക്ക് നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

നിലവിൽ ഉണ്ടായിരുന്ന പഴയ കെട്ടിടത്തിന് (227.60 M2)പകരം 122.59m2 ന് നികുതി നിർണ്ണയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ഏരിയയിൽ ഉള്ള വ്യത്യാസം സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തി ആയതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ഇത്തരം അപാകതകൾ ആവ്രത്തിക്കുന്നത് കൃത്യമായ പരിശോധനകളുടെയും ആഭ്യന്തരനിയന്ത്രണത്തിന്റെയും അഭാവത്തിലാണ്. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം Post Occupancy Audit നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പുതുക്കി നിർമ്മിച്ചതും ക്രമവൽക്കരിച്ചതുമായ കെട്ടിടങ്ങൾ -- വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ല.

2020-21സാമ്പത്തികവർഷം പല കെട്ടിടങ്ങളും വിപുലീകരിക്കുകയും ആയത് ക്രമവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി പുതിയ ഏരിയക്കനുസരിച്ച് പുതുക്കി നിർണ്ണയിച്ചിട്ടില്ല. പുതിയ വിസ്തീർണ്ണത്തിന് അനുസരിച്ച് നികുതി നിർണ്ണയിക്കാത്തതുമൂലം സ്ഥാപനത്തിന് ആവർത്തനനഷ്ടം ഉണ്ടാകുന്നു.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാംവകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്. ഇത്തരത്തിൽ വസ്തുനികുതി പുതുക്കി നിർണ്ണയിക്കാത്ത കെട്ടിടങ്ങളുടെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഫയൽ നം. | അപേക്ഷകൻ | നിലവിലുള്ള കെട്ടിടം / നികുതി | പുതുക്കി നിർമ്മിച്ച ഏരിയ | ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് വിവരം |
|---|---|---|---|---|
| VBA/306/ 20-21 (VTM3/592 /21/8.2.21) | തങ്കം ,മറ്റുള്ളവർ | 8/151( 9/1065) 100+ LC | 100.78m2 (10.8.2017 ന് പൂർത്തിയായി-- ഓട് മാറ്റി ടെറസാക്കി) | VBA 306/21/ 12.2.21 |
| VBA/303/ 20-21 (VTM3/565 /21/6.2.21) | മേഴ്സി,നിതിൻ ചിറ്റിലപ്പിള്ളി | 11/708-1 (72.62m2) 482+LC | 57.91m2 (25.12.2020 ന് പൂർത്തിയായി | VBA/303/ 20-21/16.3.21 |
| VBA/37/ 20-21 (VTM3/2034/ 20/2.7.20) | ശ്രീനാഥ് കെ., ബിന്ദു.എം.വി | 5/186(5/565) (181.82m2-324 രൂപ നികുതി ) സഞ്ചയ പ്രകാരം 86.96m2-- 1305രൂപ നികുതി കൂടാതെ 22.62 M2 ന് 5/186-2 (5/565-2)നമ്പർ നൽകി 2489 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട് | 59.91m2 ആകെ--102.03+ 22.62(GF) FF- 57.17 FF (പുതുക്കിയത്)-- 59.91m2 = 241.73m2 5.4.20 ന് പൂർത്തിയായി | VBA/37/ 20-21/ 17.7.2020 |

അപാകത അറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി( 17/7.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടങ്ങൾ വിപുലീകരിക്കുമ്പോഴോ, ക്രമവൽക്കരിക്കുമ്പോഴോ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് ആയതിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. അപ്രകാരം പുതുക്കിയ നികുതി ഈടാക്കേണ്ടതുമാണ്.ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച സ്ഥാപനത്തിന്റെ വരുമാനചോർച്ചക്ക് ഇടയാക്കുന്നു. കൃത്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതിൽ ജീവനക്കാർക്ക് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് സമാനകേസുകൾ കൂടി കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കുവാനും കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-32 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്.

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ Unauthourised Building Register പ്രകാരം അസസ്സ്മെന്റ് നടത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതായി സഞ്ചയയിൽ പരിശോധിച്ചപ്പോൾ കണ്ടെത്താനായില്ല.

| ഡിവിഷൻ നം/കെട്ടിടനം | കെട്ടിടയുടമയുടെ പേര് | കെട്ടിടത്തിന്റെ തരം | കണക്കാക്കിയ വസ്തുനികുതി | അസസ്സ്മെന്റ് നടത്തിയത് |
|---|---|---|---|---|
| TMC50/959/1UA | സുജ.വി.ബി | വാണിജ്യം | 46500 | 2014-15I Half |
| TMC46/UA668(2) | പ്രസിഡന്റ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ് | ഓഫീസ് | 2160 | 2014-15 I Half |
| TMC46/UA120(2) | രാധിക.എം.ആർ | പാർപ്പിടം | 2310 | 2017-18I Half |
| TMC46/565/1UA | ഫാ.തങ്കച്ചൻ .എൻ.പോൾ | മതപഠനക്ലാസ് | 1286 | 2017-18I Half |
| 49/1481(2) | സാവിത്രി | പാർപ്പിടം | 3936 | 2016-17II Half |
| TMC54/UA /2030(4) | ലിന്റോ പോൾ മുതൽ 4 പേർ | കൾച്ചറൽ ക്ലബ് | 2700 | 2015-16II Half |
| 49/1721/UA | ബാബു | പാർപ്പിടം | 2706 | 2016-17II Half |
| 49/410(5)UA | സന്തോഷ് | വാണിജ്യം | 2194 | 2018-19 I Half |
| 49/489/15/6UA | വികാരി,ചെറുപുഷ്പം ചർച്ച് | വിദ്യാഭ്യാസം | 42114 | 2015-16 I Half |
| 49/489/15/9UA | Do | Do | 140382 | 2015-16 I Half |
| 47/1000/1UA | കുമാരൻ | പാർപ്പിടം | 1236 | 2018-19 I Half |
| TMC55/UA498(1) | കരുണൻ | പാർപ്പിടം | 3150 | 2017-18 I Half |
| TMC55/UA415(1) | ജോണി തറയിൽ | പ്രാർത്ഥനാഹാൾ | 3120 | 2016-17 II Half |
| TMC55/UA356(4) | ജിസ്സി | പാർപ്പിടം | 5670 | 2015-16 I Half |
| TMC55/UA1192/4 | നിക്കോളാസ് ലാസർ | വാണിജ്യം | 5010 | 2018-19II Half |
| TMC53/UA333 | സെക്രട്ടറി തേഞ്ചിത്തികാവ് സംരക്ഷണസമിതി | കല്ല്യാണമണ്ഡപം | 326259 | 2018-19I Half |
| TMC3/1027UA | നാരായണൻ.പി.എം. | വാണിജ്യം | 75252 | 2017-18I Half |
| 53/670(32)UA | സെയ്താലി | പാർപ്പിടം | 5292 | 2018-19I Half |
| TMC (I)UA2269/1 | ജ്ഞാനശീലൻ | ഡയറിഫാം | 8100 | 2015-16 I Half |
| TMC(I)UA949(1) | വി.എ.അബൂബക്കർ | വാണിജ്യം | 184800 | 2014-15 I Half |
| III UA609 | മുഹമ്മദ് സഹീർ | വാണിജ്യം | 13536 | 2016-17 II Half |
| I/1726/6/IUA Block 2A | സെക്രട്ടറി,ഹരിശ്രീ, വിദ്യാനിധി | വിദ്യാഭ്യാസം | 17268 | 2014-15 I Half |
| I/1726/7/IUA Block 4A | സെക്രട്ടറി,ഹരിശ്രീ, വിദ്യാനിധി | വിദ്യാഭ്യാസം | 16770 | 2014-15 I Half |
| I/1726/7/2UA Block 5 | സെക്രട്ടറി,ഹരിശ്രീ, വിദ്യാനിധി | വിദ്യാഭ്യാസം | 2188 | 2014-15 I Half |
| TMC UA3/647(1) | ജോസ് | | 43707 | 2017-18 I Half |

ഇപ്രകാരമുള്ള കെട്ടിടങ്ങൾക്ക് മേൽ നിയമപരമായി നടപടിയെടുത്തോയെന്നാരാഞ്ഞ് നൽകിയ എൻക്വയറിക്ക് (11/25.05.22) 6.6.22ന് ലഭ്യമാക്കിയ മറുപടിയിൽ നാളിതു വരെ വസ്തുനികുതി കുടിശ്ശിക ഒടുക്കാത്ത കെട്ടിട ഉടമകൾക്കെതിരെ ആർ.ആർ നടപടികൾ സ്വീകരിച്ചു വരികയാണെന്നും കച്ചവടാവശ്യത്തിനായി ഉപയോഗിക്കുന്നതിന്മേൽ കെട്ടിടങ്ങൾക്ക് അനുമതിയോ ലൈസൻസോ നൽയിട്ടില്ലെന്നുമറിയിച്ചിട്ടുണ്ട്.എന്നാൽ പരാമർശിത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്നതിന്റെ വിശദവിവരം മറുപടിയിലില്ല. മേൽകെട്ടിടങ്ങളിൽ നിന്നും നിയമപരമായ നടപടികളിലൂടെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെയറിയിക്കേണ്ടതാണ്.

## 1-33 വിൽവട്ടം സോണൽ- നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല-വൻ തുക കുടിശ്ശിക

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക്

ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233വകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

വിൽവട്ടം സോണൽ പരിധിയിൽ UA നമ്പറുള്ള 38 കെട്ടിടങ്ങളുണ്ട്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ്അന്വേഷണം 03/04.05.2022) CBSE സ്കൂളിന്റെ 2 കെട്ടിടങ്ങൾ (2014-2015 മുതൽ),വിമല കോളേജിന്റെ 1 കെട്ടിടം (2010-2011 മുതൽ), കേരള ബാങ്കിന്റെ 10 കെട്ടിടങ്ങൾ (2006-2007 മുതൽ), മറ്റ് കെട്ടിടങ്ങൾ (2016-2017 മുതൽ) വസ്തുനികുതി അടവാക്കാനുണ്ടെന്നും 2021-22 വർഷം വരെ ആകെ കുടിശ്ശിക 14689168/-രൂപയാണെന്നും ആയതിൽ തൃശ്ശൂർ കോ-ഓപ്പറേറ്റിവ് ബാങ്കിന്റെ (കേരള ബാങ്ക്) കുടിശ്ശിക തുകയായ 10480995/-രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 4208173/- രൂപ അടവാക്കുന്നതിന് ഇനിയൊരറിയിപ്പ് കൂടാതെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നറിയിച്ച് കൊണ്ട് കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. UA കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ & യു.എ നമ്പർ | ഉടമസ്ഥൻ | വാർഷിക വസ്തുനികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 7/UA/498/1 | സിന്ധു സുജിത്ത് | 14640+ LC | 2017-18 |
| 2 | 7/UA/1624 | മത്തായി പൊറിഞ്ചു | 26100+ LC | 2017-18 II |
| 3 | 5/UA/215 | അജയകുമാർ | 63849+ LC | 2016-17 |
| 4 | 11/UA/591/3 | വി.കെ.കമറുദ്ദീൻ | 21984+ LC | 2016-17 |
| 5 | 8/335/1 | സന്തോഷ് | 10146+ LC | 2017-18 |
| 6 | UA/3/2012/1,2 | ആന്റണി ഫ്രാൻസിസ്,അൻസ ഫ്രാൻസിസ് | 102288+ LC | 2017-18 II |
| 7 | 6/UA/234/1 | പ്രസിഡന്റ്,അൺ എയ്ഡഡ് സ്കൂൾ | 18471+LC | 2014-15 |
| 8 | 6/UA/234/2 | പ്രസിഡന്റ്,അൺ എയ്ഡഡ് സ്കൂൾ | 18471+LC | 2014-15 |
| 9 | UA/7/441/1 | പ്രിൻസിപ്പാൾ, വിമല കോളേജ് | 53430 | 2010-11 |

മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 - കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിന് കാലാഹരണം, പ്രകാരം തുകകൾ നഷ്ടമാകുമെന്നതിനാൽ UA കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സമയബന്ധിതമായി ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാത്രവുമല്ല അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കാത്തതുമൂലം വസ്തു നികുതിയിനത്തിൽ കോർപ്പറേഷന് വൻ നഷ്ടവും ഉണ്ടാകുന്നുവെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-34 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ സംബന്ധിച്ച്

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാംവകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. തൃശ്ശൂർ കോർപ്പറേഷനിലെ താഴെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ (കുടിശ്ശിക ഉണ്ടെങ്കിൽ ഏത് വർഷം മുതൽ അടവാക്കാനുണ്ട് എന്നതിന്റേയും) ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.59/26.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

| യു.എ. നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം | വസ്തുനികുതി വിവരം |
|---|---|---|---|
| 28/541/12 36/6295/1 | MD അശ്വിനി ഹെൽത്ത് കെയർ (P) Ltd | 139.4m$^2$ | 8469+LC |
| UA/18/299/2017 | ബ്രസിലിൻ | 130m$^2$ | 42900+LC |
| UA/12/450 /9/2017 | സന്തോഷ് കുമാർ | 92.41m$^2$ | 41169+LC |

| | | | |
|---|---|---|---|
| TMC/UA /1186/2017 | | | |
| UAC 9/86/3/2017 | ജോ ഡേവിസ് &ജോസ് | 187m$^2$ | 74052+LC |
| UA/11/124 /1/2018 | പ്രൊഫ. ഡോ. സയ്യദ് ഹുസൈൻ ഷാ | 185m$^2$ | 73260+LC |
| UAC/12 /193/1/2018 | ഷംസുദ്ദീൻ & അബ്ദുൾ ലത്തീഫ് | 122.85m$^2$ | 44595+LC |
| UA/19/201/1 TMC/UA /38/1266 | രാജൻ & Others | 129m$^2$ | 5805+LC |
| UA/8/34 | കൊച്ചപോൾ | 204.46m$^2$ | 30669+LC |
| UA/6/268/1 TMC UA/13/651/1 | ശാന്ത ആന്റണി | 13.94m$^2$ | 2513+LC |
| UA/6/268 TMC 13/UA/651 | ശാന്ത ആന്റണി | 200m$^2$ | 79200+LC |
| UA/12/493/1 | ഡോ.കാക്കപ്പൻ ബാബു & പോൾസൺ | 1600m$^2$ | 712800+LC |
| UA/10/1005 /18-19 | കുരിയപ്പൻ | 38m$^2$ | 9120+LC |
| UA/3/152/25 | വീൽസ് അപ്പാർട്ട്മെന്റ്,മാനേജിംഗ് പാർട്ട്ണർ,സദാനന്ദൻ | 81.43m$^2$ | 5550 |
| UA/6/446/5 | അബ്ദുൾ നസീർ | 1697.92m$^2$ | 812458+LC |
| UA/8/210 | ജോസഫ് ചിറയത്ത് | 33m$^2$ | 9504+LC |
| UA/28/180/3 3/UA 530/3 | ലളിതകുമാരി&പൂജ | 57.63m$^2$ | 2334+LC |
| UA/29/334/1 36/5619/1 | സി.ആർ.രാമചന്ദ്രൻ | 36m$^2$ | 9504+LC |
| UA/52/1225/1 | വേണു.എം.സി | 49.4m$^2$ | 2223+LC |
| UA/31/23/21 1/1373/1 UA | വി.എ. രവീന്ദ്രൻ & പി.എൻ. സതീദേവി | 228.65m$^2$ | 91681+LC |
| UA/31/23/22 1/1373/2 UA | വി.എ. രവീന്ദ്രൻ & പി.എൻ. സതീദേവി | 228.65m$^2$ | 80180+LC |
| 36/480/1 UA 25/2131/ 1 UA | സന്തോഷ് ജേക്കബ്.ഇ. | 642.75m$^2$ | 307560+LC+ST |
| 24/234/2(1)UA 37/1405/1UA | അപ്പുണ്ണി നായർ | 71.79m$^2$ | 4362+LC+ ST |
| 37/1778 UA, 20/575 UA | അച്യുതൻ | 150m$^2$ | 37125+LC+ST |
| 36/2926/1 UA | കൃഷ്ണകുമാർ | 58.5m$^2$ | 15444+LC+ST |
| 36/643/UA | ടി.വി.ബാലകൃഷ്ണൻ | 1023.52m$^2$ | 62181+LC+ST |

മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 - കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിന് കാലാഹരണം, പ്രകാരം തുകകൾ നഷ്ടമാകുമെന്നതിനാൽ UA കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ (കുടിശ്ശിക ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-35 അനധികൃത കെട്ടിട നമ്പർ നല്കിയ കെട്ടിടത്തിനു വസ്തുനികുതി അടവാക്കിയിട്ടില്ല.

ഫയൽ നം: OLK3/BR/7/18-19.

പ്രസിഡന്റ് & സെക്രട്ടറി ഓഫ് മുസ്ലീം സർവ്വീസ് സൊസൈറ്റി, കാതറിൻ റോഡ്, ഒല്ലൂക്കര എന്നിവരുടെ

ഉടമസ്ഥതയിലുള്ള 1084.11m$^2$ വിസ്തീർണ്ണമുള്ള കെട്ടിടം അനധികൃതമായി നിർമ്മിച്ച് ഹോസ്റ്റലായി ഉപയോഗിക്കുന്നതായി കോർപ്പറേഷൻ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20/UAC/1012 എന്ന UA നമ്പർ നൽകി 10/21 മുതൽ വസ്തുനികുതി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. അനധികൃത നിർമ്മാണത്തിന്റെയും വസ്തുനികുതി നിർണ്ണയിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ - 20/1012 (ഹോസ്റ്റൽ)

ഏരിയ - 1084.11m$^2$ ഹോസ്റ്റൽ ആവശ്യമായതിനാൽ - 1084.11m$^2$ X 50 = 54206/-

അനധികൃത നിർമ്മാണമായതിനാൽ
3 ഇരട്ടി നിരക്കിൽ വസ്തുനികുതി കണക്കാക്കുമ്പോൾ - 54206 X 3 = 162618/-

+ സേവന ഉപനികുതി - 16262

+ലൈബ്രറി സെസ്സ് (5%) - 8131

10/2021 മുതൽ 162618+LC+8C = 187011 രൂപ

വസ്തുനികുതി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിച്ച് 8.2.2022ലെ റവന്യൂ ഇൻസ്പെക്ടറുടെ കത്തുപ്രകാരം OLK3/BR/7/18-19/10.03.2022 നോട്ടീസ് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതുവരെ തുക അടവാക്കിയതായി കാണുന്നില്ല. തുക ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി അടവാക്കിയിട്ടില്ല

കേരളാ മുനിസിപ്പാലിറ്റി 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1994 ലെ കേരളാ മുനിസിപ്പാലിറ്റീസ് ആകട് 242(5)പ്രകാരം നിർമ്മിച്ചതും 3-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതും വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും 16.11.16 ലെ സ.ഉ (എം.എസ്) 170നമ്പർ ത സ്വ ഭ വ പ്രകാരം അനധികൃതനിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി ,താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും ഉള്ള അധികാരമാണ് നൽകിയിരിക്കുന്നത് . അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കുന്ന നടപടികളിൽ 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 147,2019 ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 96എന്നിവ പ്രകാരമുള്ള നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഒല്ലൂർ സോണൽ ഓഫീസിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപേക്ഷകരുടെ വീടുകൾക്ക് യു.എ നമ്പർ നൽകിയെങ്കിലും വസ്തു നികുതി അടവാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | യു.എ നമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | അടിസ്ഥാന നികുതി | അസ്സസ്സ് ചെയ്ത വർഷം | ഈടാക്കേണ്ട നികുതി (അടിസ്ഥാനവസ്തുനികുതിയും അതിന്റെരണ്ട് ഇരട്ടിയുമായി കണക്കാ ക്കിയത് ) |
|---|---|---|---|---|---|---|
| 1 | XXIX/UA/522/1 | വിൻസൺ &അമിത ആളൂക്കാരൻ ഹൌസ് | 94.38m2 | 1416 | 2016-17 II മുതൽ | 4248<br>20% വർദ്ധനവ് -850<br>ലൈബ്രറിസെസ്സ് -255<br>ആകെ- 5353 |
| 3 | XXX/UA/1762A | ബിനോജ് .പി.ബി സുബിത.കെ.ജി പൂവത്തൂർ പനയംപാടം | 104.29 | 1565 | 2016-17 II മുതൽ | 1565*3=4694<br>ലൈബ്രറി സെസ്സ് -235<br>ആകെ- 4929 |
| 4 | XXIX/UA /1962A | ഷാജു മേഴ്സി ഷാജു നെല്ലങ്കര ഹൌസ് | 80.77 | 1454 | 2016-17 II മുതൽ | 1464*3=4362<br>ലൈബ്രറി സെസ്സ് -219<br>ആകെ- 4581 |

| | | | | | | |
|---|---|---|---|---|---|---|
| | | മണലിപ്പാടം | | | | |
| 5 | XXVII/UA /435/2 | സൌമ്യ കാട്ടുങ്കൽ എളംതുരുത്തി | 136.8 | 2052 | 2016-17 II മുതൽ | 2052*3=6156 ലൈബ്രറി സെസ്സ് -308 ആകെ- 6464 |
| 6 | XXX/UA /1906/B | ഷൈന ഷാജു കോത്താലി ഹൌസ് | 48.06 | 721 | 2016-17 II മുതൽ | 721*3=2163 ലൈബ്രറി സെസ്സ് -109 ആകെ- 2272 |
| 7 | XXX/UA/554 | ബേബി കണ്ണോലി ഹൌസ് തൈക്കാട്ടുശ്ശേരി | 136.84 | 2054 | 2016-17 II മുതൽ | 2054*3=6162 ലൈബ്രറി സെസ്സ് -309 ആകെ- 6471 |
| 8 | XXIX/UA /1961/IA | ജോൺസൺ നെല്ലങ്കര പുത്തൻപാടം | 75.29 | 1356 | 2017-18 | 1356*3=4068 ലൈബ്രറി സെസ്സ് -204 ആകെ- 4272 |
| 9 | XXIX/UA /384/1 | ലിന്റ ഷാജി വില്ലനശ്ശേരി പെരുവാൻകുളങ്ങര | 112.55 | 1700 | 2017-18 | 1700*3=5100 ലൈബ്രറി സെസ്സ് -255 ആകെ- 5355 |
| 10 | XXIX/UA /663/A | റോയ്. പി. ജോസഫ് പൊറാട്ടുകുളങ്ങര | 135.48 | 2034 | 2017-18 | 2034*3=6102 ലൈബ്രറി സെസ്സ് -306 ആകെ- 6408 |
| 11 | 31/UA/2762/A | കൊച്ചുമോൻ .കെ.യു കാംപുഴ മറശ്ശേരി ഒല്ലൂർ | 54.76 | 822 | 2019-20 | 822*3=2466 ലൈബ്രറി സെസ്സ് -124 ആകെ- 2560 |
| 12 | 31/UA//2018 /287/1 | ഗ്രേസി ജോർജ് എലുവത്തിങ്കൽ ചിയ്യാരം | 80.98 | 1214 | 2018-19 | 1214*3=3642 ലൈബ്രറി സെസ്സ് -182 ആകെ- 3824 |
| 13 | UA/25/784/1 | കെ.കെ.മോഹനൻ കാരയിൽ ഗുരുവായൂർ | 139.56 | 25121 | 2018-19 | 25121*3=75363 ലൈബ്രറി സെസ്സ് -3768 സേവന ഉപനികുതി-7536 ആകെ- 86667 |
| | UA/25/784/2 | കെ.കെ.മോഹനൻ കാരയിൽ ഗുരുവായൂർ | 127 | 22860 | 2018-19 | 22860*3=68580 ലൈബ്രറി സെസ്സ് -3429 സേവന ഉപനികുതി-6858 ആകെ-78867 |
| | 44/1 | സി.പി.ജോണി ചൂണ്ടൽ ഹൌസ് ചിയ്യാരം | 202.4 | 30360 | 2016-17 | 30360*3=91080 ലൈബ്രറി സെസ്സ് -4554 സേവന ഉപനികുതി-9108 ആകെ-104742- |
| | UA/25/165 | ഷേർലി ശശീന്ദ്രൻ മനയിൽ സേവനനഗർ | 108.36 | 1636 | 2016-17 | 1626*3=4878 ലൈബ്രറി സെസ്സ് -246 |

| | | | | | | |
|---|---|---|---|---|---|---|
| | | ചിയ്യാരം | | | | സേവന ഉപനികുതി-489<br>ആകെ- 5613 |
| | UA/24/371/105 | ഷോൺ ഫ്രാൻസിസ് ചക്കാലക്കൽ | 168.71 | 2530 | 2019-20 | 2530*3=7590<br>ലൈബ്രറി സെസ്സ് -380<br>സേവന ഉപനികുതി-760<br>ആകെ- 8730 |
| | UA/24/231/71 | ഡേവിസ് .എം.വി<br>ഹിമ ഡേവിസ്<br>മേക്കാട്ടുകുളം<br>മുണ്ടൂർ | 177.07 | 2556 | 2016-17 | 2556*3=7968<br>ലൈബ്രറി സെസ്സ് -399<br>സേവന ഉപനികുതി-799<br>ആകെ- 9166 |
| | UA/24/587/6 | ടിറ്റോ.സി.ആന്റണി<br>ചേരുക്കാരൻ ഹൌസ്<br>ന്യൂ റോഡ്<br>ചേലക്കോട്ടുകര | 114.73 | 1721 | 2012-13 | 1721*3=5163<br>ലൈബ്രറി സെസ്സ് -259<br>സേവന ഉപനികുതി-516<br>ആകെ- 5938 |

ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾക്ക് വസ്തു നികുതി അടവാക്കാത്തതു മൂലം വസ്തു നികുതിയിനത്തിൽ കോർപ്പറേഷന് ആവർത്തന നഷ്ടം ഉണ്ടാകുന്നുവെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5/25.4.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 എല്ലാ മൊബൈൽടവറുകളും യഥാസമയം വസ്തുനികുതി അടവാക്കുന്നില്ല.

വിൽവട്ടം സോണൽ ഓഫീസ് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ (ടവറുകളുടെ എണ്ണം, നിർണ്ണയിച്ച വസ്തുനികുതി, വസ്തുനികുതി അടവാക്കിയവിവരം,കുടിശ്ശിക എന്നീ വിവരങ്ങൾ) ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 01/04.05.2022 നൽകിയിരുന്നു. ആയത് പ്രകാരം ലഭ്യമാക്കിയ മറുപടി അനുസരിച്ച് 8 ടവറുകളാണ് വിൽവട്ടം സോണൽ ഓഫീസ് പരിധിയിൽ ഉള്ളത്.

വിശദാംശങ്ങൾ

| ക്രമനമ്പർ | ടവർ | ഡിവിഷൻ നം. | എന്നുമുതൽ നികുതി നിർണ്ണയിച്ച | വാർഷിക വസ്തുനികുതി | അടവാക്കിയ വിവരം |
|---|---|---|---|---|---|
| 1 | Indus Tower | W-9/231/48<br>Div-6/1039/3 | 2020-21 Second | 12114 | 21-22 |
| 2 | Reliance Jio Infocom Ltd | W-5/418/28<br>Div-3/2019/1 | 2014-15 Second | 9000 | 21-22 |
| 3 | Reliance Jio Infocom Ltd | W-1/1/W<br>Div-3/1072/1 | 2016-17 First | 10200 | 21-22 |
| 4 | Indus Tower | W-10/158/3<br>Div-7 | 2008-09 First | 11100 | 21-22 |
| 5 | Indus Tower | W-3/625/1<br>Div-6/446/1 | 2020-21second | 10296 | 21-22 |
| 6 | Idea Cellular Ltd | W-8/100/1<br>Div-9/1443 | 2007-08 Second | 11100 | Demand Notice Issued |
| 7 | Reliance Jio | Div-9/428/1 | 2016-17 First | 46779 | 21-22 |
| 8 | Tower Vision India | W-3/330/1<br>Div-4/1428 | 2009-10second | 990 | Demand Notice Issued |

ക്രമനമ്പർ 6,8 എന്നീ ടവറുകളുടെ വസ്തുനികുതി അടവാക്കുവാൻ ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും വസ്തുനികുതി അടവാക്കിയതായി കാണുന്നില്ല.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാംവകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്. ആയതിനാൽ മേൽടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. 40395/RC2/2014/LSGD തീയതി 19.10.2014 പ്രകാരം മൊബൈൽടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനും സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടിരിന്നുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 മൊബൈൽടവർ നിർമ്മാണത്തിന് അനുമതി -- പെർമിറ്റ് ഫീ, വസ്തുനികുതി ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം

ഫയൽ നം.-- VBA /19/20-21

VTM 3/1712/20 തീയതി 02.06.2020

വിയ്യൂർ വില്ലേജിൽ റീസർവെ നം. 38/17 ൽ 1.53 ആർ സ്ഥലത്ത് ശ്രീ.ആർ.എ. സലിം എന്ന വ്യക്തിയുടെ 3/546/52നം.കെട്ടിടത്തിന് മുകളിൽ ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 02.06.2020 ന് അപേക്ഷ സമർപ്പിച്ചു. ആവശ്യമായ രേഖകൾ ഹാജരാക്കുകയും പെർമിറ്റ് ഫീ 10000 രൂപ (രസീത് നം.12000400272/29.9.2020) അടവാക്കി DW/VBA /19/20-21 തീയതി. 06.10.2020 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. 05.10.2021 വരെയാണ് പെർമിറ്റിന്റെ കാലാവധി.

05.04.2021 ന് നിർമ്മാണം പൂർത്തിയായതായി സ്ഥാപനം അറിയിച്ചിട്ടുണ്ട്. Form E ൽ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ തീയതി ചേർത്തിട്ടില്ല. 07.02.2022 നാണ് സമർപ്പിച്ചതെന്ന് നോട്ട് ഫയലിൽ ചേർത്തിട്ടുണ്ട്. VPW /VBA/ 19/20-21 തീയതി 3.3.2022 പ്രകാരം കെട്ടിടത്തിലേക്കുള്ള ഡോർ പൂട്ടിയതിനാൽ മുകളിലേക്ക് കയറാൻ പറ്റുന്നില്ല എന്ന് സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

അപാകതകൾ

1. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 88(1) പ്രകാരം കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പം Structural Safety / Stability സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. ചട്ടം 88 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ഉപയോഗസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. 15 ദിവസത്തിനകം ഉപയോഗ സർട്ടിഫിക്കറ്റ് നൽകാത്ത പക്ഷം അപേക്ഷകന് സർട്ടിഫിക്കറ്റ് യഥാവിധി ലഭിച്ചാലെന്നതുപോലെ കണക്കാക്കാവുന്നതാണ്. എന്നാൽ ഇതുവരെ ഉപയോഗസർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. സർക്കുലർ നം. ആർ സി 2/100/2020/ തസ്വഭവ. തീയതി 03.05.2020 പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ വസ്തുനികുതി നിർണ്ണയിക്കുന്നതിലും കാലതാമസം ഉണ്ടാകുന്നു.

3. ചട്ടം 87 നോട്ട് 9 പ്രകാരം പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. നോട്ട് 10 പ്രകാരം പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ പെർമിറ്റ് പുതുക്കുവാൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ 05.10.2021 ന് കാലാവധി കഴിഞ്ഞിട്ടും സ്ഥാപനം പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷയോ കംപ്ളീഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. 07.02.2022 നാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയത്. പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകിയതായും ഫയലിൽ ഇല്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കിയാൽ 15 ദിവസത്തിനകം കെട്ടിടഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും വസ്തുനികുതി റിട്ടേണും നൽകേണ്ടതാണ്. 05.04.2021 ന് പ്രവൃത്തി പൂർത്തിയായതായി 07.02.2022 ന് മാത്രമാണ് ഉടമ അറിയിച്ചിട്ടുള്ളത് .

4. ചട്ടം 87 നോട്ട് 6(c) പ്രകാരം ടവറിന്റെ ഉപയോഗത്തിനായുള്ള അനുബന്ധ സൗകര്യങ്ങൾക്കുകൂടി പക്കാകെട്ടിടമായി കണക്കാക്കി പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. ആയത് പ്രകാരം അനുബന്ധ സൗകര്യങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 10/ 06.05.2022 നൽകിയതിന്

11.05.2022 ന് സ്ഥലപരിശോധന നടത്തിയതായും Structural Stability Certificate ഹാജരാക്കുന്നതിനും ടവറിന്റെ ഉപയോഗത്തിനായുള്ള അനുബന്ധകെട്ടിടങ്ങൾക്ക് ഫീസ് അടവാക്കുന്നതിനും അറിയിപ്പ് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പെർമിറ്റ് ഫീ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് മൊബൈൽ ടവറിന്റെ നിർമ്മാണം പൂർത്തിയാക്കിയത് പരിശോധനാവിധേയമാക്കി അപാകതകൾ ഇല്ലെങ്കിൽ കാലതാമസമില്ലാതെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതും വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണ്.

## 1-39 തൊഴിൽ നികുതി കുടിശ്ശിക – ഈടാക്കാനാവാത്ത നഷ്ടം

ഫയൽ- ആർ 8- 1230/12

തൃശ്ശൂർ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വൈദ്യുതി വിഭാഗം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടത് സ്ഥാപന മേധാവിയായ സെക്രട്ടറിയാണ്.

വൈദ്യുതി വിഭാഗം ജീവനക്കാരിൽ നിന്നും നിന്നും ജനറൽ വിഭാഗത്തിന് 21ലക്ഷം രൂപ തൊഴിൽ നികുതി ഇനത്തിൽ ലഭിയ്ക്കുവാനുണ്ടെന്ന് 8.7.2014ന് സെക്രട്ടറി, മേൽപറഞ്ഞ ഫയൽ പ്രകാരം വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ, തുക അടവാക്കിയതിന്റെ വിവരങ്ങളോ തുടർനടപടികളോ ഫയലിൽ ലഭ്യമല്ല.

കേരള മുനിസിപ്പൽ ആക്ട് 1994ലെ 252 മുതൽ 258 വരെയുള്ള സെക്ഷനുകളിൽ പ്രതിപാദിക്കുന്ന ചട്ടങ്ങൾക്ക് അനുസൃതമായി തൊഴിൽ നികുതി അടവാക്കിയിട്ടില്ലെങ്കിൽ, സെക്രട്ടറിക്ക് ചട്ടം 259 അനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.എന്നാൽ, നാളിതുവരെ തുടർനടപടികൾ എടുത്ത് കാണുന്നില്ല.വൈദ്യുതി വിഭാഗം ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക യഥാസമയം മുനിസിപ്പൽ ഫണ്ടിൽ അടവാക്കാതിരുന്നതിനും ആയതിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാതിരുന്നതിനും ന്യായീകരണമില്ലാത്തതാണ്. ഈ വിഷയത്തിൽ നൽകിയ അന്വേഷണ കുറിപ്പിന് (നം. 86/25.6.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുക വരവിനത്തിൽ ഉണ്ടായ നഷ്ടമായി നിശ്ചയിക്കുന്നു.

21,00,000/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-40 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 257, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നതും തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥവുമായ എല്ലാ സ്ഥാപനങ്ങൾക്കും ഓരോ പ്രത്യേക പേജ് അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കണ്ടില്ല. സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ലഭിക്കുന്ന മുറക്ക് വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. അതിനാൽതന്നെ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നുമുള്ള പരിശോധന അസാധ്യമായി.

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിനു കീഴിൽ 32 മുതൽ 34 വരെയും 40 മുതൽ 44 വരെയും ഡിവിഷനുകളാണ് ഉൾപ്പെടുന്നത്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നത് പ്രസ്തുത ഡിവിഷൻ നമ്പരുകൾ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകുന്നത് തൃശ്ശൂർ കോർപ്പറേഷനോട് കൂട്ടിചേർക്കപ്പെട്ട കൂർക്കഞ്ചേരി പഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളെ അടിസ്ഥാന മാക്കിയാണ്. എന്നാൽ ഈ വാർഡുകളെല്ലാം നിലവിൽ ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽ വരുന്നുമില്ല. അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് തൊഴിൽ നികുതി അടക്കുന്നതിനും ലൈസൻസ് എടുക്കുന്നതിനും രണ്ട് കാര്യാലയങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

## 1-41 തൊഴിൽ നികുതി-ചട്ടം 3(1) പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

തൃശ്ശൂർ നഗരസഭ പരിധിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 ലെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ 3-ാം ഡിവിഷനിലെ സുധർമ്മ മെട്രോപോളിസ് ഹെൽത്ത് സർവീസസ് എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച പത്രികയിലെ ശമ്പള പ്രകാരം ചില ജീവനക്കാരിൽ നിന്നും 2020-21 ഒന്നാം അർദ്ധവർഷം 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള
തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷിക വരുമാനം | ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | അതുൽ കൃഷ്ണ.കെ | 82782 | 750 | 450 | 300 |
| 2 | ഡെൽനിസ്.വി.ഡി | 71502 | 600 | 300 | 300 |

| | | | | | |
|---|---|---|---|---|---|
| 3 | ധന്യ.തോമസ്.എം | 85500 | 750 | 450 | 300 |
| 4 | ഇമ്മാനുവൽ തോമസ് | 74862 | 600 | 300 | 300 |
| 5 | ഹരികൃഷ്ണൻ.പി | 104022 | 1000 | 450 | 550 |
| 6 | ജിഷ്ണുദേവ്.എം.വി | 74862 | 600 | 300 | 300 |
| 7 | സാഗർ.കെ.വി | 76704 | 750 | 450 | 300 |
| 8 | രമ.ഇ.ബി | 136368 | 1250 | 1000 | 250 |
| | ആകെ | | | | 2600 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.87/29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവു വന്ന തുക 2600/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 257 പ്രകാരവും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരവും ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്ററും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന നിർണ്ണയ പത്രികകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ ഒരു പേജിൽ തന്നെ നിരവധി സ്ഥാപനങ്ങളുടെ പേര് എഴുതിയിരിക്കുന്നു. സ്ഥാപനത്തിന്റെ പേരും ആകെ ഒടുക്കിയ തുകയും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ സ്ഥാപനത്തിലേയും തൊഴിൽ നികുതി ഒടുക്കേണ്ടതായ ജീവനക്കാരുടെ പേര്,വരുമാനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2.തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അസ്സസ്മെന്റ് ഫോറം സമർപ്പിച്ച് തൊഴിൽ നികുതി അടവാക്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടേയും പേരു വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ ഡി.സി.ബി.സംഗ്രഹം എഴുതി മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അസ്സസ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനത്തിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.88/29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതിയിനത്തിലെ വരവ് കാര്യക്ഷമമാക്കാൻ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും നികുതി ഡിമാൻറ് രജിസ്റ്റർ കാലികമാക്കുകയും ഓരോ അർദ്ധവർഷത്തേയും ഡി.സി.ബി.സംഗ്രഹം രേഖപ്പെടുത്തി പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതിലേക്ക് മേലധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ - സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

നഗരസഭയുടെ മെയിൻ ഓഫീസിൽ 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ സംബന്ധിച്ച ഡി.സി.ബി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. ഡി.സി.ബി രജിസ്റ്ററിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ആ രജിസ്റ്ററിന്റെ അവസാന ഭാഗത്തുള്ള സംഗ്രഹമാണ്. ഇതു പ്രകാരം ഡി.സി.ബി രജിസ്റ്ററിലെ ഓരോ പേജിലെയും ആകെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ എഴുതി കൂട്ടി രജിസ്റ്ററിലെ മൊത്തം ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ കണക്കാക്കി ആയത് ഇതിന്റെ അവസാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യപത്രികയിലെ ഈ ഇനത്തിലുള്ള വരവുമായി പൊരുത്തപ്പെടുന്നുണ്ട് എന്നുള്ളത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ പൂർത്തികരിക്കപ്പെട്ട ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കിയാൽ മാത്രമേ അത് സ്ഥാപനത്തിന് എന്തെങ്കിലും തരത്തിലുള്ള ഗുണം പ്രദാനം ചെയ്യുകയുള്ളൂ. ഡി.സി.ബി രജിസ്റ്റർ ഇത്തരത്തിൽസംഗ്രഹം തയ്യാറാക്കി ആധികാരികമാക്കാതെ അപൂർണ്ണവും അവ്യക്തവും സ്ഥാപനത്തിന്റെ വരവ് പ്രതിഫലിപ്പിക്കുവാൻ സഹായകരമല്ലാത്ത വിധത്തിലും സൂക്ഷിക്കുന്നത് സംബന്ധിച്ച് വിശദീകരണത്തിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 91 തിയതി 29.06.22) നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത്തരത്തിൽ ഡി.സി.ബി രജിസ്റ്റർ സംഗ്രഹം തയ്യാറാക്കി ആധികാരികമായി സൂക്ഷിക്കേണ്ടതാണ്

## 1-44 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല.

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല .

2020-21 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച ഡി.സി.ബി രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. ഡി.സി.ബി രജിസ്റ്റർ പ്രകാരം താഴെ ചേർക്കുന്നു.

ഉദാ -

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര്. | അർദ്ധവാർഷിക വരുമാനം | ഒരു അർദ്ധവർഷം ഒടുക്കേണ്ട തൊഴിൽ നികുതി | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|---|---|---|
| 1 | 36/ 2281 | ആന്റോ എ.വി ആലുക്കാസ് | 1,50,000 | 1,250 | I & II |
| 2 | 36/2283 | ഫ്രാൻസിസ് ഫേൻസിഫേബ്രിക്ക്സ് | 1,25,000 | 1,250 | I & II |
| 3 | 36/ | ജോയ് ആലുക്കാസ് ടെക്സ്റ്റയിൽസ് ഗോഡൗൺ | 1,25,000 | 1,250 | I & II |
| 4 | 36/ | കെ.സി. തോമസ് ഒറിയന്റൽഇലക്ട്രിക്കൽസ് | 1,00,000 | 1,000 | I & II |
| 5 | 36/ | ജോസ് ഫർണീച്ചർലാൻഡ് | 1,00,000 | 1,000 | I & II |
| 6 | 23/144 | ഫാൽക്കൻ കേരള ഇലക്ട്രോണിക്സ് | 1,25,000 | 1250 | I & II |
| 7 | 23/235/5 | ഷീല ബാബു ഫിയാൻസ ബ്യൂട്ടിപാർലർ | 1,00,000 | 1,000 | I& II |
| 8 | 23/350-1 | വർഗ്ഗീസ് എം.ടി ഫാത്തിമ മോട്ടോഴ്സ് | 1,25,000 | 1250 | I &II |
| 9 | 23/302/2 | ലിഡിയ പോൾ മാർത്തോമൻ | 1,00,000 | 1,000 | I & II |
| 10 | 23/52-1 | പ്രസിഡന്റ് ഫാത്തിമ നഗർ കോ- ഓപ്പറേറ്റീവ് ബാങ്ക് | 1,25,000 | 1,250 | I |

ആയതിന് ഓഡിറ്റ് എൻക്വയറി(നമ്പർ 90 തിയതി 29.06.22 )നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയിട്ടില്ല.1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245(1)&(2)പ്രകാരം,ആകെ അറുപത് ദിവസത്തിൽ കുറയാതെ നഗരസഭ പരിധിയിൽ എല്ലാ മാർഗ്ഗങ്ങളിൽ നിന്നും ഒരാൾക്ക് ലഭിക്കുന്ന മൊത്തം വരുമാനത്തിന് നികുതി ചുമത്തേണ്ടതാണ്.കൂടാതെ 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ,ചട്ടം 3(2) പ്രകാരം സ്ഥാപനത്തിന് ബാധകമായ നികുതി വിഭാഗത്തിൽ ഉൾപ്പെടുത്തി കൃത്യമായ നികുതി ചുമത്തേണ്ടതാണ്.

## 1-45 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഓൺലൈനായി അടവാക്കിയതിന്റ രേഖകൾ സൂക്ഷിക്കുന്നില്ല-വരവിന്റെ കൃത്യത പരിശോധിക്കാനായില്ല

വിൽവട്ടം മേഖലാ കാര്യാലയത്തിലെ തൊഴിൽനികുതി പരിശോധനയിൽ സ്ഥാപനങ്ങൾ തങ്ങളുടെ തൊഴിൽനികുതി ഓൺലൈനായി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നേരിട്ട് അടവാക്കുന്നതായി മനസ്സിലാക്കാനായി.എന്നാൽ ഇതു സംബന്ധിച്ച് രേഖകളൊന്നും തന്നെ വിൽവട്ടം മേഖലാ കാര്യാലയത്തിൽ സൂക്ഷിക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/5.5.22) 17.5.22ന് നൽകിയ മറുപടിയിൽ മേഖലാ കാര്യാലയത്തിന്റെ കീഴിൽ വരുന്ന വിവിധ ഗവൺമെന്റ് സ്ഥാപനങ്ങൾ തൊഴിൽനികുതി NEFT വഴി കോർപ്പറേഷൻ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് അടവാക്കുന്നതെന്നും മേഖലാഅടിസ്ഥാനത്തിൽ ഉള്ള മുഴുവൻ വിവരങ്ങൾ നിലവിലുള്ള അവസ്ഥയിൽ ലഭ്യമാകില്ലയെന്ന് കോർപ്പറേഷൻ അക്കൗണ്ട്സ് വിഭാഗം അറിയിച്ചിട്ടുണ്ടെന്നും അതിനാൽത്തന്നെ എല്ലാ രേഖകളും സൂക്ഷിക്കാനായിട്ടില്ലെന്നും രസീതി ആവശ്യപ്പെട്ട് വരുന്ന സ്ഥാപനങ്ങളുടെ വിവരം സെക്ഷനിൽ സൂക്ഷിക്കുകയും അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും കിട്ടുന്ന റിപ്പോർട്ട് പ്രകാരം ആയത് രജിസ്റ്ററിൽ സൂക്ഷിച്ചു വരികയുമാണെന്നറിയിച്ചിട്ടുണ്ട്.അതിനാൽത്തന്നെ സ്ഥാപനത്തിന്റെ തൊഴിൽനികുതിയിനത്തിലെ ആകെ വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.

## 1-46 തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

2005ലെ കേരളമുനിസിപ്പാലിറ്റി തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം(എസ്.ആർ.ഒ നം.539/05) ചട്ടങ്ങൾ10പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും തൊഴിൽനികുതി വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വിൽവട്ടം മേഖലാ കാര്യാലയത്തിൽ 2020-21വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തു വരുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.മാത്രമല്ല സാമ്പത്തിക വർഷാവസാനം ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/5.5.22) അപാകത പരിഹരിച്ച് ഭാവിയിൽ ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാമെന്ന മറുപടി 16.5.22ന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-47 വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

വിൽവട്ടം മേഖലാകാര്യാലയത്തിലെ വ്യാപാരസ്ഥാപനങ്ങളുടെ രജിസ്റ്ററിൽ ചില സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തികവർഷത്തിൽ തൊഴിൽ നികുതി അസസ്സ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ വിവരം | ഡിവിഷൻ/നം | അസസ്സ്മെന്റ് നടത്തിയ നികുതി | അഭിപ്രായം |
|---|---|---|---|
| (1)ശോഭന<br>സെയ്ൻ കളക്ഷൻസ് | 4/614/3 | 450 | ഈടാക്കിയില്ല |
| (2)ബിജു.എൻ.യു<br>മഹാലക്ഷ്മി ലേഡീസ് സ്റ്റിച്ചിംഗ് സെന്റർ | 4/626/2 | 300 | ഈടാക്കിയില്ല |
| (3)ബീന അരുൾദാസ്<br>കുറുവത്ത് ഏജൻസീസ് | 5/950 | 600 | ഈടാക്കിയില്ല |
| (4)ഫ്രാൻസിസ്.ഡി&ജോണി.വി<br>ന്യൂജ്യോതി ഹോംഅപ്ലൈൻസ് | 5/544 | 600 | ഈടാക്കിയില്ല |
| (5)ഉഷാ മോഹൻദാസ്<br>ടൈലറിംഗ് യൂണിറ്റ് | 6/120 | 450 | ഈടാക്കിയില്ല |
| (6)നിക്സൺ.പി.ഒ<br>ലിറ്റിൽ സ്റ്റാർ റസ്റ്റോറന്റ് | 7/54 | 1250 | ഈടാക്കിയില്ല |
| (7)ജിനേഷ്<br>ശ്രീഭദ്ര ലെഡ് ലൈറ്റ്സ്&സൗണ്ട്സ് | 8/205 | 450 | ഈടാക്കിയില്ല |
| (8)രാധാ വിജയൻ<br>എലഗൻസ് ബ്യൂട്ടീപാർലർ | 9/338 | 300 | ഈടാക്കിയില്ല |

മേൽപ്രകാരം രജിസ്റ്ററിൽ അസസ്സ്മെന്റ് നടത്തിയിട്ടും തൊഴിൽനികുതിയിനത്തിൽ തുക ഈടാക്കാത്തതിനും തുക ഈടാക്കിയിട്ടും രജിസ്റ്ററിൽ ചേർക്കാത്തതിനും വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/6.5.22) 13.5.22ന് ലഭ്യമാക്കിയ മറുപടിയിൽ കൊറോണയുടെ സാഹചര്യം മൂലം 2020-21 സാമ്പത്തികവർഷത്തിൽ ഒട്ടു മിക്ക സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ലെന്നും സാമ്പത്തിക പ്രതിസന്ധി മൂലം പല സ്ഥാപനങ്ങളും തുടർന്നുള്ള പ്രവർത്തനം നിർത്തുകയും ചെയ്തിട്ടുള്ളതാണെന്നും ചില സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതു കാരണം തൊഴിൽനികുതി ബില്ല് നൽകാൻ പോലും സാധിച്ചിരുന്നില്ലയെന്നും ഡിവിഷൻ നമ്പർ രേഖപ്പെടുത്താതെ വാർഡ് നമ്പറിൽ ചേർത്തതു മൂലമോ തെറ്റി മറ്റേതെങ്കിലും മേഖലാ കാര്യാലയത്തിൽ അടവാക്കിയ സ്ഥാപനങ്ങളുടെ വിവരമാണ് രജിസ്റ്ററിൽ ചേർക്കാൻ സാധിക്കാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്.സാമ്പത്തിക പ്രതിസന്ധി മൂലം നിർത്തിയ സ്ഥാപനങ്ങളിൽ നിന്നും കട നിർത്തിയതായി അപേക്ഷ സമർപ്പിക്കാനും നിലവിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കി രജിസ്റ്ററിൽ നിന്നും ഇവരുടെ പേരുവിവരം നീക്കം ചെയ്യാനും രജിസ്റ്റർ അപാകത കൂടാതെ സൂക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 തൊഴിൽനികുതി-ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വിൽവട്ടം മേഖലാ കാര്യാലയത്തിൽ തൊഴിൽനികുതിയിനത്തിലെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കാത്തതു കാരണം ഈയിനത്തിലെ തുകയുടെ കൃത്യത അക്കൗണ്ട്സുമായി താരതമ്യം ചെയ്ത് പരിശോധിക്കാനായിട്ടില്ല.

മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/5.5.22) അപാകത പരിഹരിച്ച് ഭാവിയിൽ ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാമെന്ന മറുപടി 16.5.22ന് ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 257,2005നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങളിലെ(എസ്.ആർ.ഒ.നം.539/05)ചട്ടം10 പ്രകാരം ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ എഴുതേണ്ടതും,വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതുമാണ്. പ്രസ്തുത വിഷയം മേലധികാരകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-49 ഒല്ലൂർ മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ ,അസ്സ്മെന്റ് റിട്ടേൺസ് എന്നിവ പരിശോധിച്ചതിലെ അപാകതകൾ

1. തൊഴിൽ നികുതി ഡിമാന്റ് &കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

എ) 2020-2021 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.വിവിധ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി വരുമാനപത്രികകൾ പരിശോധിച്ചതിൽ നികുതി അടവാക്കിയ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തു കാണുന്നില്ല. ഡിമാന്റ് രജിസ്റ്ററിൽ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയത് ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2005 നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം10 പ്രകാരം സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഡിവിഷനടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വർഷാവസാനത്തിൽ ഡിമാൻറ്,കളക്ഷൻ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ബി) വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻറ് &കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1994 കേരള മുൻസിപ്പാലിറ്റി ആക്ട് 257,2005നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം10 പ്രകാരം ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ എഴുതേണ്ടതും,വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതുമാണ്.കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1) നഗരസഭയുടെ തൊഴിൽ നികുതിചട്ടങ്ങൾപ്രകാരം (3(1)മുതൽ 3(11)വരെ,സ്വയം തൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, സ്ഥാപനങ്ങൾ, മറ്റ് വ്യക്തികൾ മുതലായവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ കീഴിലുള്ള ഒല്ലൂർ മേഖലയിലുൾപ്പെടുന്ന സ്ഥാപന പട്ടികയിൽ (160)പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ഒന്നാം അർദ്ധവർഷ ത്തിൽ സ്ഥാപനപട്ടികയിലെ മൊത്തം സ്ഥാപനങ്ങളിൽ നിന്നും 50% സ്ഥാപനങ്ങളിൽ നിന്നുള്ള അസസ്സ്മെന്റ് വരുമാനപത്രികകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഡിമാൻറ് & കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തൊഴിൽനികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) 2020-2021 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി അസസ്സ്മെന്റ് & ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി കാണുന്നില്ല. തൊഴിൽനികുതിയിനത്തില വരവ്കാര്യക്ഷമമാക്കുന്നതിനായി ഓരോ അർദ്ധവർഷങ്ങളിലും അസസ്സ്മെന്റ് & ഡിമാന്റ് ലിസ്റ്റ് കാലികമായി തയ്യാറാക്കേണ്ടതാണ്.

3)തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ അടവാക്കിയതായി കാണുന്നില്ല. 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(5), 3(6)എന്നിവ പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ്/ ഡിവിഷൻ | സ്ഥാപനം |
|---|---|---|
| 1 | 24 | മുത്തൂറ്റ് ഫൈനാൻസ് കോർപറേഷൻ |
| 2 | 31 | ഒല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് |
| 3 | 24 | ഹെക്കൺ ഇന്ത്യ കുട്ടനെല്ലൂർ |
| 4 | 29 | കൗസല്യ ലോജിസ്റ്റിക്സ് ലിമിറ്റഡ് |

4)അസസ്സ്മെന്റ് ഫോറം രേഖപ്പെടുത്തുന്നതിലെ അപാകതകൾ

വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അസസ്സ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനവും അടവാക്കേണ്ട നികുതി സംബന്ധിച്ച വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

5)തൊഴിൽ നികുതി കുറവ് ഈടാക്കിയത്

ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പട്ടിക പ്രകാരമുള്ള തൊഴിൽ നികുതിയിൽ കുറവ് ഈടാക്കിയതായി കാണുന്നു. വിശദ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപനം | മൊത്ത വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | ഹിമമോഹൻ | ആക്സിസ് ബാങ്ക് | 125238 | 1250 | 1000 |
| 2 | ഉണ്ണികൃഷ്ണൻ | ചിന്നൻമോട്ടേഴ്സ് | 75000 | 750 | 600 |
| 3 | ജാക്ക് ഫ്രാൻസിസ് | EXIDE Indutries Ltd | 142650 | 1250 | 1000 |
| 4 | സഞ്ജു.പി | പട്ടിക ജാതി പട്ടികവർഗ ഫെഡറേഷൻ | 140904 | 1250 | 1000 |
| 5 | ആലീസ് | ട്രസ്റ്റ് ഒല്ലൂർ | 45000 | 450 | 300 |

6) സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 2020ൽ 25 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 6/2020-2021/ തിയതി 25/05/2022) നല്കിയിരുന്നു മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതിയിനത്തിലെ വരവ് കാര്യക്ഷമമാക്കുന്നതിനായി മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.നികുതിയിനത്തിലെ വരുമാന ചോർച്ച തടയുന്നതിനായി കുടിശ്ശിക രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതും , കുടിശ്ശിക നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-50 ഒല്ലൂക്കര മേഖല കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിലെ അപാകതകൾ

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി അടവാക്കിയതിന്റെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുന്നില്ല. ഡിമാന്റ്, കളക്ഷൻ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതാണ്.

2) നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം 3(1) മുതൽ 3(11) വരെ, സ്വയം തൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, സ്ഥാപനങ്ങൾ, മറ്റ് വ്യക്തികൾ മുതലായവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ കീഴിലുള്ള ഒല്ലൂക്കര മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനം/ട്രേഡേഴ്സ് പട്ടികയിൽ ചേർത്ത പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ ഡിവിഷൻ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 16/1027 | നീതി മെഡിക്കൽ സ്റ്റോർ | I |
| 2 | 16/1029 | ന്യൂ ട്രിച്ചൂർ കമ്പനി | I & II |
| 3 | 18/40 | ഒല്ലൂക്കര കോപ്പറേറ്റീവ് സൊസൈറ്റി | I |
| 4 | 19 | ഇ.ടി.സി. മണ്ണുത്തി | I |
| 5 | 20 | പോപ്പുലർ മെഗാ മോട്ടേഴ്സ് | I & II |
| 6 | | അസിസ്റ്റന്റ് രജിസ്ട്രാർ ഡയറക്ടറേറ്റ് ഓഫ് ഫാംസ് | II |

3) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(5), 3(6) എന്നിവ പ്രകാരം ബാങ്കിംഗ് കമ്പനിയായി ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ, ബാങ്ക് ശാഖകൾ, ബാങ്കർമാർ, സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ (സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ അത്തരം സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ ഉൾപ്പെടെ) ചട്ടങ്ങൾ (4) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, കച്ചവടം നടത്തുന്നവർ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ്/ഡിവിഷൻ | സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 1 | 15/1345 | അക്വാ ഗ്രൂപ്പ് ഓഫ് കമ്പനി |
| 2 | 16/949 | ബാങ്ക് ഓഫ് ബറോഡ |
| 4 | 17/694 | ഈസ്റ്റേൺ കറി പൗഡർ |
| 5 | 18/67 | കോസ്മോ ചിട്ടീസ് |
| 6 | 19 | ടി വി എസ് അയ്യങ്കാർ ആന്റ് സൺസ് |
| 7 | 20 | ഹൈ റേഞ്ച് ഫുഡ് പ്രൈവറ്റ് ലിമിറ്റഡ് |

4) വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അസസ്സ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനവും, അടയ്ക്കേണ്ട നികുതി സംബന്ധിച്ച വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

5) തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പട്ടിക പ്രകാരമുള്ള തൊഴിൽ നികുതിയിൽ കുറവ് ഈടാക്കിയതായി കാണുന്നു. (1) കേരള വെറ്റിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി സെന്റർ ഫോർ പിഗ് പ്രൊഡക്ഷൻ റിസർച്ച് ലെ 31 സ്ഥിരം തൊഴിലാളികളിൽ നിന്നും അടവാക്കിയ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി അസസ്സ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് നല്കിയ വരുമാന കണക്കാക്കിയതിലെ അപാകതകൾ കാരണം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

മേൽപ്പറഞ്ഞ സ്ഥിരം തൊഴിലാളികളിൽ 26 പേരുടെ അർദ്ധവാർഷിക മൊത്തവരുമാനം 125000/- രൂപയിൽ (തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 സ്ലാബ് 8) കൂടുതലാണ്. ഇവരിൽ നിന്നും 1000 രൂപ വച്ചാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജോലിക്കാരുടെ എണ്ണം | പേ, സ്പെഷ്യൽ പേ, ബോണസ്സ് | മൊത്ത വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം | ആകെ |
|---|---|---|---|---|---|---|
| 4 | 104613+20923+4000 | 129536 | 1250 | 1000 | 250*4 | 1000 |
| 1 | 113566+23061+4000 | 140627 | 1250 | 1000 | 250*1 | 250 |
| 1 | 102290+19064+4000 | 125354 | 1250 | 1000 | 250*1 | 250 |
| 20 | 104613+21271+4000 | 129884 | 1250 | 1000 | 250*20 | 5000 |
| ആകെ | | | | | | 6500 |

| പേര് | തസ്തിക | മൊത്ത വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം | അർദ്ധ വർഷം |
|---|---|---|---|---|---|---|
| സുമ.വി.എം. | സ്റ്റോർ കീപ്പർ | 37776 | 300 | 180 | 120 | I |
| ബിന്ദു.എം.കെ. | ഹൗസ് കീപ്പർ | 33680 | 300 | 180 | 120 | |
| മഞ്ജു ചന്ദ്രൻ | കാഷ്യർ | 35952 | 300 | 180 | 120 | |
| പ്രസീത സന്തൂപ് | ഫ്രന്റ് ഓഫീസ് എക്സിക്യൂട്ടീവ് | 37500 | 300 | 180 | 120 | |
| ശ്രുതി.കെ.ടി. | ഫ്രന്റ് ഓഫീസ് എക്സിക്യൂട്ടീവ് | 37500 | 300 | 180 | 120 | |
| നന്ദിത ശ്രീകുമാർ | ടീച്ചർ | 42280 | 300 | 180 | 120 | |
| മിഥുൻ മുരളി | ലാബ് അസിസ്റ്റന്റ് | 30000 | 300 | 180 | 120 | II |
| ഹരിത.ടി.പി. | ഫ്രന്റ് ഓഫീസ് എക്സിക്യൂട്ടീവ് | 42280 | 300 | 180 | 120 | |
| റോഷ്നി രാജീവ് | ടീച്ചർ | 31500 | 300 | 180 | 120 | |
| ആകെ | | | | | 1080 | |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.5/2020-21 തീയതി : 7.5.22) നല്കിയിരുന്നെങ്കിലും മറുപടി തൃപ്തികരമല്ല.സ്ഥാപനത്തിന്റെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-51 ഡി.സി.ബി.പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി വർഷാന്ത്യ കളക്ഷൻ സംക്ഷിപ്തവും, വാർഷിക വരവ് അക്കൗണ്ട് ഹെഡ്ഡിലെ കൺസോളിഡേറ്റഡ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒല്ലൂക്കര മേഖല കാര്യാലയം -തൊഴിൽ നികുതി 2020-21

| ഇനം | അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ തുക | ഡി.സി.ബി. പ്രകാരം കളക്ഷൻ തുക |
|---|---|---|
| ജീവനക്കാർ – 1101002000 | 1431597 | 12493950 |
| ട്രേഡേഴ്സ് – 431190101 (കറന്റ്) | 776209 | 620160 |
| ട്രേഡേഴ്സ് – 431190102 (അരിയർ) | 84212 | 180390 |
| ആകെ | 2292018 | 13294500 |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദീകണമെന്നാവശ്യപ്പെട്ടു കൊണ്ട്

ഓഡിറ്റ് എൻക്വയറി (നം.6/2020-21 തീയതി : 7.5.22) നല്കിയിരുന്നു. മേഖല കാര്യാലയത്തിൽ തൊഴിൽ നികുതിയിനത്തിൽ വരുന്ന ചെക്കുകൾ ചെക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം അതാതു ദിവസം തന്നെ ഹെഡ് ഓഫീസിൽ അടവാക്കുകയാണ് ചെയ്യുന്നത്.ടി ചെക്ക് തുകൾ മേഖല കാര്യാലയത്തിലെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താൻ നിലവിൽ സംവിധാനങ്ങൾ ഇല്ലാത്തതിനാലാണ് വർഷാന്ത്യ കളക്ഷൻ സംക്ഷിപ്തവും, വാർഷിക വരവ് അക്കൗണ്ട് ഹെഡ്ഡിലെ കൺസോളിഡേറ്റഡ് തുകയുമായി പൊരുത്തപ്പെടാത്തത് എന്ന മറുപടിയാണ്

ലഭ്യമാക്കിയിരിക്കുന്നത്.കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ അവലംബിക്കേണ്ടതാണ്

## 1-52 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതുദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ്സോ തൊഴിലോ കലയോ നടത്തുന്ന എല്ലാവരും തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. എല്ലാ സ്ഥാപനമേധാവികളിൽ നിന്നും ജീവനക്കാരുടെ വിവരവും വരുമാനവിവരങ്ങളും ലഭ്യമാക്കി ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

അയ്യന്തോൾ മേഖലാകാര്യാലയത്തിലെ തൊഴിൽ നികുതി കളക്ഷൻ രജിസ്റ്റർ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപനതൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ഉദാഹരണങ്ങൾ

| ക്രമനമ്പർ | സ്ഥാപനം | അടവാക്കാത്തതിന്റെ വിവരം |
|---|---|---|
| 1 | കാനറാ ബാങ്ക് അയ്യന്തോൾ | 1,2 അർദ്ധവർഷം |
| 2 | സൌത്ത് ഇൻഡ്യൻ ബാങ്ക് | 1അർദ്ധവർഷം |
| 3 | ബാങ്ക് ഓഫ് ഇന്ത്യ | 1,2 അർദ്ധവർഷം |
| 4 | എസ് ബി ഐ അയ്യന്തോൾ ബ്രാഞ്ച് | 1,2 അർദ്ധവർഷം |
| 5 | എസ് ബി ഐ ട്രഷറി ബ്രാഞ്ച് | 1,2 അർദ്ധവർഷം |
| 6 | എസ് ബി ഐ ഒളരി ബ്രാഞ്ച് | 1,2 അർദ്ധവർഷം |

2. ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല

ഉദാ --

| ക്രമനമ്പർ | സ്ഥാപനം | അടവാക്കാത്തതിന്റെ വിവരം |
|---|---|---|
| 1 | എൽത്തുരുത്ത് പോസ്റ്റ് ഓഫീസ് | 1,2 അർദ്ധവർഷം |

| | | |
|---|---|---|
| 2 | ഒളരിക്കര കുറീസ് ആന്റ് ലോൺസ് പ്രൈവറ്റ് ലിമിറ്റഡ് ,ഒളരിക്കര | 1,2 അർദ്ധവർഷം |
| 3 | കൊശമറ്റം ഫിനാൻസ് ഒളരിക്കര | 1 അർദ്ധവർഷം |

3. കച്ചവടസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാൻ ബാക്കിയുണ്ട് എന്ന വിവരം ലഭ്യമല്ല. ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് ,കളക്ഷൻ രജിസ്റ്ററുകൾ യഥാസമയം വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ കണ്ടെത്തി നികുതി അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി)ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനികളും ബിസിനസ്സ് നടത്തുന്നവരും തൊഴിൽനികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. അയ്യന്തോൾ മേഖലാകാര്യാലയത്തിന്റ പരിധിയിൽ വരുന്ന സ്വകാര്യപ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ ,ഡോക്ടർമാർ, കമ്പനി സെക്രട്ടറിമാർ,ചാർട്ടേഡ് അക്കൌണ്ടന്റമാർ എന്നിവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി നോട്ടീസ് നൽകുകയും നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

മോട്ടോർ വാഹനനിയമപ്രകാരം വാടകക്കോ, സ്റ്റേജ് കാര്യേജ് അഥവാ ഗുഡ്സ് കാര്യേജ് ആയി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകൾ,കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 5/24.5.2022 ക്ക് മറുപടിയായി തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി നികുതി അടവാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-53 വാടക കുടിശ്ശിക ഈടാക്കിയില്ല.

തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിൽപ്പെട്ട കടമുറികളുടെ വാടക രജിസ്റ്റർ പരിശോധനയിൽ താഴെ ചേർത്ത ലൈസൻസികൾ വാടക പൂർണ്ണമായും അടവാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസി | വാടക | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | എം ഒ തോമസ്, | 880+158 | 9/2020 -3/2021 | 7x1038 = 7266 |
| 2 | റോവിൻസ് | 880+158 | 12/2020-3/2021 | 4 X1038- =4152 |
| 3 | ഷീല സണ്ണി | 2040+366 | 12/2020-3/2021 | 4x2406-=9624 |
| 4 | ഇ കെ പോൾ | 880+158 | 11/2019-3/2021 | 5x1038-=5190 |
| 5 | കെ സി ആന്റോ | 880+158 | 10/2019-3/2020 | 6x1038 =6228 |
| 6 | ഇഎസ് സ്റ്റീഫൻ | 880+158 | 1/2020-3/2020<br>10/2020-3/2021 | 3x1038 =3114<br>6x1038 =6228 |
| 7 | സി ഡി പോൾ | 1180+212 | 2019-20, 2020-21 | 24x1392 =33408 |
| 8 | കെ ജി രാജൻ | 880+158 | 11/2019-3/2021 | 16x1038 =16608 |
| 9 | എം എൽ ആന്റണി | 880+158 | 3/2020- 3/2021 | 13x1038 =13494 |
| 10 | ഷാജി എം ബി | 880+158 | 3/2020<br>12/2020-3/2021 | 1x1038 =1038<br>4x1038 =4152 |
| 11 | ബി വി ജേക്കബ് | 880+158 | 1/2021-3/2021 | 3x1038 =3114 |
| 12 | സികെ പോൾസൺ | 2610+469 | 1/2021-3/2021 | 3x3079 =9237 |
| 13 | കെ കെ ജോർജ്ജ് | 880+158 | 3/2021 | 1x1038 =1038 |
| 14 | ഇആർ രാജൻ | 880+158 | 2019-20, 2020-21 | 24x1038 =24912 |
| 15 | മേരി<br>CR 24/10.5.19 | 880+158 | 2020-21 | 12x1038 =12456 |

| | | | | |
|---|---|---|---|---|
| 16 | പി എഫ് ബിനോയ് | 880+158 | 2/2020-3/2021 | 14x1038 =14532 |
| 17 | കെഐലാസർ | 880+158 | 11/2020-3/2021 | 5x1038 =5190 |
| 18 | എംസി വർഗ്ഗീസ് | 880+158 | 9/2020-3/2021 | 7x1038 =7266 |
| 19 | സിപി തോമസ് | 1240+223 | 9/2020-3/2021 | 7x1463 =10241 |
| 20 | ടിജെ രാജൻ | 1780+320 | 2/2020,3/2020 | 2x2100 =4200 |
| 21 | പിജെ ജോഷി | 880+158 | 1/2021-3/2021 | 3x2100 =6300 |
| 22 | ഇ ആർ ജോഷി | 2040+367 | 3/2021 | 1x2407 =2407 |
| 23 | വി സി റാഫി | 2910+524 | 1/2021-3/2021 | 3x3434 =10302 |
| 24 | നബീസു മുഹമ്മദാലി | 2040+367 | 12/2020-3/2021 | 4x2407 =9628 |
| 25 | പിവി അബ്ദുൾനാസർ | 1780+320 | 7/2020-3/2021 | 9x2100 =18900 |
| 26 | പിവി അബ്ദുൾനാസർ | 2040+367 | 3/2021 | 1x2407 =2407 |
| 27 | പിവി അബ്ദുൾനാസർ | 2040+367 | 3/2021 | 1x2407=2407 |
| 28 | ലില്ലി ദേവസ്സി | 880+158 | 11/2020-3/2021 | 5x1038 =5190 |
| 29 | വിൽസൺ ആന്റണി | 2910+524 | 1/2021-3/2021 | 3x3434 =10302 |
| 30 | പിഎസ് ഷെജീർ | 2620+472 | 12/2020-3/2021 | 4x3092= 12368 |
| 31 | എം എ ചാക്കോരു | 839+149 | 2019-20<br>2020-21 | 12x988= 11856<br>12x988= 11856 |
| 32 | ടിപി തോമസ് | 880+158 | 2019-20<br>2020-21 | 12x1038=12456<br>12x1038=12456 |
| 33 | സെലീന പൊറിഞ്ചു | 880+158 | 2020-21 | 12x1038=12456 |
| 34 | എം എസ് കലരാശി | 2620+472 | 1/2021-3/2021 | 3x3092 = 9276 |
| 35 | ടി വി മണികണ്ഠൻ | 830+149 | 2/2020-3/2021 | 14x988= 13832 |
| 36 | എം സി വർഗ്ഗീസ് | 880+158 | 9/2020+3/2021 | 7x1038 =7266 |
| 37 | കിരൺ തിമോത്തി | 880+158 | 1/2020-3/2020 | 3x1038 =3114 |
| 38 | സോബി മാത്യു | 880+158 | 4/2020-3/2021 | 12x1038=12456 |
| 39 | കെ പി ഹുസൈൻ | 880+158 | 8/2019-3/2020 | 8x1038 =8304 |
| 40 | ടി കെ രാമകൃഷ്ണൻ | 880+158 | 1/2020-3/2020 | 3x1038 =3114 |
| 41 | ചിന്നമ്മ ഡേവീസ് (1) | 830+149 | 11/2019-3/2020<br>11/2020-3/2021 | 5x988 =4940<br>5x988 =4940 |
| 42 | ചിന്നമ്മ ഡേവീസ് (2) | 880+158 | 11/2019-3/2020<br>11/2020-3/2021 | 5x1038 =5190<br>5x1038 =5190 |
| 43 | കെ ജെ ജോജു | 970+175 | 9/2019-3/2020<br>9/2020-3/2021 | 7x1145 =8015<br>7x1145 =8015 |
| 44 | അന്നംകുട്ടി ജോസ്(1)<br>അന്നംകുട്ടിജോസ്(2) | 880+158<br>880+158 | 2/2020-3/2021<br>1/2021-3/2021 | 14x1038=14532<br>3x1038 =3114 |
| 45 | എൻ എ ലാസർ | 880+158 | 1/2019-3/2021 | 15x1038 =15570 |
| 46 | കെഎസ് ഫ്രാൻസിസ് | 880+158 | 4/2019-3/2020<br>4/2020-3/2021 | 12x1038 =12456<br>12x1038 =12456 |
| 47 | കെ എ ജോസ് | 880+158 | 4/2020-3/2021 | 12x1038 =12456 |
| 48 | ടി രാജൻ | 880+158 | 8/2019-3/2020<br>10/2020-3/2021 | 8x1038 = 8304<br>6x1038 = 6228 |
| 49 | ഇ ഐ ഫ്രാൻസിസ് | 2040+367 | 1/2020-3/2021 | 15x2407=36105 |
| 50 | എഎ വിൽസൺ | 2910+524 | 1/2020-3/2021 | 15x3434=51510 |
| 51 | വി എൽ ജോസ് | 2680+472 | 5/2019-3/2020<br>4/2020-3/2021 | 11x3152=34672<br>12x3152=37824 |
| 52 | കെ വിജയൻ | 2040+367 | 8/2020-3/2021 | 8x2407=19256 |
| 53 | കെ ജെ വർഗ്ഗീസ് | 970+175 | 9/2019-3/2020<br>4/2020-3/2021 | 7x1145 =8015<br>12x1145=13740 |
| പഴയ ബസ്സ് സ്റ്റാന്റ് കെട്ടിടം | | | | |

| | | | | |
|---|---|---|---|---|
| 54 | പി സി സിയാദ് | 4210+758 | 2/2020-3/2021 | 14x4968 =69552 |
| 55 | കെ ഐ ടോമി(1) | 4140+745 | 4/2020-3/2021 | 12x4885 =58620 |
| 56 | കെ ഐ ടോമി(2) | 4140+745 | 4/2020-3/2021 | 12x4885 =58620 |
| 57 | കെ ഐ ടോമി(3) | 4140+745 | 5/2019-3/2021 | 23x4885 =112355 |
| 58 | (1) എംഡി, ടിഡബ്ല്യുസിസിഎസ് | 5030 | 4/2019-3/2021 | 24x5030 =120720 |
| 59 | (2) എംഡി, ടിഡബ്ല്യുസിസിഎസ് | 5030 | 4/2019-3/2021 | 24x5030 =120720 |
| 60 | അഡീഷണൽ ട്രഷറി | 6450 | 4/2019-3/2021 | 24x6450 =154800 |
| 61 | രണ്ടാം നില, ഇൻഡസ്ട്രിയൽ വിഭാഗം ഇൻറേൺഷിപ്പ് വിദ്യർത്ഥികൾ | ഈടാക്കുന്നില്ല | 2019-20<br>2020-21 | X = |
| 62 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ& ടൂറിസം സ്റ്റഡീസ് | 30000+<br>5400 | 2019-20<br>2020-21 | 24x35400 =849600 |
| മുനിസിപ്പൽ ഓഫീസ് മുൻവശം | | | | |
| 63 | ശ്രേയസ്സ് വനിതാ കാന്റീൻ | 610+110 | 3/2019-3/2020<br>4/2020-3/2021 | 13x720 =9360<br>12x720 =8640 |
| 64 | എഡ്വിൻ ഫ്രാൻസീസ് (ഗോവണി മുറി) | 880+158 | 3/2020-3/2021 | 13x1038=13494 |
| 65 | എ വി ആന്റോ | 29410+<br>5294 | 3/2020-3/2021 | 13x34704=451152 |
| 66 | ഇ പി ഫ്രാൻസീസ്<br>ഒന്നാം നില<br>രണ്ടാം നില<br>മൂന്നാം നില | 8520+1534<br>5480+986<br>3320+598 | 12/2020-3/2021 | 4x10054 =40216<br>4x6466 =25864<br>4x3918 =15672 |
| 67 | ഇപി ഫ്രാൻസീസ് (ഗോവണി മുറി) | 2620+472 | 12/2020-3/2021 | 4x3092 =12368 |
| തേറമ്പിൽ ജെ ആന്റണി സ്മാരക കെട്ടിടം | | | | |
| 68 | എം കെ ശിവരാമൻ | 1700+306 | 11/2019-3/2020<br>4/2020-3/2021 | 5x2006 =10030<br>12x2006 =24072 |
| 9 | പി എ സുകുമാരൻ | 1580+284 | 4/2019-3/2021 | 24x1864=44736 |
| 70 | എൻ ഗിരീഷ് | 13740+<br>2473 | 4/2019-3/2021 | 24x16213 =389112 |
| 71 | ഇ ജെ ടോമി | 630+113 | 8/2020-3/2020<br>4/2020-3/2021 | 8x743 =5944<br>12x743 =8916 |
| 72 | പി ആർ ഗീത | 2030+365 | 4/2019-3/2021 | 24x 2395=57480 |
| 73 | വി വി ഷാജു | 4420+796 | 11/2020-3/2021 | 5x5216 =26080 |
| 74 | പ്രിൻസ് പോൾ | 1450+261 | 10/2019-3/2020<br>7/2020-3/2021 | 6x1711 =10266<br>9x1711 =15399 |
| 75 | കെ എം ചെറിയാൻ | 1510+272 | 4/2019-3/2021 | 24x1782 =42768 |
| 76 | പി എസ് ബാബു | 1510+272 | 4/2019-3/2020 | 12x1782 =21384 |
| 77 | ടി എം അബ്രഹാം | 2140+385 | 4/2019-3/2021 | 24x2525 =60600 |
| 78 | എം എം ഹംസ | 1650+297 | 4/2020-3/2021 | 12x 1947=23364 |
| 79 | രാജീവ് ജോസഫ് | 3120+562 | 8/2019-3/2020<br>4/2020-3/2021 | 8x3682 =29456<br>12x3682 =44184 |
| 80 | ആന്റണി താണിക്കര | 1670+301 | 4/2020-3/2021 | 12x1971=23652 |

| | | | | |
|---|---|---|---|---|
| 81 | കെ ബി ചന്ദ്രമോഹൻ | 1690+304 | 4/2019-3/2021 | 24x1994 =47856 |
| 82 | എം ഡി ലിവിംഗ് സ്റ്റൺ | 5160+929 | 4/2019-3/2021 | 24x6089 =146136 |
| 83 | ടി എ സണ്ണി (പാരലൽ കോളേജ്) | 4590+826<br>2120+382 | 4/2020-3/2021<br>4/2020-3/2021 | 12x5416 =64992<br>12x2502 =30024 |
| 84 | പി വി ജെയിംസ് കംപ്യൂട്ടർ ക്ലാസ്സ് | 1560+281 | 4/2019-3/2021 | 24x1841 =44184 |
| 85 | ശിവകുമാർ സ്റ്റേഷനറി | 3030+545 | 4/2019-3/2021 | 24x3575 =85800 |
| 86 | ഗവ. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5360+965 | 4/2019-3/2020<br>7/2020-3/2021 | 12x6325 =75900<br>9x6325 =56925 |
| 87 | ബി തമ്പി റിലയൻസ് സ്റ്റഡീസ് | 2810+506 | 4/2019-3/2021 | 24x3316 =79584 |
| കുറ്റപ്പം റോഡ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 88 | ടി ആർ രഘുനന്ദനൻ മൊബൈൽസെയിൽ | 840+151 | 12/2019-3/2020<br>4/2020-3/2021 | 4x991 =3964<br>12x991 =11892 |
| 89 | ഫിറോസ് ബാബു ടെലിഫോൺ ഓപ്പറേറ്റർ | 720+130 | 2/2020-3/2021 | 14x850 =11900 |
| 90 | ജിസ്സൺ,മൊബൈൽ സർവ്വീസ് | 15320+ 2758 | 4/2020-3/2021 | 12x 18078=216936 |
| 91 | സംഗമേശ്വരൻ മൊബൈൽസ് | 1420+256 | 3/2020-3/2021 | 13x1676 =21788 |
| 92 | പി കെ വൽസലൻ സ്റ്റേഷനറി | 3590+646 | 1/2020-3/2021 | 15x4236 =63540 |
| 93 | ടി എ അമൽ (ആയൂർവേദം) | 6810+1226 | 4/2020-3/2021 | 12x8036 =96432 |
| 94 | വി ബാലചന്ദ്രൻ ബ്യൂട്ടി പാർലർ | 4910+884 | 8/2020-3/2021 | 8x5794 =46352 |
| 95 | സജി സെബാസ്റ്റ്യൻ ഫോട്ടോസ്റ്റാറ്റ് | 4030+725 | 11/2019-3/2020<br>4/2020-3/2021 | 5x4755 =23775<br>12x4755 =57060 |
| ജയ് ഹിന്ദ് മാർക്കറ്റ് കെട്ടിടം - എ | | | | |
| 96 | പി എ സാദത്ത് മരുന്ന് കട | 3650+653 | 4/2019-3/2021 | 24x4283 =102792 |
| 97 | പി എ ജോസ് ജ്വല്ലറി | 7660+1379 | 4/2019-3/2021 | 24x9039 =216936 |
| 98 | കെ സി വിജയൻ | 3630+653 | 10/2020-3/2021 | 6x4283 =25698 |
| 99 | മീനാംബാൾ ടെക്സ്റ്റയിൽസ് | 730+131 | 10/2019-3/2020<br>7/2020-3/2021 | 6x861 =5166<br>9x861 =7749 |
| 100 | പ്രൊജക്ട് ഓഫീസർ കയർ ബോർഡ് | 660+119 | 4/2019-3/2021 | 24x779 =18696 |
| 101 | കെ പി ലക്ഷമിനാരായണൻ | 3380+608 | 11/2019-3/2020<br>10/2020-3/2021 | 5x3988 =19940<br>6x3988 =23928 |
| 102 | ആർ ആർ പ്രശാന്ത് | 10170+1831 | 4/2020-3/2021 | 12x12001 =144012 |
| 103 | ജോണി വർഗ്ഗീസ് | 5690+1024 | 4/2019-3/2021 | 12x6714 =80568 |
| 104 | പ്രകാശ് എന്റർപ്രൈസ് | 610+110 | 4/2020-3/2021 | 12x720 =8640 |
| 105 | സുജ്ജ ഡേവിസ് | 1490+268 | 4/2019-3/2021 | 24x1758 =42192 |
| 106 | ആൽഫ അലുമിനിയം | 610+109 | 4/2019-3/2021 | 24x719 =17256 |
| ജയ്ഹിന്ദ് മാർക്കറ്റ് രണ്ടാം നില | | | | |

| | | | | |
|---|---|---|---|---|
| 107 | പി വി തോമസ് | 790+142 | 4/2019-3/2021 | 24 X 932 =22368 |
| 108 | വിക്ടർ വർഗ്ഗീസ് | 610+110 | 8/2019-3/2020<br>4/2020-3/2021 | 8x720 = 5760<br>12 X720 = 8640 |
| 109 | എംഎം ഡേവീസ്<br>എംഎം ജോജ്ജ | 1040+187 | 4/2020-3/2021 | 12 X1227 =14724 |
| 110 | റിജോ പി ജോസ് | 610+110 | 4/2019-3/2020<br>4/2020-3/2021 | 24 X720 =17280 |
| 111 | ഇ പി മാർട്ടിൻ | 610+110 | 12/2020-3/2021 | 4 X720 =2880 |
| 112 | ഇ പി ജോർജ്ജ് | 610+110 | 12/2020-3/2021 | 4 X720 =2880 |
| 113 | കെ ആർ ഷാജ്ജ | 610+110 | 4/2020-3/2021 | 12 X720 =8640 |
| 114 | വികെ ഗോവിന്ദൻ കുട്ടി | 760+137 | 4/2019-3/2021 | 24 X897 =21528 |
| 115 | കെ ആർ ഷാജ്ജ | 1480+266 | 4/2020-3/2021 | 12 X 1746=20952 |
| ജയ്ഹിന്ദ് ബ്ലോക്ക് സി | | | | |
| 116 | സീന ജോമോൻ | 2450+441 | 12/2019-3/2020<br>4/2020-3/2021 | 4 X2891 =11564<br>12 X 2891= 34692 |
| 117 | പി എം ഫ്രാൻസിസ് | 4070+733 | 11/2020-3/2021 | 5 X4803 =24015 |
| 118 | ഇ എ ബാബു | 610+110 | 4/2020-3/2021 | 12 X720 =8640 |
| 119 | മേരി ഡേവീസ് | 2200+396 | 7/2020-3/2021 | 9 X 2596=23364 |
| 120 | ഇ പി തോംസൺ | 840+151 | 4/2019-3/2021 | 24 X991 =23784 |
| 121 | എ സി പോൾ | 10800+1944 | 3/2020<br>9/2020-3/2021 | 1 X12744 =12744<br>7 X12744 =89208 |
| | ആകെ കുടിശ്ശിക | | | |

വാടക രജിസ്റ്ററിൽ കടമുറിയുടെ നമ്പറോ ലൈസൻസികളുടെ പൂർണ്ണ മേൽവിലാസമോ ചേർത്തിട്ടില്ല. മിക്കവാറും കടമുറികളിലും ഏത് വ്യാപാരമാണ് നടത്തുന്നത് എന്നും രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം മേൽപറഞ്ഞ ഒട്ടു മിക്ക ലൈസൻസികളും പൂർണ്ണമായി വാടക അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 78/15.6.22നം അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല. 2019-2021 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിലെ കടമുറികളിൽ നിന്നും 60,14,597/- രൂപ വാടക ഇനത്തിൽ കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ട്.മേൽതുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നു സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിടത്തിന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | ന്യൂ പട്ടാളം മാർക്കറ്റ് | 723869/- |
| 2 | പഴയ ബസ്സ് സ്റ്റാന്റ് കെട്ടിടം | 1424267/- |
| 3 | മുനിസിപ്പൽ ഓഫീസ് മുൻവശം | 576766/- |
| 4 | തേറമ്പിൽ ജെ ആന്റണി സ്മാരക കെട്ടിടം | 1468844 |
| 5 | കുറുപ്പം റോഡ് ഷോപ്പിംഗ് കോംപ്ലക്സ് | 553639/- |
| 6 | ജയ്ഹിന്ദ് ഷോപ്പിംഗ് മാർക്കറ്റ് | 1267212/- |
| | ആകെ | 60,14,597/- |

## 1-54 കടമുറികളുടെ ഒപ്പ് വച്ച കരാർ ഹാജരാക്കിയില്ല.

2020-21 വരവ് ഓഡിറ്റിന്റെ ഭാഗമായി കോർപ്പറേഷന്റെ അധീനതയിലുള്ള താഴെ പറയുന്ന മുറികൾ വാടകക്കെടുത്ത ലൈസൻസികളുടെ കരാർ ഉടമ്പടികൾ പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭിക്കുകയുണ്ടായില്ല.26.06.2022ന് ഓഡിറ്റ് ടീം നേരിൽ പരിശോധിച്ച വേളയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

| കടമുറി നം | ലൈസൻസിയുടെ പേര് | വ്യാപാര തരം | അപാകതകൾ/നിശ്ചയിച്ച വാടക |
|---|---|---|---|

| | | | |
|---|---|---|---|
| പഴയ ബസ് സ്റ്റാന്റ് കെട്ടിടം നം. 25 | കൺവീനർ കുടുംബശ്രീ വനിത കാന്റീൻ | ഭക്ഷണശാല | രജിസ്റ്റർ പ്രകാരം ചുമത്തിയ വാടക 2019-20മുതൽ (660+110) അടവാക്കുന്നില്ല. കരാർ ഹാജരാക്കിയില്ല. |
| കെ ആർ എസ് സി നം. 1 ഒന്നാം നില | ടി എൻ ആനന്ദപ്രസാദ് | ആയുർവേദ മരുന്ന് കച്ചവടം | പരിശോധനാ സമയത്ത്, ടിയാൻ മറ്റൊരു വ്യക്തിക്ക് മുട്ടക്കച്ചവടം നടത്തുവാൻ നൽകിയിരിക്കുന്നു. കോർപ്പറേഷനിൽ അതിന്റെ രേഖകളില്ല. ടിയാൻ ലൈസൻസ് എടുത്തിട്ടില്ല. |
| കെ ആർ എസ് സി നം. 2 ഒന്നാം നില | അമൽ ടി എ S/oടി എൻ ആനന്ദപ്രസാദ് | പരിശോധനാ സമയത്ത് അടച്ചിട്ടിരിക്കുകയാണ് | ലൈസൻസ് എടുത്തിട്ടില്ല. വാടക അടയ്ക്കുന്നില്ല.(6810+1226) |
| കെ ആർ എസ് സി നം 3 ഒന്നാം നില | വി ബാലചന്ദ്രൻ | ജെന്റ്സ് ബ്യൂട്ടി പാർലർ | ലൈസൻസ് എടുത്തിട്ടില്ല. വാടക അടയ്ക്കുന്നില്ല (4910+884) |
| കെ ആർ എസ് സി നം.4 ഒന്നാം നില | വി ബാലചന്ദ്രൻ | ടൈലറിംഗ് & ഡ്രൈ ക്ലീനിംഗ് | ലൈസൻസ് എടുത്തിട്ടില്ല വാടക അടയ്ക്കുന്നില്ല.(5200+936) |
| കെ ആർ എസ് സി നം. 5 ഒന്നാം നില | സജി സെബാസ്റ്റ്യൻ | സ്റ്റേഷനറി & ഫോട്ടോസ്റ്റാറ്റ് | നിലവിൽ മൊബൈൽ സർവ്വീസിംഗ് ചെയ്തു വരുന്നു. ലൈസൻസ് എടുത്തിട്ടില്ല. വാടക അടയ്ക്കുന്നില്ല (4030+725) |
| രണ്ടാം നില | എം ഡി | കെട്ടിട നിർമ്മാണ ക്ഷേമനിധി കാര്യാലയം | വാടക അടയ്ക്കുന്നു .മറ്റ് അപാകതകളില്ല. |
| മൂന്നാം നില | തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ വക | അക്ഷയ കംപ്യൂട്ടർ സെന്റർ | വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. അടയ്ക്കുകയും ചെയ്യുന്നില്ല. പരിശോധനാ സമയത്ത് അടച്ചിട്ടിരിക്കുന്നു. |

## 1-55 കടമുറിയുടെ ലൈസൻസ് കൈമാറ്റം-ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫയൽ നം-R9/39117/18

തൃശ്ശൂർ കോർപ്പറേഷനിലുൾപ്പെട്ട ഒല്ലൂക്കരയിലെ മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സിലെ 30ം നമ്പർ കടമുറിയുടെ ലൈസൻസി മരിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മകൻ കടയിലെ സഹായിയുടെ പേരിൽ ലൈസൻസ് കൈമാറ്റത്തിന് സമ്മതമാണെന്നറിയിച്ച് അപേക്ഷ സമർപ്പിച്ചെങ്കിലും നിലവിലെ ബൈലോയിലെ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചില്ല.ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1)ലൈസൻസി 8.7.2005ന് മരണപ്പെട്ടെങ്കിലും14.8.18ന് മാത്രമാണ് ഇക്കാര്യമറിയിച്ചു കൊണ്ടും ലൈസൻസ് കൈമാറ്റത്തിനായും അപേക്ഷ നൽകിയത്.

ബൈലോയിലെ നിബന്ധനകളിലെ ക്രമനമ്പർ10പ്രകാരം മുനിസിപ്പൽ കൗൺസിലിനോ മുനിസിപ്പൽ സെക്രട്ടറിക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ജോലിക്കാർക്കോ മുറികൾ ഏതു സമയത്തും പരിശോധന നടത്താനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണെന്നും പരിശോധനാസമയത്ത് ന്യൂനതകൾ കാണുന്നതായാൽ അവ സെക്രട്ടറിയിൽ നിന്നും ലഭിക്കുന്ന നോട്ടീസിൽ പറഞ്ഞ കാലപരിധിക്കകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലൈസൻസിക്ക് ബാദ്ധ്യതയുണ്ടെന്നും ഉള്ള വ്യവസ്ഥകൾ നിലനിൽക്കേ കടമുറികളുടേയും ലൈസൻസികളുടേയും അപ്പപ്പോഴുള്ള സ്ഥിതിയിൽ ജാഗരൂകരാകാതിരുന്നത് ഭരണപരമായ അപാകതയായിക്കാണുന്നു.

(2) നിയമാനുസൃത അവകാശി 6മാസത്തിനകം ലൈസൻസ് കൈമാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്ത സംഗതിയിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും നഷ്ടം ഈടാക്കി പ്രസ്തുതമുറി ഏറ്റെടുത്ത് പുതുതായി ടെണ്ടർ/ലേല നടപടികൾ സ്വീകരിച്ചില്ല.

ബൈലോയിലെ നിബന്ധനകളിലെ ക്രമനമ്പർ19പ്രകാരം നിശ്ചിതകാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ നിയമാനുസൃത അവകാശി 6മാസത്തിനകം ലൈസൻസ് കൈമാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്ത സംഗതിയിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും നഷ്ടം ഈടാക്കി പ്രസ്തുതമുറി ഏറ്റെടുത്ത് പുതുതായി ടെണ്ടർ/ലേല നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

ഇക്കാര്യങ്ങളന്വേഷിച്ച് നൽകിയ എൻക്വയറിക്ക്(74/9.6.22) 13.6.22ന് ലഭ്യമാക്കിയ മറുപടിയിൽ മുൻകാലങ്ങളിൽ ലൈസൻസികൾ കരാർ പുതുക്കാതെയും റിപ്പോർട്ട് ലഭ്യമാക്കാതെയും വന്ന സാഹചര്യത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും മാപ്പാക്കിത്തരണമെന്നും മേൽ കടമുറിയുടെ ലൈസൻസ് കൈമാറ്റഅപേക്ഷ മാപ്പപേക്ഷയോടെയും നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ/ലേല നടപടികൾ സ്വീകരിക്കുന്നതിനുള്ള കുറിപ്പോടെയും കൗൺസിലിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അനന്തരാവകാശികൾക്കുള്ള കൈമാറ്റവേളയിൽ പഴയ ലൈസൻസിയുടെ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നില്ലെന്നും ബൈലോയിലെ ക്രമനമ്പർ 41ലെ വ്യവസ്ഥ പ്രകാരം ബിൽഡിംഗ് കമ്മിറ്റി രൂപീകരിച്ച് ഓരോ ഷോപ്പിംഗ്കോംപ്ലക്സിന്റെയും കമ്മിറ്റികൾ കൂടി വരുന്നതായും അറിയിച്ചിട്ടുണ്ട്.

## 1-56 പഴയ ബസ് സ്റ്റാന്റ് കെട്ടിടം- അനധികൃത കടമുറി ഉപയോഗം

1. ടിഡബ്ല്യൂസിസിഎസിനെതിരെ നടപടിയായില്ല

1994 മുനിസിപ്പാലിറ്റി ആക്ട് 215(4)(2) ഉപവകുപ്പ് പ്രകാരം ലൈസൻസി വാടകയ്ക്ക് എടുത്ത കെട്ടിടമോ കടമുറിയോ മുനിസിപ്പാലിറ്റിയുടെ അറിവോ സമ്മതമോ കൂടാതെ ലൈസൻസുകാരൻ കച്ചവടത്തിന്റെ തരം മാറ്റുവാനോ, മറ്റൊരു വ്യക്തിക്ക് മേൽവാടകയ്ക്ക് നൽകുവാനോ പാടുള്ളതല്ല. എന്നാൽ, കരാറിലെ ഈ വ്യവസ്ഥ ലംഘിച്ചാണ് ടിഡബ്ല്യൂസിസിഎസ് എന്ന സൊസൈറ്റി കോർപ്പറേഷനിൽ നിന്നും ലീസിനെടുത്ത കെട്ടിട ഭാഗങ്ങൾ, യഥേഷ്ടം മുറികളാക്കി തിരിച്ച് മറ്റ് സ്ഥാപനങ്ങൾക്ക് മേൽവാടകയ്ക്ക് നൽകിയിരിക്കുന്നത്.

ഇത്തരത്തിലുള്ള അനധികൃത ഉപയോഗം കോർപ്പറേഷൻ അധികാരികളുടെ ശ്രദ്ധയിൽപെട്ടിട്ട് വർഷങ്ങളായെങ്കിലും നാളിതുവരെ യാതൊരു നടപടികളും എടുത്തിട്ടില്ല. എന്ന് മാത്രമല്ല, 21.6.22ന് ഓഡിറ്റ് ടീമിന്റെ പരിശോധനാ വേളയിലും ഇത് തുടരുന്നതായി കാണാൻ കഴിഞ്ഞു.

2014ലാണ് സൊസൈറ്റിക്ക് വാടകയ്ക്ക് നൽകിയ, പഴയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ TC25/21,TC25/21Aനം. കടമുറികൾ ഒരു ഡെന്റൽ ക്ലിനിക്ക്, മെഡിക്കൽ സ്റ്റോർ, ഒരു ഐ ക്ലിനിക്ക് എന്നിവ കൗൺസിലിന്റെയോ മേയറുടെയോ അനുമതിയില്ലാതെ നടത്തിയിരുന്നത്. ഈ വിഷയത്തിൽ R8-25789/14/23.10.14നമ്പറിൽ ഒരു റിപ്പോർട്ട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

സഹകരണവകുപ്പ് നിയമം 14എ, സംഘങ്ങൾ ഒരുമിച്ച് ചേർന്നും കൂട്ടായും പ്രവർത്തിക്കുവാൻ അനുവദിക്കുന്നുണ്ടെന്നും അതനുസരിച്ച് ടിഡബ്ല്യൂസിസിഎസ് സ്റ്റോറിന്റെ ഭരണസമിതി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് സംഘം പ്രവർത്തിക്കുന്നത് എന്നുമായിരുന്നു സൊസൈറ്റിയുടെ വിശദീകരണം.

കോർപ്പറേഷന്റെ അധീനതയിലുള്ള കെട്ടിടമുറി ചെറിയ വാടകയ്ക്ക് ലീസിനെടുക്കുകയും കരാർ ഒപ്പു വയ്ക്കുകയും ചെയ്ത ശേഷം, മുറികളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി ചെറിയ മുറികളാക്കി, മറ്റ് സ്ഥാപനങ്ങളുമായി പുതിയ കരാർ ചമച്ച് അധിക വാടകയ്ക്ക് കച്ചവടം നടത്തിവരികയാണ് സംഘം ചെയ്ത് വരുന്നത്. ഇത്തരത്തിൽ, ഒരു സഹകരണ ആശുപത്രിയുമായി ചേർന്ന് കൊണ്ടാണ് ഡെന്റൽ ക്ലിനിക്ക് &ലാബ്, മെഡിക്കൽ സ്റ്റോർ, റേഡിയോളജി ലാബ് സ്പീച്ച് തെറാപ്പി സെന്റർ,എന്നിവ സംഘം നടത്തി വന്നിരുന്നത്.ഇത് കൂടാതെ, ഒരു

ബുക്ക്സ് &സ്റ്റേഷണറി മാർക്കറ്റും ഈ കെട്ടിടത്തിൽ നടത്തി വന്നിരുന്നു.

2014ൽ ( R8-25789/14) 4150രൂപ പ്രതിമാസ വാടകയ്ക്ക് നൽകിയ കടമുറികൾ സഹകരണ ആശുപത്രിക്ക് അവരുടെ സ്ഥാപനങ്ങൾ നടത്തുന്നതിന് 13000രൂപ മേൽവാടക നിശ്ചയിച്ച്, കോർപ്പറേഷന്റെ അനുമതിയില്ലാതെ പുതിയ കരാർ ഒപ്പ വച്ച് കൈമാറ്റം ചെയ്തത് കോർപ്പറേഷനുമായി ഒപ്പ വച്ച കരാറിന്റെ ലംഘനമാകയാൽ, കോർപ്പറേഷൻ അധികാരികൾ, മുനിസിപ്പാലിറ്റി ആക്ടിലെ 215(4), 215(5)എന്നീ വകുപ്പുകൾ പ്രകാരം സൊസൈറ്റിക്കെതിരെ നടപടിയെടുക്കേണ്ടതായിരുന്നു. പിന്നീട്, 3വർഷങ്ങൾക്ക് ശേഷം,29.7.2017ൽ മുറി ഒഴിപ്പിക്കുവാൻ തീരുമാനമായെങ്കിലും സൊസൈറ്റി കേസിന് പോകുകയും(WP(C)26922/17) 16.8.17ന് ഒരു മാസത്തെ സ്റ്റേ സമ്പാദിക്കുകയും ചെയ്തു.

1994 മുനിസിപ്പാലിറ്റി ആക്ട് 447,492(9) വകുപ്പുകൾ പ്രകാരം മെഡിക്കൽ സ്റ്റോർ ,ഡെന്റൽ ക്ലിനിക്ക്, മറ്റ് സ്ഥാപനങ്ങൾക്കൊന്നും ഡി&ഒ ലൈസൻസ് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് കോർപ്പറേഷൻ ആരോഗ്യ വിഭാഗം സൊസൈറ്റിയെ (പിഎച്ച്1-6255/15/26.3.15നം.കത്ത്) അറിയിച്ചിട്ടുണ്ട്. നിലവിൽ, ടിഡബ്ല്യൂസിസിഎസ് ഓഫീസ് ആവശ്യങ്ങൾക്കായും, ഡെന്റൽ ക്ലിനിക്ക്, ലാബ്, ബുക്ക്സ് &സ്റ്റേഷണറി എന്നിവ ഇപ്പോഴും പ്രവർത്തിച്ച് വരുന്നുണ്ട്. റേഡിയോളജി ലാബ്, സ്പീച്ച് തെറാപ്പി സെന്റർ എന്നിവ 21.6.22ന് നേരിൽ പരിശോധിച്ച വേളയിൽ അടഞ്ഞു കിടക്കുന്നതായും കണ്ടു.

2017ൽ ആരംഭിച്ച മേൽപറഞ്ഞ കേസിൽ, ടിഡബ്ല്യൂസിസിഎസ് നിയമലംഘനം നടത്തിയതായും തുടർനടപടികൾ എടുക്കുവാനാവശ്യപ്പെട്ട് കൊണ്ടും വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനെതിരെ സൊസൈറ്റി റിട്ട് അപ്പീൽ WA1988/19നൽകിയെങ്കിലും സൊസൈറ്റിയുടെ വിശദീകരണം ആരാഞ്ഞ് ഉചിതമായ നടപടി കൈകൊള്ളുവാൻ കോടതി ഉത്തരവായിരിക്കുന്നു.

നാളിതുവരെ അനധികൃതമായി തുടങ്ങിയ സ്ഥാപനങ്ങൾ നിർത്തി വയ്ക്കുകയോ മുറികൾ ഒഴിപ്പിക്കുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ലാതെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്.

ജയ്ഹിന്ദ് ബി ബ്ലോക്ക് കെട്ടിടത്തിലെ ബി2 നം. കടമുറിയും ഇത്തരത്തിൽ സൊസൈറ്റിക്ക് വാടകയ്ക്ക് നൽകുകയും പിന്നീട് 17ലക്ഷം രൂപയ്ക്ക് വില്ല്യംസ് ഡാനിയേൽ എന്ന വ്യക്തിക്ക് മറിച്ച് വിറ്റതായും 2017ൽ, അന്നത്തെ മേയർ സംസ്ഥാന സഹകരണ വകുപ്പ് മന്ത്രിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്(ഫയൽ നം. R8-28082/17 /16.11.17നം. കത്ത്). ടി സ്ഥാപനത്തിൽ തുണിക്കച്ചവടം നടത്തുന്നതിനാണ് കരാർ വച്ച് ലൈസൻസ് എടുത്തിരുന്നതെങ്കിലും പിന്നീട് വ്യാപാരത്തിന്റെ തരം മാറ്റി പച്ചക്കറി, എണ്ണ കച്ചവടം എന്നിങ്ങനെ മാറ്റം വരുത്തിയിട്ടുള്ളതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതായി കാണുന്നുണ്ട്. ഈ വിഷയത്തിലും നാളിതുവരെ നടപടികളൊന്നുമെടുത്തു കാണുന്നില്ല.

2. നോട്ടറിയും ഡിടിപി സെന്ററും

പഴയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ ഗോവണി ചുവട് അടച്ച കെട്ടുകയും ഉൾഭാഗത്ത് തട്ടടിച്ച്, ചെറിയ കോണി സ്ഥാപിച്ച് രണ്ട് നിലകളാക്കുകയും ചെയ്തിട്ടുണ്ട്. ടി മുറിക്ക് 16എ എന്ന് നമ്പറിട്ട് എഡ്വിൻ ഫ്രാൻസിസ് എന്നൊരാൾക്ക് വാടകയ്ക്ക് കൊടുക്കുകയും ടിയാന് (880+158)രൂപ വാടക നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മുറിയുടെ മുകൾ ഭാഗം നാൻസി അക്കരപ്പറ്റി എന്ന ഒരു നോട്ടറി അഡ്വക്കേറ്റ് ടിയാളുടെ കാര്യാലയമായി ഉപയോഗിച്ച് വരുന്നുണ്ട്. എന്നാൽ താഴെ ഭാഗം ഡിടിപി,ഫോട്ടോസ്റ്റാറ്റ് മെഷീനറികൾ എന്നിവ സ്ഥാപിച്ച് തികച്ചും ഒരു കച്ചവട സ്ഥാപനമായാണ് പ്രവർത്തിച്ച് വരുന്നത്. വാടക അടയ്ക്കുന്നുണ്ടെങ്കിലും ടി സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. അനധികൃത ഉപയോഗത്തിനെതിരെ നടപടികളുണ്ടാകേണ്ടതാണ്.

3. ബെഡ് പ്ലസ് എന്ന ടിപ്പ്ലെറ്റ് മുറി

കടമുറി നം.1,2 എന്നിവ രജിസ്റ്റർ പ്രകാരം ഫസലു സി എ എന്ന വ്യക്തി ബെഡ് പ്ലസ് എന്ന കച്ചവട സ്ഥാപനം നടത്തി വരുന്നു. ടിയാൻ ആയതിന് ലൈസൻസ് എടുക്കുകയും മുറി വാടക അടയ്ക്കുകയും ചെയ്ത് വരുന്നുണ്ട്. എന്നാൽ, ഇതിനോട് ചേർന്ന് ഷട്ടറിട്ട് അടച്ചിരിക്കുന്ന മൂന്നാമത്തെ കടമുറിയുടെ ഉൾവശത്ത് കൂടി തുറന്ന് ടിയാൻ ഒരു ഗോഡൗൺ ആയി ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഷട്ടർ അടച്ചിരിക്കുന്നതിനാൽ പുറമെ നിന്നും പെട്ടെന്ന് തിരിച്ചറിയാനാവാത്ത വിധമാണ് ഈ ക്രമീകരണം. മൂന്നാമത്തെ കടമുറിക്ക് ലൈസൻസ് എടുത്തിട്ടില്ല,വാടകയും അടയ്ക്കുന്നില്ല.

കോർപ്പറേഷൻ ഓഫീസിന് ചേർന്നുള്ള കടമുറികളുടെ അനധികൃത നടപടികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കണ്ട് പിടിക്കുവാൻ സത്വരശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-56-A കടമുറി ലൈസൻസ് വ്യവസ്ഥയിൽ നൽകൽ -സാമ്പത്തികനഷ്ടമുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഫയൽ നം.R7/29633/09

ശക്തൻസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 35ാം കടമുറി ഐ.ടി അക്കാദമിയായി പ്രവർത്തിച്ചു വരികേ വാടകക്കുടിശ്ശിക അടവാക്കാത്തതു കാരണം 8.7.19മുതൽ അടച്ചു പൂട്ടുകയുണ്ടായി. തുടർന്ന് 20.11.19,14.2.20 എന്നീ തീയതികളിൽ രണ്ടു പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും ആരും സമീപിക്കാത്തതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം(11/10.3.20) 23.10.20ന് ഓഫർ ക്ഷണിച്ചു. 10000 രൂപയ്ക്ക് സമർപ്പിച്ച ഓഫർ പരിഗണിക്കാതെ 4.2.21ലെ 29ാം നമ്പർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം ഡെപ്യൂട്ടിമേയറുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തുകയും കെട്ടിടത്തിൽ ലിഫ്റ്റിനുള്ള സൗകര്യമൊരുക്കേണ്ടതിനാൽ ടെക്നിക്കൽ റിപ്പോർട്ടിനായി നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ കെട്ടിടസംരക്ഷണസമിതി കോർഡിനേറ്ററുടെ റിപ്പോർട്ടിൽ ടി കെട്ടിടത്തിന്റെ അവസ്ഥ വളരെ

ശോചനീയമാണെന്നും കടമുറികളുടെ ടെറസ്സിൽ വെള്ളം കെട്ടിനിൽക്കുന്നതായും പല ഭാഗത്തും വാർത്തഭാഗങ്ങൾ അടർന്നു പോകുന്നതായും പരാമർശിച്ചതിനാൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന് ശേഷം മാത്രമേ ലിഫ്റ്റ് സ്ഥാപിക്കാനും വാടകക്കാരന് കൈമാറാനും ആവൂ എന്ന അവസ്ഥയാണുള്ളത്എന്ന് ചൂണ്ടിക്കാട്ടിയിരുന്നു.

8.7.19 വരെ മുൻവാടകക്കാർ വാടകക്കുടിശ്ശികയിനത്തിൽ കുടിശ്ശിക മുഴുവൻ അടവാക്കി യോയെന്നും കടമുറി പൂട്ടിയ സമയത്തോ ശേഷമോ കടമുറിയുടെ ശോചനീയാവസ്ഥ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലേയെന്നുംആയത് അവഗണിച്ചു കൊണ്ട് കടമുറി ഓഫറിന് വച്ചെന്നിരുന്നാലും എത്രയും വേഗം കടമുറി ഉപയോഗക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണമെന്താണെന്നും ഇക്കാര്യത്തിൽ നിലവിലെ അവസ്ഥയെന്താണെന്നും ആരാഞ്ഞ് കൊടുത്ത ഓഡിറ്റ് എൻക്വയറിക്ക്(73/9.6.22 ) 13.6.22ന് നൽകിയ മറുപടിയിൽ 8.7.19 വരെയുള്ള വാടക (165195രൂപ)റവന്യൂറിക്കവറിയിലൂടെ കക്ഷിയിൽ നിന്നും ഈടാക്കി 7.10.21 നഗരസഭാഫണ്ടിൽ അടവാക്കിയെന്നും കെട്ടിടസംരക്ഷണസമിതി കോർഡിനേറ്ററുടെ റിപ്പോർട്ടിൽ ടി കടമുറിയുടെ കാര്യം പ്രത്യേകമായി പറഞ്ഞിരുന്നില്ലെന്നും അതിനാൽത്തന്നെ കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് അറിവില്ലായിരുന്നെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന് അപാകതയില്ലെന്ന് കണ്ടതിനാൽ ലിഫ്റ്റ് സ്ഥാപിക്കാനും റീടെണ്ടർ വിളിക്കാനുമുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും 2തവണ ടെണ്ടർ വിളിച്ചെങ്കിലും ആരും കടമുറി ഏറ്റെടുത്തിട്ടില്ലെന്നും നിലവിൽ കടമുറി ഒഴിഞ്ഞു കിടക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 2019 മുതൽ അടഞ്ഞു കിടക്കുന്ന കടമുറി ലൈസൻസ് വ്യവസ്ഥയിൽ നൽകാൻ വൈകിയതിനാലും ഒഴിഞ്ഞു കിടക്കുന്നതു മൂലം വേണ്ടത്ര പരിചരണമില്ലാതെ നശിച്ചാൽ അറ്റകുറ്റപ്പണി നടത്തേണ്ടി വരാനിടയായാലും സാമ്പത്തികമായി കോർപ്പറേഷന് നഷ്ടം സംഭവിക്കാനിടയുണ്ട്.ഇപ്രകാരമുള്ള അപാകതകൾ മേലിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ടെണ്ടർ നടപടികൾ ഗുണപ്രദമാക്കാനുള്ള ശ്രമങ്ങൾ തുടരേണ്ടതുമാണ്.

## 1-57 കമ്മ്യൂണിറ്റി ഹാളുകളുടെ സൗജന്യാനുമതി - രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല (വിൽവട്ടം സോണൽ)

വിൽവട്ടം മേഖലാ കാര്യാലയത്തിലെ കമ്മ്യൂണിറ്റി ഹാളുകൾ മേയറുടെയോ ഡെപ്യൂട്ടി മേയറുടെയോ കൗൺസിലറുടെയോ ശുപാർശകളിന്മേൽ സൗജന്യമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഹാൾ ഉപയോഗിച്ച തീയതി/ ആവശ്യം | കമ്മ്യൂണിറ്റി ഹാളിന്റെ പേര് |
|---|---|---|
| 1 | 11.2.22/ മണലാറുകാവ് ഉത്സവം ബാലസംഘത്തിന് വിശ്രമിക്കുന്നതിന് | പെരിങ്ങാവ് കമ്മ്യൂണിറ്റി ഹാൾ |
| 2 | 24.2.22,25.2.22/ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിതരണം | പെരിങ്ങാവ് കമ്മ്യൂണിറ്റി ഹാൾ |
| 3 | 5.3.22/ ബേട്ടി ബചാവോ,ബേട്ടി പഠാവോ പദ്ധതി-പരിപാടി | പാണ്ടിക്കാവ്,വിയ്യൂർ കമ്മ്യൂണിറ്റി ഹാൾ |
| 4 | 19.2.22,21.2.22/ വനിത ശിശു വികസന പദ്ധതി തല യോഗം | പാണ്ടിക്കാവ് കമ്മ്യൂണിറ്റി ഹാൾ |
| 5 | 22.2.22/ ആർടിപിസിആർ ടെസ്റ്റ് | പെരിങ്ങാവ് കമ്മ്യൂണിറ്റി ഹാൾ |

സൗജന്യമായോ അല്ലെങ്കിലോ മേഖലയുടെ അധീനതയിലുള്ള ഹാളുകൾ അനുവദിക്കുമ്പോൾ, അത് ഏറ്റെടുക്കുന്ന ആളുടെ പൂർണ്ണ വിലാസം, എന്താവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നു, ഉപയോഗകാലയളവ് എന്നീ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ആരാണ് താക്കോൽ കൈപറ്റിയത് എന്നും തിരിച്ച് നൽകിയ സമയവും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഹാളുകൾ കുറ്റമറ്റ രീതിയിൽ ഉപയോഗിച്ച് താക്കോൽ തിരിച്ചേൽപ്പിക്കുന്നുവെന്ന് പരിശോധിക്കപ്പെടേണ്ടതുമാണ്.

## 1-57-A ഹാൾ ഉപയോഗത്തിന് കറന്റ് ചാർജ്ജ് ഈടാക്കിയില്ല.

വിൽവട്ടം മേഖലാ കാര്യാലയ പരിധിയിലുള്ള (ഡിവിഷൻ6) എസ്ജെ കോളനിയിൽ രണ്ട് നിലകളുള്ള കമ്മ്യൂണിറ്റി ഹാളിന് വാടക 1000/- രൂപ, വൈദ്യുതി ചാർജ്ജ് 500/-രൂപ,സെക്യൂരിറ്റി ഡെപ്പോസിറ്റായി

1000/-രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. 3.6.2017ലെ 69ാം നം. കൗൺസിൽ തീരുമാനത്തിൽ ഇത് അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ, ഹാൾ ഉപയോഗിച്ചവരിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കി കാണുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| വിലാസം | ഉപയോഗിച്ച തീയതി | അടച്ച സംഖ്യ എസ്ഡി,വാടക+ ജിഎസ് ടി | കുറവ് അടച്ചത് |
|---|---|---|---|
| കുറുപ്പംവീട്ടിൽ റസാക്ക് മകൻ റഫീക്ക് കുറിച്ചിക്കര | 29.11.21 | എസ്ഡി- 1000/- ഡിഡിനം. 789076/23.11.21 1000+180 =1180 രശീത് നം. 121010106782 | 500 |
| കണിയത്ത വേണു പാട്ടൂക്കാട് | 18.2.22 | എസ്ഡി- 1000/- ഡിഡിനം. 260743/22.2.22 1000+180 =1180 രശീത് നം. 121010109855 | 500 |

മേല്പറഞ്ഞ രണ്ട് കേസുകളിലും കോർപ്പറേഷൻ കൗൺസിൽ നിശ്ചയിച്ച് തീരുമാനിച്ച വാടക നിരക്ക് പൂർണ്ണമായും വാങ്ങിയിട്ടില്ല. കുറവ് തുക 1000/- രൂപ കോർപ്പറേഷൻ ഖജനാവിലേക്ക് അടവാക്കേണ്ടതാണ്. സമാന കേസുകളിൽ എല്ലാം തന്നെ ഇതേ നടപടി കൈകൊള്ളേണ്ടതാണ്.

## 1-58 ഹാൾ വാടക കുറവ് നിർണ്ണയിച്ചിരിക്കുന്നു

ഫയൽ നം.-- AYL/R4/5170/19

അയ്യന്തോൾ മേഖലാകാര്യാലയത്തിന്റെ കീഴിലുള്ള പ്രിയദർശിനി ഹാളിന്റെ ( ഇ.കെ.മേനോൻ മന്ദിരം) വാടക ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 30.11.2019 ലെ 1ാം നമ്പർ തീരുമാനപ്രകാരം 5000 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് 1000 രൂപയുമായി നിർണ്ണയിച്ചു. ഭരണസമിതിയുടെ 19.10.2020 ലെ 54ാം നമ്പർ തീരുമാനപ്രകാരം വാടകയും ബൈലോയും അംഗീകരിച്ചു.

പഴയ സോണൽ ഓഫീസിന് സമീപമുണ്ടായിരുന്ന പ്രിയദർശിനി ഹാൾ കെട്ടിടത്തിന്റെ കാലപ്പഴക്കം മൂലം വാടകക്ക് നൽകിയിരുന്നില്ല. പഴയകെട്ടിടത്തിന്റെ വാടക 6000+1000 ആയിരുന്നു. 09.11.2019 ന് ഉദ്ഘാടനം ചെയ്ത പുതിയ കെട്ടിടത്തിന് പഴയഹാളിനേക്കാൾ കുറഞ്ഞ നിരക്കാണ് വാടക നിശ്ചയിച്ചിട്ടുള്ളത്.

ഹാൾ നിർമ്മാണത്തിലെ അപാകതകൾ

1. പ്രത്യേക പ്രവേശനം ഇല്ല. സോണൽ ഓഫീസിന് ഉള്ളിലൂടെയോ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഉള്ളിലൂടെയോ മാത്രമാണ് പ്രവേശനമുള്ളത്.

2. മാലിന്യനിർമ്മാർജ്ജനത്തിന് സൌകര്യങ്ങൾ ഇല്ല.

3. വേണ്ടത്ര ഡൈനിംഗ് --വാഷിംഗ് സൌകര്യങ്ങൾ ഇല്ല.

ഓഡിറ്റ് എൻക്വയറി (14/25.5.2022) നൽകിയതിന് ഹാളിന്റെ വാടക വർഷാവർഷം വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ ബൈലോയിൽ ഉൾപ്പെടുത്ത് നഗരസഭാകൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഹാൾ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ മൂലം പഴയ ഹാളിനേക്കാൾ കുറഞ്ഞ വാടക നിരക്ക് നിർണ്ണയിക്കേണ്ടിവന്നു. ഇത് സ്ഥാപനത്തിന്റെ വരവിൽ കുറവ് ഉണ്ടാക്കുന്നു.അപാകതകൾ പരിഹരിക്കുന്നതിനും കൂടുതൽ വാടക നിർണ്ണയിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-59 ഡി & ഒ ലൈസൻസ് - അപാകതകൾ

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കുമുള്ള പുതിയ ലൈസൻസ് നൽകൽ, ലൈസൻസ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിൽ പരിശോധനാ വേളയിൽ ഉത്തരവാദപ്പെട്ട ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പുതിയ ലൈസൻസിനും ലൈസൻസ് പുതുക്കലിനുമായി കാര്യാലയത്തിൽ ലഭിച്ച അപേക്ഷകൾ, തൻപതിവേട് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.19/06.05.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും നാമമാത്രമായ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്. തൻപതിവേട് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നോ അതിൽ നടപടി എടുത്തത് എത്രയെന്നോ ഉള്ള വിവരം ലഭ്യമായില്ല.

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കുമുള്ള നിയന്ത്രണാധികാര സ്ഥാപനമായ തദ്ദേശഭരണസ്ഥാപനം, അതിന്റെ ഇത്തരത്തിലുള്ള അധികാരം ഉപയോഗിക്കുന്നത് അധികാരപ്പെട്ട ഉദ്യോഗസ്ഥരിലൂടെയും തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളിലൂടെയുമാകയാൽ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ ഇത്തരം നിരുത്തരവാദപരമായ സമീപനം മുനിസിപ്പൽ ഫണ്ടിന്റെ ശോഷണത്തിനും കോർപ്പറേഷന് നിയമം മൂലം നൽകപ്പെട്ട നിയന്ത്രണാധികാരത്തിന്റെ ശരിയായ പ്രയോഗത്തിനും വിഘാതമാകുമെന്നതിനാൽ അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-60 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- അപാകതകൾ

സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല .

ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന കളക്ഷൻ റിപ്പോർട്ടാണ് രജിസ്റ്റർ ആയി സൂക്ഷിച്ച് വരുന്നത്.ആയതിനാൽ തന്നെ ഡിമാന്റ് കളക്ഷൻ ബാലൻസ് സംക്ഷിപ്തം ചേർത്തിട്ടില്ല. ഇത്തരത്തിൽ സ്ഥാപനത്തിന്റെ വരവ് പ്രതിഫലിപ്പിക്കാൻ സാധിക്കാത്ത രീതിയിലാണ് രജിസ്റ്റർ പരിപാലിച്ച് വരുന്നത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കാതെ, തൻവർഷത്തെ കളക്ഷൻ മാത്രം രേഖപ്പെടുത്തിയ രജിസ്റ്റർ അപൂർണ്ണമായിരിക്കെ തൃശ്ശൂർ കോർപ്പറേഷന്റെ 2020-21 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സിലെ മേലിനത്തിലെ വരവ് തുകകളിലെ കൃത്യത ഉറപ്പാക്കാൻ സാധിക്കാതെ വരുന്നു.

എല്ലാ ലൈസൻസുകളും യഥാസമയം പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള മുനിസിപ്പാലിറ്റി ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ് പുതുക്കേണ്ടതാണ്. നിലവിലുള്ള ലൈസൻസികൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല. അതാത് വർഷം പുതുക്കുവാൻ വരുന്ന ലൈസൻസികളെയും പുതിയ ലൈസൻസികളെയും ഉൾപ്പെടുത്തിയിട്ടുള്ള കളക്ഷൻ രജിസ്റ്ററാണ് സൂക്ഷിക്കുന്നത് .മുൻവർഷം ലൈസൻസ് എടുത്ത എല്ലാസ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കുന്നു എന്ന് ഒത്തുനോക്കുന്നതിനായി ഓരോ ഡിവിഷനുകളിലും ഉള്ള ലൈസൻസികളുടെ ഒരു പ്രമാണ രജിസ്റ്റർ സർക്കിൾ ഓഫീസുകളിലോ കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിലോ സൂക്ഷിച്ച് കാണുന്നില്ല.
മേലപാകതകൾ പരിഹരിയ്ക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-61 ഒല്ലൂർ മേഖലാ കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ

ഒല്ലൂർ മേഖല കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ്, കളക്ഷൻ എന്നിവയുടെ ഡിവിഷനടിസ്ഥാനത്തിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.സഞ്ജയ കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത പ്രിന്റഡ് ഡിമാന്റ് ലിസ്റ്റ് ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.അതിൽ കളക്ഷൻ സംബന്ധിച്ച രസീത് വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിട്ടില്ലാതിനാൽ ഡി & ഒ ലൈസൻസ് വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതും,വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കി സൂക്ഷക്കേണ്ടതുമാണ്.

2.വർഷാന്ത്യ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3.പുതിയ അപേക്ഷകർ നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും,മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം പുതിയ ലൈസൻസിന് വേണ്ടിയുള്ള അപേക്ഷകളിൽ പ്രതീക്ഷിത വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും ആയതിനനുസരിച്ച് ഫീസ്

നിശ്ചയിച്ചിയിക്കേണ്ടതുമാണ്.

4.അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കാവുന്നത് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ നിശ്ചിത മാതൃകയിലുള്ള പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളവിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, നഗരസഭയ്ക്ക് നല്കേണ്ടതായ വസ്തുനികുതി, തൊഴിൽ നികുതി അടച്ചിട്ടുണ്ടോ, ഖര ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല.

5.സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ അപേക്ഷകൾ,രജിസ്റ്റർ എന്നിവയിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും (ഡിവിഷൻ,ഡി & ഒ ലൈസൻസ്,തൊഴിൽ നികുതി തുടങ്ങിയവ സംബന്ധിച്ച) രേഖപ്പെടുത്തി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം7/2020-2021തിയതി -25/05/2022) നല്കിയിരുന്നു.മേൽ അപാകതകൾക്ക് ആവശ്യമായ മാറ്റങ്ങൾ നിലവിൽ വരുത്താം എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.സ്ഥാപനത്തിന്റെ വരുമാനസ്രോതസ്സിൽ നിന്നുള്ള ചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

## 1-62 ഒല്ലൂക്കര മേഖല കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് പരിശോധിച്ചതിൽ കണ്ട അപാകതകൾ

ഒല്ലൂക്കര മേഖല കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതാണ്.

2. 2019-20ൽ ഡി & ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളും 2020-21ൽ പുതുക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ഡിവിഷൻ | സ്ഥാപനം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 826/8 | ത്രീ ആപ്പിൾസ് | സ്മിത പോൾ |
| 2 | 785/A | ലീല സ്റ്റുഡിയോ | ലിജിഷ് |
| 3 | 815/7 | ഐശ്വര്യ ട്രേഡേഴ്സ് | ഹസീന അബൂബക്കർ |
| 4 | 449/7 | ലേഡിയോ റെഡിമെയ്ഡ് | സാഹില |
| 5 | 638 | കെസ്സ് സെന്റർ | ജോർജ്ജ്.പി.ടി. |

3. പുതിയ അപേക്ഷകർ നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. 2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം വ്യാപാരം, തൊഴിൽ, കച്ചവട സ്ഥാപനം എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയുംസുതാര്യമായ മാനദണ്ഡപ്രകാരംഎ,ബി,സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1ഉം, 2ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. വാർഷിക വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം ഓരോ വ്യാപാരങ്ങൾക്കും ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. പുതിയ ലൈസൻസ് അനുവദിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിലൊന്നും തന്നെഅപേക്ഷകർ പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. ആയത് കണക്കാക്കാതെയാണ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അപേക്ഷകളിൽ ഷെഡ്യൂൾ നമ്പർ രേഖപ്പെടുത്തി, ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. അപേക്ഷകളിൽ വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്താതിനാൽ ലൈസൻസ് ഫീസ് കണക്കാക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കാവുന്നത് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ നിശ്ചിത മാതൃകയിലുള്ള പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, നഗരസഭയ്ക്ക് നല്കേണ്ടതായ വസ്തുനികുതി, തൊഴിൽ നികുതി അടച്ചിട്ടുണ്ടോ, ഖര ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന

രീതിഉടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല.

5. ഡി & ഒ രജിസ്റ്റർ സർക്കിൾ അടിസ്ഥാനത്തിലും സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററുകൾ ഡിവിഷനുകളുടെ അടിസ്ഥാനത്തിലുമാണ് പരിപാലിക്കുന്നത്. ആയതിനാൽ ഈ രജിസ്റ്ററുകൾ ഒത്തുനോക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു. ഡി & ഒ രജിസ്റ്ററുകളും, തൊഴിൽ നികുതി രജിസ്റ്ററുകളും ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ പരിപാലിക്കേണ്ടതാണ്.

6. ഡി & ഒ ലൈൻസ് വരവ് തുകയുടെ വർഷാന്ത്യ ഡി.സി.ബി. സംക്ഷിതം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.4/2020-21 തീയതി : 7.5.22) നല്കിയിരുന്നു.നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താമെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.മേൽ പറഞ്ഞ അപാകതകളിൽ പലതും മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണെങ്കിലും കാതലായ മാറ്റങ്ങൾ വരുത്തി കാണുന്നില്ല.

## 1-63 വരവിനങ്ങളുടെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല

അയ്യന്തോൾ മേഖലാ കാര്യാലയത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വിവിധ വരവിനങ്ങളുടെ കളക്ഷൻ രജിസ്റ്ററുകൾ പരിശോധിച്ചെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ അക്കൗണ്ട് വൈസ് കൺസോളിഡേഷൻ പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

അപാകതകൾ

1. വരവിനങ്ങളുടെ കളക്ഷൻ രജിസ്റ്ററുകളിൽ ഡി സിബി സംക്ഷിപ്തം തയ്യാറാക്കി സ്ഥാപനമേധാവി ഒപ്പുവക്കുന്നില്ല.

ഉദാ-- തൊഴിൽ നികുതി,വസ്തുനികുതി,ഡി ആന്റ് ഒ രജിസ്റ്റർ എന്നീ രജിസ്റ്ററുകളിൽ ഡിസിബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

2. റോഡ് കട്ടിംഗ് ചാർജ് ഇനത്തിലുള്ള വരവ് രജിസ്റ്റർ പ്രകാരവും അക്കൌണ്ട് വൈസ് കൺസോളിഡേഷൻ പ്രകാരമുള്ള വരവും വ്യത്യസ്തപ്പെട്ടിരിക്കുന്നു.

രജിസ്റ്റർ പ്രകാരമുള്ള വരവ് -- 256366

കൺസോളിഡേഷൻ പ്രകാരമുള്ള വരവ് -- 70511

ഈയിനത്തിലുള്ള ബാക്കി വരവ് ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമല്ല.

3. പെർമിറ്റ് ഫീ ഇനത്തിൽ കൺസോളിഡേഷൻ പ്രകാരം വരവ് ഒന്നും ഇല്ല. Other Fees For Grant Of Permit എന്ന ഇനത്തിൽ 1001775 രൂപ വരവ് ചേർത്തിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഈയിനത്തിൽ ഏതെല്ലാം ഉൾപ്പെടുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കിയിട്ടില്ല.

അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/25.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

എല്ലാ വരവുകളും യഥാസമയം അതാത് ഹെഡുകളിൽ ഉൾപ്പെടുത്തി വരവ് വക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-64 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് FATEAOS ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

1994ലെ മുനിസിപ്പാലിറ്റി നിയമം സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടം 314എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും സ്ഥാപനം എന്തെങ്കിലും സേവനം നൽകുന്നുവെങ്കിൽ ആ സേവനങ്ങൾക്ക് വേണ്ടി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വാർഷിക ഫീസ് ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വിൽവട്ടം മേഖലാ കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ പ്രകാരം 26പാരാമെഡിക്കൽ സ്ഥാപനങ്ങൾപ്രവർത്തിച്ചു വരുന്നു.ഇവയിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഈടാക്കിയ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(6/5.5.22) 6.5.22ന് നൽകിയ മറുപടിയിൽആകെ രണ്ട് സ്ഥാപനങ്ങൾ 2020-21 വർഷത്തിൽ ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളതായും ബാക്കി സ്ഥാപനങ്ങളിൽ നിന്നും അടവാക്കിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-65 പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEAOS ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച്

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ പട്ടിക I, പട്ടിക II പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ലബോറട്ടറികൾ/ ക്ലിനിക്ക് എന്നിവ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ

)ചട്ടങ്ങൾ,ചട്ടം 3 പ്രകാരം 2020-21 വർഷം രജിസ്ട്രേഷൻ എടുത്തിട്ടുള്ള പല പാരാമെഡിക്കൽ സ്ഥാപനങ്ങളും FATEAOS ലൈസൻസ് എടുത്തതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | X | ഡോ.സുജിത.എസ്.ജി | സാൻയു ആയുർവേദ &പഞ്ചകർമ്മ ക്ലിനിക്ക്,ചിയ്യാരം |
| 2 | IV | ഷഹാന.ഇ.എ | ഓറ ഡയഗ്നോറ്റിക് സെന്റർ,നെട്ടുപുഴ |
| 3 | IV | ഡോ.സി.ജെ.നീതു | മരിയ ഡെന്റൽ ക്ലിനിക്ക്,കുരിയച്ചിറ |
| 4 | VII | റിജോ ജോസഫ് | എം.എസ്. മെഡിക്കൽ ലബോറട്ടറി |
| 5 | VII | ഡോ.ജിന്നി .എ.ജെ | മറിയം ത്രേസ്യ ഹോമിയോ മെഡിക്കൽസെന്റർ |
| 6 | VI | ഡോ.ഇഗ്നേഷ്യസ്.എൻ.എ | നടക്കാവ്കാരൻ ഹൈടെക്ക് ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ |
| 7 | XI | ലിനി ബാബു | മദർ ഹൈടെക്ക് ലബോറട്ടറി |
| 8 | IX | കനകവല്ലി പ്രതാപൻ | ആരോഗ്യധാര ആയുർവേദ ഹോസ്പിറ്റൽ |
| 9 | VI | ഡോ.ലീസൺ ജോൺ | പ്രിസ്റ്റൈൻ ഡെന്റിസ്ട്രി |
| 10 | I | പ്രശാന്ത് .ടി.ജെ | അശ്വതി കമ്പ്യൂട്ടറൈസ്ഡ് ലാബ് &ഇ.സി.ജി |

06.05.22 ലെ ഓഡിറ്റ് എൻക്വയറി നം. 21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. സമാന രീതിയിൽ രജിസ്ട്രേഷൻ എടുക്കുകയും FATEAOS ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-66 കൂർക്കഞ്ചേരി മേഖലാ കാര്യാലയം സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടത് സംബന്ധിച്ച്

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ 2020-21 ലെ FATEAOS ലൈസൻസ് കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ ഉൾപ്പെടുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടവാക്കിയതായി കാണുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ 06.05.22 ലെ ഓഡിറ്റ് അന്വേഷണം നം.22 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെയാണോ/പുതുക്കായതെയാണോ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുവാൻ സാധ്യമായില്ല.

| ക്രമ നം. | വാർഡ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | I | ശ്രീ,കൃഷ്ണൻ.വി.യു | ഗാന്ധിജി യോഗ പ്രകൃതി ചികിത്സ കേന്ദ്രം |
| 2 | I | ഡോ.ശ്രീരാജ്.എം.എസ് | സായ്ശ്രീ പഞ്ചകർമ്മ ആയുർവേദ റിസർച്ച് സെന്റർ & മദർ ഇന്ത്യ ഫാർമസ്യൂട്ടിക്കൽസ് |
| 3 | I | ശ്രീ.സുമേഷ് കുമാർ.പി.എസ് | സൺ ഹോമിയോ |
| 4 | I | ശ്രീ.ജേക്കബ്.പി.എം | ലൂമാൻ സ്പെഷ്യാലിറ്റീസ് |
| 5 | I | ശ്രീമതി.ഇന്ദിര.എ.എസ് | വൈദ്യരത്നം ഔഷധശാല |

| | | | |
|---|---|---|---|
| 6 | III | ശ്രീമതി.സിസ്ഡു.ടി.വി | അഭയ ആയുർവേദ ക്ലിനിക്ക് |

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ) ചട്ടങ്ങൾ , ചട്ടം -3, ഉപചട്ടം 6പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളുടെയും / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ 2-ാം നമ്പർ ഫോറത്തിൽ രേഖപ്പെടുത്തേണ്ടതും രജിസ്ട്രേഷൻ പുതുക്കുന്ന വേളയിൽ മേൽ പ്രകാരം സൂക്ഷിച്ചിട്ടുള്ള 2-ാം നമ്പർ ഫോറത്തിൽ പുതുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ചേർക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ രജിസ്ട്രേഷൻ എടുക്കാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ സാധ്യമാകാതെ വരുന്നു. കൃത്യമായി രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 314 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-67 കെട്ടിട നിർമ്മാണ രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും നടപടികൾ കൈകൊള്ളുന്നതിനും കൂടുതൽ വ്യക്തതയും സുതാര്യതയും ഉണ്ടാകുന്നതിനായി സർക്കാർ 24136/ആർ.എ1/2007/തസ്വഭവ തിയതി .20.06.2007 ,12900/ആർ.എ1/2015/തസ്വഭവ തി.2.12.2015 നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം പെർമിറ്റ് ഫീ അടയ്ക്കുന്ന മുറയ്ക്ക് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

കുർക്കഞ്ചേരി മേഖലാകാര്യാലയത്തിൽ പരിപാലിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്തിയിട്ടില്ല. തറവിസ്തീർണ്ണാനുപാതം, പെർമിറ്റ് ഫീ, ഫയൽ കൈമാറുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന കോളങ്ങൾ എന്നിവയിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. ചില അപേക്ഷകളുടെ പെർമിറ്റ് ഫീ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) |
|---|---|---|---|
| 1 | KKY/BA/01/20-21 | വാണിജ്യം/ വാസഗൃഹം | 77.75 |
| 2 | KKY/BA/03/20-21 | വാസഗൃഹം | 155.86 |
| 3 | KKY/BA/04/20-21 | വാസഗൃഹം | 117.61 |
| 4 | KKY/BA/07/20-21 | വാണിജ്യം | 656 |
| 5 | KKY/BA/05/20-21 | വാസഗൃഹം | 126.08 |
| 6 | KKY/BA/21/20-21 | ഷെഡ് | 85.14 |
| 7 | KKY/BA/23/20-21 | വാസഗൃഹം | 192.64 |
| 8 | KKY/BA /26/20-21 | ഡെവലപ്പ്മെന്റ് | - |
| 9 | KKY/BA/45/20-21 | വാസഗൃഹം/ ഓഫീസ് | 134.72 |
| 10 | KKY/BA/64/20-21 | ഡെവലപ്പ്മെന്റ് | 2122.75 |
| 11 | KKY/BA/298/20-21 | വാസഗൃഹം | 375.57 |
| 12 | KKY/BA/277/20-21 | വാണിജ്യം | 195 |

മേൽ കെട്ടിടങ്ങളിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയെന്നോ ആയത് കൃത്യമാണോയെന്നുള്ള വിവരം പരിശോധിക്കുന്നതിന് ഉതകുന്ന രീതിക്കല്ല കെട്ടിട നിർമ്മാണ രജിസ്റ്റർ പരിപാലിച്ചിരിക്കുന്നത്. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്ററിലും മിക്ക കെട്ടിടങ്ങളുടേയും റഗുലറൈസേഷൻ ഫീ ഈടാക്കിയ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ തന്നെ റെഗുലറൈസേഷൻ ഫീ ഈടാക്കിയെന്നോ ആയത് കൃത്യമാണോയെന്ന് രജിസ്റ്റർ പ്രകാരം പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടെങ്കിൽ രജിസ്റ്ററിൽ കാരണം വ്യക്തമാക്കിയിരിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചില അപേക്ഷകൾ സ്വീകരിച്ച തിയതി മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. തുടർ നടപടി വിവരം ചേർക്കാത്ത അപേക്ഷകളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|---|---|
| കുർക്കഞ്ചേരി മേഖലകാര്യാലയം | | | | |
| 1 | KKY/BA /52/20-21 | വാണിജ്യം/ വാസഗൃഹം | 617.38 | 19.08.2020 |
| 2 | KKY/BA /82/20-21 | വാണിജ്യം | 258.04 | 17.09.2020 |
| 3 | KKY/BA /130/2021 | ഹോസ്പിറ്റൽ | 3114.93 | 2.11.2020 |
| 4 | KKY/BA /159/20-21 | പ്ലോട്ട് ഡിവിഷൻ | 1192 | 21.12.2020 |
| 5 | KKY/BA /197/20-21 | വാണിജ്യം/വാസഗൃഹം | 359.81 | 13.01.2020 |
| അയ്യന്തോൾ മേഖലാകാര്യാലയം | | | | |
| 1 | AYL/BA /432/20-21 | വാണിജ്യം | 827.86 | 4.03.2021 |
| 2 | AYL/BA /390/20-21 | വാണിജ്യം | 2045.13 | 17.02.2021 |
| 3 | AYL/BA /347/20-21 | വിദ്യാഭ്യാസം | 2490.85 | 29.01.2021 |
| 4 | AYL/BA /444/20-21 | ഓഡിറ്റോറിയം | 112.56 | 21.03.2021 |
| 5 | AYL/BA /480/20-21 | വാണിജ്യം/വാസഗൃഹം | 2652.11 | 31.03.2021 |
| 6 | AYL/BA /266/20-21 | വിദ്യാഭ്യാസം | 5043.82 | 26.12.2020 |
| 7 | AYL/BA /254/20-21 | വിദ്യാഭ്യാസം | 1233.91 | 15.12.2020 |
| 8 | AYL/BA /220/20-21 | വാണിജ്യം | 602.97 | 27.11.2020 |

കെട്ടിടം റഗുലറൈസേഷൻ രജിസ്റ്ററിലും ഇപ്രകാരമുള്ള അപാകത കാണുന്നു. അപേക്ഷ ലഭിച്ചിട്ടും തുടർ നടപടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി താഴെ പറയുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|---|---|
| കുർക്കഞ്ചേരി മേഖലാകാര്യാലയം | | | | |
| 1 | REG/KKY/BA/02/20-21 | വാസഗൃഹം | 219.86 | 05.05.2020 |

| | | | | |
|---|---|---|---|---|
| 2 | REG/KKY/BA/21/20-21 | വാണിജ്യം/വാസഗൃഹം | 549.45 | 11.08.2020 |
| 3 | REG/KKY/BA/35 /20-21 | വാസഗൃഹം | 211.58 | 23.09.2020 |
| 4 | REG/KKY/BA/43/20-21 | വാണിജ്യം | 115.13 | 15.10.2020 |
| അയ്യന്തോൾ മേഖലാകാര്യാലയം | | | | |
| 1 | AYL/BA/447/20-21 | വാസഗൃഹം | 204.38 | 21.03.2021 |
| 2 | AYL/BA/430/20-21 | വാണിജ്യം | 493.11 | 1.03.2021 |
| 3 | AYL/BA/414/20-21 | വാസഗൃഹം | 109.47 | 23.02.2021 |
| 4 | AYL/BA/352/20-21 | വാണിജ്യം | 173.34 | 29.01.2021 |
| 5 | AYL/BA/314/20-21 | ഓഫീസ് | 252.36 | 23.01.2021 |
| 6 | AYL/BA/265/20-21 | വിദ്യാഭ്യാസം | 48533 | 26.12.2020 |

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലേയും നടപടികൾ കൈകൊള്ളുന്നതിലേയും സുതാര്യത ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-68 ബിൽഡിംഗ് പെർമ്മിറ്റ് നൽകിയതിലെ അപാകത

തൃശ്ശൂർ കോർപ്പറേഷൻ ചെമ്പൂക്കാവ് വില്ലേജ് 35-ാം ഡിവിഷനിൽ ശ്രീ.വിൽസൻ & ജോയ് എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1204.86 $M^2$ Built Up Area വരുന്ന കൊമേഴ്സ്യൽ കെട്ടിടം പണികഴിപ്പിക്കുന്നതിന് 10.12.2021 തിയതിയിൽ നഗരസഭ DW3/BA/461/20-21 നമ്പറായി കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുണ്ട്. നൽകിയിരിക്കുന്ന പെർമിറ്റിലേയും അംഗീകൃത പ്ലാനിലേയും പാർക്കിംഗ് ഏരിയ രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. മേൽ കെട്ടിട നിർമ്മാണാനുമതി പ്രകാരം താഴെ പറയുന്ന പാർക്കിംഗ് ഏരിയക്കാണ് അനുമതി നൽകിയിരിക്കുന്നത്.

കാർ പാർക്കിംഗ്- 4 എണ്ണം

ടൂ വീലർ പാർക്കിംഗ്-19.27 $M^2$

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 29 അനുസരിച്ച് കാർ പാർക്കിംഗ്- 10+1എണ്ണം, ടൂ വീലർ പാർക്കിംഗ്-45$m^2$ എന്നിങ്ങനെ ഉണ്ടാകേണ്ടതാണ്. അംഗീകരിച്ച പ്ലാൻ പ്രകാരവും, ഓഫീസ് കുറിപ്പ് പ്രകാരവും കാർ പാർക്കിംഗ്- 12എണ്ണം, ടൂ വീലർ പാർക്കിംഗ്-45 $M^2$ നൽകിയിട്ടുണ്ടെങ്കിലും നൽകിയിരിക്കുന്ന പെർമിറ്റിൽ പാർക്കിംഗ് ഏരിയ കുറവായിട്ടാണ് കാണിച്ചിരിക്കുന്നത്. ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരു അംഗീകാരവും തുടർന്നുള്ള നിർമ്മാണങ്ങളിൽ പ്രശ്നങ്ങൾക്കു കാരണമാകുന്നതാണ്. അപാകത പരിഹരിക്കേണ്ടതും ചട്ടങ്ങൾക്ക് വിധേയമായി പെർമിറ്റിന് അംഗീകാരം നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-69 സമയ പരിധി കഴിഞ്ഞ പെർമിറ്റ് പുതുക്കിയില്ല- നടപടി ഉണ്ടായില്ല.

ഫയൽ നമ്പർ DW3/BA/334/16-17

തൃശ്ശൂർ നഗരസഭ ചിയ്യാരം വില്ലേജ് 78/1 സർവ്വെ നമ്പറിൽ വരുന്ന 415 M2 സ്ഥലത്ത് 631 M2 വാസഗൃഹം പണിയുന്നതിന് 7.12.2016 ന് നഗരസഭ DW3/BA/334/16-17 നമ്പറായി നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ്. കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു തരണമെന്നപേക്ഷിച്ച് കെട്ടിട ഉടമ 25.10.2019 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം പൂർത്തീകരണ തിയതി 20.10.2019 നാണ്. നിർമ്മാണ പ്രവൃത്തികൾ മുഴുവനായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം പൂർത്തീകരിച്ച് അപേക്ഷ സമർപ്പിക്കുവാൻ കക്ഷിക്ക് അറിയിപ്പ് നൽകാവുന്നതാണെന്ന് 11.11.2019 ന് ഓവർസീയർ റിപ്പോർട്ട് നൽകിയിരിക്കുന്നു. എന്നാൽ ഫയൽ പ്രകാരം കക്ഷിക്ക് അറിയിപ്പ് നൽകിയിരിക്കുന്നത് 27.04.2020 നാണ്. പണിപൂർത്തീകരിച്ചതായി അറിയിച്ച് 1.02.2021 ന് ഉടമ വീണ്ടും അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് 5.03.2021 ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയുണ്ടായി.

DW3/BA/334/16-17 തി. 7.12.2016 ന് അനുവദിച്ച് നൽകിയ കെട്ടിട നിർമ്മാണാനുമതിയുടെ കാലാവധി 29.11.2019 ന് അവസാനിച്ചിട്ടുള്ളതാണ്. ഈ കാലയളവിൽ പണിപൂർത്തിയാക്കാത്ത കെട്ടിടത്തിന്റെ പെർമിറ്റ് പുതുക്കുകയുണ്ടായില്ല. കാലാവധി കഴിഞ്ഞ പെർമിറ്റുകൾ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ

ചട്ടങ്ങൾ ചട്ടം 15Aപ്രകാരം പുതുക്കേണ്ടതാണ്. എന്നാൽ കെട്ടിട നിർമ്മാണാനുമതി പുതുക്കുന്നതിന് നഗരസഭ അറിയിപ്പ് നൽകുകയോ ഫീ ഈടാക്കുകയോ ചെയ്തില്ല.

അറിയിപ്പ് നൽകുന്നതിനുണ്ടായ കാലതാമസത്തിനും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാത്തതിനും കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല. ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭ്യമാകുമായിരുന്ന പെർമിറ്റ് ഫീ നഷ്ടമാക്കി.

(ഓഡിറ്റ് അന്വേഷണം നം: 81തിയ്യതി: 18.06.2022)

## 1-70 കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ചുമത്തിയ നികുതി ഉറപ്പാക്കാതെ കെട്ടിടം റഗുലറൈസ് ചെയ്ത് ഒക്യുപൻസി അനുവദിച്ചു.ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 9,16,372/-രൂപ അടവാക്കി

ഫയൽ നം REG/KKY/BA/18/18-19

തൃശ്ശൂർ നഗരസഭ കൂർക്കഞ്ചേരി മേഖലാകാര്യാലയം ചിയ്യാരം വില്ലേജ് സർവ്വെ നമ്പർ 306/2 ൽ ഉൾപ്പെട്ട 648 M2 സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 902.54 M2 G+3 കൊമേഴ്സ്യൽ കെട്ടിടം ക്രമവൽക്കരിച്ച് 18.03.2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ ഒക്യുപൻസി അനുവദിച്ച് നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണമായി കണക്കാക്കിയിരുന്ന ഈ കെട്ടിടത്തിന് യു.എ നമ്പർ നൽകി ( 33/771/1/UA) നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. യു.എ രജിസ്റ്റർ പ്രകാരം 956.72 M2 ൽ നിർമ്മിച്ചിരുന്ന ഈ കെട്ടിടത്തിന് 1.04.2020 പ്രാബല്യത്തിൽ 4,73,576/-+LC+SC ഉൾപ്പെടെ 5,44,613/- രൂപ യു.എ ടാക്സായി നിർണ്ണയിച്ചിട്ടുമുണ്ട്. റവന്യൂ ഫയൽ KKY/R3 /6326/21 പ്രകാരം 19.07.2021 ന് 2020-21, 2021-22 (ഒന്നാം അർദ്ധവർഷം) സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുമുണ്ട്. തുടർന്ന് നികുതി അടവാക്കണമെന്ന് ആവശ്യപ്പെട്ട് 21.12.2021 ന് റവന്യൂ വിഭാഗം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും കെട്ടിട ഉടമ നികുതി അടവാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ചുമത്തിയ നികുതി ഒടുക്കാത്തതിനാൽ കെട്ടിടത്തിന് റഗുലർ നമ്പർ നൽകി നിയമപ്രകാരമുള്ള നികുതി നിർണ്ണയിച്ചിട്ടില്ലാത്തതാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം (92) അനുസരിച്ച് ഒരു കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അധികാരം ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദത്വത്തിൽ നിന്നും കെട്ടിട ഉടമയെ വിമുക്തനാക്കുന്നില്ലായെന്നിരിക്കെ നികുതി ഉറപ്പാക്കാതെ കെട്ടിടം ക്രമവൽക്കരിച്ച് ഒക്യുപൻസി അനുവദിച്ചു നൽകുകയാണുണ്ടായിട്ടുള്ളത്.

കൂർക്കഞ്ചേരി മേഖലാകാര്യാലയം ഓവർസീയർമാരുമായി 7.05.2022 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ നമ്പർ അനുവദിക്കാത്ത ഈ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നയായും ഈ കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

സ്ഥലപരിശോധന തീയതിയിൽ കെട്ടിടത്തിന്റെ ഷീറ്റ് മേഞ്ഞ പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി കണ്ടു. നിർമ്മാണം ക്രമീകരിച്ചു നൽകിയ കെട്ടിടത്തിലാണ് വീണ്ടും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായി കണ്ടത് എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്ന വിഷയമാണ്.

7.05.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കെട്ടിട ഉടമ 9.05.2022 ന് പിഴതുകയടക്കം 9,16,372/- രൂപ കോർപ്പറേഷനിൽ അടവാക്കുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരമുള്ള നടപടി ക്രമീകരിച്ച് തുടർ നടപടി സ്വീകരിക്കാമെന്നിരിക്കെ ആയത് പാലിക്കാതെ ഒക്യുപൻസി അനുവദിച്ചുവെന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള കുറ്റകരമായ അനാസ്ഥയേയാണ് കാണിക്കുന്നത്. നിരുത്തരവാദപരമായ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് ഭരണ സമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

കൂർക്കഞ്ചേരി മേഖലാകാര്യാലയം ഓഡിറ്റ് അന്വേഷണം നമ്പർ 24 തിയതി 7.05.2022

## 1-71 കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരമുള്ള നടപടിയ്ക്ക് വിധേയമായ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി.ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 14,06,374/- രൂപ നഗരസഭയ്ക്ക് തനതു വരുമാനമായി

തൃശ്ശൂർ നഗരസഭ കുർക്കഞ്ചേരി മേഖലാകാര്യാലയം ചിയ്യാരം വില്ലേജ് സർവ്വെ നം.307/2, 308/7 ൽ ഉൾപ്പെടുന്ന 6.83 ആർ, 3.07 ആർ സ്ഥലത്ത് 1913.74 M2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം പണികഴിക്കുന്നതിന് 20.02.2021 ന് കെട്ടിട ഉടമയായ ശ്രീ. ജോയ് കല്ലേലി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് നഗരസഭ KKY/BA/297/20-21 തി.19.07.2021നമ്പറായി ബിൽഡിംഗ് പെർമിറ്റ് നൽകിയിരിക്കുന്നു.

നഗരസഭ അനധികൃത നിർമ്മാണമായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടം പൊളിച്ച് മാറ്റിയ സ്ഥലത്താണ് പുതിയ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിരിക്കുന്നത്. കുർക്കഞ്ചേരി സോണൽ ഓഫീസിലെ യു.എ രജിസ്റ്റർ പ്രകാരം പഴയ കെട്ടിടത്തിന് 33/771/5/UA നമ്പർ നൽകിയിട്ടുള്ളതും (ഫയൽ നം. REG/KKY/BA/19/18-19) 1.04.2020 മുതൽ യു.എ ടാക്സായി 7,21,215 +LC+SCനിർണ്ണയിച്ചിട്ടുള്ളതുമാണ്. KKY/R3/6325/21 റവന്യൂ ഫയൽ പ്രകാരം 2020-21,2021-22 (ഒന്നാം അർദ്ധവർഷം) സാമ്പത്തിക വർഷത്തെ നികുതിയും ലൈബ്രറി സെസ്സുമുൾപ്പെടെ 11,35,915/-രൂപ (721216+36061(LC)+ 360608 +18030(LC)) ഡിമാന്റ് ചെയ്തിട്ടുമുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 അനുസരിച്ച് ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിയ്ക്ക് ഹാനി കൂടാതെ , കെട്ടിടം പണി പൂർത്തിയാക്കുകയോ അത് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. നിയമ പ്രകാരം കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെയുള്ള നികുതി അടവാക്കുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കെ ആയത് ഉറപ്പാക്കാതെ ടി സ്ഥലത്ത് പുതിയ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകുകയാണ് ഉണ്ടായിരിക്കുന്നത്. 07.05.2022 ന് കുർക്കഞ്ചേരി മേഖലാകാര്യാലയം ഓവർസീയർമാരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ പുതിയ കെട്ടിടത്തിന്റെ പണി ഏറെ കുറേ പൂർത്തീകരിച്ചതായി കണ്ടു. 7.05.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കെട്ടിട ഉടമ 10.06.2022 ന് പിഴയടക്കം വസ്തുനികുതിയായി 14,06,374/- രൂപ നഗരസഭയിൽ അടവാക്കുകയുണ്ടായി.

പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് ടി തുക ഉറപ്പാക്കാമെന്നിരിക്കെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരമുള്ള നടപടിയ്ക്ക് വിധേയമായിരിക്കുന്ന സ്ഥലത്ത് നടപടി ക്രമം പൂർത്തിയാക്കാതെ പുതിയ നിർമ്മാണാനുമതി അനുവദിച്ചത് ഉദ്യോഗസ്ഥരുടെ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

കുർക്കഞ്ചേരി മേഖലാകാര്യാലയം ഓഡിറ്റ് അന്വേഷണം നമ്പർ 25 തിയതി 7.05.2022

## 1-72 ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം ഭൂമിയുടെ തരം രേഖപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല

കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 7 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷയോടൊപ്പം അനുബന്ധം Aയിൽ ഉള്ള അപേക്ഷ, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സർവീസ് പ്ലാൻ, ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടഫിക്കറ്റ് ,ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ (ആധാരം,കൈവശാവകാശരേഖ,നികുതി രസീത്) എന്നിവ ഹാജരാക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് അപേക്ഷിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകളോടൊപ്പം ഹാജരാക്കിയ പൊസ്സഷൻ സർട്ടിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | ഫയൽ നമ്പർ | അപേക്ഷന്റെ പേര് | പൊസ്സഷൻ സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| 1 | OLK3/611/21/201 /20-21/29.1.2021 | ചന്ദ്രൻ &Others നന്ദിക്കര ഹൌസ് മുല്ലക്കര മണ്ണുത്തി | 52909523/31.12.20 |
| 2 | OLK3/46/21/BA /189/20-21/4.2.21 | ഷഫ്ന കരിക്കപ്പീടിക ഒല്ലൂക്കര | 50742136/5.10.20 |
| 3 | OLK3/1180/211/BA /238/20-21/10.2.21 | രാജീനന്ദൻ കുട്ടാലഹൌസ് | 53708314/19.1.21 |

| | | | |
|---|---|---|---|
| | | കിഴക്കേകോട്ട | |
| 4 | OLK3/824/21/BA /207/20-21/1.2.21 | മീര.കെ.എസ് ഞാറക്കപ്പറമ്പിൽ മുല്ലക്കര | 536442606/18.1.21 |
| 5 | OLK3/869/21/BA /214/20-21/4.2.21 | രാമചന്ദ്രൻ പുത്തൻപുരയിൽ ആനക്കൊട്ടിൽ മണ്ണുത്തി | 53642068/18.1.21 |
| 6 | OLK3/98/21/BA /216/20-21/15.2.21 | സജ്ജ.കെ സണ്ണി റോസിലി കാഞ്ഞിരത്തിങ്കൽ മണ്ണുത്തി | 53773448/20.1.21 |

ഓഡിറ്റ് എൻക്വയറി14/7.5.22

ബിൽഡിംഗ് പെർമിറ്റ് അനുമതിയ്ക്കായി നൽകുന്ന അപേക്ഷകളിന്മേൽ കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 7 പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-73 അംഗീകൃത കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പാർക്കിംഗ് സ്ഥലത്ത് കെട്ടിടനിർമ്മാണം - നഗരസഭയിൽ പോസ്റ്റ് ഓഡിറ്റ് നടത്തേണ്ടതാണ്

തൃശ്ശൂർ നഗരസഭ അയ്യന്തോൾ മേഖലാകാര്യാലയം അരണാട്ടുകര വില്ലേജ് സർവ്വെ നമ്പർ 1/10P,1/1P ൽ 854.69 M2 വിസ്തതിയിൽ 7.09.2020 ന് പണിതീർത്ത കൊമേഴ്സ്യൽ കെട്ടിടത്തിന് നഗരസഭ AYL/BA/13/18-19 തിയതി. 26.03.2021 നമ്പറായി ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി കെട്ടിടത്തിന് തൃശ്ശൂർ നഗരസഭ മുഖ്യകാര്യാലയത്തിൽ നിന്നും 51/1090/2,3,4,5,6 ന് കെട്ടിട നമ്പർ നൽകി 1.10.2020 പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച നൽകി. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 6 കാർ പാർക്കിംഗ് സ്പെയ്സ് നൽകിയിട്ടുണ്ട്. ബേയ്സ്മെന്റ് ഫ്ലോറിൽ 4 ഉം ഗ്രൗണ്ട് ഫ്ലോറിൽ 2 മായി 6 കാർ പാർക്കിംഗ് ഏരിയയാണ് നൽകിയിട്ടുള്ളത്.

തൃശ്ശൂർ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ടെക്നിക്കൽ സ്റ്റാഫുമായി 20.06.2022 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗ് സ്പെയ്സായി കാണിച്ചിരിക്കുന്ന സ്ഥലത്ത് അധിക നിർമ്മാണങ്ങൾ നടന്നതായി കണ്ടു. അംഗീകരിച്ച കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് ഗ്രൗണ്ട് ഫ്ലോറിലെ പാർക്കിംഗ് ഏരിയ വിട്രിഫൈഡ് ടൈലും ഷട്ടറുമിട്ട് റൂമുകളാക്കി മാറ്റിയിരിക്കുന്നു.1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 അനുസരിച്ച് ഈ കെട്ടിടത്തിന് 6 കാർ പാർക്കിംഗ് സ്പെയ്സ് ഉണ്ടാകേണ്ടതാണ്.

ഒക്യുപൻസി നൽകിയതിനുശേഷം കെട്ടിടത്തിൽ ഉണ്ടായിട്ടുള്ള അധികനിർമാണങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതും കെട്ടിടം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം കെട്ടിടത്തിലുണ്ടാകുന്ന ഇത്തരം മാറ്റങ്ങൾ കണ്ടെത്തുന്നതിന് 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്. ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം നടത്തുന്ന ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റിന്റെ ആവശ്യകതയെയാണ് കാണിക്കുന്നത്.നഗരസഭയിൽ നടത്തിയിട്ടുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായില്ല. 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഓഡിറ്റ് നഗരസഭയിൽ നടപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 84തിയ്യതി: 23.06.2022

## 1-74 ഒക്യുപൻസിക്ക് വിരുദ്ധമായി കെട്ടിടം മാറ്റം വരുത്തി ഉപയോഗിക്കുന്ന

ഫയൽ നമ്പർ DW3/BR/79/20-21

തൃശ്ശൂർ കോർപ്പറേഷൻ 36-ാം ഡിവിഷൻ തൃശ്ശൂർ വില്ലേജ് സർവ്വെ നമ്പർ 3143/2,230/2-1 ഉൾപ്പെടുന്ന .0182

Haസ്ഥലത്ത് നിലവിലുള്ള റസിഡൻഷ്യൽ കെട്ടിടത്തിൽ അധിക നിർമ്മാണം നടത്തി കെട്ടിടം മുഴുവനായി വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച വരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം | | പ്ലാൻ പ്രകാരം | |
|---|---|---|---|
| കെട്ടിട ഉടമ | പി.പി രവീന്ദ്രൻ<br>ചെയർമാൻ<br>ബ്രൈഡൽ കുറീസ് | കെട്ടിട ഉടമ | പി.പി രവീന്ദ്രൻ<br>ചെയർമാൻ<br>ബ്രൈഡൽ കുറീസ് |
| കെട്ടിട നമ്പർ/ തരം/ കെട്ടിട വിസ്തീർണ്ണം | 1) 36/6766 വാസഗൃഹം, 90.10 M2 | Ground Floor<br>First Floor<br>Second Floor<br>Third Floor<br>Total | 86.31 M2<br>101.40 M2<br>101.40 M2<br>101.40 M2<br>390.51m2 |
| | 2) 36/6767<br>വാസഗൃഹം,<br>50.34 M2<br>ആകെ -140.44 M2 | | |

നിലവിലുള്ള 36/6766,36/6767 എന്നീ നമ്പറുകൾ ഉള്ള കെട്ടിടത്തിന്മേൽ നടത്തിയിട്ടുള്ള അധിക നിർമ്മാണം ക്രമവൽക്കരിച്ച് ഒക്യുപൻസി ലഭിക്കുന്നതിനായി 24.03.2021 ന് ബ്രൈഡൽ കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചുവെങ്കിലും താഴെ പറയുന്ന അപാകതയുള്ളതിനാൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് നൽകിയിട്ടില്ലാത്തതാണ്.

അപാകതകൾ

1. റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടത്തിന് റസിഡൻഷ്യൽ ഉപയോഗത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. അപേക്ഷയിൽ കൊമേഴ്സ്യൽ കെട്ടിടമായാണ് കാണിച്ചിരിക്കുന്നത്.

2. പ്രസ്തുത സ്ഥലം DTP സ്കീം എക്സിസ്റ്റിംഗ് ഷൊർണ്ണൂർ റോഡ് ഏരിയ പ്രകാരം റസിഡൻഷ്യൽ ഉപയോഗത്തിൽ ഉൾപ്പെടുന്നു. സ്കീം റൂൾ പ്രകാരം പ്രസ്തുത സ്ഥലത്ത് കൊമേഴ്സ്യൽ കെട്ടിടങ്ങൾ അനുവദനീയമല്ല.

നിലവിലെ നിർമ്മാണം ഒക്യുപൻസി പ്ലാനിന് വിധേയമായി ക്രമീകരിച്ച് അപേക്ഷ സമർപ്പിക്കണമെന്ന അറിയിപ്പ് 3.05.2021 ന് തൃശ്ശൂർ നഗരസഭ കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപാകത പരിഹരിച്ച് കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ടെക്നിക്കൽ സ്റ്റാഫുമായി 20.06.2022 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിൽ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം ഒക്യുപൻസി നൽകാത്ത ഈ കെട്ടിടത്തിൽ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് നഗരസഭ പ്രവർത്തനാനുമതി നൽകിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം: 82തിയ്യതി: 23.06.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

നാളിതുവരെ അപാകത പരിഹരിച്ച് സമർപ്പിക്കാത്ത അപേക്ഷയിൽ നഗരസഭ തുടർനടപടികൾ സ്വീകരിക്കുകയുണ്ടായില്ല. സെക്രട്ടറിയ്ക്ക് തൃപ്തികരമായ വിധത്തിൽ കാരണം കാണിക്കുന്നതിൽ കെട്ടിട ഉടമ വീഴ്ച വരുത്തിയാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

നഗരസഭ സ്വീകരിക്കുകയുണ്ടായിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്ടിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃതപ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചു കൊണ്ട് നിർമ്മിച്ചതോ ആയ നിർമ്മാണങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കാവുന്നതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനികൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് , ആ തിയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്. അനധികൃതമായ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ല. നഗരസഭയിൽ ഒരു റഗുലേറ്ററി സംവിധാനം ഉണ്ടായിരിക്കെ ആയത് പാലിക്കാതെ കെട്ടിടം പണിയുകയും ഉപയുക്തമാക്കുകയും ചെയ്യുന്ന ഇത്തരം പ്രവണതയെ പ്രോൽസാഹിപ്പിക്കാവുന്നതല്ല. ഈ കെട്ടിടത്തിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-75 ക്രമവൽക്കരിച്ച് നൽകാത്ത കെട്ടിടം -ഒക്യുപൻസിക്ക് വിരുദ്ധമായി ഉപയോഗപ്പെടുത്തി വരുന്നു.

ഫയൽ നമ്പർ - DW3/BR/58/20-21

തൃശ്ശൂർ നഗരസഭ 39-ാം ഡിവിഷൻ തൃശ്ശൂർ വില്ലേജ് സർവ്വെ നമ്പർ 1126/1 ൽ ഉൾപ്പെട്ട 5.26 ആർ സ്ഥലത്ത് നിലവിലുള്ള BF+FF+SF+Terrace Floor വരുന്ന കെട്ടിടത്തിന്റെ First Floor റസിഡൻഷ്യൽ ഒക്യുപൻസിയിൽ നിന്നും കൊമേഴ്സ്യൽ ഒക്യുപൻസി ആക്കി തരം മാറ്റുന്നതിനായി കൊടുങ്ങല്ലൂർ മൂവ്മെന്റ് ഓഫ് മുസ്ലീം ട്രസ്റ്റ് ചെയർമാൻ 2.02.2021 ന് അപേക്ഷ സമർപ്പിക്കുയുണ്ടായി. കെട്ടിടം കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിധേയമല്ലാത്തതിനാൽ നഗരസഭ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയില്ല. 15 ദിവസത്തിനകം ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 3.04.2021 ന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും അപാകതകൾ പരിഹരിച്ച് ഉടമ അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല.

20.06.2022 ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ടെക്നിക്കൽ സ്റ്റാഫുമായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ First Floor ൽ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും കെട്ടിടത്തിന്റെ Terrace Floor അധികൃതമായി കെട്ടിമറച്ചതായും കണ്ടു. 3.04.2021 ന് നഗരസഭ നൽകിയിരിക്കുന്ന അറിയിപ്പിലെ അപാകതകൾ പരിഹരിക്കാതെ തന്നെ First Floor കൊമേഴ്സ്യൽ ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയാണ് ഉണ്ടായിട്ടുള്ളത്.

റഗുലറൈസ് ചെയ്ത് കൊമേഴ്സ്യൽ ഒക്യുപൻസി അനുവദിച്ച ( കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം )നൽകാത്ത കെട്ടിടത്തിൽ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് നഗരസഭ പ്രവർത്തനാനുമതി നൽകിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം: 83തിയ്യതി: 23.06.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

നാളിതുവരെ അപാകത പരിഹരിച്ച് സമർപ്പിക്കാത്ത അപേക്ഷയിൽ നഗരസഭ തുടർനടപടികൾ സ്വീകരിക്കുകയുണ്ടായില്ല. സെക്രട്ടറിയ്ക്ക് തൃപ്തികരമായ വിധത്തിൽ കാരണം കാണിക്കുന്നതിൽ കെട്ടിട ഉടമ വീഴ്ച വരുത്തിയാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ആയത് നഗരസഭ സ്വീകരിക്കുകയുണ്ടായിട്ടില്ല.

അനധികൃതമെന്ന് കണ്ടെത്തിയ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ല. ഈ കെട്ടിടത്തിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

DW3/BR/58/20-21നമ്പർ ഫയലിൽ കെട്ടിടത്തിന്റെ അസസ്സ്മെന്റ് വിവരം രേഖപ്പെടുത്തിയിരിക്കുന്നത് പ്ലാനുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഈ വ്യത്യാസത്തിന്റെ വിവരം പരിശോധിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| കെട്ടിടനമ്പർ | 39/932 |
| ജമവിലാസം | ചെയർമാൻ ഓഫ് മുസ്ലീം ട്രസ്റ്റ് |
| കെട്ടിടവിവരം (AR പ്രകാരം) | Basement Floor- 55.45m2<br>Ground Floor- 90.93 M2 |

| | |
|---|---|
| | First Floor- 245.68 M2<br>Second Floor- 245.68 M2<br>Store Room- 13.42 M2<br>Total – 651.16 M2 |
| പ്ലാൻ പ്രകാരം | Basement Floor- 196.72m2<br>Ground Floor- 240.46 M2<br>First Floor- 243.10 M2<br>Second Floor- 243.10 M2<br>Store Room- 9.94 M2<br>Total- 933.32 M2 |

ഒക്യുപൻസി മാറ്റത്തിനായി മാത്രമാണ് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ അസസ്സ്മെന്റ് വിവരവും പ്ലാൻ പ്രകാരവും കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നു. വ്യത്യാസം പരിശോധിച്ച് നികുതിവരുമാനം ഉറപ്പാക്കേണ്ടതാണ്.

## 1-76 വിൽവട്ടം സോണൽ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

വിൽവട്ടം മേഖലാ കാര്യാലയത്തിലെ UA രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ച ചില കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.08/05.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | യു.എ. നം. | ഉടമ | ഉപയോഗ ക്രമം | വസ്തുനികുതി |
|---|---|---|---|---|
| 1 | UA/3/2012/1,2 | ആന്റണി ഫ്രാൻസിസ്,അൻസ ഫ്രാൻസിസ് | വാണിജ്യം | 34096*3 |
| 2 | 7/UA/498/1/ | സിന്ധു സുജിത്ത് | വാണിജ്യം | 4880*3 |
| 3 | UA/7/441/1 | പ്രിൻസിപ്പാൾ, വിമല കോളേജ് | വാണിജ്യം | 16962*3 |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരാവശ്യങ്ങൾക്കായോ വ്യവസായാവശ്യങ്ങൾക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മാത്രമല്ല സ.ഉ.(എം.എസ്) നം.170/2016 ത.സ്വ.ഭ.വ തീയതി 16.11.2016 പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ.നം നല്കി താൽക്കാലികമായിറസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനുമുള്ള അധികാരമാണ് കോർപ്പറേഷനുകൾക്കു നല്കിയിട്ടുള്ളത്. യു.എ നം നൽകിയെന്ന കാരണത്താൽഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമാനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആയതിനാൽ അനധികൃതനിർമ്മാണം നടത്തിയ കെട്ടിടങ്ങളിൻമേൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിൽ ആയത് റദ്ദു ചെയ്യേണ്ടതുമാണ്.

## 1-77 അനധികൃത കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു - കേരള മുനിസിപ്പാലിറ്റി ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധം

തൃശ്ശൂർ കോർപ്പറേഷനിലെ അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച പല കെട്ടിടങ്ങളും വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| യു.എ. നമ്പർ | കെട്ടിട ഉടമ | ഉപയോഗക്രമം | വസ്തുനികുതി വിവരം |
|---|---|---|---|
| UA/18/299/2017 | ബ്രസിലിൻ | വാണിജ്യം | 42900+LC |

| | | | |
|---|---|---|---|
| UA/12/450 /9/2017 TMC/UA /1186/2017 | സന്തോഷ് കുമാർ | വാണിജ്യം | 41169+LC |
| UAC 9/86/3/2017 | ജോ ഡേവിസ് &ജോസ് | വാണിജ്യം | 74052+LC |
| UA/11/124 /1/2018 | പ്രൊഫ. ഡോ. സയ്യദ് ഹുസൈൻ ഷാ | വാണിജ്യം | 73260+LC |
| UAC/12 /193/1/2018 | ഷംസുദ്ദീൻ & അബ്ദുൾ ലത്തീഫ് | വാണിജ്യം | 44595+LC |
| UA/6/268/1 TMC UA/13/651/1 | ശാന്ത ആന്റണി | വാണിജ്യം | 2513+LC |
| UA/6/268 TMC 13/ UA/651 | ശാന്ത ആന്റണി | വാണിജ്യം | 79200+LC |
| UA/12/493/1 | ഡോ.കാക്കപ്പൻ ബാബു & പോൾസൺ | വാണിജ്യം | 712800+LC |
| UA/6/446/5 | അബ്ദുൾ നസീർ | വാണിജ്യം | 812458+LC |
| UA/31/23/21 1/1373/1 UA | വി.എ. രവീന്ദ്രൻ & പി.എൻ. സതീദേവി | വാണിജ്യം | 91681+LC |
| UA/31/23/22 1/1373/2 UA | വി.എ. രവീന്ദ്രൻ & പി.എൻ. സതീദേവി | വാണിജ്യം | 80180+LC |
| 36/480/1 UA 25/2131/ 1 UA | സന്തോഷ് ജെയ്ക്കബ്.ഇ. | വാണിജ്യം | 307560+LC+ST |
| 37/1778 UA, 20/575 UA | അച്യുതൻ | വാണിജ്യം | 37125+LC+ST |
| 36/2926/1 UA | കൃഷ്ണകുമാർ | വാണിജ്യം | 15444+LC+ST |
| 52/1549/UA | രാധാകൃഷ്ണൻ ,സുജാത | വാണിജ്യം | 83889+LC+ST |
| 52/1532/UA | ശിവശങ്കരൻ മുതൽപേർ | വാണിജ്യം | 102279+LC+ST |
| 52/1524/UA | സി.എ.ജെയിംസ് | വാണിജ്യം | 288429+LC+ST |
| 36/7025(1)UA | അമ്മിണി പോൾ, ജോസ്, വിൽസൺ, ജെയ്ക്കബ് | വാണിജ്യം | 57342+LC+ST |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരാവശ്യങ്ങൾക്കായോ വ്യവസായാവശ്യങ്ങൾ ക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മാത്രമല്ല സ.ഉ.(എം.എസ്) നം.170/2016 ത.സ്വ.ഭ.വ തീയതി 16.11.2016 പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ.നം നല്കി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനുമുള്ള അധികാരമാണ് കോർപ്പറേഷനുകൾക്ക് നല്കിയിട്ടുള്ളത്. യു.എ നം നൽകിയെന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമാനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.58 / 26.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതനിർമ്മാണം നടത്തിയ കെട്ടിടങ്ങളിൻമേൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്യേണ്ടതുമാണ്.

## 1-78 നഗരസഭ അനധികൃതമായി കണ്ടെത്തിയ കെട്ടിടം - നിയമാനുസൃതമാക്കാതെ കാലങ്ങളായി ഉപയോഗിക്കുന്നു.

തൃശ്ശൂർ കോർപ്പറേഷൻ പൂങ്കുന്നം വില്ലേജിൽ DW5/BA/47/10-11 തി. 04.10.2011 നമ്പറായി വാസഗൃഹം പണിയുന്നതിന് നിർമ്മാണാനുമതി നൽകിയ കെട്ടിടത്തിന്റെ പണി 20.11.2014 ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഒക്യുപൻസി ലഭിക്കാത്ത കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് 16.03.2021 ന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചു. 8 വർഷമായി കെട്ടിടത്തിൽ താമസിച്ചു വരികയാണെന്നും ഈ കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ചു തരണമെന്നുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടു കാണുന്നത്. താഴെ പറയുന്ന ഫയലുകൾ പരിശോധിച്ചത് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

DW5/BA/47/10-11

DW5/BR/34/20-21

തൃശ്ശൂർ കോർപ്പറേഷൻ പൂങ്കുന്നം വില്ലേജിൽ സർവ്വെ നമ്പർ 110/P 0.0482 H ൽ ( റവന്യൂ രേഖകൾ പ്രകാരം നിലം) 188.36 M2 വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി 2.06.2010 ന് സ്ഥല ഉടമയായ ശ്രീ. രാമഭദ്രൻ,വൽസല എന്നവർ സമർപ്പിച്ച അപേക്ഷയിൽ ഔട്ട് സൈഡ് പാഡി കമ്മിറ്റിയുടെ 27.07.2011 ലെ 48-ാം നമ്പർ തീരുമാന പ്രകാരം 188.36 M2 കെട്ടിടം നിർമ്മിക്കുന്നതിന് DW5/BA/47/10-11 തി. 04.10.2011 നമ്പർ ആയി നഗരസഭ പെർമിറ്റ് നൽകി. ഒക്യുപൻസിയ്ക്കായി 20.01.2014 ൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പരിശോധിച്ച് അനുവദിച്ച പെർമിറ്റിൽ നിന്നും അധികമായി 362.42 M2 കെട്ടിടം നിർമ്മിച്ചതായും ആയതിൽ താമസം തുടങ്ങിയതായും 10.02.2014 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊസഷൻ സർട്ടിഫിക്കറ്റിൽ നിലമായിട്ടുള്ള സ്ഥലത്ത് വാസഗൃഹം നിർമ്മിക്കുന്നതിന് പാഡി കമ്മിറ്റി മുഖാന്തിരം മാസ്റ്റർ പ്ലാനിന് പുറത്ത് അനുവദിയ്ക്കാവുന്ന തറവിസ്തീർണ്ണം 300 M2 ആണ്. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യത്യസ്തമായി 362.42 M2 വരുന്ന കെട്ടിടം നിർമ്മിച്ചത് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടത്തിന് വിരുദ്ധമായതിനാൽ 15 ദിവസത്തിനകം അനധികൃതമായി നിർമ്മിച്ചിട്ടുള്ള കൂടിയ വിസ്തീർണ്ണം പൊളിച്ച് നഗരസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന അറിയിപ്പ് 26.04.2014 ന് നൽകിയതായി കാണുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ കെട്ടിടം അധികൃതമാക്കുകയോ ഉണ്ടായിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാലും അനധികൃതമായി കൂടുതൽ ഏരിയ നിർമ്മാണം നടത്തിയതിനാലും അംഗീകൃത ലൈസൻസിയിൽ നിന്ന് 10.07.2014ന് വിശദീകരണം ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു (വിശദീകരണത്തിന്റെ പകർപ്പ് ഫയലില്ല). പിന്നീട് തുടർ നടപടിയെന്നും ഫയലിൽ സ്വീകരിച്ചില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം നൽകിയ താൽക്കാലിക ഉത്തരവിന് തൃപ്തികരമായ വിധത്തിൽ കാരണം കാണിക്കുന്നതിൽ കെട്ടിടഉടമ വീഴ്ച വരുത്തിയാൽ സെക്രട്ടറി ഉത്തരവ് സ്ഥിരപ്പെടുത്തുകയോ ഉത്തരവിന് ഭേദഗതി വരുത്തുകയോ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 (3) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

കെട്ടിടം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിക്കണമെന്ന കെട്ടിട ഉടമയുടെ 16.03.2021 ലെ അപേക്ഷ പരിശോധിച്ച്, അപേക്ഷ പരിഗണിക്കുന്നതിന് ഭൂമിയുടെ തരം മാറ്റിയ ഉത്തരവ് ഹാജരാക്കണമെന്ന അറിയിപ്പ് 30.05.2021 ന് DW5/BA/47/10-11 നമ്പറായി നൽകിയിരിക്കുന്നു.

ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെപ്പറയുന്നു.

1. 26.04.2014 ന് നോട്ടീസ് നൽകിയിട്ടും അധികൃതമാക്കാത്ത ഈ കെട്ടിടത്തിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനികൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് , ആ തിയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്. അനധികൃതമായ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം തനതു വരുമാനമാക്കാമായിരുന്ന വസ്തുനികുതി ഉറപ്പാക്കിയില്ല.

2. ലൈസൻസിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് മറുപടി ലഭ്യമായില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടി ക്രമം സ്വീകരിച്ചില്ല.

3.2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം ഒക്യുപൻസി അനുവദിക്കാതേയും കെട്ടിടനമ്പർ നൽകാതെയുമുള്ള കെട്ടിടം താമസാവശ്യത്തിന് ഉപയുക്തമാക്കിയതെങ്ങനെയെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. .

5. 30.05.2021 ലെ അറിയിപ്പിനെ തുടർന്ന് കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിച്ചില്ല.

അപാകതകൾക്ക് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല. 2014ൽ നിയമാനുസൃതമല്ലായെന്ന് നഗരസഭ കണ്ടെത്തിയിട്ടും അനധികൃത നിർമ്മാണത്തിന്മേൽ നടപടികൾ സ്വീകരിക്കാത്തതിനാൽ നാളിതുവരെ കെട്ടിടം ഉപയോഗിക്കുവാൻ കെട്ടിട ഉടമയ്ക്കായി.

2014 മുതൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം ഉറപ്പാക്കാനാകുമായിരുന്ന തനതു

വരുമാനം നഗരസഭ ഉറപ്പാക്കിയില്ല. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാംവകുപ്പ് (2) പ്രകാരം യഥാസമയം നടപടികൾ കൈകൊള്ളുന്നതിൽ വീഴ്ചവരുത്തിയതുമൂലം നഗരസഭയ്ക്ക് കിട്ടേണ്ട തുക കാലാഹരണപ്പെടുന്ന പക്ഷം അത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ കെട്ടിടത്തിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം: 72തിയ്യതി: 9.06.2022 )

## 1-79 റഗുലേറ്ററി സംവിധാനം കാര്യക്ഷമമല്ല – ക്രമവൽകരിക്കപ്പെടാത്ത കെട്ടിടങ്ങൾ കാലങ്ങളായി ഉപയോഗിച്ചു വരുന്നു.

ഫയൽ നമ്പർ : AYL/BA/75/20-21

തൃശ്ശൂർ കോർപ്പറേഷൻ അരണാട്ടുകര വില്ലേജിൽ സർവ്വെ നമ്പർ 87 ൽ ഉൾപ്പെടുന്ന 318.60 Are സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള സെന്റ്.അലോഷ്യസ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ ക്രമവൽക്കരിക്കാൻ ആവശ്യപ്പെട്ട് 15.07.2020 ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് അപാകതയുള്ളതിനാൽ നഗരസഭ തനത് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയിട്ടില്ലാത്തതാണ്. അപാകത പരിഹരിക്കുവാൻ ആവശ്യപ്പെട്ട് നഗരസഭ AYL/BA /75/20-21 തിയതി. 18.05.21 നമ്പറായി അറിയിപ്പ് നൽകിയിരിക്കുന്നു. ക്രമവൽക്കരിക്കാൻ അപേക്ഷിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഹൈ സ്കൂൾ | |
|---|---|
| Floor | Area (M2) |
| G.F | 695.7 |
| F.F | 695.7 |
| S.F | 695.7 |
| T.F | 51.6 |
| Toilet | 138.89 |
| Total | 2275.70 |

| ഹയർ സെക്കന്ററി സ്കൂൾ | |
|---|---|
| Floor | Area (M2) |
| G.F | 669.43 |
| F.F | 669.43 |
| S.F | 669.43 |
| T.F | 669.43 |
| Toilet | 90.40 |
| Total | 2768.12 |

ജില്ലാ ടൗൺ പ്ലാനറുടെ TCPTSR/233/21-C2 തി. 22.04.2021 നമ്പർ കത്തിൽ

1.KMBRചട്ടം 42 ലംഘനം (Provision For Differently Abled, Elderly And Children)

2. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നാലാമത്തെ നില ഷീറ്റ് മേഞ്ഞ് സൈഡ് ഭിത്തി കെട്ടി ഹാളായി ഉപയോഗിക്കുന്നതിനാൽ കെട്ടിടത്തിൽ ലിഫ്റ്റിനുള്ള സംവിധാനങ്ങൾ നൽകാത്തത് KMBR ചട്ടം 40 ന്റെ ലംഘനം

3. ലൈറ്റിംഗ്,വെന്റിലേഷൻ ലംഘനം ( KMBR ചട്ടം 41)

4.കോണിപ്പടികളുടെ അടിയിൽ നിർമ്മിച്ചിരിക്കുന്ന ടോയ്ലറ്റുകൾക്ക് നിയമാനുസൃതം ഉയരം നൽകിയിട്ടില്ല. ( KMBR ചട്ടം 34)ന്റെ ലംഘനം , മറ്റ് അപാകതകൾ എന്നിവ പരിഹരിച്ച് ചട്ടങ്ങൾക്ക് അനുസൃതമായി പ്ലാൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പുനർസമർപ്പിച്ച പ്ലാനിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. ന്യൂനത പരിഹരിക്കാതേയും അപേക്ഷയ്ക്ക് അനുസരിച്ചുള്ള പ്ലാനുകൾ സമർപ്പിക്കാത്തതിനും വ്യക്തത ആവശ്യപ്പെട്ടു കൊണ്ട് TCPTSR/210/22-C2 തി. 12.05.2022 നമ്പറായി ജില്ലാ ടൗൺ പ്ലാനർ കത്ത് നൽകിയിരിക്കുന്നു.

24.05.2022ന് ഓവർസീയർമാരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മേൽ അപാകതകൾ പരിഹരിക്കാതെ ടി കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതായി കണ്ടു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം ഒക്യുപൻസി നൽകാത്ത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മറുപടി ലഭിക്കുകയുണ്ടായില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്കൂൾകെട്ടിടങ്ങൾക്ക് എഞ്ചിനീയർ വിഭാഗത്തിൽ നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വർഷാവർഷം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പിന്റെ ഇ.ഡബ്ല്യു.എ3/179/2020/തസ്വഭവ തിയതി.15.02.2021 സർക്കുലറിൽ വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമാനുസൃതമാക്കാത്തതും 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനവുമുള്ളതുമായ ഈ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് എങ്ങനെ ഉറപ്പാക്കിയെന്നതിൽ വ്യക്തതയില്ല. ഫിറ്റ്നസ്സ് അനുവദിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട

ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം: 7 തിയ്യതി: 25.05.2022) മറുപടി ലഭ്യമായില്ല.

ക്രമവൽകരണത്തിനുള്ള അപേക്ഷയിൽ കെട്ടിടത്തിന്റെ പൂർത്തീകരണ തിയതി 8.06.2020 ആയി പറയുന്നുവെങ്കിലും സ്കൂൾ കെട്ടിടം വർഷങ്ങളായി ഉപയോഗിച്ചുവരുന്നുവെന്ന് സ്കൂൾ പ്രിൻസിപ്പാൾ പറയുകയുണ്ടായി. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടം നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെടുകയോ, ക്രമവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തുന്നതിന് നഗരസഭയിൽ സംവിധാനം ഉണ്ടെന്നിരിക്കെ നിർമ്മാണാനുമതി ഇല്ലാതെ പണിപൂർത്തീകരിച്ച് ഉപയോഗിച്ചു വരുന്ന ഈ കെട്ടിടങ്ങളെ കണ്ടെത്തി അനധികൃതമെന്ന് റിപ്പോർട്ട് ചെയ്യുകയോ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

അനധികൃതനിർമ്മാണങ്ങളെ കണ്ടെത്തുന്നതിനുള്ള നിരവധി ഉത്തരവുകൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 1725325/ആർ.എ2/2017/തസ്വഭവ തി.31.08.2017 നമ്പർ സർക്കുലറിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

സംസ്ഥാനത്ത് ഉടനീളം അനധികൃതനിർമ്മാണങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും അനധികൃതനിർമ്മാണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടും നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് വിംഗിന്റെ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 60203/ആർ.എ1/2014/തസ്വഭവ തി.18.10.2014 നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരം സർക്കാർ ഉത്തരവുകളും നിയമ വ്യവസ്ഥകളും സംവിധാനങ്ങളും നിലനിൽക്കെയാണ് അനധികൃതനിർമ്മാണങ്ങളെ കണ്ടെത്താൻ നഗരസഭയ്ക്ക് കഴിയാഞ്ഞത്.

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ തന്നെ പ്രശസ്തമായ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിക്കപ്പെട്ടുവെന്നതും ഈ നിർമ്മാണങ്ങൾ ഉദ്യോഗസ്ഥർക്ക് കണ്ടെത്താനായില്ലായെന്നതും അതിശയമുളവാക്കുന്ന വസ്തുതയാണ്. അനധികൃതനിർമ്മാണങ്ങളെ കണ്ടെത്തുവാനുള്ള സംവിധാനവും നിയമങ്ങളും ഉണ്ടായിരിക്കെ ആയത് കാര്യക്ഷമമാകുന്നില്ല എന്നതിന്റെ ദൃഷ്ടാന്തങ്ങളാകുകയാണ് ക്രമവൽക്കരണത്തിനു വരുന്ന ഇത്തരം ഓരോ നിർമ്മാണങ്ങളും. നഗരസഭയുടെ റെഗുലേറ്ററി സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-80 ക്രമവൽക്കരിക്കാത്ത കെട്ടിടത്തിലെ പ്രവർത്തനം-നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ : AYL/BA/265/20-21

തൃശ്ശൂർ നഗരസഭ അയ്യന്തോൾ മേഖലാകാര്യാലയത്തിന് കീഴിൽ അയ്യന്തോൾ വില്ലേജ് സർവ്വെ നമ്പർ 536, 535, 534, 546, 547, 533, 545, 548, 599, 536/1, 535/p, 534/p, 545/1, 546/4, 547/1, 533/2,546/1, 545/2, 546/2, 548/1, 549 ൽ ഉൾപ്പെടുന്ന നിലവിലുള്ള കെട്ടിടങ്ങൾക്ക് മുകളിലും മറ്റ് കെട്ടിടങ്ങളോട് കൂട്ടി ചേർത്ത് നിർമ്മിച്ചതുമായ നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്ത് ഒക്യുപൻസി ലഭിക്കുന്നതിനായി കെട്ടിട ഉടമയായ മാതാ അമൃതാനന്ദ മഠത്തിൽ നിന്നും 21.12.2020 ന് അപേക്ഷ ലഭിച്ചു. കെട്ടിടത്തിന്റെ വിവരം ഫയൽ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| Block A (Group B) | |
|---|---|
| Floor | Area (M2) |
| Existing | |
| Ground Floor | 1155.25 |
| First Floor | 1155.25 |
| Stair | 100.70 |
| Total | 2411.20 |
| For Regularisation | |
| Second Floor | 1104.98 |
| Third Floor | 1104.98 |
| Stair | 74.43 |
| Total | 2284.39 |

| Block B (Group B) | |
|---|---|
| Floor | Area (M2) |
| For Regularisation | |
| Ground Floor | 822.47 |

| | |
|---|---|
| First Floor | 822.47 |
| Second Floor | 822.47 |
| Stair | 58.55 |
| Total | 2525.76 |

| ASHIS Building (Group B) | |
|---|---|
| Floor | Area (M2) |
| Existing | |
| Ground Floor | 955.87 |
| First Floor | 955.87 |
| Stair | 65.75 |
| Total | 1977.49 |
| For Regularisation | |
| Ground Floor | 146.86 |
| Total | 146.86 |

| Working Women's Hostel | |
|---|---|
| Floor | Area (M2) |
| Existing | |
| Ground Floor | 479.23 |
| Total | 479.23 |
| For Regularisation | |
| First Floor | 453.90 |
| Second Floor | 450.35 |
| Stair | 21.65 |
| Total | 925.90 |

| Residence | |
|---|---|
| Floor | Area (M2) |
| For Regularisation | |
| Ground Floor | 126.61 |
| Total | 126.61 |

പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം മേൽ സർവ്വെ നമ്പറുകളുടെ തരം 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 1990,1995 വർഷങ്ങളിലെ വിവിധ നടപടിക്രമങ്ങളിലൂടെ ചില സർവ്വെ നമ്പറുകൾ റസിഡൻഷ്യൽ ബിൽഡിംഗുകളുടെ നിർമ്മാണത്തിനായി പറമ്പ് എന്ന് തരം മാറ്റാൻ അനുമതി നേടിയതായി കാണുന്നു (നടപടി ക്രമത്തിന്റെ പകർപ്പ്). കെട്ടിട ക്രമവൽകരണത്തിനായി 21.12.2021 ന് ലഭിച്ച അപേക്ഷ പരിശോധിച്ച് 'പ്രസ്തുത സ്ഥലങ്ങൾക്ക് KLU ലഭിച്ചിരിക്കുന്നത് റഡിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ആയതിനാൽ A1 ൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുള്ള സ്ഥലങ്ങളുടെ തരം മാറ്റി രേഖകൾ ഹാജരാക്കേണ്ടതാണെന്ന് 22.02.2021 ന് മേഖലാകാര്യാലയത്തിൽ നിന്നും അറിയിപ്പ് നൽകിയിരിക്കുന്നു.

ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

1.തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടി ക്രമങ്ങളിൽ റസിഡൻഷ്യൽ ബിൽഡിംഗുകളുടെ നിർമ്മാണത്തിനായി പറമ്പ് എന്ന് തരം മാറ്റാൻ അനുമതിയാണ് നൽകിയിട്ടുള്ളത്.എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് റസിഡൻഷ്യൽ കെട്ടിടങ്ങളല്ലാത്ത വിദ്യഭ്യാസ സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ കെട്ടിടങ്ങൾ, വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ എന്നിവ പണികഴിച്ചിട്ടുള്ളത്. നിലവിലുള്ള പല കെട്ടിടങ്ങൾക്കും നഗരസഭ നിർമ്മാണാനുമതി നൽകി കെട്ടിടനമ്പർ നൽകിയിട്ടുമുണ്ട്.

തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ K.Dis-6817/95/D1 Dt.26.06.1995 നമ്പർ നടപടി ക്രമത്തിൽ സർവ്വെ നമ്പർ. 536/1 റസിഡൻഷ്യൽ ബിൽഡിംഗുകളുടെ നിർമ്മാണത്തിനായി പറമ്പ് എന്ന് തരം മാറ്റാൻ അനുമതി നൽകിയിരിക്കുന്നു. കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ലോക്കൽ ബോഡികളിൽ നിന്നുമുള്ള ലൈസൻസ് ഉറപ്പാക്കണമെന്ന ഉപാധിയോടെയാണ് തരം മാറ്റുന്നതിന് അനുമതി നൽകിരിക്കുന്നത്.

റഗുലറൈസേഷനായി അപേക്ഷ ലഭിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ലോക്കൽ ബോഡികളിൽ നിന്നുമുള്ള ലൈസൻസ് ഉറപ്പാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ല.

2. എ1,ബി വിനിയോഗ ഗണത്തിൽ വരുന്ന 1000 ച.മി അധികം നിർമ്മിതി വിസ്തീർണ്ണം വരുന്ന എല്ലാ കെട്ടിടങ്ങളും അഗ്നിസുരക്ഷാ സേനവകുപ്പിന്റെ അനുമതി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സേനവകുപ്പിന്റെ അനുമതി, ഡിസ്ട്രിക്ട് ടൗൺ പ്ലാനറുടെ അനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി എന്നിവ ലഭ്യമാക്കിയിട്ടില്ല. 22.02.2021 ന് നഗരസഭ നൽകിയ അറിയിപ്പിൽ ഈ അപാകതകൾ അറിയിച്ചിട്ടില്ല.

3. 1000 ച.മി അധികം നിർമ്മിതി വിസ്തീർണ്ണം വരുന്ന ഗ്രൂപ്പ് ബി കെട്ടിടങ്ങൾക്ക് 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 42 അനുശാസിക്കുന്ന വിധത്തിൽ റാമ്പ്/ലിഫ്റ്റ് സൗകര്യം ഉണ്ടാകേണ്ടതാണ് എന്നിരിക്കെ ആയത് പാലിക്കപ്പെട്ടിട്ടില്ല. ടി അപാകത പരിഹരിക്കുന്നതിനുള്ള നിർദ്ദേശം 22.02.2021 ന് നൽകിയ അറിയിപ്പിൽ പരാമർശിച്ചിട്ടില്ല.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്കൂൾകെട്ടിടങ്ങൾക്ക് എഞ്ചിനീയർ വിഭാഗത്തിൽ നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വർഷാവർഷം നൽകേണ്ടതാണ്.

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പിന്റെ ഇ.ഡബ്ല്യു.എ3/179/2020/തസ്വഭവ തിയതി 15.02.2021 സർക്കുലറിൽ വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മാരാണ് നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമാനുസ്യതമാക്കാത്തതും 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 42 പാലിക്കപ്പെട്ടിട്ടില്ലാത്തതുമായ ഈ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ്സ് അനുവദിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

5. 24.05.2022 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ റഗുലറൈസേഷനായി അപേക്ഷ സമർപ്പിച്ച എല്ലാ കെട്ടിടങ്ങളും ഉപയോഗപ്പെടുത്തുന്നതായി ബോധ്യപ്പെട്ടു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം ഒക്യുപൻസി നൽകാത്ത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മറുപടി ലഭിച്ചില്ല.

6. 24.05.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ ക്രമവൽക്കരിക്കേണ്ട കെട്ടിടങ്ങൾക്ക് വർഷങ്ങളോളം പഴക്കമുള്ളതായി കാണുന്നു. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടം നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെടുകയോ, ക്രമവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്ടിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃതപ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ച് കൊണ്ട് നിർമ്മിച്ചതോ ആയ നിർമ്മാണങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കാവുന്നതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനികൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തിയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസ്യതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്. അനധികൃതമായ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായില്ല.

7. അപാകത പരിഹരിച്ച് കെട്ടിടം ക്രമവൽക്കരിക്കാൻ ആവശ്യപ്പെട്ട് 22.02.2021 ന് നൽകിയ അറിയിപ്പിൻമേൽ നാളിതുവരെ നടപടിയായില്ല. തൃപ്തികരമായ വിധത്തിൽ കാരണം കാണിക്കുന്നതിൽ കെട്ടിടഉടമ വീഴ്ച വരുത്തിയാൽ1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406(3) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കുകയുണ്ടായിട്ടില്ല.

അനധികൃതനിർമ്മാണങ്ങളെ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ നിരവധി സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 1725325/ആർ.എ2/2017/തസ്വഭവ തി.31.08.2017 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഉടനീളം അനധികൃതനിർമ്മാണങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും അനധികൃതനിർമ്മാണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടും നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് വിംഗിന്റെ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 60203/ആർ.എ1/2014/തസ്വഭവ തി.18.10.2014 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

നിയമാനുസ്യതമാക്കാത്ത ഇത്തരം വലിയ കെട്ടിടങ്ങളെപ്പോലും നഗരസഭയിലെ റെഗുലേറ്ററി സംവിധാനത്തിന് കണ്ടെത്തി റിപ്പോർട്ട് ചെയ്യാനായില്ല എന്നത് നഗരസഭയിലെ നിലവിലുള്ള സംവിധാനത്തിന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും കാര്യക്ഷമയില്ലായ്മയേയുമാണ് ചൂണ്ടികാണിക്കുന്നത്. ഈ വിഷയത്തിൽ നിയമാനുസ്യതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-81 നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അനുമതിയില്ലാതെ പണികഴിച്ച കെട്ടിടത്തിലെ പ്രവർത്തനം- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണാധികാരത്തിന്മേലുള്ള കടന്നു കയറ്റം

ഫയൽ നമ്പർ : AYL/BA/ 347/20-21

തൃശ്ശൂർ നഗരസഭ അയ്യന്തോൾ മേഖലാകാര്യാലയത്തിന് കീഴിൽ വരുന്ന നവജ്യോതി കോളേജ് ഓഫ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന്റെ (GF-900.36m2 ,FF-779.98m2) മുകളിലായി Second Floor-779.98,Stair Room-30.53 എന്നിവ പണികഴിച്ച് 28.01.2021 ന് ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും

ന്യൂനതയുള്ളതിനാൽ കെട്ടിടം ക്രമവൽക്കരിക്കപ്പെട്ടിട്ടില്ല. ജില്ലാ ടൗൺപ്ലാനറുടെ TCPTSR/592/2021-C2 Dt.11.01.22 ലെ കത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 42 പ്രകാരം ഉറപ്പാക്കേണ്ട റാമ്പ്/ ലിഫ്റ്റ് സംവിധാനം സ്ഥാപിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്.

24.05.2022 ന് നഗരസഭ ഓവർസീയറുമാരുമായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ അപാകത പരിഹരിക്കപ്പെടാത്തതും ക്രമവൽക്കരിക്കപ്പെടാത്തതുമായ ഈ അധിക നിർമ്മാണം ക്ലാസ്സ് റൂമുകളായി ഉപയോഗിക്കുന്നതായി കണ്ടു. അനുമതി ഇല്ലാതെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ കൂട്ടി ചേർക്കലുകൾ വരുത്തുകയും ഉപയുക്തമാക്കുകയും ചെയ്ത കെട്ടിടം നഗരസഭ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ഉണ്ടായിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. നിലവിലുള്ള കെട്ടിടങ്ങളിന്മേൽ വരുത്തുന്ന കൂട്ടിചേർക്കലുകളും മാറ്റം വരുത്തലുകളും അറിയാത്ത സ്ഥിതി വിശേഷം നഗരസഭയിലുണ്ട്. പലപ്പോഴും കെട്ടിടഉടമ ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമാണ് ഇത്തരം നിർമ്മാണങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ വരുന്നത്.

2.കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ പാടില്ലായെന്നിരിക്കെ നിയമാനുസൃതമാക്കാത്ത നിർമ്മാണങ്ങൾ ഉപയോഗിച്ച വരുകയാണ് ഉണ്ടായിട്ടുള്ളത്.

കെട്ടിടത്തിനോട് മുകളിൽ/ചേർന്ന് നടത്തി വരുന്ന നിർമ്മാണങ്ങൾക്ക് പ്രത്യേകം നമ്പർ ആവശ്യമില്ലാത്ത സംഗതികളിൽ ഇത്തരം കൂട്ടിചേർത്തൽ കണ്ടെത്താനാകാതെ വരുന്ന പക്ഷം കെട്ടിടം റഗുലേറ്ററി സംവിധാനത്തിന് കീഴിലാക്കുന്നതിനും അധിക നിർമ്മാണങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുന്നതിനും നഗരസഭയ്ക്ക് കഴിയാതെ വരും. നിയമങ്ങൾ പാലിക്കാതെ നിർമ്മാണങ്ങൾ നടത്തുകയും അവ ഉപയുക്തമാക്കി വരുന്നതുമായ പ്രവണതയെ പ്രോത്സാഹിപ്പിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണാധികാരത്തിന്മേലുള്ള കടന്ന കയറ്റം നിയന്ത്രിക്കുന്നതിന് ഇപ്രകാരമുള്ള നിർമ്മാണങ്ങളിൻമേൽ കർശന നിയമനടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-82 കെട്ടിടത്തിലെ അധികനിർമ്മാണം - കോടതി ഉത്തരവ് വിവരം ലഭ്യമാക്കേണ്ടതാണ്.

ഫയൽ നമ്പർ DW3/BR/09/2020-21

തൃശ്ശൂർ കോർപ്പറേഷൻ 36 -ാം ഡിവിഷനിൽ തൃശ്ശൂർ വില്ലേജ് സർവ്വെ നമ്പർ 177/1 ൽ ഉൾപ്പെടുന്ന 3.13 ആർ സ്ഥലത്തെ 1023.5 M2 കെട്ടിടനിർമ്മാണം (എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ) ക്രമവൽക്കരിക്കുന്നതിനായി മാനേജിംഗ് പാർട്ണർ, സെന്റർ ഫോർ പോസ്റ്റ് ഗ്രാന്റ്വേറ്റ് സ്റ്റഡീസ് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന അപാകതയുള്ളതിനാൽ നിർമ്മാണം ക്രമവൽക്കരിച്ച് നൽകിയിട്ടില്ല.

1. പ്രസ്തുത സ്ഥലം BTR പ്രകാരം നിലം ആയി രേഖപ്പെടുത്തിയിരിക്കുന്നു. സ്ഥലത്തിന്റെ തരം മാറ്റിയ ഉത്തരവ് ഹാജരാക്കിയില്ല.

2. FAR,Coverage എന്നിവ അനുവദനീയമായ പരിധി അധികരിച്ചിട്ടുണ്ട്.

3. ആവശ്യമായ പാർക്കിംഗ് സ്ഥലത്ത് ലഭ്യമല്ല.

4. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടപ്രകാരം ആവശ്യമായ ഫയർ സ്റ്റെയർ സ്ഥാപിച്ചിട്ടില്ല.

5.നിലവിലുള്ള സ്ഥലത്ത് സ്കീം വൈലേഷൻ ഉണ്ട്.

അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ട് തൃശ്ശൂർ കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ DW3/09 /20-21 നമ്പറായി 28.07.2020 നും 19.10.2020 നും അറിയിപ്പ് നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നു.

ഒക്യുപൻസി പ്ലാനിൽ നിന്നും വ്യതിചലിച്ചുള്ള കെട്ടിടഭാഗങ്ങൾ 30 ദിവസത്തിനകം ക്രമവൽക്കരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കേണ്ടതാണെന്നുള്ള DW3-41390/19 തി.8.05.2020 നമ്പർ അറിയിപ്പ് നഗരസഭയിൽ നിന്നും നൽകിയിരുന്നു. ഇതിനെതിരെ WP(C)No.25089/21-ാം നമ്പർ ഹർജി ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. ബഹു.ഹൈക്കോടതി മുമ്പാകെ തൃശ്ശൂർ കോർപ്പറേഷൻ റെസ്പോഡന്റായ WP(C)No.25089/21-ാം നമ്പർ ഹർജിക്കു വേണ്ടി തയ്യാറാക്കി സമർപ്പിച്ച വസ്തുതാ വിവര പത്രികയിൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് ഓബുഡ്സ്മാൻ മുമ്പാകെയുള്ള OP No. 227 Of 2020 നമ്പർ കേസിൽ കെട്ടിടത്തിലെ അനധികൃത നിർമ്മാണം 22.11.2021 നകം പൊളിച്ചു നീക്കി അറിയിക്കേണ്ടതാണ് എന്ന് ഉത്തരവായതായി പറയുന്നു.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് ഓബുഡ്സ്മാൻ മുമ്പാകെയുള്ള OP No. 227 Of 2020 നമ്പർ കേസിന്റെ വിവരം ഫയൽ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 71 തിയതി. 9.06.2022) ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ഉണ്ടായിട്ടില്ല .ബഹു.ഹൈക്കോടതി മുമ്പാകെയുള്ള WP(C)No.25089/21 -ാം നമ്പർ ഹർജിയിന്മേലുള്ള 6.12.2021 ലെ ഇടക്കാല ഉത്തരവ് ഫയലിലുണ്ടെങ്കിലും (അടുത്ത പോസ്റ്റിംഗ് 21.12.2021) തുടർന്നുള്ള നടപടി ക്രമം ഫയലില്ല. ഈ ഫയലിലെ തുടർ നടപടി വിവരം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ ) പ്രകാരം സെന്റർ ഫോർ പോസ്റ്റ് ഗ്രാന്റ്വേറ്റ് സ്റ്റഡീസ് എന്ന ഈ കെട്ടിടത്തിലെ സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 9/20/21-22 തി.30.03.2021 നമ്പറായി രജിസ്ട്രേഷൻ നൽകിയിരിക്കുന്നു തുടർന്ന് 2022-21 സാമ്പത്തിക വർഷത്തേയ്ക്കും രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുമുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന്

മുനിസിപ്പാലിറ്റി പ്രവർത്തനാനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. നിയമാനുസൃതമല്ലായെന്ന് റിപ്പോർട്ട് ചെയ്യിരിക്കുന്ന ഈ കെട്ടിടത്തിന് പ്രവർത്താനുമതി നൽകിയതിന്റെ കാരണം ആവശ്യപ്പെട്ടും കോടതി നടപടിക്രമം ആവശ്യപ്പെട്ടും ഓഡിറ്റ് അന്വേഷണം നൽകിയതിനും മറുപടി ലഭ്യമായില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം അനുശാസിക്കുന്ന പ്രകാരമല്ലാത്തതും ആവശ്യമായ ഫയർ സ്റ്റെയർ നൽകാത്തതുമായ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. കെട്ടിടത്തിന്റേയും വിദ്യാർത്ഥികളുടേയും സുരക്ഷ മുൻനിർത്തി കോടതി ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 71തിയ്യതി: 9.06.2022

## 1-83 അനധികൃതനിർമ്മാണം -- ക്രമവൽക്കരണത്തിനുള്ള അപേക്ഷ – നടപടികൾ സ്വീകരിച്ചിട്ടില്ല.

ഫയൽ നം. - VBA/212/20-21(വിൽവട്ടം സോണൽ ഓഫീസ്)

VTM 3/4255/20/22.12.2020

മേൽഫയൽ പ്രകാരം ശ്രീ.സാം ഉമ്മൻ, ശ്രീമതി.ലത സാം എന്നിവർ വാസഗൃഹം വിപുലീകരിച്ചത് ക്രമവൽക്കരിക്കുന്നതിനായി 22.12.2020 ന് അപേക്ഷ നൽകി. വിൽവട്ടം വില്ലേജിൽ സർവേ നം. 808/ P (റീസർവെ നം. 78/72) ഉൾപ്പെട്ട 0.0458 ഹെക്ടർ സ്ഥലത്ത് 9/513 നമ്പറിൽ 221.16m2 വാസഗൃഹം നിലവിൽ ഉള്ളതാണ്. വാർഷിക വസ്തുനികുതി 1588 രൂപ നിർണ്ണയിച്ചിട്ടുള്ളതായ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ച 122.59m2 കെട്ടിടം ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്.

കൈവശാവകാശ സർട്ടിഫിക്കറ്റ്, ബി ടി ആർ എന്നിവ പ്രകാരം ഈ സ്ഥലം നിലം എന്നാണ് ചേർത്തിട്ടുള്ളത്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട, സംരക്ഷണനിയമം അനുസരിച്ച് 4.04ആർ പ്ലോട്ടിൽ 120m2 വിസ്തീർണ്ണത്തിലുള്ള വാസഗൃഹത്തിന് അനുമതി നൽകാവുന്നതാണ് എന്നും പുതിയ വാസഗൃഹത്തിന് 343.74m2 ഏരിയ ഉള്ളതിനാൽ ആർഡി ഒ യുടെ തരംമാറ്റൽ ഉത്തരവ് വേണമെന്ന് അറിയിച്ചുകൊണ്ട് അപേക്ഷകർക്ക് VPW/VBA/212/20-21 തീയതി. 17.02.21 നം.ആയി നോട്ടീസ് നൽകിയിരിക്കുന്നു. നാളിതുവരെ അപാകത പരിഹരിക്കുകയോ കെട്ടിടം ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് 120m2 വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് മാത്രമേ അനുമതി ഉള്ളുവെന്നിരിക്കെ 221.16m2 നിർമ്മിക്കുന്നതിന് അനുവാദം നൽകുകയും വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളത് എപ്രകാരമാണെന്ന് വ്യക്തമല്ല.

2. നാളിതുവരെ ആർഡിഒ യുടെ ഉത്തരവ് ലഭ്യമാക്കുകയോ കെട്ടിടം ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അനധികൃത നിർമ്മാണമായി കണക്കിലെടുത്ത് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതി ചുമത്തേണ്ടതായിരുന്നു. ഇത്തരത്തിൽ നികുതി ചുമത്താത്തതുമൂലം സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടാകുന്നു.

ഓഡിറ്റ് എൻക്വയറി 07/05.05.2022 നൽകിയതിന് 1999-2000 വർഷത്തിൽ ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയിരുന്നു എന്നും അക്കാലയളവിൽ തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിൽ ഇല്ലാത്തതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. UA നമ്പറിട്ട് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആർ ഡി ഒ യുടെ ഉത്തരവ് ലഭ്യമാക്കി കെട്ടിടം നിയമാനുസൃതഫീസ് അടച്ച് ക്രമവൽക്കരിക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ അനധികൃതനിർമ്മാണമായി കണക്കാക്കി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-84 ക്രമവൽക്കരിക്കാൻ സാധ്യമല്ലാത്ത കെട്ടിടം -- അനധികൃതനിർമ്മാണത്തിന് നടപടികൾ എടുത്തിട്ടില്ല

അയ്യന്തോൾ സോണൽ ഓഫീസിലെ കെട്ടിടക്രമവൽക്കരണത്തിനുള്ള അപേക്ഷ പരിശോധിച്ചതിൽ ക്രമവൽക്കരിക്കാൻ ആകാത്ത കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ

| | |
|---|---|
| അപേക്ഷകൻ | രജിത കെ കെ യും മറ്റുള്ളവരും |
| അപേക്ഷയുടെ തീയതി | 25.11.2020 |
| ഫയൽ നം. | AYL/BA/223/20-21 |
| വില്ലേജ് | അയ്യന്തോൾ |
| സർവെ നം | 445/1P |
| അപേക്ഷയുടെ വിവരം | നിലവിലുള്ള മിൽ --ക്രമവൽക്കരണം |

| | |
|---|---|
| നിലവിലുള്ള കെട്ടിടം | 4/117A-- 16.65m2(നികുതി -- 100)<br>4/117B-- 54.40m2(നികുതി-- 114) |
| സ്ഥലവിസ്തീർണ്ണം | 8.46ആർ |
| നോട്ടീസ് നൽകിയ തീയതി | 08/01/2021 |
| നോട്ടീസ് നം. | AYL/BA/223/20-21 |

മേൽ പ്രകാരം നിലവിലുള്ള മിൽ ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്.എന്നാൽ കെട്ടിടം G1 ഒക്കുപ്പൻസിയിൽ ഉൾപ്പെടുന്നതിനാൽ അപാകതകൾ ഉണ്ട്. ആയതിനാൽ ക്രവൽക്കരിക്കുവാൻ സാധിക്കില്ല എന്ന് നോട്ടീസ് നൽകുകയാണ് ചെയ്തത്.

നോട്ടീസിൽ ചൂണ്ടിക്കാണിച്ച അപാകതകൾ

1. Set Back Front Yard 3മീറ്ററും Back, Side എന്നിവ 2മീറ്ററും ആവശ്യമാണ്.
2. Parking, Disable Toilet, Ramp, Pollution Certificate എന്നിവ ആവശ്യമാണ്.
3. കെട്ടിടത്തിന്റെ ഉയരം 3.60 മീറ്റർ ആവശ്യമാണ്.
4. കുറഞ്ഞത് 1 Toilet വേണ്ടതാണ്.ആയതിന് 2.4 മീറ്റർ ഉയരം വേണ്ടതാണ്.

2019 ചട്ടപ്രകാരം ഈ കെട്ടിടം Regularise ചെയ്യാൻ സാധിക്കുകയില്ല എന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

അപാകത

1.2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കുവാൻ സാധിക്കാത്ത കെട്ടിടം അനധികൃതനിർമ്മാണമായി കണക്കാക്കി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതുമൂലം വസ്തുനികുതി ഇനത്തിൽ സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്നു.

നിലവിലുണ്ടായിരുന്ന ഈ കെട്ടിടത്തിന് ഏത് രീതിയിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്, എന്തുകൊണ്ടാണ് അനധികൃതകെട്ടിടമായി കണക്കാക്കി നടപടി സ്വീകരിക്കാതിരുന്നത് എന്ന വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 9/25.5.2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൃത്യമായ പരിശോധന നടത്തി ഇത്തരത്തിൽ ക്രമവൽക്കരിക്കുവാൻ സാധിക്കാത്ത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി അനധികൃതനിർമ്മാണമായി കണക്കാക്കി നടപടികൾ സ്വീകരിക്കേണ്ട താണ്.

## 1-85 അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

എ) ഫയൽ നമ്പർ-OLR/BR/116/20-21

ചിയ്യാരം വില്ലേജിൽ ഡിവിഷൻ 25 ൽ സർവേ നമ്പർ 441/PT2 വിൽ 2.83 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള കൊമ്മേഴ്സ്യൽ ബിൽഡിംഗിൽ സെക്കന്റ് ഫ്ലോർ അഡിഷൻ നിർമ്മിച്ചിട്ടുള്ളത് ക്രമവത്കരിക്കുന്നതിനായി ആഷി നാസർ ,മതിലകത്ത് എന്നവർ 10.3.21 ന് അപേക്ഷ നൽകിയിരുന്നു.പിന്നീട് ഫയൽ റദ്ദ് ചെയ്യുന്നതിനായി ഉടമസ്ഥൻ 29.4.21 ൽ അപേക്ഷ നൽകുകയും അതനുസരിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതായി 5.5.21 ലെ എ.ഇ യുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ 25.5.2022, 2.30 Pm ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ നീക്കം ചെയ്തു എന്ന് അവകാശപ്പെട്ട രണ്ടാം നിലയുടെ മുകളിലെ ഓപ്പൺ ഏരിയയിലെ സ്ഥലത്ത് "പവർ സോൺ" എന്ന ജിം പ്രവർത്തിക്കുന്നതായി കാണുകയുണ്ടായി. വിശദമായ പരിശോധനയിൽ ക്രമവത്കരണ നടപടികൾ അവസാനിപ്പിച്ച നീക്കം ചെയ്ത സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നതായാണ് വ്യക്തമായത്. ടി സ്ഥാപനം പ്രവർത്തിക്കുന്ന കൊമ്മേഴ്സ്യൽ ബിൽഡിംഗിന്റെ മുകളിൽ ഇത്തരത്തിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതായി പുറമേ നിന്നു നോക്കിയാൽ വ്യക്തമാകുകയില്ല. കോർപ്പറേഷൻ അനുമതിയില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതിനാൽ അതിനെതിരെ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (എൻക്വയറി നമ്പർ-8/25.5.2022)

ബി)ഫയൽ നമ്പർ -OLR/BR/82/2020-21

ഒല്ലൂർ വില്ലേജ് സർവേ നമ്പർ 400/1,401/1 കുരിയച്ചിറ ഭാഗത്ത് സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ സ്ഥലത്ത് 8.48 Sqmൽ നിർമ്മിച്ചിട്ടുള്ള ടെലികമ്മ്യൂണിക്കേഷൻ ടവർ ക്രമവത്കരിക്കുന്നതിനായി ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് 2.2.21ന് അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് താഴെ പ്പറയുന്ന അപാകത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

1. കെ.എം.ബി.ആർ. 2019 റൂൾ 84(5) പ്രകാരം പ്രൊട്ടക്ടീവ് വാൾ നിർമ്മിച്ചതായി കാണുന്നില്ല
2. EMF സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾ അറിയിച്ച് 24.2.2021 ൽ കത്ത് നൽകിയെങ്കിലും മറുപടി സമർപ്പിച്ചതായോ ക്രമവത്കരണം നടത്തിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ വ്യക്തമല്ല. റഗുലറൈസ് ചെയ്ത് പെർമിറ്റ് നൽകിയതായി കാണുന്നില്ല.

25.5.2022,2.40 Pm ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടി മൊബൈൽ ടവർ

പ്രവർത്തിക്കുന്നതായി വ്യക്തമായി. റഗുലറൈസ് ചെയ്യാതെ മൊബൈൽ ടവർ പ്രവർത്തനം നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 9/25.5.2022).

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കികൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ട താണ്.അല്ലാത്തപക്ഷം കേരളാ മുനിസിപ്പാലിറ്റ് ആക്ട് 242വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ 233 വകുപ്പ് 2ാംവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-86 മാർ അദ്ദായ് ശ്ലീഹാ പള്ളി കോമ്പൌണ്ടിൽ അനധികൃത നിർമ്മാണം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ OLK3/1466/20/BR/01/20-21 പരിശോധിച്ചതിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ 14 ാം ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന മാർ അദ്ദായ് ശ്ലീഹാ പള്ളി കോമ്പൌണ്ടിൽ താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങൾ നടത്തിയതായി പറയുന്നു.

A)പള്ളി കോമ്പൗണ്ടിൽ പള്ളിക്കു പുറകു വശത്തായി രണ്ട് കെട്ടിടങ്ങൾക്ക് ഇടയിലുള്ള ട്രസ്സ് റൂഫിംഗ് നടത്തുന്നതിനുള്ള പില്ലർ സ്ഥാപിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ നിലവിലുള്ള പള്ളിയെയും ഹാളിനെയും ബന്ധിപ്പിച്ചുകൊണ്ട് ട്രസ്സ് വർക്ക് പൂർത്തീകരിച്ചതായും ആയത് 10.30*20.45 M സൈസിലുള്ള ഷെഡ് നിർമ്മിതിയാണെന്നും ഷെഡ് നിർമ്മാണം പൂർത്തീകരിച്ചതായും 30.10.19 ലെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ കാണുന്നുണ്ട് .

B) സർവ്വേ നമ്പർ 665/2, 666/1, 6, 7, 665/1, 664/1, 876/7 ഉൾപ്പെട്ട 3905 M2 സ്ഥലത്ത് ചർച്ച് ഓഫീസ് റൂം ,ഓഡിറ്റോറിയം എന്നിവയുടെ ഇടയിൽ അനധികൃതമായി Covered Parking Area നിർമ്മിച്ചിരിക്കുന്നു.

DW4/31753/19 നമ്പർ പ്രകാരം നിർമ്മാണപ്രവൃത്തികൾ നിറുത്തിവക്കുന്നതിനും കോർപ്പറേഷനിൽ നിന്നും പെർമിറ്റ് ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണങ്ങൾ നടത്താവൂ എന്നറിയിച്ചു കൊണ്ട് 12.8.19 ൽ മേൽ നമ്പർ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് 28.4.2020 ന് അപേക്ഷ സമർപ്പിക്കുകയും പള്ളി കോമ്പൗണ്ടിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ KMBR -2019 ചട്ടങ്ങൾക്ക് വിധേയമായി ക്രമപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 14.5.2020ൽ നോട്ടീസ് നൽകിയിരുന്നെങ്കിലും പണി പൂർത്തീകരിച്ചതായി ആണ് ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നത്. വീണ്ടും 9.6.2020, 16.3.21 ,14.9.2021 തീയതികളിൽ താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷ പുന: സമർപ്പിക്കാൻ അറിയിപ്പ് നൽകിയിരുന്നു.

1. കെ.എം.ബി.ആർ റൂൾ 5(4) സീരിയൽ നമ്പർ 5 പ്രകാരം ജില്ലാ കളക്ടറുടെ NOC ഹാജരാക്കി യിട്ടില്ല.

2.ഹാജരാക്കിയ പൊസ്സഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല.

3.പ്ലോട്ടിലെ അളവുകൾ ഒന്നും തന്നെ അടയാളപ്പെടുത്തിയിട്ടില്ല.

4.സർവ്വേ നമ്പർ പ്രത്യേകം പ്ലോട്ട് തിരിച്ചു അടയാളപ്പെടുത്തേണ്ടതാണ്.

5.സൈറ്റിൽ നടക്കുന്ന പുതിയ നിർമ്മാണങ്ങൾ പ്ലോട്ട് അതിരുകൾ,ബിൽഡിംഗിന്റെ മെഷർമെന്റ്സ്, സെറ്റ് ബാക്കുകൾ റോഡ് വൈഡനിംഗുകൾ, നിലവിലുള്ള ബിൽഡിംഗിന്റെ നമ്പർ എന്നിവയെല്ലാം കൂടി പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.പ്ലാനിന് ഉള്ളിലുള്ള മെഷർമെന്റ്സ് എതേണ്ടതാണ്.

7.പാർക്കിംഗ്, ടോയ്ലെറ്റ്, Heights Of Constructions, Existing Work, Extension Work Width, Length എന്നിവയെല്ലാം പ്ലാനിൽ കാണിക്കേണ്ടതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും മേൽനോട്ടീസുകൾക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതായും ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുന: സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

അനധികൃത നിർമ്മാണം പൂർണ്ണമായും ചട്ടപ്രകാരം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിത പ്പെടുത്തേണ്ടതും ഏതെങ്കിലും വിധത്തിലുള്ള ചട്ടലംഘനമുണ്ടെങ്കിൽ അനധികൃതനിർമ്മാണത്തി നെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ച് 4.8.21ന് ചീഫ് ടൗൺപ്ലാനർ TCPCTP/1192/2020 2(1) നമ്പർ കത്ത് കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. നിരവധി തവണ റഗുലറൈസ് ചെയ്യുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നാളിതു വരെ കോർപ്പറേഷനിൽ നിന്നും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. കേരളാ മുനിസിപ്പാലിറ്റ് ആക്ട് 242വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന

ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ 233 വകുപ്പ് 2ാംവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 12/7.5.2022 നൽകിയതിനു മറുപടിയായി നിരവധി തവണ റഗുലറൈസ് ചെയ്യുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്തതിനാൽ UA നമ്പർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-87 ബത്‌ലേഹം കോൺവെന്റ് സ്കൂൾ കെട്ടിടനിർമ്മാണം - അനധികൃത നിർമ്മാണം ക്രമവത്കരിച്ചിട്ടില്ല – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

OLK3/BA/91-20.

മദർ സുപ്പീരിയർ ബത്‌ലേഹം കോൺവെന്റ് എന്നവർ സർവ്വേ നം. 347/7, 347/14 സ്ഥലത്ത് ക്ലാസ്സ് റൂം ബിൽഡിംഗ് പണിയുന്നതിനായി 02.08.2019ൽ അപേക്ഷിക്കുകയും 12.02.2020ൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1873.2m$^2$ നിലവിലുള്ള കെട്ടിടത്തോടു ചേർന്ന് 74.46 M$^2$ പ്രത്യേക ബിൽഡിംഗ് പണിയുവാനാണ് അനുമതി നല്കിയിരുന്നത്. 06.03.2020ൽ ഹാജരാക്കിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നല്കിയ പുതിയ പ്ലാനിൽ നിലവിലുള്ള കെട്ടിടത്തോടു ബിൽഡിംഗ് പണിതിരിക്കുന്നത്. 13.04.2021ൽ സമർപ്പിച്ച അപേക്ഷപ്രകാരം കെട്ടിടനിർമ്മാണം അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് 28.07.2021ലെ OLK3-3884/19/BA/91/19-20 പ്രകാരം താഴെപ്പറയുന്ന അപാകതകൾ അറിയിച്ചിരുന്നു.

1. സ്ഥലത്തിന്റെ പുതിയ പൊസഷൻ സർട്ടിഫിക്കറ്റ്, ഭൂനികുതി രസീതി എന്നിവ ഹാജരാക്കണം. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം പൂർത്തിയാക്കിയതിനാൽ കെട്ടിടത്തിന്റെ ഒക്യുപൻസി റഗുലർലൈസേഷൻ ആയി മാത്രമേ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

2.കെട്ടിടം റഗുലറൈസ് ചെയ്യാൻ KMBR Rule 30 പ്രകാരം ബഹു. ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. (As Per Table II & Built Up Area More Than 1500 Sq.m).

3.KMBR 2019 Rule 5(4) പ്രകാരം 1000 ച.മീ. അധികരിക്കുന്ന കെട്ടിടങ്ങൾക്ക് Fire NOC ആവശ്യമാണ്.

21.12.2021ൽ OLK3-3884/19/BA/91-19-20 നോട്ടീസ് പ്രകാരം OLK3-3884/19/BA/91-19.20 തീയതി 12.2.2020 കെട്ടിടനിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ച് കെട്ടിട നമ്പർ 15/472, 15/128 എന്നീ കെട്ടിടങ്ങൾ കൂട്ടിചേർക്കുന്നതിന് 25.41 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടഭാഗം നിർമ്മിച്ചിട്ടുള്ളത്. ആയത് അനധികൃത നിർമ്മാണമാണെന്നും, 1994ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 387-ാം വകുപ്പുപ്രകാരം അപേക്ഷകൻ 389-ാം വകുപ്പുപ്രകാരമുള്ള അനുവാദം വാങ്ങാതെ മേൽവിവരിച്ച തരത്തിലുള്ള അനധികൃത നിർമ്മാണം നടത്തിയതായും മുനിസിപ്പാലിറ്റീസ് ആക്ട് 406(1), സി (III) വകുപ്പുപ്രകാരം പണിത ഭാഗങ്ങൾ പൊളിച്ചുമാറ്റി നഗരസഭയിൽ റിപ്പോർട്ട് ചെയ്യണമെന്നറിയിച്ചിരുന്നു. അതിനെ തുടർന്ന് കക്ഷി പ്ലാൻ 26.03.2022ന് പുന:സമർപ്പിച്ചിട്ടുണ്ടെങ്കിലും കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസ് റൂൾ 5(4) പ്രകാരം Fire NOC,കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾ 30 പ്രകാരം ടൗൺ പ്ലാനറുടെ അനുമതി എന്നിവ ഹാജരാക്കിയതായി കാണുന്നില്ല.

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കി കൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് വകുപ്പ് 233 ,2ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആകെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16/7.5.2022 ന് യു.എ നമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും ആയത് വരെ മൂന്ന് ഇരട്ടി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-88 റഗുലറൈസ് ചെയ്യാൻ നോട്ടീസ് നൽകി/നിരസിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒല്ലൂക്കര സോണൽ

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകൾക്ക് വിവിധ കാരണങ്ങളാൽ നോട്ടീസ് നൽകിയിട്ടുണ്ട്.ഇത്തരം കെട്ടിടങ്ങൾ സ്ഥാപനപരിധിയിൽ നിലനിൽക്കുന്നവ ആയതിനാൽ ഇവയെ അനധികൃതനിർമ്മാണമായി പരിഗണിച്ച് ഇവയ്ക്ക് പ്രത്യേക നമ്പർ നൽകി മൂന്ന് ഇരട്ടി നികുതി ഈടാക്കാവുന്നതാണ്.

1.ഒല്ലൂക്കര മേഖലാ കാര്യാലയം

| ഫയൽ നമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം/ സർവേ നമ്പർ | നിരസിച്ച കാരണം | സ്വീകരിച്ച നടപടിയുടെ വിവരം |
|---|---|---|---|---|
| OLK3/3699 /20/BR /34/20-21 | ഷേർളി വർഗ്ഗീസ് കാങ്കപ്പാടൻ ഹൌസ് ഒല്ലൂക്കര | 142 M2 685/1 | സ്ഥലം പരിശോധിച്ചതിൽ അളക്കുവാൻ സ്ഥലം പര്യാപതമായിരുന്നില്ല. നിലവിൽ കെട്ടിടത്തിന് സെറ്റ് ബാക്ക് ഇല്ല. | 4.2.22ന് നോട്ടീസ് നൽകി |
| OLK3/4253 /20/BR /46/20-21 | കൃഷ്ണൻകുട്ടി.സി.കെ ഐശ്വര്യ ഗാർഡൻസ് ചെറുകുളങ്ങര | 56.7m2 235/4 | പൊസ്സഷൻ സർട്ടി ഫിക്കറ്റിൽ ഭൂമിയുടെ തരം മാറ്റിയിട്ടില്ല. | 22.2.22ന് നോട്ടീസ് നൽകി |
| OLK3/43 /2/20/BR /48/20-21 | ശ്രീദേവി തെക്കൂട്ട് ഒല്ലൂക്കര | 411.26m2 411/1P | ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി യില്ല. സെറ്റ്ബാക്ക് മുൻവശത്ത് 90 M2 മാത്രമാണുള്ളത് | 20.11.20ന് നോട്ടീസ് നൽകി |
| OLK3/4318 /20/BR /50/20-21 | എം.ജെ.അലക്സാണ്ടർ മടത്തിപ്പറമ്പിൽ വെട്ടിക്കൽ | 277M2 235/5P 236/4P | കെട്ടിടവും പ്ലാനും തമ്മിൽ വ്യത്യാസം കാണുന്നു. കെട്ടിടത്തിന്റെ പുറകിൽ പടിഞ്ഞാറു ഭാഗത്തെ അതിർത്തി യോടു ചേർന്ന് ടോയ് ലെറ്റ് നിർമ്മിച്ചതായി കാണുന്നു ആഭാഗത്തെ അയൽവാസി യുടെ എൻ.ഓ.സി ഹാജരാക്കണം.സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് ഹാജരാക്കണം കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ളോറിൽ 2m ഉയര ത്തിൽ ഒരു ഫ്ളോർ കൂടി പണിതതായി കാണുന്നു അത് കെ.എം.ബി.ആർ റൂൾ 33യുടെ ലംഘന മാണ്. | 1.2.22ന് നോട്ടീസ് നൽകി |
| OLK3/BA /217/217/17-18 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് 8 Thഫ്ളോർ വങ്കാരത്ത് ടവേഴ്സ് ബൈപാസ് റോഡ് പാലാരിവട്ടം | -- | കെ.എം.ബി.ആർ ചട്ടലംഘനം | 29.12.18ന് നോട്ടീസ് നൽകി |
| OLK3-4776-/20 /BR/63 /2020-21 | ശാന്തഫ്രാൻസിസ് പുലിക്കോടൻ ഹൌസ് നെല്ലിക്കുന്ന് | 151.85 M2 893/1 | ആധാരം ഭാര്യയുടേയും ഭർത്താവിന്റേയും പേരിലായതിനാൽ സംയുക്തമായി അപേക്ഷി ക്കേണ്ടതാണ്. സെറ്റ് പ്ലാനിലെ അളവുകളും വിസ്തീർണ്ണവും ആധാര ത്തിലെ വിസ്തീർണ്ണവു മായി വ്യത്യാസം കാണുന്നു. ആയതിന് സർവേ സ്കെച്ച് ഹാജരാക്കണം കെട്ടിടത്തിന് എക്സ്റ്റേർണൽ സ്റ്റെയർ ചെയ്തതിന്റെ അളവുകൾ പ്ലാനിൽ കാണിച്ചിട്ടില്ല. | 27.1.21ന് നോട്ടീസ് നൽകി |
| OLK3/4821 /20/BR | അമ്മിണി & തിമോത്തി | 150.55 M2 651/1 | നിലവിലുള്ള വാസഗൃഹ ത്തിന് കെ.എം.ബി.ആർ. | 3.2.21 നോട്ടീസ് |

| | | | | |
|---|---|---|---|---|
| /66/20-21 | പുത്തൂർ ഹൌസ് ഒല്ലൂക്കര | | അനുശാസിക്കുന്ന സെറ്റ് ബാക്ക് ഫ്രണ്ട് യാർഡിൽ ലഭ്യമല്ല. ആയതിന് UA നമ്പർ ആണ് നൽകിയിരി ക്കുന്നത്. തന്നിരിക്കുന്ന UA നമ്പർ ഒല്ലൂക്കര സോണലിൽ ശ്രീമതി ഡെയ്സി, W/o ജോസ് കുണ്ടുപറമ്പിൽ എന്ന വരുടെ ഉടമസ്ഥതയിൽ ആണ് നിലവിലുള്ള കെട്ടിടം അനധികൃത നിർമ്മാണം ആയതിനാൽ ക്രമവത്കരിക്കാൻ സാധിക്കുകയില്ല. | നൽകി |
| OLK3/4856 /20/BR /67/20-21 | അന്ന ഷജീന W/o റോയ്സൺ മഠത്തിവിളാക ഹൌസ് മണ്ണുത്തി | 49.01m2 85/1 | സ്ഥലത്തിന്റെ തരം വ്യക്തമാക്കുന്ന റവന്യൂ രേഖ ഹാജരാക്കിയിട്ടില്ല | 3.2.21ന് നോട്ടീസ് നൽകി |
| OLK3/761 /21/BR /74/20-21 | സിന്ധു ഉരുത്തിമ്മേൽ മണ്ണുത്തി | 64.74m2 242/1 | പവർഗ്രിഡ് കോർപ്പറേഷ ന്റെ ഇലക്ട്രിക്കൽ ലൈൻ പോകുന്നതി നാൽ കെ.എം.ബി.ആർ റൂൾ നമ്പർ 22(5) പ്രകാര മുള്ള എൻ.ഓ.സി ഹാജരാ ക്കേണ്ടതാണ്. | 13.4.22 ന് നോട്ടീസ് നൽകി |
| OLK3/1407 /21/BR /85/20-21 | ജോർജ്.സി.പി ചിറയത്ത് നെട്ടിശ്ശേരി | 64,17m2 249 | ഡാറ്റാബാങ്കിൽ നിലമായി കാണുന്ന<br>ഭൂമിയുടെ തരം മാറ്റം നടത്തിയിട്ടില്ല. പ്ലാൻ തയ്യാറാക്കിയ ലൈസൻസി യുടെ ലൈസൻസിന്റെ കാലാവധി അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പുതന്നെ തീർന്നിരിക്കുന്നു.<br>നിലവിലെ കെട്ടിടത്തിന്റെ ടാക്സ് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>സെപ്റ്റിക് ടാങ്കിന്റെ 7.5mചുറ്റളവിൽ കിണറു കൾ ഇല്ല എന്ന വിവരം പ്ലാനിൽ വ്യക്തമാക്കി യിട്ടില്ല | 1.2.22 ന് നോട്ടീസ് നൽകി |
| | ഫ്രാൻസിസ് മൽപാൻ ഹൌസ് ഒല്ലൂക്കര | 118m2 496/P 500/P 504/P | പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലത്തിന്റെ തരം Wet Land എന്നു രേഖപ്പെടുത്തിയിട്ടുള്ളതി നാൽ ബി.റ്റി.ആർ കോപ്പി, ഡാറ്റാ ബാങ്ക് കോപ്പി എന്നിവ ഹാജരാക്കിയിട്ടില്ല. | 29.1.22 ന് നോട്ടീസ് നൽകി |
| OLK3 /1713/21 /BR/89/20-21 | ജോൺസൺ ത്രേസ്യാമ്മ മാളിയേക്കൽ മാത്തള ഹൌസ് ഒല്ലൂക്കര | 210.4 M2 377/P | RWHടാങ്ക് സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.<br>സ്ഥലത്തിന്റെ പ്ലോട്ട് അതിര് മാർക്ക് ചെയ്ത് സർവേ സ്കെച്ച് ഹാജരാക്കണം<br>സൈറ്റ് പ്ളാനിൽ സെറ്റ് ബാക്കുകൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്. | 16.3.21 ന് നോട്ടീസ് നൽകി |
| OLK3/2099 /21/BR /95/20-21 | ആൻറണി.എം.എൽ മണിപ്പറമ്പിൽ | 149 M2 576/P | പൊസ്സഷൻ സർട്ടിഫി ക്കറ്റിൽ Wet Land എന്നു കാണുന്നതിനാൽ | 22.3.21ന് നോട്ടീസ് നൽകി |

| | | | | |
|---|---|---|---|---|
| | ഒല്ലൂക്കര | | ബി.റ്റി.ആർ കോപ്പി,ഡാറ്റാ ബാങ്ക് കോപ്പി എന്നിവ ഹാജരാക്കിയിട്ടില്ല. | |
| OLK3/2428 /21/BR /101/20-21 | വർഗ്ഗീസ് വെളുത്തുക്കാരൻ ഹൌസ് ഒല്ലൂക്കര | 240.2m2 | പൊസ്സഷൻ സർട്ടി ഫിക്കറ്റ് പ്രകാരം നിലം ആയതിനാൽ ആർ.ഡി. ഓ.യിൽ നിന്നും ഭൂമി തരംമാറ്റിയ ഉത്തരവ് ഹാജരാക്കേണ്ടതാണ്. | 20.4.21ന് നോട്ടീസ് നൽകി |
| OLK3/2498 /21/BR /104/20-21 | എം..എ . ഇബ്രാഹിംകുട്ടി & Others മഠത്തിപ്പറമ്പിൽ ഒല്ലൂക്കര | 206.72m2 574/2 | 120 M2 ന് മുകളിൽ Wet Landൽ വീട് പണിയുന്നതിന് ആർ.ഡി. ഓ.യിൽ നിന്നുള്ള തരം മാറ്റിയ ഉത്തരവ് ഹാജരാക്കിയിട്ടില്ല.ബി.റ്റി.ആർ.കോപ്പി ,ഡാറ്റാ ബാങ്ക് കോപ്പി അനന്തരാവകാശ സർട്ടി ഫിക്കറ്റ്,ടാക്സ് രസീതി എന്നിവ ഹാജരാക്കിയിട്ടില്ല. | 9.4.21ന് നോട്ടീസ് നൽകി |
| OLK3/12399 /21/BR /99/20-21 | ഹൈറുന്നിസ &Others എരമംഗലത്ത് ഒല്ലൂക്കര | 80.53 M2 | പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം Wet Land ആയതിനാൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം അപേക്ഷ പരിഗണി ക്കാനാവില്ല. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>കെ.എം.ബി.ആർ.റൂൾ 2019 പ്രകാരം റൂൾ 34 സാനിറ്റേഷൻ സൗകര്യങ്ങൾ നൽകിയിട്ടില്ല<br>റൂൾ 35-stair Case Width നൽകിയിട്ടില്ല. റൂൾ 23(2), 26(4)പ്രകാരം സെറ്റ് ബാക്ക് ലഭ്യമല്ല. റൂൾ 76- മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല<br>കെ.എം.ബി.ആർ റൂൾ2019 ചട്ടമനുസരിച്ച് അപേക്ഷയും പ്ലാനും സമർപ്പിച്ചിട്ടില്ല. | 2,7.21 ന് നോട്ടീസ് നൽകി |

ഓഡിറ്റ് എൻക്വയറി നമ്പർ 10/7.5.22

ബി)ഒല്ലൂർ മേഖലാ കാര്യാലയം

| ഫയൽ നമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | നിരസിച്ച കാരണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| OLR/BR /50/20-21 | ലക്ഷ്മി പണ്ടാരൻ വീട് | | വിസ്തീർണ്ണത്തിൽ രണ്ടു ഷോപ്പ് റൂം റഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ, ഷോപ്പ് I,II എന്നിവയ്ക്ക് റോളിംഗ് ഷട്ടർ നിർമ്മിച്ചിട്ടില്ല., കെ.എം.ബി.ആർ ഗ്രൂപ്പ് A1ന് വിധേയമായി അപേക്ഷ പുന: സമർപ്പിക്കേണ്ടതാണ്. | 6.1.21,10.5.21 തീയതികളിൽ നോട്ടീസ് നല്കി |
| OLR/BR /107/20-21 | റാഫേൽ ലിസ്സി റാഫേൽ തെക്കിനിയത്ത് ഒല്ലൂർ | | ഒക്യൂപ്പൻസി വ്യക്തമാക്കി യിട്ടില്ല, പ്ലാനിൽ മെഷീനറികളുടെ വിവരണം വ്യക്തമല്ല<br>Access Road Width രേഖപ്പെടുത്തിയിട്ടില്ല<br>Rule 6,rule 29 എന്നിവ രേഖപ്പെടുത്തി യിട്ടില്ല.ലൊക്കേഷൻ | 30.3.21ൽ നോട്ടീസ് നൽകി |

| | | | | |
|---|---|---|---|---|
| | | | സ്കെച്ച് ഹാജരാക്കിയിട്ടില്ല. | |
| OLR/BR /25/20-21 | മാലതി അമ്മ സുനിൽകുമാർ പൊട്ടനാട്ട് വീട് | 116.37m2 | ടി പ്ലോട്ടിൽ നിലവിലുള്ള ടോയ് ലെറ്റ് ബ്ലോക്ക് പ്ലാനിൽ കാണിച്ചിട്ടില്ല<br>റോഡിന് 36m Widening Proposal രേഖപ്പെടുത്തിയിട്ടില്ല. | 2.11.20ൽ നോട്ടീസ് നൽകി |
| OLR/BR /24/20-21 | | 24.38 M2 | പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലം ആയതിനാൽ ഡാറ്റാ ബാങ്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.സമർപ്പിച്ചിരിക്കുന്ന പ്ലാനും സ്ഥലത്തെ നിർമ്മാണവും തമ്മിൽ വ്യത്യാസമുണ്ട്.റൂൾ 33പാലിക്കുന്നില്ല<br>സ്ഥലം നിലമായതിനാൽ 2.02ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 40m2 വരെയുള്ള വാണിജ്യ കെട്ടിടമേ അനുവദിക്കുൻ കഴിയുകയുള്ളൂ. ടി സ്ഥലം 12.74ആർ ഉള്ളതിനാൽ ക്രമവത്കരിക്കേണ്ടതാണ്.<br>സ്ഥലത്തിന്റെ സർവേ സ്കെച്ച് ഹാജരാക്കിയിട്ടില്ല. | 18.11.20ൽ നോട്ടീസ് നൽകി |
| OLR/BR /15/20-21 | സനീഷ്,സാലി കടവാരത്ത് ഹൌസ് | 90.56m2 | പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം പുരയിടവും കരട് മാസ്റ്റർ പ്ലാൻ പ്രകാരം നിലവും ആണ്. സൈറ്റ് പ്ലാനിൽ സൈഡിലെ റോഡ് കാണിച്ചിട്ടില്ല. പ്ലാനിൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. | 19.8.20,10.5.21ൽ നോട്ടീസ് നൽകി |
| OLR/BR /125/20-21 | ബാബു അടിയത്ത്ഹൌസ് | 989sqm | സൈറ്റ് പ്ലാനിൽ സ്ഥലത്തിന്റെ അതിർത്തി അളവുകൾ അതിർത്തിയിലുള്ള സ്ഥലത്തിന്റെ ഉടമകളോ സർവേ നമ്പരോ രേഖപ്പെടുത്തിയിട്ടില്ല.സർവ്വീസ് പ്ലാൻ രേഖപ്പെടുത്തിട്ടില്ല<br>കെ.എം.ബി.ആർ 2019 റൂൾ 29(7) പ്രകാരം Loading And Unloading Space രേഖപ്പെടുത്തിയിട്ടില്ല.പ്ലാൻ പൂർണ്ണമല്ല.<br>ഹാജരാക്കിയ സൈറ്റ് പ്ലാനിലെ കെട്ടിടത്തിന്റെ സെറ്റ് ബാക്ക് അളവുകളും സ്ഥലത്തിന്റെ സെറ്റ് ബാക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>കെട്ടിടത്തിന്റെ ഏരിയ സ്റ്റേറ്റ്മെന്റ് ,FSI, കവറേജ് ,പ്ലോട്ട് ഏരിയ എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. | |

| | | | | |
|---|---|---|---|---|
| | | | കെട്ടിടനികുതി അടച്ചതിന്റെ Latest Tax Receipt ഹാജരാക്കിയിട്ടില്ല. | |
| OLR/BR /82/20-21 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് വങ്കാരത്ത് ടവർ NH ബൈപ്പാസ് പാലാരിവട്ടം | | കെ.എം.ബി.ആർ റൂൾ 84(5) പ്രകാരം പ്രൊട്ടക്ടീവ് വാൾ നിർമ്മിച്ചതായി കാണുന്നില്ല EMF സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | |
| OLR/BR /133/20-21 | ബ്രദർ സുപ്പീരിയർ മിഷൻ ഹോം ആശ്രമം മരിയാപുരം | | നിലവിലുള്ള ടോയ് ലെറ്റ് ബ്ലോക്ക് Cattle ഷെഡ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.അളവുകളിൽ വ്യത്യാസം കാണുന്നു. AR പ്രകാരം പള്ളി മാത്രമാണ് കാണുന്നത് . ആയതിനാൽ റെസിഡൻഷ്യൽ ബ്ലോക്ക് മുഴുവൻ ക്രമവത്കരിക്കേണ്ടതാണ്. | 6.12.21ൽ നോട്ടീസ് നൽകി |
| OLR/BR /60/20-21 | മനോജ് ബെൻസി തറയിൽ ഹൌസ് അരണാട്ടുകര | 171.90 M2 | പുതിയ പൊസ്സഷൻ സർട്ടിഫിക്കറ്റ്, ഭൂനികുതി രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. | |
| OLR/BR /83/20-21 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 20.19 Sqm | ടെലികമ്മ്യൂണിക്കേഷൻ ടവർ ക്രമവത്കരണം | |
| OLR/BR //20-21 | ഫ്രാൻസിസ് ചിറയത്ത് വെളുത്തുക്കാരൻ | | സമർപ്പിച്ചിട്ടുള്ള സൈറ്റ് പ്ലാനിന്റെ അതിർത്തി അളവുകൾ, ആകൃതി റീസർവേ സ്കെച്ചിൽ നിന്നും വ്യത്യാസമുണ്ട്. കെട്ടിടത്തിന്റെ സെറ്റ് ബാക്കിൽ വ്യത്യാസം ഉള്ളതായി കാണുന്നു. FSI, കവറേജ്, എന്നിവ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ പിന്നിലുള്ള താൽക്കാലിക ഷെഡ് പൊളിച്ച് നീക്കിയിട്ടില്ല. | |
| OLR/BR /77/20-21 | സലാവുദ്ദീൻ | | സ്ഥലത്തിന്റെ റീസർവേ സ്കെച്ച് ഹാജരാക്കിയിട്ടില്ല. | 26.5.21,9.9.21ൽ നോട്ടീസ് നൽകി |

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകളിന്മേൽ വിവിധ കാരണങ്ങളാൽ പെർമിറ്റ് നിരസിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ സ്ഥാപന പരിധിയിൽ നിലനിൽക്കുന്നവയാണ്. അവയെ അനധികൃതമായ നിർമ്മാണങ്ങളായി പരിഗണിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ഇവയെ പ്രത്യേക നമ്പർ നൽകി ഇരട്ടി നികുതി ഈടാക്കാവുന്നതാണ്. കേരളാ മുനിസിപ്പാലിററി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തീകരിക്കുകയോ അത് 233ാം വകുപ്പ് 2 ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1994 ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 242(5)പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതും 406ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി

അനുമതിയോ ലൈസൻസോ നല്കുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും 16.11.2016 ലെ സ.ഉ.(എം.എസ്) നമ്പർ 170/2016 തസ്വഭവ പ്രകാരം അനധികൃത നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും ഉള്ള അധികാരം ആണ് കോർപ്പറേഷന് നൽകിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയെന്ന കാരണത്താൽ അനധികൃതനിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 147, 2019ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 96 എന്നിവ പ്രകാരമുള്ള നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഇപ്രകാരം ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നത് സ്ഥാപനത്തിന്റെ നികുതി ശതമാനം വർദ്ധിപ്പിക്കുന്നതിനും നിയമലംഘനങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യും.

## 1-89 അപാകതകൾ പരിഹരിക്കുന്നതിന് അറിപ്പ് നൽകിയിട്ടും ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളിൽ തുടർ നടപടിസ്വീകരിക്കുന്നില്ല

2020-21 സാമ്പത്തിക വർഷം തൃശ്ശൂർ നഗരസഭയിൽ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച കെട്ടിടങ്ങൾ നാളിതുവരെ ക്രമവൽക്കരിക്കപ്പെട്ടതായി കാണുന്നില്ല. അപാകത പരിഹരിക്കുവാൻ നിർദ്ദേശം നൽകിയിട്ടും നാളിതുവരെ ക്രമവൽക്കരിക്കപ്പെടാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

തൃശ്ശൂർ നഗരസഭ മെയിൻ ഓഫീസ്

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി | കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) | അറിയിപ്പ് നൽകിയ തിയതി |
|---|---|---|---|---|---|---|
| 1 | DW5/BR /54/20-21 | 28.01.2021 | ത്രേസ്യാമ്മ | വാണിജ്യം | 43.95 | 03.03.2021 |
| 2 | DW5/BR /47/20-21 | 30.12.2020 | ഒ.കെ മണി | വാസ ഗൃഹം | 369.38 | 7.10.2021 |
| 3 | DW5/BR /65/20-21 | 5.01.2021 | തൃശ്ശൂർ സ്പോർട്സ് കൗൺസിൽ | വാണിജ്യം | 17.43 | 12.02.2021 |

അയ്യന്തോൾ സോണൽ ഓഫീസ്

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി | കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) | അറിയിപ്പ് നൽകിയ തിയതി |
|---|---|---|---|---|---|---|
| 1 | AYL/BA /430/20-21 | 27.02.2021 | സെക്രട്ടറി, പുല്ലഴി കോൾ പടവ് | സ്റ്റോറേജ് | 493.11 | 27.03.2021 |
| 2 | AYL/BA /314/20-21 | 20.01.2021 | സാജു.എ.ഡി | ഓഫീസ് | 252.36 | 1.02.2021 |
| 3 | AYL/BA/83/ 20-21 | 23.07.2020 | മാമച്ചൻ | വാസ ഗൃഹം | 139.11 | 27.10.2020 |
| 4 | AYL/BA/11/ 20-21 | 15.05.2020 | ജോർജ്ജ് | വാസ ഗൃഹം | 160.81 | 27.08.2020 |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം നിയമവിരുദ്ധമായി പൂർത്തീകരിച്ച നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ നോട്ടീസിൽ ന്യായമായ സമയത്തിനുള്ളിൽ കാരണം കാണിക്കാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ ക്രമനമ്പർ 4 ൽ ഒഴികെ മറ്റൊരു അറിയിപ്പിലും സമയം രേഖപ്പെടുത്തി കാണുന്നില്ല.

ക്രമ നമ്പർ 4 ലെ ( ഫയൽ നം. AYL/BA/11/ 20-21) ക്രമവൽക്കരണത്തിനുള്ള അപേക്ഷയ്ക്ക് അറിയിപ്പ് നൽകിയിരിക്കുന്നത് സ്ഥലം കണ്ടെത്താനായില്ല എന്നാണ്. ഫയൽ പരിശോധിച്ചത് പ്രകാരം 17/153/3 എന്ന നമ്പറിൽ നിലവിൽ 98.68m2 കെട്ടിടത്തിന് 1495 രൂപ വസ്തുനികുതി അസസ്സ് ചെയ്തിരിക്കുന്നു. ക്രമവൽക്കരണത്തിനുള്ള പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| വാസഗൃഹം | Area (M2) |
|---|---|
| GF (Exi) | 102.4 |
| GF (Proposed) | 4.65 |
| FF (Proposed) | 53.76 |
| Total | 160.81 |

27.08.2020ന് അറിയിപ്പ് നൽകിയിട്ടും നാളിതുവരെ കെട്ടിടം ക്രമവൽക്കരിച്ചില്ല. നിയമാനുസൃതമായ കെട്ടിടമാണെങ്കിൽ ലഭിക്കേണ്ട വസ്തു നികുതി, റഗുലറൈസേഷൻ ഫീ, വില്ലേജിലേയ്ക്ക് അടവാക്കേണ്ട ഒറ്റതവണ

നികുതി എന്നിവ നഗരസഭ ഉറപ്പാക്കിയില്ല.

കെട്ടിടത്തോടുള്ള കൂട്ടി ചേർക്കലിന് പ്രത്യേക നമ്പർ ആവശ്യമില്ലാത്തതിനാൽ ചേർക്കപ്പെടുന്ന കെട്ടിടത്തിന്റെ വിവരം യഥാസമയം റിപ്പോർട്ട് ചെയ്യാത്തപക്ഷം നഗരസഭയ്ക്ക് ലഭ്യമാകേണ്ട തനതുവരുമാനം നഷ്ടമാകുന്നതിനിടയാകുന്നു.പരിശോധന നടത്തി കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തനതുവരുമാനം ഉറപ്പാക്കേണ്ടതാണ്.

<u>കൂർക്കഞ്ചേരി സോണൽ ഓഫീസ്</u>

ഫയൽ നം. REG/KKY/BA/43/20-21

ചിയ്യാരം വില്ലേജ് സർവ്വെ 383/1P ൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തോട് ചേർന്ന് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 13.10.2020 ന് സന്തോഷ്, കിളവൻ പറമ്പിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെട്ടിടത്തിന്റെ പ്ലാനിൽ വ്യത്യാസമുള്ളതിനാലും പ്ലോട്ടിന്റെ തെക്കേ അതിർത്തിയിൽ പുറമ്പോക്ക് കനാൽ ഉള്ളതിനാലും ന്യൂനതകൾ പരിഹരിക്കുവാൻ 16.11.2020 ന് അറിയിപ്പ് നൽകി. എന്നാൽ നാളിതുവരെ കെട്ടിടം ക്രമവൽക്കരിക്കുകയോ, ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ നഗരസഭ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തിന്റെ പണി പൊളിച്ചുകളയുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിന് ആവശ്യപ്പെട്ട് ഉടമസ്ഥന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം സെക്രട്ടറി താൽക്കാലിക ഉത്തരവ് നൽകേണ്ടതാണ്. സെക്രട്ടറിയ്ക്ക് തൃപ്തികരമായ വിധത്തിൽ കാരണം കാണിക്കുന്നതിൽ കെട്ടിട ഉടമ വീഴ്ച വരുത്തിയാൽ സെക്രട്ടറിയ്ക്ക് ഉത്തരവ് സ്ഥിരപ്പെടുത്തുകയോ ഉത്തരവിന് ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. ഉത്തരവിനനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സെക്രട്ടറിയ്ക്ക് അതതു സംഗതി പോലെ, കെട്ടിടമോ അതിന്റെ ഭാഗമോ പൊളിപ്പിച്ച് മാറ്റുകയോ അതിനു വേണ്ടി വരുന്ന ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണെന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 (3) ൽ വ്യക്തമാക്കിയിട്ടുണ്ട്.

അറിയിപ്പ് നൽകി കാലാവധി കഴിഞ്ഞിട്ടും ഉത്തരവ് സ്ഥിരപ്പെടുത്തുകയോ മേൽപ്പറഞ്ഞ എല്ലാ കെട്ടിടങ്ങളിന്മേലും നഗരസഭ തുടർനടപടി സ്വീകരിക്കുകയോ ഉണ്ടായില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്ടിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ച് കൊണ്ട് നിർമ്മിച്ചതോ ആയ നിർമ്മാണങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കാവുന്നതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനികൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തിയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്. അനധികൃതമായ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ല.

ഈ കെട്ടിടങ്ങളെ അനധികൃതനിർമ്മാണമായി കണക്കാക്കി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (3 )അനുസരിച്ച് പ്രത്യേക നമ്പർ നൽകേണ്ടതും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നടപടികൾ സ്വീകരിക്കുന്നതിലെ അലംഭാവം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റഗുലേറ്ററി സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെയാണ് ഇല്ലാതാക്കുന്നത്. ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി യഥാസമയം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-90 കോർപ്പറേഷൻ പരിധിയിൽ ചട്ടവിരുദ്ധമായി പരസ്യബോർഡ് സ്ഥാപിച്ചിരിക്കുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ – OLK3/3937/20-21പരിശോധിച്ചതിൽ നിന്നും കാളത്തോട് 20ാം ഡിവിഷനിൽ വിമലനാഥാ പള്ളിയുടെ മുന്നിലെ PWD റോഡിനു അഭിമുഖമായി നിൽക്കുന്ന കൊമ്മേഴ്സ്യൽ കെട്ടിടത്തിനും മതിലിനും ഇടയിലായി 9 മീറ്ററിലധികം ഉയരത്തിൽ പരസ്യബോർഡ് സ്ഥാപിക്കുന്നതിനായി ഡോ.ജസീന ,മെറിഡിയൻ ഇന്റർനാഷണൽ, സെക്കന്റ് ഫ്ലോർ, മെറിൻപ്ലാസ തൃശ്ശൂർ-1 എന്നവർ 8.10.2020ൽ ഒല്ലൂക്കര മേഖലാ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സ്ഥലപരിശോധനയിലും പ്ലാനിലും കണ്ട താഴെ പറയുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

1.കെ.എം.ബി.ആർ.പ്രകാരമുള്ള സെറ്റ് ബാക്കുകളും പ്ലാൻ സൈറ്റ് പ്ലാൻ സ്കെയിൽ, ഡ്രോയിംഗ്, സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല.

2.അനധികൃതമായി പരസ്യബോർഡിനുള്ള കാലുകൾ കെ.എം.ബി.ആർ വയലേഷനിൽ സ്ഥാപിച്ചിരിക്കുന്നു.

3.കെ.എം.ബി.ആർ അനുശാസിക്കുന്ന സെറ്റ്ബാക്ക് റോഡിൽ നിന്നും മറ്റ് അതിർത്തികളിൽ നിന്നും

നൽകിയിട്ടില്ലാത്തതും കോർപ്പറേഷന്റെ അനുമതി വാങ്ങാതെ ചട്ടവിരുദ്ധമായി പൊതു ജനങ്ങൾക്ക് ഭീഷണിയായി പണിതിരിക്കുന്നു.

കൂടാതെ പ്രസ്തുത പരസ്യബോർഡ് റോഡിൽക്കൂടിയുള്ള വാഹനങ്ങൾക്കും കാൽനടക്കാർക്കും ഭീഷണിയായി എല്ലാ നിയമവ്യവസ്ഥകളേയും വെല്ലുവിളിച്ചുകൊണ്ട് യാതൊരുവിധ അനുമതിയില്ലാതെ നിർമ്മാണം പുനരാരംഭിക്കുകയും പൂർത്തീകരണ ഘട്ടത്തിലുമാണ്. ബോർഡ് നീക്കം ചെയ്യേണ്ടത് പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് ആവശ്യമാണ്.ചട്ടവിരുദ്ധമായി പണിത പരസ്യബോർഡ് നീക്കം ചെയ്യുന്നതിനായി കേരളാ മുനിസിപ്പാലിറ്റി ആക്ട് 406(1) വകുപ്പ് പ്രകാരം താൽക്കാലിക ഉത്തരവ് നൽകിയിട്ടുള്ളതാണ്. 8.10.2020 ൽ നൽകിയ അപേക്ഷയ്ക്ക് ന്യൂനതകൾ അറിയിച്ച് 28.10.20 ന് നൽകിയ നോട്ടീസിന് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ല.ചട്ടപ്രകാരമുള്ള സെറ്റ്ബാക്ക് നൽകിക്കൊണ്ട് പരസ്യബോർഡ് മാറ്റിയിട്ടില്ലാത്തതാണ്. ടി പരസ്യബോർഡിന്റെ നിർമ്മാണം കോർപ്പറേഷന്റെ അനുമതി വാങ്ങാതെയും നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടന്നു വരികയാണ്. പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമാകുന്ന തരത്തിൽ അനധികൃതമായി പരസ്യബോർഡ് ചട്ടവിരുദ്ധമായും പണിതിരിക്കുന്നതിനാൽ ആയത് പൊളിച്ച് നീക്കുന്നതിനായി 3.3.2021 ൽ കേരളാ മുനിസിപ്പാലിറ്റി ആക്ട് 1994 Sec 406 (3) പ്രകാരം സ്ഥിരീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.17.12.2020 ൽ കക്ഷിക്ക് പണി നിർത്തി വക്കുന്നതിനായി അറിയിപ്പ് നൽകിയെങ്കിലും യാതൊരുവിധ മറുപടിയും ബന്ധപ്പെട്ട രേഖകളും ഹാജരാക്കാതെ തന്നെ ചട്ടവിരുദ്ധമായ പണികൾ തുടരുകയാണുണ്ടായത്. നിലവിൽ ടി നിർമ്മിതിയുമായി ബന്ധപ്പെട്ട് WP(C) 10884/21 നമ്പർ കേസ് നടന്നുവരികയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/7.5.22ക്ക് മറുപടിയായി പൊതുജനങ്ങളുടെ ജീവന് അപകടകരമായ രീതിയിലാണ് ടി പരസ്യബോർഡ് സ്ഥാപിച്ചിരിക്കുന്ന തിനാൽ കോടതി വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.കോടതി വിധി വരുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി -15/ 7.5.2022).

## 1-91 ഫലവൃക്ഷത്തൈകൾ - സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

2020-21 വർഷം ഡെപ്യൂട്ടി ഡയറക്ടർ, കൃഷി, നടപ്പിലാക്കിയ ഫലവൃക്ഷ തൈകൾ -സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഡെപ്യൂട്ടി ഡയറക്ടർ, കൃഷി,

പദ്ധതി അടങ്കൽ - 1935000/-

പദ്ധതി ചെലവ് - 1843630/-

കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 794/21 പ്രോജക്ടിനായി ഓരോ ഡിവിഷനിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കൺസോളിഡേറ്റഡ് ലിസ്റ്റിൽ ആകെ 48 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. ക്രമനമ്പർ ഇല്ലാത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഡിവിഷൻ-20ലെ ഗുണഭോക്താക്കളായ ശ്രീമതി ഷേർലി ബെന്നി, കാട്ടുങ്ങൽ ഹൗസ്, പറവട്ടാനി, സഹീറ ഇക്ബാൽ, അഫീയ മൻസിൽ, ബീന അഗസ്റ്റിൻ, മുണ്ടൻകുര്യൻ ഹൗസ്, ഷീബ സൈമൺ പൂവ്വത്തുക്കാരൻ, സോഫി തോമസ് അരിമ്പൂർ എന്നിവരും, ഡിവിഷൻ 21ലെ നാനിക്കുട്ടി, കുന്നപ്പള്ളി ഹൗസ്, കെ.ഗിരിജ, കുന്നപ്പള്ളി ഹൗസ് എന്നിവരുടെ പേരുകൾ രണ്ടു പ്രവശ്യം വീതം ചേർത്തതായി കാണുന്നു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഹാജരാക്കിയ ഫയലിൽ വിൽവട്ടം, അയ്യന്തോൾ, കുർക്കഞ്ചേരി, ഒല്ലൂർ, ഒല്ലൂക്കര, തൃശ്ശൂർ എന്നീ 6 കൃഷി ഓഫീസർമാർ കൃഷി ഭവൻ വഴി വിതരണം ചെയത ഫലവൃക്ഷത്തൈകളായ വാളംപുളി, മാവ് ഗ്രാഫ്റ്റ്, ജാക്ക്ഫ്രൂട്ട്, നാരകം, കറി വേപ്പ്, നേന്ത്ര വാഴത്തൈ, പേര, പ്ലാവ്തൈ, സപ്പോട്ട, റമ്പൂട്ടാൻതൈ, ചാമ്പതൈ, മാങ്കോസ്റ്റിൻ തൈ എന്നിവയ്ക്കു നല്കിയ ചെലവു തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അഗ്രികൾച്ചറൽ ഓഫീസർ, വിൽവട്ടം കൃഷിഭവൻ

ബിൽ റഫ.നം - 2013034 7001400454149/27.8.2020-29375

ബിൽറഫ.നം - 20130347001400742300/22.09.2020-63300/-

ബിൽ റഫ.നം - 20130347001401294377/16.03.2021-21750/-

ബൽ റഫ. നം - 20130347001400742320/18.11.2020-50000/-

ബിൽ റഫ. നം - 20130347001400878573/1.01.2021- -77410/-

ബിൽ റഫ.നം - 20130347001401 237436/12.03.2021-7800/-

ബിൽ റഫ.നം - 20130347001401 294377/16.03.2021-21750/-

ബിൽ റഫ.നം - 20130347001401 244703/14/03/2021-21750/-

ബിൽ റഫ.നം - 20130347001401349285/25.03.2021- 92340/-

ബിൽ റഫ.നം - 20130347001401049896/8.02.2021 - 30050/-

ബിൽ റഫ.നം - 20130347001401055503/08/02/2021-14765/-

ബിൽറഫ.നം - 20130347001401392935/27.03.2021-21750/-

അഗ്രികൾച്ചറൽ ഓഫീസർ, ഒല്ലൂർ കൃഷിഭവൻ

ബിൽ റഫ.നം - 20130347001400734176/14.12.2020 -33250/-

ബിൽ റഫ.നം - 20130347001400734186/14.12.2020- -77725/-

ബിൽ റഫ.നം. - 2013347001401 350704/25.03.2021-92340/-

ബിൽ റഫ.നം - 20130347001401025605/02.02.2021-59255/-

അഗ്രികൾച്ചറൽ ഓഫീസർ, അയ്യന്തോൾ കൃഷിഭവൻ

ബിൽ റഫ.നം. 20130347001400458909 /22.09.2020-32,000/-

ബിൽ റഫ.നം 20130347001400599336 /19.10.2020 –56,300/-

ബിൽ റഫ.നം 20130347001400714966/13.11.2020- 55,400/-

ബിൽറഫ.നം.20130347001401265528/16.032021-12,180/-
ബിൽ റഫ.നം 20130347001401248677/15.03.2021-79,190/-

ബിൽ റഫ.നം 20130347001401400612/27.03.2021-71,340/-

ബിൽറഫ.നം 20130347001401396239/27.03.2021-21,000/-

അഗ്രികൾച്ചറൽ ഓഫീസർ, കുർക്കഞ്ചേരി കൃഷിഭവൻ

ബിൽ റഫ നം - 2013034 700 1400 661752/29.10.2020-23375/-

ബിൽ റഫ നം - 2013034 700 1400 655619/23.10.2020 -41700/-

ബിൽ റഫ നം - 2013034 700 1400 655 623/23.10.2020--8775/-

ബിൽ റഫ.നം. - 2013034 700 1400 655 626/23.10.2020-15000/-
ബിൽ റഫ.നം. - 2013034 700 1400 758922/23.11.2020- 5000/-
ബിൽ റഫ.നം. - 2013034 700 1400 897214/06.01.2021-10800/-
ബിൽ റഫ.നം. - 2013034 700 1400 897597/06.01.2021-18000/-
ബിൽ റഫ.നം. - 2013034 700 1400 897597/06.01.2021- 17450/-
ബിൽ റഫ.നം - 2013034 700 1401 350700 / 25.03.21 -92340/-
ബിൽ റഫ.നം - 2013034 700 1401 08464 /30.01.2021 -9755/-
ബിൽ റഫ.നം - 2013034 700 1401016453/30.01.2021-15250/-

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ തൃശ്ശൂർ കോർപ്പറേഷൻ

ബിൽ റഫ.നം - 2013034700 140066 2188/14.12.2020-61085/-
ബിൽ റഫ. നം - 2013034700 140105 5590/08/022021-4500/-

ബിൽ റഫ. നം - 2013034700 140100 7404/28.01.2021-52500/-

ബിൽ റഫ.നം - 2013034700 140123 5041/12.03.2021- 4750/-

ബൽ റഫ. നം - 2013034700 1 4009 18198/10.01.2021-20,000/-

ബിൽ റഫ.നം - 2013034700 14013 85051/26/03/2021-92340/-
ബിൽ റഫ.നം - 2013034700 14013 85059/26/03/2021 -7800/-
ബിൽ റഫ.നം - 2013034700 14009 93227/26.01.2021-7500/-
ബിൽ റഫ.നം - 2013034700 14009 93226/26.01.2021-43,200/-

ബിൽ റഫ.നം - 2013034700 14009 93228/26.01.2021-4450/-

അഗ്രികൾച്ചറൽ ഓഫീസർ, ഒല്ലൂക്കര കൃഷിഭവൻ

ബിൽ റഫ.നം 2013034700 14011 39521/24.012021-3800/-

ബിൽ റഫ.നം 201303 4700 14011 39072/24.02.2021-6250/-

ബിൽ റഫ.നം 201303 4700 14011 41726/24.02.2021-20210/-

ബിൽ റഫ.നം 2013034700 14011 81236/03.03.2021 - 4000/-

ബിൽ റഫ.നം 2013034700 14008 80797/31.12.2020- 15250/-

ബിൽ റഫ.നം 2013034700 14011 80765/03.03.2021- 10500/-

ബിൽ റഫ.നം 2013034700 14011 81392/03.03.2021 - 15000/-
ബിൽ റഫ.നം 2013034700 14012 30685/11.03.2021- 29250/-

ബിൽ റഫ.നം 2013034700 14012 30722/11.03.2021 - 7800/-

ബിൽ റഫ.നം 2013034700 14010 37970/04.02.2021- 27400/-
ബിൽ റഫ.നം 2013034700 14011 80613/03/03/2021 - 3065/-

ബിൽ റഫ.നം 2013034700 14012 99344/03/03/2021 - 20,000/-
ബിൽ റഫ.നം 2013034700 14013 51528/25.03.2021- 92,340/-

വാർഡ് സഭയിൽ നിന്നും തെരെഞ്ഞെടുത്ത വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമുള്ളപ്പോൾ ഇത്രയധികം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തതിന്റെ സാംഗത്യം വ്യക്തമല്ല. വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളിൽ ഭൂരിഭാഗവും വാർഡ് സഭയിൽ തെരെഞ്ഞെടുത്തതായി കാണുന്നില്ല.കോർപ്പറേഷന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ആനുകൂല്യം നല്കിയ വ്യക്തികളുടെ പേരുകൾ ഉൾപ്പെട്ടുകാണുന്നില്ല. ഓരോ കൃഷി

ഓഫീസർമാരും ഹാജരാക്കിയ ഫയലിനോടൊപ്പം കൃഷി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റും ആയത് അംഗീകരിച്ച് നല്കണമെന്ന അപേക്ഷയും കാണുന്നുണ്ട്. പ്രസ്തുത ലിസ്റ്റിലെ ഗുണഭോക്താക്കൾക്കാണ് തൈവിതരണം ചെയ്തിട്ടുമുള്ളത്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് ഭൂമിയുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖകളിലും, മാനദണ്ഡങ്ങളിലും വാർഡ്സഭ/വാർഡ്കമ്മിറ്റിയിൽ ഗുണഭോക്താക്കൾ ആവശ്യപ്പെടുന്ന പദ്ധതികൾ രൂപീകരിക്കുകയും അവ ആവശ്യപ്പെടുന്ന അർഹതയുള്ള ഗുണഭോക്താക്കളെ വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ നിന്നും തന്നെ തിരഞ്ഞെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളപ്പോൾ ഇതിനു വിരുദ്ധമായി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്കു ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തതിനും, ഇത്രയധികം തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവുതുക 18,43,630 /-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-92 സുഭിക്ഷ കേരളം-തരിശുകേരളം-പദ്ധതിയിലെ നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം -784/21

അടങ്കൽ തുക - 40,00000/-

ചെലവു തുക -735829/-(വികസന ഫണ്ട്)

[ബിൽ റഫ. നം-20130347001400742414/10.11.2020-25440/-]

[ബിൽ റഫ. നം-20130347001400716780/10.11.2020-80000/-]

[ബിൽ റഫ. നം-20130347001400881138/12.01.2021--57200/-]

[ബിൽ റഫ. നം-20130347001400928580/12.01.2021-98196/-]

[ബിൽ റഫ. നം-20130347001401089644/15.02.2021-113280/-]

[ബിൽ റഫ. നം-20130347001401127831/22.02. 2021-78680/-]

[ബിൽ റഫ. നം-20130347001401180790/03.03. 2021- 77000/-]

[ബിൽ റഫ. നം-20130347001401179427/03.03. 2021 -47280/-]

[ബിൽ റഫ. നം-20130347001401175978 /02.03.2021-6552/-]

[ബിൽ റഫ. നം-20130347001401185485 /04.03. 2021-78920/-]

[ബിൽ റഫ. നം-20130347001400606534/12.10.2020 -68250/-]

[ബിൽ റഫ. നം-20130347001401292954/19.03.2021-5031/]

തരിശു നിലം പാട്ടത്തിനു കൃഷി ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിനു 35000/-രൂപയും സ്വന്തം തരിശുനിലത്തിൽ ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഭൂവുടമയ്ക്ക് ഒരു ഹെക്ടറിന് 5000/- രൂപയും സബ്സിഡി നല്കുന്നതിനുള്ള പദ്ധതിയാണിത്. കോർപ്പറേഷന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ സുഭിക്ഷകേരളം തരിശു കേരളം പദ്ധതിയിൽ അപേക്ഷകരില്ല എന്നു കാണുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി കൃഷിഭവനുകൾ വഴി 7,35,829/- ചെലവഴിച്ചിട്ടുണ്ട്.ആനുകൂല്യം നല്കിയ വ്യക്തികൾക്ക് ഭൂമിയുള്ളതായോ, ടിയാളുകൾ കൃഷി ചെയ്തതായോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വാർഡ് സഭ/വാർഡ് കമ്മിറ്റിയിൽ തെരെഞ്ഞെടുക്കാതെ വ്യക്തികൾക്ക് ആനുകൂല്യം നല്കിയതിനും, വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിട്ടില്ല. ഇപ്രകാരം അപേക്ഷകരില്ലാത്ത പ്രോജക്റ്റുകൾക്കു വൻതുക അടങ്കൽ വകയിരുത്തുകയും വളരെകുറച്ചു തുകമാത്രം ചെലവഴിക്കുകയും ചെയ്യുന്നത് ദീർഘവീക്ഷണമില്ലാതെ പ്രോജക്റ്റ് രൂപീകരണം നടത്തുന്നതു മൂലമാണ്.ഇത് മറ്റു പ്രോജക്റ്റുകൾക്ക് വേണ്ടിയോ, മറ്റു മേഖലകളിലെ പ്രോജക്റ്റുകൾക്കു വേണ്ടിയോ ചെലവഴിക്കേണ്ട തുകയുടെ അപര്യാപ്തതയ്ക്കും കാരണമാകുന്നു.ഭാവിയിൽ പദ്ധതികൾ രൂപം നല്കുമ്പോൾ മേല്പറഞ്ഞ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-93 സുഭിക്ഷകേരളം-ടെറസ്സിലും, കൃഷി ഭൂമിയിലും മഴമറ സ്ഥാപിക്കൽ

പ്രോജക്റ്റ് നം - 787/21

അടങ്കൽ - 12,500,000/-{7,50,000/-വികസന ഫണ്ട്}

{5,00,000/-ഗുണഭോക്തൃ വിഹിതം}

ചെലവ് - 1,14,000/- വികസന ഫണ്ട്

ബിൽ റഫറൻസ് നം-20130347001400603501/9.10.2020 - 30,000/-

ബിൽ റഫറൻസ് നം-20130347001400714958/10.11.2020 - 30,000/-

ബിൽ റഫറൻസ് നം-20130347001400888165/04.01.2020 - 24,000/-

ബിൽ റഫറൻസ് നം-20130347001401235030/12.03.2021 - 30,000/-

---------------

ആകെ 1,14,000/-

സ്വന്തം ഭൂമിയിലോ മട്ടുപ്പാവിലോ മഴമറ സ്ഥാപിക്കുന്നതിനാണ് ഈ പ്രോജക്റ്റ്. നൂറു സ്ക്വയർമീറ്ററിനു

മുപ്പതിനായിരം രൂപയാണ് ധനസഹായം. വികസന ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സബ്സിഡി യിൽ മാറ്റം വരുത്താവുന്നതാണെന്നും, സ്ഥലപരിമിതിയുള്ളവർക്ക് നൂറു സ്ക്വയർ മീറ്ററിനു താഴെയും മഴമറ സ്ഥാപിയ്ക്കാവുന്നതാണെന്നും പദ്ധതിലക്ഷ്യത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. ആയതിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി സബ്സിഡി നല്കാവുന്നതാണെന്നും കൃഷി വകുപ്പിന്റെ സബ്സിഡി മാനദണ്ഡങ്ങളും പരിഗണിയ്ക്കാവുന്നതാണെന്നും കൂടി പ്രസ്തുത ലക്ഷ്യത്തിൽ സൂചിപ്പിയ്ക്കുന്നുണ്ട്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി അടങ്കൽ 12.5 ലക്ഷം രൂപ വകയിരുത്തുകയും, 1.14 ലക്ഷം രൂപമാത്രം ചെലവഴിച്ചിതായി കാണുന്നുള്ളൂ.ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)കോർപ്പറേഷൻ അംഗീകരിച്ച് ക്രോഡീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽനിന്നും വ്യത്യസ്തമായി ആനുകൂല്യം നല്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഡിവിഷൻ നം | കോർപ്പറേഷന്റെ ക്രോഡീകരിച്ച അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താവിന്റെ പേര് | ആനുകൂല്യം നല്കിയ ഗുണഭോക്താക്കളുടെ പേര് | അഭിപ്രായകുറിപ്പ് |
|---|---|---|---|---|
| 1) | ഡിവിഷൻ4 | സജീഷ് കുമാർ, തെക്കുംമുറി ഹൗസ്,വിയ്യൂർ പി.ഒ., | നാരയണൻകുട്ടി.ഇ., സജീവ്.ആർ.മേനോൻ, അയ്യന്തോൾ,അനിത ഹരിദ്രനാഥ്,തൃശ്ശൂർ നേത്രദാസ്,ഒല്ലൂക്കര, | കോർപ്പറേഷന്റെ ക്രോഡീകരിച്ച അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 25 ഓളം പേർ തെരഞ്ഞടുക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം നല്കിയത് കേവലം 4 പേർക്കു മാത്രമാണ് |
| 2 | ഡിവിഷൻ നം-8 | സി.ടി.ദേവസ്സി, ചൂണ്ടൽഹൗസ്,നെല്ലിക്കാട്, | | ആനുകൂല്യം നല്കിയ വ്യക്തികൾ ആരും തന്നെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | ഡിവിഷൻ12 | നാൻസി ജോസ് തെങ്കും തല ഹൗസ്,മൈലിപ്പാടം, | | |
| 4 | ഡിവിഷൻ13 | ഷീബബേബി,കൊള്ളന്നൂർ, കിഴക്കുംപാട്ടുകര, | | |
| 5 | ഡിവിഷൻ17 | ഷാരോൺ,പുതുപ്പറമ്പിൽ ഹൗസ്,സിമി.പി.ആർ. പാടശ്ശേരി പഴങ്കാരൻ ഹൗസ് | | |
| 6 | ഡിവിഷൻ20 | സണ്ണി മാത്യു,കുത്തുകല്ലുങ്കൽ, വിൻപി നഗർ, പറവട്ടാനി,<br>സഹീറ ഇക്ബാൽ അഫീയ മൻസിൽ ഹിദായത്ത് നഗർ കാളത്തോട്,<br>ഡേവീസ് വി.എ വലിയ പറമ്പിൽ ഹൗസ് പറവട്ടാനി, സോഷ്യൽ ബസാർ . | | |
| 7 | , ഡിവിഷൻ21 | സിജിഷ് ജോൺ ആലപ്പാടൻ ഹൗസ്, മെർലിൻ ഗാർഡൻ ,വർഗ്ഗീസ്.സി.വി. ചക്കാലക്കൽഹൗസ് കൃഷ്ണപുരം | | |
| 8 | ഡിവിഷൻ25 | നിഥിൻ ജോയ് തട്ടിൽ വല്ലചിറക്കാരൻ , | | |

| | | | | |
|---|---|---|---|---|
| | | ബിന്ദു മാനവൽ പട്ടത്താനം ഹൗസ് | | |
| 9 | ഡിവിഷൻ29 | ജോസ് ഐനിയ്ക്കൽ ഒല്ലൂർ ,മറിയമ്മ,വിതയത്തിൽ, താണിയ്ക്കൽ ചാലിശ്ശേരി മേഫ്ളവർ, മിഷൻ ക്വാർട്ടേഴ്സ്, | | |
| 10 | ഡിവിഷൻ 40 | മണി.സി.വി. ചക്കാലപ്പറമ്പിൽ,അഹമ്മദ് ഇബ്രാഹിം, റസീദ് മൻസിക്,ഷക്കീല ആർ.എ. പുതിയ വീട്ടിൽ,സബിത ബൈജു, പുത്തൻ വീട്ടിൽ ,മേജോ ജോസ്, പൊരന്തരപ്പിളി ഹൗസ് | | |
| 11 | ഡിവിഷൻ 44 | രത്ന കുമാരി അറയ്ക്കൽ ഹൗസ്,മദാമ്മത്തോപ്പ് പുഷപലതാ ചന്ദ്രൻ,തൈവളപ്പിൽ | | |
| 12 | ഡിവിഷൻ 45 | ഓമന പോൽസൺ,ചെറുവത്തൂർ ഹൗസ്, | | |
| 13 | ഡിവിഷൻ 47 | അഞ്ജലി റിന്റോ പൊരന്തരപ്പള്ളി ഹൗസ്,പുല്ലഴി പി.ഒ. | | |

3) ആനുകൂല്യം നല്കിയ നാലു വ്യക്തികളിൽ ഒരാളുടെ മാത്രമാണ് അപേക്ഷയും, ഭൂമിയുണ്ടെന്നുള്ള രേഖകളും, മഴമറസ്ഥാപിച്ചിട്ടുള്ളതിന്റെ ഫോട്ടോയും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 96/21. തീയതി 30.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

12.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തുകയും 1.15ലക്ഷത്തിനു താഴെ ചെലവു നടത്തുകയും വഴി മറ്റു പ്രോജക്ടുകൾക്കോ, മറ്റു മേഖലയിലോ വകയിരുത്താമായിരുന്ന തുകയാണ് കോർപ്പറേഷന് നഷ്ടമായത്. ഭാവിയിൽ പദ്ധതി രൂപീകരണ വേളയിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ പദ്ധതികൾ രൂപീകരിയ്ക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-94 വൻതുക അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെങ്കിലും നടപ്പാക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

| പദ്ധതി | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| S024/20 – മുട്ടക്കോഴി വിതരണം | 3024600 | 462000 | 15.27 |
| S802/20-- സുഭിക്ഷ കേരളം - ആട് വളർത്തൽ | 6600000 | 384000 | 5.81 |
| S803/20-- സുഭിക്ഷ കേരളം - പോത്തുകുട്ടി വിതരണം | 2200000 | 70000 | 3.18 |

മേൽ പ്രകാരം വികസനഫണ്ടിൽ നിന്ന് പദ്ധതികൾക്ക് അടങ്കലായി വൻതുകകൾ വകയിരുത്തുന്നുവെങ്കിലും വളരെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കുന്നുള്ളൂ. ഇതു മൂലം കോർപ്പറേഷന് മറ്റു മേഖലകളിൽ ചെലവഴിയ്ക്കാവുന്നതോ, മൃഗസംരക്ഷണമേഖലയിൽ തന്നെയോ ചെലവഴിയ്ക്കാമായിരുന്ന തുകയാണ് നഷ്ടമായിപ്പോകുന്നത്. ഇത് ആശാസ്യമായ നടപടിയല്ല. പദ്ധതികൾ രൂപീകരിയ്ക്കുമ്പോൾ തുക ചെലവഴിയ്ക്കുക എന്ന ഉദ്ദേശം മാത്രം ലക്ഷ്യമാക്കാതെ കോർപ്പറേഷനിലെ ജനങ്ങൾക്കാവശ്യമായതും, അർഹതപ്പെട്ടതുമായ പദ്ധതികൾ രൂപീകരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. വാർഡ് സഭ,വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ കണക്കിലെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതാണ്.ഭരണാധികാരികളുടെ ശ്രദ്ധ മേൽവിഷയത്തിലേയ്ക്കു ക്ഷണിയ്ക്കുന്നു.

## 1-95 ചെലവ് തുക ചേർത്ത് സുലേഖ കാലികമാക്കിയിട്ടില്ല.

1.പ്രോജക്ട് - S803/20 – സുഭിക്ഷ കേരളം - പോത്തുകുട്ടി വിതരണം

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് -- പൊതുവിഭാഗം | 1100000 | 60000 |
| ഗുണഭോക്തൃവിഹിതം | 1100000 | 10000 |

ബിൽ നം.- P7/2020-21/6.3.21 – 50000

P9/2020-21/26.3.21-- 10000

6 ഗുണഭോക്താക്കൾക്കായി 60000രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് ചെലവഴിച്ചതായി പ്രോജക്ട് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം ഗുണഭോക്തൃവിഹിതം 10000 രൂപ മാത്രമാണ് ചെലവ്. ചെലവഴിച്ച തുക ചേർത്ത് സുലേഖ കാലികമാക്കിയിട്ടില്ല.

2. S802/20 – സുഭിക്ഷ കേരളം -- ആട് വളർത്തൽ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് -- പൊതുവിഭാഗം | 3300000 | 198000 |
| ഗുണഭോക്തൃവിഹിതം | 3300000 | 186000 |

ബിൽ നം.-- P6/2020-21/6.3.21 – 186000

P9/2020-21/26.3.21-- 12000

6-12 മാസം പ്രായമുള്ള 15 കിലോ തൂക്കം വരുന്ന 2 പെണ്ണാടുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 12000 രൂപ വില കണക്കാക്കി 6000 രൂപ സബ്സിഡി നൽകുന്നു.550പേർക്ക് സഹായം നൽകുന്നതിനാണ് പദ്ധതി. എന്നാൽ 33 പേർക്ക് മാത്രമാണ് സഹായം നൽകിയത്. 33 ഗുണഭോക്താക്കളിൽ നിന്നായി 6000 രൂപ വീതം പിരിച്ചെടുത്ത് ആകെ 198000 രൂപ ചെലവഴിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം ഗുണഭോക്തൃവിഹിതം 186000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

സുലേഖ ചെലവ് പത്രിക കാലികമാക്കിയിട്ടില്ല.

ഒരു പദ്ധതിക്കായി ചെലവഴിച്ച എല്ലാ ഇനം ഫണ്ടുകളുടെയും മുഴുവൻ വിവരങ്ങളും ചേർത്ത് സുലേഖ പത്രിക കാലികമാക്കുവാൻ പ്ലാനിംഗ് വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-96 ചെലവഴിക്കാത്ത വിഹിതം സർക്കാരിലേക്ക് അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് - S017/20 – കന്നുകുട്ടി പരിപാലനം

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

അടങ്കൽ - 812500( വികസനഫണ്ട് -ജനറൽ)

812500 ( ഗുണഭോക്തൃവിഹിതം)

ആകെ -- 1625000

ബിൽ നം.-- P3/2020-21/27/01/2021 --- 812500

തുക പിൻവലിച്ച് SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറി.

കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടി ഉള്ള 5 ലക്ഷം രൂപയിൽ വരെ വരുമാനമുള്ള കർഷകരുടെ 65 പശുക്കുട്ടികൾക്ക് 30 മാസമോ പ്രസവിക്കുന്നത് വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി നൽകുന്നതാണ് പദ്ധതി. 4 ക്ഷീരസംഘങ്ങളെയാണ് തീറ്റ വിതരണത്തിന് ചുമതലപ്പെടുത്തിയത്.

പദ്ധതിയിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കളുടെ പശുക്കുട്ടി ചത്തുപോയതിനാൽ തീറ്റ കൈപ്പറ്റുന്നില്ല.

രമണി ശിവൻ --- 3 തവണ കൈപ്പറ്റി

ബിനോയ് കെ എം -- 2 തവണ കൈപ്പറ്റി

വിപിൻ കുറ്റക്കാരൻ -- 2 തവണ കൈപ്പറ്റി

കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22/18.3.2022) ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാതെ വന്നതിനാൽ അക്കൗണ്ടിൽ ചെലവാകാതെ വന്നിട്ടുള്ള വിഹിതം സർക്കാരിലേക്ക് തിരിച്ചടവാക്കുകയാണ് ചെയ്യുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം തുക സർക്കാരിലേക്ക് അടവാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-97 എ ബി സി പ്രോജക്ട് ന്യൂ-- പദ്ധതിയുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

പ്രോജക്ട് -- S027/21 – എ ബി സി പ്രോജക്ട്

നിർവഹണ ഉദ്യോഗസ്ഥൻ -- സീനിയർ വെറ്ററിനറി സർജൻ, വിൽവട്ടം

അടങ്കൽ -- 16,00,000 (വികസനഫണ്ട്)

ചെലവ് -- 12,98,167

തെരുവിൽ നിന്ന് നായകളെ പിടിച്ച് എ ബി സി സെന്ററിൽ കൊണ്ടുവന്ന വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്ത് ആവശ്യമായ മരുന്നുകളും പ്രതിരോധകുത്തിവയ്പ്പും നൽകി പിടിച്ച സ്ഥലത്ത് കൊണ്ടുവിടുന്നതാണ് പദ്ധതി.

തെരുവുനായ്ക്കളുടെ പ്രജനനം നിയന്ത്രിച്ച് പേവിഷബാധ ഇല്ലാതാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

13 ാം പഞ്ചവൽസരപദ്ധതി നടപ്പാക്കുന്നതിനായുള്ള സ ഉ.(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് എ ബി സി പദ്ധതി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസ വേതനം | 39500രൂപ |
| കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം | 20000 രൂപ |
| ഓപ്പറേഷൻ തീയറ്ററിലെ സഹായി (ശാസ്ത്രീയ സാങ്കേതികവൈദഗ്ധ്യം ആവശ്യമായ ജോലികൾ) | 25000 രൂപ |
| ശുചീകരണപ്രവൃത്തികൾ ചെയ്യുന്നതിന് പ്രതിമാസം പരമാവധി | 6000 രൂപ |
| ശസ്ത്രക്രിയക്ക് ആവശ്യമായ മരുന്ന് മറ്റ് സാധനങ്ങൾ (നായ ഒന്നിന്) | 600 രൂപ |
| നായ്ക്കളുടെ തീറ്റ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (നായ ഒന്നിന്) | 200 രൂപ |

എന്നാൽ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതായി കാണുന്നു.

1. വെറ്ററിനറി സർജൻമാർക്ക് വേതനം നൽകിയതിലെ അപാകതകൾ

ഇക്കാലയളവിൽ 2 വെറ്ററിനറി സർജൻമാർക്കായി ഓരോ മാസത്തെയും ഹാജർ പ്രകാരം 41850 രൂപ പരിധിയിൽ നൽകിയതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 39500 രൂപയാണ് പ്രതിമാസം നൽകാവുന്നത്.

| ബിൽ നം/ തീയതി, ഉക | വെറ്ററിനറി സർജന്റെ പേര് | വേതനം | ആകെ മാസവേതനം നൽകിയത് |
|---|---|---|---|
| TC 4–2020-21/ 23.7.2020-- 65219 | ഡോ. ജോമറ്റ് എം ജോയ് | 20250 (15ദിവസം) | 40500 |
| | ഡോ.സൗമ്യ ദാസ് | 20250 (15ദിവസം) | |
| TC 5–2020-21/ 23.7.2020-- 66850 | ഡോ. ജോമറ്റ് എം ജോയ് | 20925 (15ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 20925 (15ദിവസം) | |
| TC 7–2020-21/ 19.8.2020-- 68550 | ഡോ. ജോമറ്റ് എം ജോയ് | 20250 (15ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 21600 (16ദിവസം) | |
| TC 9–2020-21/ 16.9.2020-- 65054 | ഡോ. ജോമറ്റ് എം ജോയ് | 22950 (17ദിവസം) | 39150 |
| | ഡോ.സൗമ്യ ദാസ് | 16200 (12ദിവസം) | |
| TC 12–2020-21/ 28.10.2020-- 69954 | ഡോ. ജോമറ്റ് എം ജോയ് | 16740 (12ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 25110 (18ദിവസം) | |
| TC 14–2020-21/ 12.11.2020-- 68725 | ഡോ. ജോമറ്റ് എം ജോയ് | 20250 (15ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 21600(16ദിവസം) | |
| TC 15–2020-21/ 12.11.2020-- 66850 | ഡോ.സൗമ്യ ദാസ് | 41850 | 41850 |

| | | | |
|---|---|---|---|
| TC 16-2020-21/ 1.1.2021-- 69490 | ഡോ. ജോമറ്റ് എം ജോയ് | 20925(15ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 20925(15ദിവസം) | |
| TC 19-2020-21/ 28.1.2021-- 64693 | ഡോ. ജോമറ്റ് എം ജോയ് | 20250(15ദിവസം) | 40500 |
| | ഡോ.സൗമ്യ ദാസ് | 20250(15ദിവസം) | |
| TC 21-2020-21/ 12.2.2021-- 71848 | ഡോ. ജോമറ്റ് എം ജോയ് | 21600(16ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 20250 (15ദിവസം) | |
| TC 22-2020-21/ 19.3.2021-- 68382 | ഡോ. ജോമറ്റ് എം ജോയ് | 14946(10ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 26904(18ദിവസം) | |
| TC 25-2020-21/ 30.3.2021-- 67050 | ഡോ. ജോമറ്റ് എം ജോയ് | 22950(17ദിവസം) | 41850 |
| | ഡോ.സൗമ്യ ദാസ് | 18900(14ദിവസം) | |

ഇപ്രകാരം വേതനം നൽകാനിടയായതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (37/23.4.22)ക്ക് സ.ഉ.(അച്ചടി) നം.112/2018/ധന തീയതി 21.07.2018 പ്രകാരമാണ് വേതനം നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ 26.2.16 ലെ സ.ഉ.(പി)നം. 28/2016/ധന, 28/4/2017 ലെ സ.ഉ.(പി) നം.56/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. നിശ്ചിതകാലയളവിലേക്ക് മാത്രമായിരിക്കണം നിയമനം. 2വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് നിയമിക്കുമ്പോൾ സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്.

2. ജീവനക്കാരുടെ നിയമന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം 2 വെറ്ററിനറി സർജൻമാർ, ഒരു നേഴ്സ്, 3 മൃഗപരിപാലകർ എന്നിവർക്ക് വേതനം നൽകിയതായി കാണുന്നു. ഈ പദ്ധതി നടപ്പാക്കുവാൻ എത്ര ജീവനക്കാരുടെ സേവനം ആവശ്യമുണ്ടെന്നോ എപ്രകാരമാണ് നിയമിച്ചതെന്നോ ,നിയമനകരാറോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരെ നിയമിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (37/23.4.22) നൽകിയിരുന്നെങ്കിലും നിയമനവിവരങ്ങളോ കരാറോ ലഭ്യമാക്കിയിട്ടില്ല. കോവിഡ് കാലമായിരുന്നതിനാൽ പദ്ധതി മുടക്കം കൂടാതെ നടത്തുന്നതിനും പുതിയ ജീവനക്കാർ പഠിച്ചുവരുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമാണ് പഴയ ജീവനക്കാരെ തന്നെ നിയമിച്ചതെന്നാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

വണ്ടി വാടകക്ക് എടുക്കുന്നതിന് സർവ്വശ്രീ. കമൽദാസ്,സഞ്ജയ് കുമാർ, രഘുകുമാർ എന്നിവരാണ് ക്വട്ടേഷൻ സമർപ്പിച്ചത്. ഇതേ വ്യക്തികൾക്ക് തന്നെയാണ് നായ്ക്കളെ പിടിക്കുന്നതിനുള്ള ചെലവും നൽകിയിരിക്കുന്നതും.ഇവർ മൃഗപരിപാലകരാണോ എന്ന് വ്യക്തമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ.രഘുകുമാർ എന്ന വ്യക്തി ഡോഗ് കാച്ചർ ആണെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് തന്നെയാണ് ഫണ്ട് ചെലവഴിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-98 അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകി.-- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു

പ്രോജക്ട് -- S803/20 – സുഭിക്ഷ കേരളം -- പോത്തുകുട്ടി വിതരണം

നിർവഹണ ഉദ്യോഗസ്ഥൻ --- സീനിയർ വെറ്ററിനറി സർജൻ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് -- പൊതുവിഭാഗം | 1100000 | 60000 |
| ഗുണഭോക്തൃവിഹിതം | 1100000 | 10000 |

ബിൽ നം.-- P7/2020-21/6.3.21 – 50000

P9/2020-21/26.3.21-- 10000

6-10മാസം പ്രായമുള്ള രണ്ട് പോത്തുകുട്ടികളെ ഗുണഭോക്താവ് വാങ്ങി ഇൻഷ്വർ ചെയ്യുന്നതാണ് പദ്ധതി. ഇതിനായി പ്രത്യേക പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.2 എണ്ണം ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 20000രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ 10000 രൂപ സബ്സിഡി നൽകുന്നു. പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി.

സ.ഉ.(കൈ) നം.22/2018 തസ്വഭവ തീയതി 14.2.2018 ഉത്തരവിലെ 2.12.2 പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യവികസനം എന്നീ മേഖലകളിൽ കുടുംബവാർഷിക വരുമാനം 5 ലക്ഷം രൂപ

വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്.എന്നാൽ ഈ ആനുകൂല്യം നൽകിയ ജോസഫ് കളാശ്ശേരി എന്ന വ്യക്തിയുടെ വാർഷിക വരുമാനം 5 ലക്ഷം എന്ന പരിധിയിൽ കൂടുതലാണ്.റേഷൻ കാർഡ് നമ്പർ 1841030869ൽ മാസവരുമാനം 123060 രൂപയാണ് ചേർത്തിട്ടുള്ളത്.

ഇപ്രകാരം 5ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള സബ്സിഡിക്ക് അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ സബ്സിഡി തിരികെ ഈടാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി( 7/22/18.3.2022) നൽകിയിരുന്നു. തുടർന്ന് 30.3.2022 ന് 10000രൂപ തിരിച്ചടച്ചതിന്റെ ചലാൻ ഹാജരാക്കിയിട്ടുണ്ട്.

സബ്സിഡി നൽകുമ്പോൾ ആയത് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-99 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

1. ബയോഫ്ലോക്ക് മത്സ്യകൃഷി

| | | |
|---|---|---|
| പദ്ധതി നം | : | എസ് 0797/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| അടങ്കൽ തുക | : | ₹7590000( വികസന ഫണ്ട്) |
| ചെലവ് | : | ₹331200 |

(ബിൽ റഫറൻസ് നം. 201303470029013 79466,
തീയതി 29.3.21)

2020-21 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ ബയോഫ്ലോക്ക് മത്സ്യകൃഷി പദ്ധതിക്കായി വികസനഫണ്ടിൽ നിന്ന് ₹2024000യും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്ന് ₹1012000യും ഗുണഭോക്തൃവിഹിതമായി ₹4554000യും ഉൾപ്പെടെ ₹7590000 വകയിരുത്തിയിരുന്നു. 14.02.18ലെ ജി.ഒ(എം.എസ്) 22/2018 ത.സ്വ.ഭ.വ ഉത്തരവനുസരിച്ചുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3ലെ ബയോഫ്ലോക്ക് മത്സ്യകൃഷി ജനറൽ വിഭാഗത്തിനുള്ള വ്യവസ്ഥയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട 9 ഗുണഭോക്താക്കൾക്കുമായി പരമാവധി യൂണിറ്റ് ചെലവിന്റെ 40% തുകയിലെ തദ്ദേശസ്ഥാപന വിഹിതം ₹36800 വീതം മൊത്തം ₹331200 ചെലവഴിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 1) രജനി.എ.സി, ആറ്റംമ്പുള്ളി ഹൗസ്, പാട്ടുക്കാട് 2) അർച്ചന.പി.വി, മുണ്ടനാട്ട് ഹൗസ് എന്നീ 2 ഗുണഭോക്താക്കളുടെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച എസ്റ്റിമേറ്റ്, ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഒന്നുംതന്നെ ഫയലിൽ ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല വിനീഷ്.കെ.ലാസർ, കാരപ്പറമ്പിൽ ഹൗസ്, നെല്ലങ്കര, ജിസ്സ ഫിജോ, ചിറയത്ത് തറയിൽ ഹൗസ് എന്നീ 2 ഗുണഭോക്താക്കളുടെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച എസ്റ്റിമേറ്റ്, ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഭാഗികമായാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഈ നാല് ഗുണഭോക്താക്കൾക്കും സബ്സിഡി തുക പൂർണ്ണമായും നൽകിയിട്ടുണ്ട്.മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/19.03.2022) പർച്ചേസ് ബില്ലിന്റെ ഒറിജിനൽ എല്ലാം അഡീഷണൽ സബ് ട്രഷറിയിൽ സമർപ്പിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ടി ഗുണഭോക്താക്കൾക്ക് ചെലവഴിച്ച സബ്സിഡി തുക (36800*4) ₹ 147200/- തടസ്സപ്പെടുത്തുന്നു.

2.പടുതാക്കുളം മത്സ്യകൃഷി

പടുതാക്കുളം മത്സ്യകൃഷി പദ്ധതി ഗുണഭോക്താക്കളുടെ വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ ഹാജരാക്കിയിട്ടില്ല. കുടുംബ വാർഷിക വരുമാനം 5 ലക്ഷം വരെയുള്ളവർക്കാണ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/19.03.2022) വരുമാനം കണക്കാക്കുന്നതിന് ഗുണഭോക്താക്കളുടെ റേഷൻ കാർഡിലെ വരുമാനമാണ് മാനദണ്ഡമാക്കിയത് എന്ന് മറുപടി നൽകിയെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-100 പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതി അവലോകനം

2017മുതൽ 2021 വരെയുള്ള കാലയളവുകളിലായി പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതിയിൽ നിലവിൽ 2115 ഗുണഭോക്താക്കളാണ് ഉള്ളത്. ആയതിൽ 1326 ഭവനനിർമ്മാണം പേർ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളതാണ്. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ പി.എം . എ.വൈ (നഗരം)/ലൈഫ് പദ്ധതി വഴി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ഇതോടൊപ്പം ചേർക്കുന്നു.

ഈ പദ്ധതിയിൽ ആകെ 2115ആയതിൽ ഏകദേശം 75 ശതമാനത്തോളം വാസയോഗ്യമാക്കാൻ സാധിക്കാത്ത ഭവനങ്ങൾ പൊളിച്ച് പുതിയ ഭവനങ്ങൾ നിർമ്മിക്കേണ്ടവയാണ്. തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ലൈഫ് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നില്ല.ആകെയുള്ള 2115 ഗുണഭോക്താക്കളിൽ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടം സംബന്ധിച്ച് 2022 ഫെബ്രുവരി മാസം വരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെയുള്ള ഗുണഭോക്താക്കൾ | എഗ്രിമെന്റ് | I | II | III | IV | ഉപേക്ഷിച്ചവർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | സമർപ്പിച്ചവർ | | | | | |
| 2115 | 2038 | 1837 | 1705 | 1655 | 1326 | 2 |

വരവ് ചെലവ് വിവരം

| | | വരവ് | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| സാമ്പത്തിക വർഷം | മുന്നിരിപ്പ് | ബാങ്ക് | ട്രഷറി | ആകെ | ബാങ്ക് | ട്രഷറി | ആകെ | നീക്കിയിരിപ്പ് |
| 2016-17 | 0 | 70833517 | | 70833517 | 11460467 | | 11460467 | 59373050 |
| 2017-18 | 59373050 | 45832867 | | 45832867 | 41735194 | | 41735194 | 634 70723 |
| 2018-19 | 63470723 | 170923037 | 62379500 | 296773260 | 146990100 | 62379500 | 209369600 | 87403660 |
| 2019-20 | 87403660 | 147921350 | 75901000 | 311226010 | 184933371 | 75901000 | 260834371 | 50391639 |
| 2020-21 | 50391639 | 14312943 | 91949000 | 286653582 | 132589212 | 91949000 | 224538212 | 62115370 |
| 2021-2022 | 62115370 | 48647194 | | 110762564 | 55673027 | | 55673027 | 55089537 |

ഓഡിറ്റ് എൻക്വയറി നം. 2തീയതി: 18.03.2022

## 1-101 മാലിന്യ സംസ്കരണ പരിശീലന പരിപാടി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

തൃശ്ശൂർ കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുകയും ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി തുടർ വർഷങ്ങളിൽ നടപ്പിലാക്കുകയും ചെയ്ത 'ഐഇസി ഗ്രീൻ പ്രോട്ടോക്കോൾ' (So 022/20) എന്ന പ്രൊജക്റ്റ്, സ്പിൽഓവർ പദ്ധതിയായി 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 90,631രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട് (So 764/21) വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

അടങ്കൽ തുക – 1,25,535

<u>ചെലവ്</u>

ബിൽ നം. (ACR പ്രകാരം)–1496/27.02.21– 77,430

ബിൽ നം. (ACR പ്രകാരം)1497/27.02.21 - 13,201

90,631

======

2019-20 പ്രൊജക്റ്റ് രൂപീകരണ ഫോറം നം.3, ഖണ്ഡിക 20.5ൽ പ്രൊജക്റ്റിൽ പരിശീലന പരിപാടി ഉദ്ദേശിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. കൂടാതെ 2020-21 പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ, ഈ പ്രൊജക്റ്റ് ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പ്രൊജക്റ്റ് ആണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഹെൽത്ത് സൂപ്പർവൈസറുടെ 01.02.2021-ലെ PH3/22898/19 നം. ഉത്തരവു പ്രകാരം ആരോഗ്യ വിഭാഗം ജീവനക്കാർക്കും ഹരിത കർമ്മസേനാംഗങ്ങൾക്കും സാനിറ്റേഷൻ വർക്കർമാർക്കുമായി 03.02.2021മുതൽ 24.02.2021വരെ വിവിധ തീയ്യതികളിലായി അയ്യന്തോൾ മേഖലാ കാര്യാലയ ഹാളിൽ വെച്ച് കപ്പാസിറ്റി ബിൽഡിങ്ങ്-മാലിന്യ സംസ്കരണ പരിശീലന പരിപാടി നടത്തിയിട്ടുണ്ട്.

പരിശോധനക്കായി ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും പരിശീലകർക്കായി 11,250 രൂപ വേതനമായി നൽകി കാണുന്നു. 03.02.2021 മുതൽ 23.02.2021 വരെയുള്ള വിവിധ തീയ്യതികളിലാണ് പരിശീലകർക്ക് വേതനം നൽകിയിട്ടുള്ളത്. ഭക്ഷണം നൽകിയ വകയിൽ 77,430രൂപയും ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ - 13-ാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)നം.22/2018/തസ്വഭവ തീ.14.02.2018) ഖണ്ഡിക 8.4, 8.5, 8.6 എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ഈ പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്.

സ.ഉ.(സാധാ)നം.1496/2020/തസ്വഭവ തീയ്യതി 12.08.2020 പ്രകാരം ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പരിശീലനത്തിന് നേതൃത്വം നൽകുന്നതിനായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടെന്നും ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതെന്നും ഉത്തരവിൽ പറയുന്നു. ജില്ലാതല/തദ്ദേശഭരണതല ഹരിതകർമ്മസേനാ പരിശീലനത്തിന് ഇതേ മൊഡ്യൂളാണ് ഉപയോഗപ്പെടുത്തുന്നത്. തദ്ദേശഭരണതല പരിശീലനം കിലയുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനാണ് സംഘടിപ്പിക്കുന്നത്. കുടുംബശ്രീ സംരംഭ മാതൃകയിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേനക്ക് മാത്രമേ കുടുംബശ്രീ വഴിയുള്ള സൗജന്യ പരിശീലനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ.

ഈ ഉത്തരവുകൾ നിലനിൽക്കെ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കപ്പാസിറ്റി ബിൽഡിങ്ങ് (So 764/21) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണം മാർഗ്ഗരേഖകൾക്കനുസൃതമാണെന്ന് സ്ഥാപിക്കാനാവശ്യമായ വിശദീകരണം/മറുപടി ഉണ്ടെങ്കിൽ നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.68/08.06.22)തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 90,631രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-102 പോഷകാഹാരവിതരണം-സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിലെ കാലതാമസം കരണീയമല്ല

| | |
|---|---|
| പദ്ധതി | അംഗൻവാടി പോഷകാഹാര പ്രോജക്ടുകൾ |
| നിർവ്വഹണം | സി.ഡി.പി.ഒ അർബൻ1,പുഴക്കൽ |
| അടങ്കൽ | 8820200/-വികസനഫണ്ട് പൊതുവിഭാഗം<br>5000000/-കേന്ദ്രാവിഷ്കൃതഫണ്ട്<br>ആകെ-13820200/- |
| ചെലവ് | 8820200/-വികസനഫണ്ട് പൊതുവിഭാഗം<br>3792088/-കേന്ദ്രാവിഷ്കൃതഫണ്ട്<br>ആകെ-12612288/- |

തൃശ്ശൂർ കോർപ്പറേഷൻ പുഴക്കൽ അർബൻ1പരിധിയിലെ വിവിധ അംഗൻവാടിയിലെ കുട്ടികൾക്ക് 2020-21 വർഷത്തേക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്.ഇപ്രകാരം സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന് ശേഷമേ വിതരണം ചെയ്യാൻ പാടുള്ളൂ.

പുഴക്കൽ അഡീഷണൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന ഫുഡ്&സ്റ്റോക്ക് രജിസ്റ്റർ ,ടി.എച്ച്.ആർ.എസ് അമൃതം സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലും വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നതിലും താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

*സാധനങ്ങൾ വാങ്ങിയ ഇൻവോയ്സിൽ ഏതു സ്റ്റോക്ക് രജിസ്റ്ററിലാണ് വിവരങ്ങൾ ചേർത്തിട്ടുള്ളത് എന്നത് രേഖപ്പെടുത്തിയിരുന്നില്ല.

* ഇൻവോയ്സ് നം,തീയതി,തുക എന്നീ മുഴവൻ വിവരങ്ങളുംസ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരുന്നില്ല.

* അനുപൂരകപോഷകാഹാരപദ്ധതിയിലുൾപ്പെടുത്തി(പ്രോജക്ട്നം11/21)വാങ്ങിയ 25,85,457/- രൂപയുടെ സാധനങ്ങൾ യഥാസമയം സ്റ്റോക്കിലെടുത്തിരുന്നില്ല.

*ഇൻവോയ്സ് നം 201040/27.02.21 പ്രകാരം 2,37,471 രൂപയ്ക്കും ഇൻവോയ്സ് നം 201041/27.02.21 പ്രകാരം 2,07,776 രൂപയ്ക്കും സപ്ലൈകോയിൽ നിന്നും വാങ്ങിയ ഗ്രോസറി ഐറ്റംസ് സ്റ്റോക്ക് രജിസ്റ്റർ പേജ് നം 110,111 എന്നിവയിൽ തലക്കെട്ട് മാത്രം രേഖപ്പെടുത്തിയിരുന്നു.
ഇതിനെത്തുടർന്ന് ഓഡിറ്റ് എൻക്വയറി (നം.29/2.4.22)കൊടുത്തിരുന്നു.അപാകത ചൂണ്ടിക്കാട്ടിയവ പരിഹരിച്ച് 4.7.22ന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി. സ്റ്റോക്ക് രജിസ്റ്റർ എഴുതി സാധനങ്ങളുടെ വിവരം ചേർത്ത് സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-103 ഫുഡ് ടെസ്റ്റ് ലാബുകളിൽ ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ 2020-21 ലെ വാർഷികറിപ്പോർട്ട് ഹാജരാക്കിയില്ല

ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്ന് വിവിധ അംഗൻവാടികൾക്ക് വിതരണം ചെയ്യുന്നതിനായി പല മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥ ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വാങ്ങിയിട്ടുണ്ട് .

സാമൂഹികക്ഷേമഡയറക്ടറുടെ 18.12.2010 ലെ ഐ.സി.എസ് ബി3/312/10 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ഓരോ രണ്ടു മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതസാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കണം. പരിശോധനയുടെ 2020-21 ലെ വാർഷികറിപ്പോർട്ട് ഓഡിറ്റ് എൻക്വയറിയിലൂടെ(22/25.03.22)ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

## 1-104 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തികവർഷം 50/21എന്ന പ്രോജക്ടും, സ്പിൽ ഓവറായി S0 244/21 എന്ന പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ച് മുഴവൻ തുകയും കൈപ്പറ്റിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)പ്രോജക്ട്-50/21

അടങ്കൽ-7700000

ചെലവ്-4225000

| പണി പൂർത്തീകരിക്കാത്തവരുടെ വിവരം | കൈപ്പറ്റിയ |
|---|---|

| | തുക |
|---|---|
| സോന.ടി.ജി., തേറമ്പിൽ ഹൗസ്, ചേറൂർ, പി.ഒ. വിയ്യൂർ | 1,25,000/- |
| അക്ഷയ്.കെ.ജി., കോലാട്ടു ഹൗസ്, ചെമ്പൂക്കാവ് | 1,25,000/- |
| ഷാജു.എ.വി., എങ്ങണ്ടി ഹൗസ്, ചെമ്പൂക്കാവ്, ചെറുമുക്ക് ദേശം | 1,25,000/- |
| അനശ്വര.കെ.എസ്., കീഴിൽ ഹൗസ്, പെരിങ്ങാവ് | 1,25,000/- |
| അഭിരാജ്.സി.ആർ., ചിറയത്ത് ഹൗസ്, പൂത്തോൾ | 1,25,000/- |
| സുനിൽകുമാർ.സി.ജി., ചേരിക്കാട്ടിൽ ഹൗസ്, കുരിയച്ചിറ | 1,25,000/- |
| അനഘ.വി.പി., വടക്കേപുരയ്ക്കൽ ഹൗസ്, തൈക്കാട്ടുശ്ശേരി | 1,25,000/- |
| ദേവിക.എച്ച്.ബി., മംഗലത്ത്, മംഗലം കോളനി, ചിയ്യാരം | 1,25,000/- |
| വൈഷ്ണവ് ദിനേശൻ, ചേർപ്പുക്കാരൻ ഹൗസ്, കുരിയച്ചിറ | 1,25,000/- |
| ഗോപിക.ബി., തെക്കേപ്പുര ഹൗസ്, കൃഷ്ണാപുരം സൗത്ത് പാർക്ക്, ഒല്ലൂക്കര | 1,25,000/- |
| ഗ്രീഷ്മ. ഐ.എം., ഇല്ലിക്ക നിരപ്പേൽ ഹൗസ്, വിയ്യൂർ.പി.ഒ., പാട്ടുക്കാട് | 50,000/- |
| ആർദ്ര ചന്ദ്രൻ, മണപ്പാട്ടിൽ ഹൗസ്, പടവരാട് | 1,25,000/- |
| ഷൺമുഖൻ.പി.എസ്., പെരുമ്പിള്ളി ഹൗസ്, ഒല്ലൂർ | 1,25,000/- |
| ആര്യ ഹരിദാസ്, തെക്കൂട്ട് ഹൗസ്, എടക്കുന്നി, തൈക്കാട്ടുശ്ശേരി | 1,25,000/- |
| അതുൽ.പി.ബി., പാല ഹൗസ്, നെട്ടുപുഴ, തൃശ്ശൂർ | 1,25,000/- |
| അഞ്ജലി.എം.വി., മേനങ്ങത്ത് ഹൗസ്, ഗൗരിയമ്മ ലൈൻ, പൂങ്കുന്നം | 1,25,000/- |
| ദിൽജി ഗിരിജൻ, പെലക്കാട്ട്, പയ്യൂർ ഹൗസ്, നെല്ലിക്കുന്ന് | 1,25,000/- |
| ചന്ദന.എൻ.എം., നെട്ടംവീട്ടിൽ, പുല്ലഴി | 1,25,000/- |
| പ്രിയരാജ്.എം., മാളിയേക്കൽ, ശാന്തി റോഡ് | 1,25,000/- |
| മോഹൻലാൽ.പി.എം., പയ്യാംപിള്ളി ഹൗസ്, അരണാട്ടുകര | 1,25,000/- |
| നന്ദന ചന്ദ്രൻ, ചേനത്ത് ഹൗസ്, നെട്ടുപുഴ | 1,25,000/- |
| ആദിത്യൻ.ടി.എ., തൊണ്ണേക്കാവിൽ ഹൗസ്, പനമുക്ക്.പി.ഒ. | 1,25,000/- |

ഓഡിറ്റ് എൻക്വയറി നം . 17 തീയതി:19.03.2022

II)പ്രോജക്ട്- S0 244/21

അടങ്കൽ - 6900000/-

ചെലവ് - 6520000/-

| പണി പൂർത്തീകരിക്കാത്തവരുടെ വിവരം | കൈപ്പറ്റിയ തുക |
|---|---|
| ശ്രുതി.പി.എസ്., (സഞ്ജയ് കൃഷ്ണ), പ്ലാവളപ്പിൽ, ഈസ്റ്റ്ഫോർട്ട്, തൃശ്ശൂർ | 170000 |
| മീന രഞ്ജിത്ത് , (അനശ്രീ) ഇടിയാട്ടിൽ ഹൗസ്, ചെമ്പൂക്കാവ്. പി.ഒ., കുണ്ടുവാറ | 170000 |
| ബാബു.എം.എസ്. (ഋഷികേശ്. എം.ബി.), മണപ്പാട്ടിൽ, പടവരാട്, ഒല്ലൂർ | 170000 |
| പ്രകാശൻ.കെ.എസ്., കോമ്പിൽ, എച്ച്.എൻ.സി., നെട്ടുപുഴ.പി.ഒ. | 170000 |
| അജിത ലെനിൻ, പുതിയേടത്ത്, നെട്ടുപുഴ, എച്ച്.എൻ.സി., | 170000 |
| ഷൈനി മഞ്ഞേരി, ചിയ്യാരം | 170000 |

ഓഡിറ്റ് എൻക്വയറി നം. 21 തീയതി: 22.03.2022

മേൽ ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-105 സർക്കാർ വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ അനുവദിച്ചതിൽ കൈപ്പറ്റ് രസീത് കൃത്യമായി ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം . 288/21 ( സ്പിൽ ഓവർ പ്രോജക്ട് SO 953/20)

അടങ്കൽ തുക :13,00,000 രൂപ

ചെലവഴിച്ച തുക : 13,00,000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ,ഗവ. ഹയർ സെക്കണ്ടറി സ്കൂൾ

സർക്കാർ വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ അനുവദിച്ചതുമായി ബന്ധപ്പെട്ട് ARTCO Limited എന്ന സ്ഥാപനത്തിന് 152 വീതം ബെഞ്ചുകളും, ഡെസ്കുകളും ഇവയുടെ ടാക്സ് എന്നിവ ഇനത്തിൽ ബിൽ നമ്പർ 11261 /20 പ്രകാരം 13,05,741 രൂപ ചെലവ് വന്നതായും, ട്രഷറി ബിൽ നം. 15 പ്രകാരം 20/04/2020ന് 13,00,000 രൂപ അനുവദിച്ചതായും കാണുന്നു. എന്നാൽ കൈപ്പറ്റ് രസീത് പ്രകാരം 122 വീതം ബെഞ്ചും, ഡെസ്കുമാണ് വിതരണം ചെയ്തതായി കാണുന്നത്. ബാക്കി 30 എണ്ണം വീതമുള്ള ബെഞ്ച്, ഡെസ്ക് എന്നിവയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിലും കൃത്യമായി ചേർത്തതായി കാണുന്നില്ല. ആയതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.(എൻക്വയറി നമ്പർ 30 തിയതി 21.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-106 കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ (ഷീ പാഡ്) വിതരണം - പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല.

പ്രോജക്ട് നമ്പർ - എസ്.ഒ.ം 260/21 (സ്പിൽ ഓവർ 312/2019)

അടങ്കൽ - 6,00,000 രൂപ (വികസന ഫണ്ട് )

ചെലവ്- 2,52,421രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലുള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം എന്ന പേരിൽ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.01.2016 ലെ സ.ഉ (സാധാ) നം. 280/16/തസ്വഭവ പ്രകാരം, കേരള വനിതാ വികസന കോർപ്പറേഷനെയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. പദ്ധതിയ്ക്കായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നതിനും 50% തുക വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2019-20സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ പ്രകാരം കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 6,00,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം മുൻകൂർ തുകയായ 2,52,421 രൂപ 22.03.2019 ന് വനിതാ വികസന കോർപ്പറേഷന് കൈമാറിയെങ്കിലും പദ്ധതി നിർവ്വഹണം പൂർത്തിയായില്ല. പിന്നീട് 2020-21 ൽ സ്പിൽ ഓവർ പദ്ധതിയിൽ (പ്രോജക്ട് നം.260/21) ഉൾപ്പെടുത്തുകയും വനിതാ വികസന കോർപ്പറേഷൻ മുൻകൂർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 4/ 20.04.20 പ്രകാരം ബാക്കി തുകയായ 2,00,955 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണം പൂർത്തിയായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മുൻകൂർ തുക കൈപ്പറ്റിയെങ്കിലും തൻ വർഷം വനിതാ വികസന കോർപ്പറേഷൻ ഷീ പാഡ് വിതരണം പൂർത്തിയാക്കിയതായി കാണുന്നില്ല. 2020-21 വർഷത്തിൽ കോവിഡ് 19 ന്റെ സാഹചര്യത്തിൽ ആ അദ്ധ്യയന വർഷത്തിൽ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിച്ചിരുന്നില്ല.ഈ സാഹചര്യത്തിൽ ഷീ പാഡ് വിതരണം പൂർത്തിയാക്കിയോ എന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നമ്പർ 45 തിയതി 27.04.22 ). ഇത്തരത്തിൽ തുക മുൻകൂർ അനുവദിക്കൽ ഒരു വർഷവും പദ്ധതി നിർവ്വഹണം തൊട്ടടുത്ത സാമ്പത്തിക വർഷവും ആയി നീണ്ടുപോകുന്നതു മൂലം യഥാസമയം പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്നില്ല്ല. കൂടാതെ ഒരു വർഷത്തെ വിദ്യാർത്ഥിനികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമുള്ള പാഡുകളുടെ ലിസ്റ്റ് നൽകിയത് പ്രകാരമുള്ള വിതരണം തൻ വർഷം നടത്താതെ തൊട്ടടുത്ത വർഷത്തിലേക്ക് നീളുമ്പോൾ വിദ്യാർത്ഥിനികളുടെ എണ്ണത്തിലും ആവശ്യമുള്ള പാഡുകളുടെ എണ്ണത്തിലും മാറ്റം വരാനും സാധ്യതയുണ്ട്. ആവശ്യത്തിനുതകുന്ന രീതിയിൽ യഥാസമയം പാഡുകൾ വിതരണം നടത്താൻ കഴിയാത്തതിനാലും പദ്ധതി പൂർണ്ണമായ ലക്ഷ്യത്തിൽ എത്തിയിട്ടില്ല എന്ന് വിലയിരുത്തുന്നു.

## 1-107 വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകിയതിൽ അധിക തുക അനുവദിച്ചു.

പ്രൊജക്ട് നമ്പർ - SOO 264/ 21(സ്പിൽ ഓവർ 434/20)
അടങ്കൽ - 5,00,000 രൂപ
ചെലവ് - 4,75,236 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -- പ്രിൻസിപ്പാൾ,ജിഎച്ച് എസ് എസ്, വികസന ഫണ്ട്(പൊതുവിഭാഗം)

വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകുന്ന പദ്ധതിയിൽ അടങ്കൽ തുക 5,00,000/- രൂപയും ചെലവഴിച്ച തുക 4,75,236/- രൂപയും ആണ്. കെൽട്രോണിന്റെ 29.03.2021-ാം തിയ്യതിയിലെ ഓർഡർ ബിൽ നം. 21384 പ്രകാരം 10 എണ്ണം A3 പ്രിന്ററിന്റെ തുക 4,54,420/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 4,75,236/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെ ബിൽ ബുക്കിൽ തുക മാറിയതിന്റെ രേഖപ്പെടുത്തലുകൾ കാണുന്നില്ല എങ്കിലും എ.സി.ആർ. പ്രകാരം ബിൽ നമ്പർ 163/ 11.04.2020 തുക ചെലവഴിച്ചതായി കാണുന്നു.

കെൽട്രോണിന്റെ ബിൽ തുകയും, എ.സി.ആർ.തുകയും തമ്മിൽ 20,816/- രൂപയുടെ വ്യത്യാസം കാണുന്നു. കൂടുതലായി അനുവദിച്ച 20,816/- രൂപയുടെ വിശദാംശങ്ങൾ, ബിൽ ബുക്കിൽ തുക രേഖപ്പെടുത്താത്തത് എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നമ്പർ 46 തിയതി 27.04.20) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബിൽ തുകയിൽ നിന്ന് വിഭിന്നമായി ചെലവഴിച്ച 20,816/- രൂപ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-108 കോർപ്പറേഷൻ പരിധിയിലെ വായനശാലകൾക്ക് കമ്പ്യൂട്ടർ ടേബിൾ നൽകിയതിൽ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് ന : SO 262/21 (സ്പിൽ ഓവർ നം. 429/20)

അടങ്ക ൽ തുക : 10,00,000/-

ചെലവഴിച്ച തുക : 9,55,284 /-(വികസനഫണ്ട്-ജനറൽ)

ബിൽ നമ്പർ : 16 /13.05.20& 33 /11.01.22

നിർവ്വഹണ ഉദ്യോഗസ്ഥൻ:ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൾ

കമ്പ്യൂട്ടർ ടേബിൾ ലഭിച്ച വായനശാലകൾ, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളവയാണോ എന്നും, കമ്പ്യൂട്ടറും കമ്പ്യൂട്ടർ ടേബിൾ എന്നിവ ലഭിക്കുമ്പോൾ അവ ദുരുപയോഗം ചെയ്യില്ലെന്നും ആയവ പരിപാലിക്കാമെന്നുമുള്ള ഗ്രന്ഥശാലാ സെക്രട്ടറി 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ഒപ്പിട്ട എഗ്രിമെന്റ്, അപേക്ഷാ ഫോം, കൈപ്പറ്റ് രസീത്, കമ്പ്യൂട്ടർ ടേബിൾ നൽകിയ C.J. Palu & Sons കമ്പനിയുടെ ബിൽ എന്നിവ ഒന്നും പ്രോജക്ടിന്റെ ഒപ്പം ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കാൻ ഒഡിറ്റ് എൻക്വയറി നൽകിയിരുന്നു.( എൻക്വയറി നമ്പർ 47 തിയതി 27.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൾ ആകയാൽ കോർപ്പറേഷൻ പരിധിയിലെ ലൈബ്രറികൾ അദ്ദേഹത്തിന്റ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വരുന്ന സ്ഥാപനങ്ങൾ അല്ലാത്തതിനാൽ, ആ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ടു വരുന്ന ഉദ്യോഗസ്ഥനെ ഇത്തരം പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാവുന്നതാണ്.

ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 9,55,284/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-109 സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സ്കൂളുകളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ എല്ലാ സ്കൂളുകളും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എല്ലാ ഇനങ്ങളും ഒന്നിച്ചാണ് ചേർത്തിട്ടുള്ളത്.ഓരോ ഇനങ്ങളും തരം തിരിച്ച് പേജ് നമ്പർ നൽകിയിട്ടില്ല.

2. ഇനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനത്തിന്റെ(ഉദാ-- കോർപ്പറേഷൻ,വിദ്യാഭ്യാസവകുപ്പ് ) വിവരം ചേർക്കുന്നില്ല.

3. സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്,ബിൽ നം.,തീയതി എന്നിവ ചേർത്തിട്ടില്ല.

4. വർഷാവസാന ഭൗതികപരിശോധന നടത്തുന്നില്ല.

5. രജിസ്റ്റർ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-110 കുടുംബശ്രീ മെമ്പർ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1)സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ .

പ്രോജക്ട് നമ്പർ(SO 918/21)

അടങ്കൽ: 420000(വികസനഫണ്ട്)

കുടുംബശ്രീയിൽ അഫിലിയേറ്റ് ചെയ്ത ചൈതന്യ എം.ഇ ഗ്രൂപ്പിന് കുട്ടനെല്ലൂരിൽ(28/685/3) ജനകീയ ഹോട്ടൽ തുടങ്ങുന്നതിനായി 239475 രൂപ ചെലവഴിച്ചിട്ടുണ്ട്.

| തിയതി | ബിൽനമ്പർ | തുക |
|---|---|---|
| 4/03/2021 | 07/2020-21 | 77664 |
| 4/03/2021 | 08/2020-21 | 149876 |
| 30/03/2021 | 10/2020-21 | 11916 |
| | ആകെ | 239456 |

മേൽ പ്രോജക്ട് പ്രകാരം ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും 149876രൂപയ്ക്ക് (ബിൽ നമ്പർ.11854) മെമ്പർ സെക്രട്ടറിയുടെ പേരിൽ ഫർണിച്ചർ പർച്ചേയ്സ് ചെയ്തിരിക്കുന്നത്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി എം.ഇ ഗ്രൂപ്പിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കണ മെന്നാവശ്യപ്പെട്ട കൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 55 തീയതി : 19.05.2022) നല്കിയതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിരുന്നു.എന്നാൽ രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകതൾ കാണുന്നു. .സ്റ്റോർ പർച്ചേസ് മാനുൽ 2013 ഖ.12.22 ,ഖ.12.23 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ട ഉദ്യോഗസ്ഥൻ പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതും സാധനങ്ങൾ സ്റ്റോക്കിലെടുത്ത ഉടൻ തുക അനുവദിക്കേണ്ടതുമാണ്. ബിൽ പ്രകാരം പർച്ചേയ്സ് ചെയ്ത ഫർണിച്ചറുകൾ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആയത് എം.ഇ ഗ്രൂപ്പിന്കൈമാറിയത് രേഖപ്പെടുത്തി കാണുന്നില്ല.

2)സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു

എ) പ്രോജക്ട് നമ്പർ(SO 899/21)

അടങ്കൽ: 2549250(വികസനഫണ്ട്)

ഹരിത കർമ്മ സേന വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് പ്രോജക്ട് പ്രകാരം 127 പേർക്ക് 15300 രൂപ വച്ച് 1943100 രൂപ ആയി ചെലവഴിച്ചിട്ടുണ്ട്.

| തിയതി | ബിൽനമ്പർ | തുക |
|---|---|---|
| 28/01/2021 | 01/2020-21 | 459000 |
| 28/01/2021 | 02/2020-21 | 459000 |
| 28/01/2021 | 03/2020-21 | 489000 |
| 28/01/2021 | 04/2020-21 | 413100 |
| 23/02/2021 | 05/2020-21 | 76500 |
| 23/02/2021 | 06/2020-21 | 15300 |
| 24/03/2021 | 09/2020-21 | 30600 |
| | ആകെ | 1943100 |

സ.ഉ (സാധാ) 703/2019 നം തസ്വഭവ. തിയതി 25/03/2019 & സ.ഉ(സാധാ) നം62/2020 തസ്വഭവ. തിയതി. 11/04/2020 പ്രകാരം കോർപ്പറേഷനുകൾക്ക് വാർഡ് അടിസ്ഥാനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക 46350/- ആണ്. ആയതിൽ പ്രകാരം ഒരു ഡിവിഷനിൽ ഹരിതകർമ്മ സേനയ്ക്ക് പരമവധി ആറുമാസത്തേക്ക് നല്കാവുന്ന തുക 46350/-രൂപ ആണെന്ന് 13/07/2020 ലെ കൗൺസിൽ തീരുമാനം (5ാം നമ്പർ) എടുത്തിട്ടുണ്ട്. മേൽ തീരുമാനത്തിനു വിരുദ്ധമായി പള്ളിക്കുളം (35)ഡിവിഷനിൽ 122400/ രൂപ (8പേർക്ക് 15300 രൂപ വച്ച് )ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരുവിവരം | ഹരിതകർമ്മ സേന | തുക | ഡിവിഷൻ |
|---|---|---|---|---|
| 1 | ദീപിക രാജേഷ് | ക്ളീൻ സിറ്റി | 15300 | പള്ളിക്കുളം (35) |
| 2 | റീബ നീലങ്കാവിൽ | ക്ളീൻ സിറ്റി | 15300 | പള്ളിക്കുളം (35) |
| 3 | വൽസല.കെ | ക്ളീൻ സിറ്റി | 15300 | പള്ളിക്കുളം (35) |
| 4 | സാവിത്രി ശശി | ശക്തൻ HKS | 15300 | പള്ളിക്കുളം (35) |
| 5 | ജെസ്സി കല്ലക്കാരൻ | ശക്തൻ HKS | 15300 | പള്ളിക്കുളം (35) |
| 6 | ഉഷചീരക്കുഴി. | ശക്തൻ HKS | 15300 | പള്ളിക്കുളം (35) |
| 7 | ഗീത പുളിപറമ്പിൽ | ശക്തൻ HKS | 15300 | പള്ളിക്കുളം (35) |

| | | | | |
|---|---|---|---|---|
| 8 | വൽസല തൊറക്കാട്ടിൽ | ശക്തൻ HKS | 15300 | പള്ളിക്കുളം (35) |
| ആകെ | | | 122400 | |

122400-46350=76050 രൂപ കൂടുതലായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു. അധികമായി ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)പ്രോജക്ടിന് അനുബന്ധമായ രേഖകൾ ആധികാരികമായി സൂക്ഷിച്ചിട്ടില്ല .

കുടുംബശ്രീയിൽ അഫിലിയേറ്റ് ചെയ്ത ഹരിതകർമ്മ സേന അംഗമാണെന്ന് തെളിയിക്കുന്ന രേഖകൾ, ഡിവിഷനടിസ്ഥാനത്തിൽ ഹരിതകർമ്മ സേന അംഗങ്ങളുടെ ലിസ്റ്റ്, പ്രവർത്തിക്കുന്ന പ്രദേശം, ജോലിയ്ക്ക് ഇറങ്ങിയ ദിനങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ പ്രോജക്റ്റിനോടൊപ്പം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലായിരുന്നു. ടി രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.20 തീയതി : 22.03.2022)നല്കിയതിനെ തുടർന്ന് ഹാജരാക്കിയ ഹരിതകർമ്മ സേന അംഗങ്ങളുടെ ലിസ്റ്റ്, മറ്റ് അനുബന്ധരേഖകൾ എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഹാജരാക്കിയ രേഖകൾ കൃത്യതയോടും ആധികാരികതയോടും കൂടി സൂക്ഷിച്ചിട്ടില്ല.

സി)വയബിലിറ്റി ഫണ്ട്- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ (S0899/21) പ്രകാരം താഴെ പറയുന്നവർക്ക് തുക കൈമാറിയിട്ടുണ്ട്

| പേര് | IFSE CODE | അക്കൗണ്ട് നം | തുക | ബിൽനം |
|---|---|---|---|---|
| പോൾസി സാബു | SBIN0016658 | 20333422324 | 15300 | ബിൽനം-5 |
| സുഭദ്ര | SBIN0011930 | 35606837612 | 15300 | ബിൽനം-9 |
| ഐഷാബി | SBIN0008619 | 35788258727 | 15300 | ബിൽനം-9 |
| ആകെ | | | 45900 | |

മേൽ പരാമർശിച്ചവർ ഉൾപ്പെടുന്ന ഹരിതകർമ്മസേന , പ്രവർത്തിക്കുന്ന പ്രദേശം എന്നീ വിവരങ്ങൾ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന ആവശ്യപ്പെട്ടു കൊണ്ട് അന്വേഷണകുറിപ്പ് നല്കിയിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.55).ആയതിനാൽ 45900/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-111 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

1. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

എ)പ്രോജക്ട് നമ്പർ (S781/21)എൽ ആർ കെ എ ആയുർവേദ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക - 500000

മെയിറ്റൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക - 491706

| തിയതി | ബിൽനമ്പർ | തുക |
|---|---|---|
| 26/02021 | 30/2020-2021 | 491706 |

ബി) പ്രോജക്ട് നമ്പർ (S32/2)വില്ലടം ആയുർവേദ ആശുപത്രി ഫർണിച്ചർ വാങ്ങൽ

അടങ്കൽ തുക - 1232065

മെയിറ്റൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക - 1232064

| തിയതി | ബിൽനമ്പർ | തുക |
|---|---|---|
| 26/03/21 | 27/2020-2021 | 445363 |
| 26/03/21 | 28/2020-2021 | 477545 |
| 26/03/21 | 29/2020-2021 | 309156 |
| ആകെ | | 1232064 |

1)അയ്യന്തോൾ ഗവ.ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസറുടെ പേരിലാണ് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ ആർട്ട്കോ ലിമിറ്റഡിൽ നിന്നും പർച്ചേയ്സ് ചെയ്തിരിക്കുന്നത്, ആയത്സ്റ്റോക്ക് രജിസ്റ്ററിൽരേഖപ്പെടുത്തി കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2)സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ പ്രോജക്ട് പ്രകാരമുള്ള ആയുർവേദ ആശുപത്രികളിലേക്ക് വിതരണം ചെയ്ത

എന്ന് ഉറപ്പാക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

സി)അയ്യന്തോൾ ആയുർവേദ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ (S194/21)

അടങ്കൽ തുക - 500000

മെയിറ്റൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക - 360000

സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ.12.22,ഖ.12.23 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ട ഉദ്യോഗസ്ഥൻ പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതും സാധനങ്ങൾ സ്റ്റോക്കിലെടുത്ത ഉടൻ തുക അനുവദിക്കേണ്ടതുമാണ്.ആർട്ട് കോ എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരംവാങ്ങിയ സാധനങ്ങളൊന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല. പദ്ധതികളുടെ പേര്, അടങ്കൽ തുക എന്നിവ മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ബില്ലിന്റെഓഫീസ് പകർപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ അയ്യന്തോൾ ആയുർവേദ ആശുപത്രിയിൽ വിതരണം ചെയ്തത് സംബന്ധിച്ച ഉറപ്പാക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.മേൽ പറഞ്ഞ പ്രോജക്ടുകളുടെ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.26,നം&27,തീയതി : 30.03.2022)നൽകിയിരുന്നു എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല .സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രേഖപ്പടുത്തലോടെ ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്

## 1-112 അയ്യന്തോൾ ആയുർവേദ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ- ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

അയ്യന്തോൾ ആയുർവേദ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ (S194/21)

അടങ്കൽ തുക - 500000

മെയിറ്റൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക - 360000

പ്രോജക്ട് നമ്പർ (S194/21) പ്രകാരം ആർട്ട്കോ ലിമിറ്റഡിൽ അയ്യന്തോൾ ആയുർവേദ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ (ബിൽ നം KKD-368) പർച്ചേയ്സ് ചെയ്തതിന് 360000 രൂപ കൈമാറിയിരുന്നു(ട്രഷറിബിൽനമ്പർ-7/2020-2021).

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | ബിൽനമ്പർ | തുക | ജിഎസ്.ടി ഒഴികെയുള്ള ബിൽ തുക |
|---|---|---|---|
| 15/05/2021 | 7/2020-2021 | 360000 | 305085 |

13/09/2018 ലെ വിജ്ഞാപനം നം 50/2018 -സെന്ററൽ ടാക്സ് പ്രകാരം ജിഎസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിച്ചതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ജിഎസ്.ടി ഒഴികെയുള്ള ബിൽ തുകയിൽ നിന്നും 2% തുക ടി.ഡി.എസ് കുറവു ചെയ്യേണ്ടതാണ്.ആയത് കുറവു ചെയ്തു കാണുന്നില്ല.മേൽ പറഞ്ഞ അപാകതക്ക് രേഖകൾ സഹിതം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.26,നം,തീയതി : 30.03.2022)നൽകിയിരുന്നു എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല .7627./- രൂപ സർക്കാരിലേയ്ക്കു അടവാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-113 അയ്യന്തോൾ സോണൽ ഡിവിഷൻ 54 പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി -രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ | S1428/21 |
| അടങ്കൽ (₹) | 100000/-(മെയ് ന്റ |

| | |
|---|---|
| | നൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് (₹) | 99620/- |
| ട്രഷറി ബിൽ നം. | 60/20-21, 99620/- തി.24-03-2021 |

2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അയ്യന്തോൾ സോണൽ ഡിവിഷൻ 54 പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി പ്രകാരം ഫർണിച്ചറുകൾ SIDCO Service Workshop, Ollur എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ആയതിന്റെ തുക 99620/- രൂപ SIDCO Marketing Workshop മാനേജറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇൻവോയ്സ് നം.51/20-21<br>തി.23-03-21 | Plastic Armed Chair<br>- 46 എണ്ണം |
| ഇൻവോയ്സ് നം.50/20-21<br>തി.23-03-21 | Executive High Back Revolving Chair – 2 എണ്ണം<br>Steel Table With One Cupboard And 3 Drawer – 3 എണ്ണം<br>Steel Cabinet With Locker – 1 എണ്ണം |

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12.22,ഖ.12.23 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ട ഉദ്യോഗസ്ഥൻ പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതും സാധനങ്ങൾ സ്റ്റോക്കിലെടുത്ത ഉടൻ തുക അനുവദിക്കേണ്ടതുമാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ SIDCO Service Workshop, Ollur എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളൊന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല. പദ്ധതികളുടെ പേര് , അടങ്കൽ തുക എന്നിവ മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ അയ്യന്തോൾ സോണൽ ഡിവിഷൻ 54 പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ലഭ്യമായിട്ടുണ്ട് എന്ന് തെളിയിക്കുന്ന / ഉറപ്പാക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.19/21-03-2022).

## 1-114 മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയെങ്കിലും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, ജനറൽ ആശുപത്രി

2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ തുക നൽകി. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല.

വിശദാംശങ്ങൾ

| ക്രമനമ്പർ | പ്രോജക്ട് | ബിൽ നം,തുക | KMSCL ന് കൈമാറിയ തുക | പ്രൊഫോർമ ഇൻവോയ്സ് | ഇനം |
|---|---|---|---|---|---|
| 1 | S1037/21- ജനറൽ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലാബ് റീഏജന്റ്സ്,ഡയാലിസിസ് കൺസ്യൂമബിൾസ് വാങ്ങൽ | 12/20--21/<br>18.1.2021--1450952 | 1084152 | PRF4259/2020-2021/<br>7.1.21 | മരുന്നുകൾ ഉപകരണങ്ങൾ |
| | | 13/20-2021/<br>22.1.2021--633716 | 633716 | PRF4414/2020-2021/<br>16.1.21 | Caesarian Kit-(10A-MCH)<br>Careon -1000 എണ്ണം |
| | | 14/20-2021/<br>30.1.2021--499995 | 499995 | PRF4602/2020-2021/<br>21.1.21 | മരുന്നുകൾ |
| 2 | S991/21- ജനറൽ ആശുപത്രി ദന്തൽ വിഭാഗത്തിലേക്ക് സി ആർ മെഷീനും റേഡിയോളജി വിഭാഗത്തിലേക്ക് സി ആർ സിടി ഫിലിം എന്നിവ വാങ്ങൽ * | 15/20-2021/<br>30.1.2021--713109 | 713109 | PRF273/2020-2021/<br>25.1.21 | Intra Oral Digital Radiography* Systems,<br>Cassette, Imaging Plates |

| | | | | | |
|---|---|---|---|---|---|
| 3 | S270/21-വാർഡുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണ്ണിച്ചർ എന്നിവ വാങ്ങൽ (Spill Over) | 19/19-20/ 15.5.20 -273613 | 188390 | PRF207/2019-20/ 4.2.20 | എയർ കണ്ടീഷണർ 2ton – 3എണ്ണം (Supplier – M/s Maxsel Agencies ) |

* ഈ മെഷീന് M/s Villa India എന്ന സ്ഥാപനവുമായി റണ്ണിംഗ് കോൺട്രാക്ട് ഉള്ളതാണ്. എന്നാൽ 7% അധിക സർവീസ് ചാർജ് നൽകി KMSCL നിന്ന് വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചതിന് കാരണം വ്യക്തമല്ല.

മേൽ ചേർത്തിട്ടുള്ള ഉപകരണങ്ങളും മരുന്നുകളും ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിൽ എടുത്തതിന്റെയും ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെയും വിവരങ്ങൾ സ്ഥാപനത്തിന്റെ ബില്ലുകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 38/23.4.22 നൽകിയിരുന്നു. ആയതിന് മറുപടിയായി S1037/21പ്രോജക്റ്റ് പ്രകാരം കൈമാറിയ തുകയിൽ (1084152രൂപ) 05/03/2022 വരെ 616196 രൂപയുടെ സാധനങ്ങൾ ലഭ്യമായതായും ബാക്കി 467956 രൂപ വിലയുള്ള സാധനങ്ങൾ ഇനിയും ലഭ്യമാകുവാൻ ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്, മറ്റു രണ്ട് പ്രോജക്റ്റിലെയും ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. സ്റ്റോക്ക് എടുത്തിട്ടുള്ള സാധനങ്ങളുടെ ഇൻവോയ്സ് ,സ്റ്റോക്ക് എൻട്രി റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതായി മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തികവർഷത്തിൽ മരുന്നുകൾ, എയർകണ്ടീഷണർ, ദന്തൽ വിഭാഗത്തിലേക്ക് സി ആർ മെഷീൻ എന്നിവ വാങ്ങുന്നതിന് തുക നൽകിയിട്ട് നാളിതുവരെയായിട്ടും സപ്ലൈ ചെയ്തിട്ടില്ലാ എന്നത് ഗൗരവതരമായ വിഷയമാണ്. KMSCL മായി കരാർ ഇല്ലാത്തതിനാൽ വർഷങ്ങൾ കഴിയുന്തോറും ഓരോ ഇനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുന്നതിനാൽ പ്രഫോർമാ ഇൻവോയ്സിൽ ചേർത്തിട്ടുള്ള വിലയ്ക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള സാധ്യത കുറയുന്നു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനും വികസനത്തിനും കോർപ്പറേഷൻ വികസനഫണ്ട് ചെലവഴിക്കുമ്പോൾ സാധനങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന വിഷയത്തിൽ ഭരണാധികാരികൾ സത്വരഇടപെടൽ നടത്തേണ്ടതാണ്. കോർപ്പറേഷന്റെ വികസനഫണ്ട് മറ്റൊരു ഏജൻസിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുക വഴി ഫണ്ടിന്റെ ചെലവ് ഉയർത്തിക്കാണിക്കാ മെന്നല്ലാതെ സ്ഥാപനത്തിനോ അതിന്റെ സേവനം ഉപയോഗപ്പെടുത്തുന്ന ലക്ഷക്കണക്കിന് രോഗികൾക്കോ ആയതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും അധികാരികൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-115 ബില്ലിൽ നിന്ന് കുറവ് ചെയ്ത ജി എസ് ടി സർക്കാരിലേക്ക് അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

നിർവഹണഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, ജനറൽ ആശുപത്രി

വിവിധ പ്രോജക്ടുകളിലായി സ്ഥാപനങ്ങളുടെ ബില്ലിൽ നിന്ന് ടി ഡി എസ് ആയി കുറവ് ചെയ്ത തുക ജി എസ് ടി ജനറൽ ആശുപത്രിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നു.

| പ്രോജക്ട് | ബിൽ നം തുക | സ്ഥാപനം | ജി എസ് ടി തുക | ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് |
|---|---|---|---|---|
| S269/2021-ഗൈനക് ഒഫ്ത്താൽമിക് സർജറി വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 13/2019-20/ 14.5.2020-- 585505 | Axis Medical Systems | 10455 | 50100262639846 (HDFC 0001259) |
| S261/2021-ജനറൽ ആശുപത്രിയിലേക്ക് എക്സ്റേ സിടി ഫിലിം വാങ്ങൽ | 14/2019-20/ 17.2.2020-- 632346 | Cyrix Healthcare Pvt Ltd | 12647 | 50100262639846 (HDFC 0001259) |
| | 22/2019-20/ 14.5.2020-- 1362923 | Cyrix Healthcare Pvt Ltd | 25711 | 50100262639846 (HDFC 0001259) |
| S265/2021-ആശുപത്രിയിലേക്ക് കട്ടിൽ കിടക്ക തലയണ ബെഡ്സൈഡ് ലോക്കർ എന്നിവ വാങ്ങൽ | 12/2019-20/ 14.5.2020-- 1301003 | Artco Ltd | 21866 | 50100262639846 (HDFC 0001259) |

| | | | | |
|---|---|---|---|---|
| S270/2021- വാർഡുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണ്ണിച്ചർ വാങ്ങൽ | 11/2019-20/ 14.5.2020-- 585505 | Axis Medical Systems | 10455 | 50100262639846 (HDFC 0001259) |

ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതോടൊപ്പം ജിഎസ് ടി ചലാൻ തയ്യാറാക്കി സമർപ്പിക്കാതെ ജി എസ് ടി തുക ജനറൽ ആശുപത്രിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതിന് കാരണം വ്യക്തമല്ല. മറ്റ പദ്ധതികളും പരിശോധനാവിധേയമാക്കി ജി എസ് ടി ഇനത്തിൽ ഇപ്രകാരം മാറ്റിയ മുഴുവൻ തുകകളും സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 38/23.4.22 ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന്റെ ജി എസ് ടി രജിസ്ട്രേഷൻ നമ്പർ ആക്ടിവേറ്റ് ചെയ്യുന്നതിലെ തകരാറു മൂലമാണ് ഇപ്രകാരം തുക വക മാറ്റിയത് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്ന മുറക്ക് തുക അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

അപാകത പരിഹരിച്ച് ജി എസ് ടി ഇനത്തിൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയ തുക മുഴുവൻ സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-116 റണ്ണിംഗ് കോൺട്രാക്ട് -- വ്യവസ്ഥകൾ പാലിച്ചില്ല

നിർവഹണഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ,ജനറൽ ആശുപത്രി

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നാണ് 2020-21 സാമ്പത്തികവർഷത്തെ പദ്ധതി നടത്തിപ്പിൽ ഭൂരിഭാഗം ഇനങ്ങളും വാങ്ങിയിട്ടുള്ളത്. KMSCL മായി റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുമ്പോൾ വിതരണം ചെയ്യുന്ന സ്ഥാപനം വാങ്ങുന്ന സ്ഥാപനവുമായി കരാർ വക്കേണ്ടതാണ്, സപ്ലൈ ഓർഡറിന്റെ 5% ന് തുല്യതുകക്കുള്ള പെർഫോമൻസ് സെക്യൂരിറ്റി ലഭ്യമാക്കേണ്ടതാണ് എന്ന KMSCL ന്റെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ

| പ്രോജക്ട് | സ്ഥാപനം | ബിൽ നം,തുക | കൈമാറിയ തുക | വാങ്ങിയ ഇനങ്ങൾ |
|---|---|---|---|---|
| S1037/21- ജനറൽ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലാബ് റീഏജന്റ്സ്,ഡയാലിസിസ് കൺസ്യൂമബിൾസ് വാങ്ങൽ | അസോസിയേറ്റഡ് ഡിസ്ട്രിബ്യൂട്ടേഴ്സ് ,കോട്ടയം | 12/2020-21/ 18.1.2021- 1450952 | 361910 | ലാബ് റീഏജന്റ്സ് |
| | M/s Lab X | 16/2020-21/ 30.1.21-522115 | 220350 | ലാബ് റീഏജന്റ്സ് |
| | ABC Diagnosis | 17/2020-21/ 2.2.21-- 82733 | 345623 | ലാബ് റീഏജന്റ്സ് |
| S991/21- ജനറൽ ആശുപത്രി ദന്തൽ വിഭാഗത്തിലേക്ക് സി ആർ മെഷീനും റേഡിയോളജി വിഭാഗത്തിലേക്ക് സി ആർ സിടി ഫിലിം എന്നിവ വാങ്ങൽ | Cyrix Healthcare Pvt Ltd | 11/2020-21/ 18.1.21-- 930091 | 913629 | സി ആർ , സിടി ഫിലിം |
| S270/2021- വാർഡുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണ്ണിച്ചർ വാങ്ങൽ | Lakshmi Surgicals ആലുവ | 23/2019-20/ 15.5.2020-- 304402 | 140000 | 7230 AWA Hopkins Telescope |

മേൽ സ്ഥാപനങ്ങളുമായി കരാർ വക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (38/23.4.22)ക്ക് മറുപടിയായി ഇത്തരം വാങ്ങലുകൾക്ക് കരാറോ സെക്യൂരിറ്റി ഡെപ്പോസിറ്റോ വാങ്ങാറില്ല എന്ന് അറിയിച്ചിട്ടുണ്ട്.

റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽനിന്ന് വാങ്ങൽ നടത്തുമ്പോൾ KMSCL ന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് കരാറും സെക്യൂരിറ്റി ഡെപ്പോസിറ്റും വാങ്ങുന്നത് സുഗമമായ വാങ്ങൽ നടപടികൾക്ക് സഹായകരമാകുന്നു. വർഷങ്ങളായി സപ്ലൈ ചെയ്യാതിരിക്കുന്ന രീതിക്ക് വിരാമമുണ്ടാകുന്നതിനും സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുംഇടയാകുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരത്തിൽ വാങ്ങൽ നടത്തുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

### 1-117 ഓഫീസ് കമ്പ്യൂട്ടർവൽക്കരണം- ബില്ലുകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : S0227/2021, ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം

പദ്ധതി അടങ്കൽ : 15,00,000, വികസനഫണ്ട്

ചെലവ് : 14,91,762

സെക്രട്ടറി നിർവ്വഹണം നടത്തിയ ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം എന്ന പദ്ധതിയിൽ 28 കമ്പ്യൂട്ടർ , 25 പ്രിന്റർ എന്നിവ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയുണ്ടായി. 19.05.2020 ന് 14,91,762/- രൂപ ടി സ്ഥാപനത്തിന് മേൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ട്രഷറി ബിൽ ബുക്കിൽ മേൽ പദ്ധതിയുടെ ചെലവ് വിവരം ഇല്ല. ACR പ്രകാരവും സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരവും വികസനഫണ്ടിൽ നിന്നും 14,91,762/- രൂപ ചെലവഴിച്ചതായി കാണുന്നു. ഫയലിൽ ഹാജരാക്കിയ ബിൽ പ്രകാരമുള്ള ചെലവ് 13,82,826.66/- രൂപയാണ്. ബില്ലിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തിയതി | തുക |
|---|---|
| PYSI21015158/20.07.21 | 10,71,454.16 |
| J9PME26156/13.04.21 | 3,11,372.50 |
| ആകെ | 13,82,826.66 |

1,08,935.34 (14,91,762-13,82,826.66) രൂപയുടെ ബില്ലുകൾ /ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം: 12 തിയ്യതി: 18.03.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 1,08,935.34/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-118 പദ്ധതി രൂപീകരണം മോണിറ്ററിംഗ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. : S0205/2021, പദ്ധതി രൂപീകരണം മോണിറ്ററിംഗ് ചെലവുകൾ

പദ്ധതി അടങ്കൽ : 9,91,734, വികസനഫണ്ട്

ചെലവ് : 6,93,556/-

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പത്രപരസ്യം നൽകുന്നതിനായി ട്രഷറി ബിൽ നമ്പർ 22/20-21തി.29.05.2020 പ്രകാരം 1,43,556/- രൂപ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

| സ്ഥാപനം | തുക |
|---|---|
| മാതൃഭൂമി പ്രിന്റിംഗ് &പബ്ലിക്കേഷൻ ലി. | 23,520/- |
| ദേശാഭിമാനി പബ്ലിക്കേഷൻ | 1,20,036/- |
| ആകെ | 1,43,556/- |

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ടെണ്ടർ നോട്ടീസ്, ക്വട്ടേഷൻ നോട്ടീസ് എന്നിവ പ്രസിദ്ധപ്പെടുത്തുന്നതിനാണ് മേൽ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്.എന്നാൽ നൽകിയ പത്രപരസ്യത്തിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ബിൽ പ്രകാരമുള്ള ചെലവ് വിശദാംശം പരിശോധിക്കുന്നതിന് പത്രപരസ്യങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13 തിയ്യതി: 18.03.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1,43,556/-തടസ്സപ്പെടുത്തുന്നു.

### 1-119 പ്രൊജക്ട് ഫയൽ ലഭ്യമാക്കിയില്ല –പദ്ധതി തുക തടസ്സത്തിൽ വയ്ക്കുന്നു

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയുടെ പ്രോജക്ട് ഫയൽ, അനുബന്ധ രേഖകൾ/രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പദ്ധതി / പദ്ധതിനമ്പർ | ചെലവ് തുക/ ഫണ്ട് | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ/തിയതി |
|---|---|---|---|
| S0281/21, അമൃത് പദ്ധതി നഗരസഭാ വിഹിതം | 6,26,01,044 (ധനകാര്യകമ്മീഷൻ) | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | 9/20-21 മുതൽ 20/20-21 വരെ 15.05.2020 |

പദ്ധതി വിവരങ്ങൾ ആവശ്യപ്പെട്ട് 51/29.04.2022 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-120 നഗരസഞ്ചയം പദ്ധതി– ധനവിനിയോഗ വിവരം ഇല്ല– ചെലവ് തുക 6,18,27,068/- തടസ്സത്തിൽ വയ്ക്കുന്നു

നഗരമേഖലയ്ക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) നം. 103/2020/തസ്വഭവ, തീയതി 30.06.2020) പ്രകാരം ഓരോ നഗരസഞ്ചയത്തിനും അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു പ്രധാന നഗരവും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളെയും ഒരു നഗരസഞ്ചയമായി നിർവചിച്ചിരിക്കുന്നു. നഗരസഞ്ചയത്തിലെ മുഖ്യനഗരസഭയ്ക്കാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും അതിൽ നിന്നും മാർഗ്ഗരേഖ പ്രകാരമുള്ള തുക മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

2020-21 സാമ്പത്തികവർഷം തൃശ്ശൂർ നഗരസഞ്ചയത്തിനുള്ള കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് 5200 ലക്ഷം രൂപയിൽ നിന്നും മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിൽ വിനിയോഗിക്കേണ്ട കുറഞ്ഞ തുക 2947.36 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു. കുടിവെള്ളം, ജലസംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാവുന്നത്. ആയതുപ്രകാരം നഗരസഭ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പദ്ധതി നം. 1414/2021-നഗരസഞ്ചയം-മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നല്കൽ പദ്ധതി . ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ജലസംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം എന്നീ മേഖലയിൽ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം നല്കുകയാണ് ഈ പദ്ധതിയിൽ ഉണ്ടായിട്ടുള്ളത്. അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ഈ പദ്ധതിപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 6,13,20,690/- രൂപ സാംഖ്യ സോഫ്റ്റ്‌വെയർ വഴി ഓൺലൈനായും 5,06,378/-രൂപ (ക്രമനമ്പർ 28,29) സ്ഥാപനങ്ങളുടെ TSB അക്കൌണ്ടിലേയ്ക്കും താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1. | 1653/15.03.2021 | 3666016/- | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 2. | 1654/15.03.2021 | 20000000/- | ചാവക്കാട് മുനിസിപ്പാലിറ്റി |
| 3. | 1655/15.03.2021 | 50000/- | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 4. | 1656/15.03.2021 | 656775/- | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി |
| 5. | 1657/15.03.2021 | 75000/- | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 6. | 1812/22.03.2021 | 1500000/- | പോർക്കുളം ഗ്രാമപഞ്ചായത്ത് |
| 7. | 1813/22.03.2021 | 803102/- | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 8. | 1814/22.03.2021 | 73600/- | തളിക്കുളം ഗ്രാമപഞ്ചായത്ത് |
| 9. | 1815/22.03.2021 | 125000/- | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 10. | 1816/22.03.2021 | 1307548/- | കാട്ടൂർ ഗ്രാമപഞ്ചായത്ത് |
| 11. | 1817/22.03.2021 | 692134/- | കാട്ടൂർ ഗ്രാമപഞ്ചായത്ത് |
| 12. | 1857/25.03.2021 | 5000000/- | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| 13. | 1885/26.03.2021 | 1623930/- | കാട്ടൂർ ഗ്രാമപഞ്ചായത്ത് |
| 14. | 1887/26.03.2021 | 400000/- | തൃക്കൂർ ഗ്രാമപഞ്ചായത്ത് |
| 15. | 1888/26.03.2021 | 1600000/- | തൃക്കൂർ ഗ്രാമപഞ്ചായത്ത് |
| 16. | 1889/26.03.2021 | 5000000/- | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 17. | 1890/26.03.2021 | 5000000/- | മുളംകുന്നത്ത്കാവ് ഗ്രാമപഞ്ചായത്ത് |
| 18. | 1936/27.03.2021 | 964956/- | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 19. | 1946/27.03.2021 | 412297/- | ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് |
| 20. | 1961/27.03.2021 | 2493901/- | തെക്കുംകര ഗ്രാമപഞ്ചായത്ത് |
| 21. | 1962/27.03.2021 | 1424140/- | തെക്കുംകര ഗ്രാമപഞ്ചായത്ത് |
| 22. | 2004/29.03.2021 | 3711103/- | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| 23. | 2005/29.03.2021 | 1163463/- | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് |
| 24. | 2006/29.03.2021 | 2096664/- | മുരിയാട് ഗ്രാമപഞ്ചായത്ത് |
| 25. | 2003/29.03.2021 | 398563/- | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 26. | 2033/30.03.2021 | 1008465/- | എടത്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 27. | 2034/30.03.2021 | 74033/- | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 28. | 2045/30.03.2021 | 345017/- | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് |
| 29. | 2046/30.03.2021 | 161361/- | എളവള്ളി ഗ്രാമപഞ്ചായത്ത് |
| ആകെ | | 61827068/- ======== | |

ഇപ്രകാരം തുക നല്കിയിട്ടുണ്ടെങ്കിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം:34തിയ്യതി: 22.04.2022 ന് ധനവിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. ധനവിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 6,18,27,068/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-121 പി.എം.എ.വൈ. ലൈഫ് അർബൻ ഭവന നിർമ്മാണം-വിഹിതം നൽകൽ പദ്ധതി - അപാകതകൾ

അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ. ലൈഫ് അർബൻ ഭവന നിർമ്മാണം , കോർപ്പറേഷൻ വിഹിതം അടവാക്കൽ എന്ന പദ്ധതിയിൽ 2020-21 വർഷം നഗരസഭ പ്ലാൻ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 8(ജനറൽ) | ₹8,20,00,000 | ₹8,19,92,000 |
| 9 (എസ്.സി) | ₹1,50,00,000 | ₹99,57,000 |

സ.ഉ (സാധാ) നം. 1222/2016/തസ്വഭവ തീയതി. 08.03.2016 നമ്പർ ഉത്തരവ് പ്രകാരം പി.എം.എ.വൈ പദ്ധതിയ്ക്കായി വകയിരുത്തുന്ന നഗരസഭാ വിഹിതം ഡി.പി.സി അനുമതി ലഭിക്കുന്ന മുറയ്ക്ക് വികസനഫണ്ടിൽ നിന്നും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ അക്കൗണ്ടിലേക്ക് മുൻകൂറായി മാറ്റാവുന്നതാണ്. എന്നാൽ 2020-21 വർഷത്തെ പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നഗരസഭാ വിഹിതം,മേൽ പരാമർശിച്ച പ്രകാരം അക്കൗണ്ടിലേക്ക് മാറ്റുന്നതിന് പകരം ട്രഷറി ബില്ല് മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്.

ബാങ്ക് അക്കൗണ്ട് വഴിയും ട്രഷറി വഴിയും ചെലവ് നടത്തുന്നതിനാൽ കേന്ദ്ര-സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും ആനുപാതികമായി ചെലവഴിക്കുന്നതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിയുന്നില്ല. ഓരോ ഗുണഭോക്താവിനും അനുവദിച്ച ആകെ തുകകളുടെ ഗഡുക്കൾ,ഫണ്ട് വിവരം എന്നിവ തിരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കേന്ദ്ര സംസ്ഥാന ഫണ്ട് വിവരം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.ഓരോ ഗുണഭോക്താവിനും കൃത്യമായ തുകയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കി തുക അനുവദിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

പി.എം.എ.വൈ. വിഹിതം അനുവദിച്ച വിവിധ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ കരാറിൽ സെക്രട്ടറി ഒപ്പ് വച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | ഗുണഭോക്താവ് |
|---|---|---|
| 1 | 506/19 | വള്ളിക്കുട്ടി, വാകയിൽ, അഞ്ചേരി |
| 2 | 696/19 | ഓമന മാണി, മടപ്ലാവിൽ, പൂങ്കുന്നം |
| 3 | 637/19 | ലക്ഷ്മി,പള്ളിപ്പറമ്പിൽ,കുട്ടാല |
| 4 | 589/19 | സരിത വിജയൻ, മണ്ണത്ത്, ലാലൂർ |
| 5 | 101/19 | ഉഷ, ചീരക്കുഴി,വില്ലടം |

ഏറ്റവും അധികം ഗുണഭോക്താക്കൾ ഉൾപ്പെട്ട 5-ാം ഘട്ട ഡി.പി.ആർ ൽ ഉൾപ്പെട്ടവരാണ് മേൽ പറഞ്ഞിട്ടുള്ളവരെന്നും ജോലിതിരക്ക് മൂലം അപാകത വന്നിട്ടുള്ളതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായി.ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഇവരുടെ ആധാരം/കരാർ പത്രം രജിസ്റ്റർ ചെയ്ത് നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നു. ആയത് പരിശോധനയ്ക്ക് വിധേയമാക്കുന്നതു വരെ

പരാമർശം നിലനിർത്തുന്നു.

ഓഡിറ്റ് അന്വേഷണം നം: 36 തിയ്യതി: 22.04.2022

## 1-122 കൈപ്പറ്റ് രസീതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. : 67/2021, വാട്ടർ അതോറിറ്റി കുടിശ്ശിക തുക അടവാക്കൽ

പദ്ധതി അടങ്കൽ : 1,69,52,585, നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട്

ചെലവ് : 1,69,50,506

അഡീഷണൽ സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ വാട്ടർ അതോറിറ്റിയിലേക്ക് കുടിശ്ശിക തുക അടവാക്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 62/24.03.2021 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട | 59,80,914 |
| 50/23.01.2021 | കേരള വാട്ടർ അതോറിറ്റി ,തൃശ്ശൂർ | 72,00,000 |
| 63/27.03.21 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട | 37,69,592 |

മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് തുകയുടെ കൈപ്പറ്റ് രസീതി ഫയലിലില്ല. കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 35 തിയ്യതി: 22.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഒല്ലൂർ മേഖല പരിധിയിലെ വെള്ളക്കരം കുടിശ്ശികയായി 37,69,592/- രൂപ 63/27.03.2021 നമ്പർ ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും ടി കുടിശ്ശിക ഡിമാന്റ് ചെയ്തതിന്റേയോ , കുടിശ്ശിക തുക കണക്കാക്കിയതിന്റേയോ വിവരം ഫയലിലില്ല. 3/20 വരെയുള്ള കുടിശ്ശിക 37,69,592/- എന്ന് വാട്ടർ അതോറിറ്റി ടെലിഫോണിൽ ബന്ധപ്പെട്ട തുകയാണ് എന്ന് മാത്രമാണ് 19.03.2021 ലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശിക തുക ഉറപ്പാക്കിയതിന്റെ വിവരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല. തുകകൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി ചെലവ് അനുവദിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം: 35 തിയ്യതി: 22.04.2022)

## 1-123 പദ്ധതി രൂപീകരണവും മോണിറ്ററിംഗും- വിതരണ വിവരം സൂക്ഷിക്കേണ്ടതാണ്.

പ്രോജക്റ്റ് നം. : 6/2021, പദ്ധതി രൂപീകരണവും മോണിറ്ററിംഗും

പദ്ധതി അടങ്കൽ : 10,00,000, വികസനഫണ്ട്

ചെലവ് : 1,69,408

നിർവഹണ ഉദ്യോഗസ്ഥൻ : അഡീഷണൽ സെക്രട്ടറി

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വിവിധ ഫോമുകൾ, ആസൂത്രണ രേഖ, പദ്ധതി രേഖ, നോട്ടീസ് എന്നിവ പ്രിന്റ് ചെയ്തതിന് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതിനായി ഈ പദ്ധതിയിൽ നിന്നും ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | പ്രിന്റ് ചെയ്ത രേഖകൾ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 2-2021/22.09.2020 | 65,000 | ദുരിത നിവാരണ ആസൂത്രണ രേഖ (250 ബുക്ക്) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, |

| | | | | |
|---|---|---|---|---|
| | | | | പൂത്തോൾ |
| 2 | 2-2021/22.09.2020 | 48,450 | വ്യക്തിഗത ഗ്രൂപ്പ് ആനുകൂല്യ അപേക്ഷ ഫോം (57000 എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 3 | 2-2021/22.09.2020 | 450 | സുഭിക്ഷ കേരളം- കമ്മിറ്റി അറിയിപ്പ് നോട്ടീസ്(1000 എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 4 | 2-2021/22.09.2020 | 1760 | ഭിന്നശേഷി സ്കോളർഷിപ്പ് , അപേക്ഷ ഫോം (2200എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 5 | 2-2021/22.09.2020 | 1,150 | വീട് വാസയോഗ്യം അപേക്ഷ ഫോം (500എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 6 | 23-21/12.11.2020 | 4,000 | കൃഷി- അപേക്ഷ ഫോം (6000+2000എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 7 | 42-21/7.01.2021 | 3130 | മൃഗസംരക്ഷണം- അപേക്ഷ ഫോം (100+350എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 8 | 59-21/24.02.2021 | 10,500 | പദ്ധതി രേഖ (23 എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 9 | 61-21/27.02.2021 | 25,500 | കരട് പദ്ധതി രേഖ (3000 എണ്ണം) | കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| 10 | 51-21/27.01.2021 | 1,700 | പട്ടികജാതി വികസനം അപേക്ഷ | കുടുംബശ്രീ മോഡേൺ മിനി |

| | | | | |
|---|---|---|---|---|
| | | | ഫോം(60+60+60+115എണ്ണം) (ചെലവ് രേഖ ഇല്ല) | ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ |
| | ആകെ | 1,61,640 | | |

പ്രിന്റ് ചെയ്ത രേഖകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് ആർക്ക് വിതരണം ചെയ്തുവെന്ന വിവരം രേഖപ്പെടുത്തുന്നതിന് വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിതരണ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബിൽ നമ്പർ 51-21/27.01.2021(ക്രമ നമ്പർ 10) പ്രകാരം 1700/- രൂപ കുടുംബശ്രീ

മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സിന് നൽകിയിട്ടുണ്ടെങ്കിലും ചെലവുരേഖകൾ ഫയലിലില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 1700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം:15 തിയ്യതി: 18.03.2022

## 1-124 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷം അഡീഷണൽ സെക്രട്ടറി നിർവഹണം നടത്തിയ 05/2021- ക്യാൻ തൃശ്ശൂർ -കോർപ്പറേഷൻ വിഹിതം അടവാക്കൽ പദ്ധതിയിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് താഴെപറയും പ്രകാരം കോർപ്പറേഷൻ വിഹിതം നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ നിന്നുള്ള തുക കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം, വിനിയോഗ വിശദാംശങ്ങൾ എന്നിവ ഫയലിലില്ല.

| പദ്ധതി /നം. | ബിൽ നം. | തുക/ഫണ്ട് | വിഹിതം കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 05/2021- ക്യാൻ തൃശ്ശൂർ കോർപ്പറേഷൻ വിഹിതം അടവാക്കൽ | ACR പ്രകാരം 2002/29.03.2021 | 15,00,000 വികസനഫണ്ട് | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |

ട്രഷറി ബിൽ ബുക്കിൽ മേൽ പദ്ധതിയുടെ ചെലവ് വിവരം ഇല്ല. ACR പ്രകാരം വികസനഫണ്ടിൽ നിന്നും 15,00,000 രൂപ ചെലവഴിച്ചതായി കാണുന്നു. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും പദ്ധതി ചെലവ് 15,00,000/- രൂപയാണ്. ചെലവ് തുക പരിശോധിക്കുന്നതിന് ഫണ്ട് വൈസ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക കൈപ്പറ്റ് വിവരം ,വിനിയോഗവിവരം എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് അന്വേഷണം നം:14 തിയ്യതി: 18.03.2022

## 1-125 റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല.

1996 ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുക കുറവു വരുത്തുന്നുണ്ടെങ്കിലും ടി തുക സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നില്ല.നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും പെൻഷൻ അലോട്ട്മെന്റ് ആവശ്യത്തിന് ലഭ്യമാകാത്തതിനാൽ പെൻഷൻ വിതരണം മുടങ്ങുമെന്ന ഘട്ടം വന്നപ്പോൾ 2009 നവംബർ മാസം മുതൽ ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയും ആയത് മതിയാകാതെ വരുമ്പോൾ തനതു ഫണ്ടിൽ നിന്നുള്ള തുകയും പെൻഷൻ ആനുകൂല്യ വിതരണത്തിനായി ഉപയോഗിച്ചു വരുന്നു.പെൻഷൻ കോൺട്രിബ്യൂഷനായി തൃശ്ശൂർ കോർപ്പറേഷനിൽ അക്കൌണ്ട് നമ്പർ 10244230556 എന്ന പ്രത്യേക അക്കൌണ്ട് സൂക്ഷിച്ചിട്ടുണ്ട്.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2020-21 | 5069111 | 228444725 | 27913836 | 8347175 | 19566661 |

2020-21 സാമ്പത്തികവർഷം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ ഫണ്ട് ഇനത്തില് 2,23,52,159 രൂപ അനുവദിച്ചിട്ടുണ്ട്.ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 9954642 രൂപയും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 66134718 രൂപയും പെൻഷൻ ആനുകൂല്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.സ്ഥാപനത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ട തുക 12852968..ഇത് തനതു ഫണ്ടിൽ ഇടുകയും പിന്നീട് ആവശ്യാനുസരണം പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിച്ച് ഉപയോഗിക്കുകയുമാണ് ചെയ്തു വരുന്നത്.നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും കൃത്യമായിപെൻഷൻ കോൺട്രിബ്യൂഷൻ തുക ലഭിക്കുന്ന മുറയ്ക്ക് സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നതാണ് എന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/18.3.22 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കണ്ടിജന്റ് പെൻഷൻ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 2020-21സാമ്പത്തികവർഷം കണ്ടിജന്റ് ജീവനക്കാരുടെശമ്പളത്തിൽ നിന്നും പിരിച്ചെടുത്ത തുക | 7221083 |
| കോർപ്പറേഷൻ പെൻഷൻ അക്കൌണ്ടിലേക്ക് നിക്ഷേപിച്ച തുക | 7221083 |
| നിക്ഷേപിക്കേണ്ടിയിരുന്ന തുക | 7221083 |
| 2020-21സാമ്പത്തിക വർഷം കണ്ടിജന്റ് പെൻഷൻകാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി ചെലവഴിച്ച തുക | 46026464 |

ഓഡിറ്റ് എൻക്വയറി നമ്പർ 4/18.3.22

## 1-127 അമൃത് പദ്ധതി-അവലോകനം

എ) (2020-21)

| ക്രമ നം. | മേഖല | ഭരണാനുമതി ലഭിച്ച പ്രോജക്റ്റിന്റെ എണ്ണം/തുക | | സാങ്കേതികാനുമതി ലഭിച്ച പ്രോജക്റ്റിന്റെ എണ്ണം /തുക | | പണി തുടങ്ങിയത് എണ്ണം/ തുക | | പണി പൂർത്തിയാക്കിയത് എണ്ണം/തുക | | ചെലവ് |
|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക (കോടി) | എണ്ണം | തുക (കോടി) | എണ്ണം | തുക (കോടി | എണ്ണം | തുക (കോടി | |
| 1 | വാട്ടർ | 20 | 137.4 | 19 | 136.02 | 19 | 136.02 | 6 | 23.47 | 90.25 |
| 2 | സ്വീവേജ് &സെപ്റ്റേജ് | 3 | 60.42 | 3 | 52.92 | 0 | 0 | 0 | 0 | 0 |
| 3 | സ്റ്റോം വാട്ടർ | 69 | 45.96 | 69 | 41.63 | 60 | 35.06 | 56 | 23.21 | 24.81 |
| 5 | അർബൻ ട്രാൻസ്പോർട്ട് | 24 | 19.18 | 24 | 14.24 | 19 | 12.89 | 13 | 4.31 | 4.794 |
| 6 | ഗ്രീൻ സ്പേസ് പാർക്ക് | 6 | 4.89 | 6 | 4.68 | 6 | 4.68 | 3 | 2.26 | 2.19 |
| ആകെ | | 122 | 267.85 | 121 | 249.49 | 104 | 188.65 | 78 | 53.25 | 122.044 |

ബി) ഡി.പി.ആർ. (2020-21 വരെ)

| ക്രമ നം. | വിശദാംശങ്ങൾ | തുക(കോടി) |
|---|---|---|
| 1 | ഭരണാനുമതി ലഭിച്ച പദ്ധതി അടങ്കൽ | 267.85 |
| 2 | ആനുപാതിക കേന്ദ്ര സംസ്ഥാന വിഹിതം | 214.28 |
| 3 | ആനുപാതിക കോർപ്പറേഷൻ വിഹിതം | 53.57 |
| 4 | ഇതുവരെ ആകെ വകയിരുത്തിയ തുക | 40.83 |
| 5 | ഇതുവരെ ആകെ ചെലവഴിച്ച തുക | 123.7 |

ഓഡിറ്റ് എൻക്വയറി നം. 3/18.3.22

## 1-128 മഴക്കുഴി നിർമ്മാണം മഴവെള്ള സംഭരണി സ്ഥാപിയ്ക്കൽ-റീടെൻഷൻ തുക തിരികെ നൽകൽ

പേയ്മെന്റ് ഓർഡർ നം-52003201/21/12/20

ഫയൽ നമ്പർ-പി.ഡബ്ല്യു2/-31970/17

ചെലവ്തുക -109718/- ചെക്ക് നമ്പർ-792703/8.01.2021(തനതുഫണ്ട്)

പൊതുസ്ഥലങ്ങളിൽ മഴക്കുഴി നിർമ്മാണം മഴവെള്ള സംഭരണി സ്ഥാപിയ്ക്കൽ-റീ ടെൻഷൻ തുക തിരികെ ലഭ്യമാക്കുന്നതിനു എം.ഒ.ഡേവിസ്, മൽപാവ്(ഹൗസ്) നായത്തോട്പി.ഒ. ന് മേൽ വൗച്ചർ പ്രകാരം തുക നല്കിയിട്ടുണ്ട്.എന്നാൽ ഏതൊക്കെ മഴക്കുഴി/മഴവെള്ള സംഭരണി നിർമ്മിച്ച പ്രവർത്തികൾക്കുള്ള റീ ടെൻഷൻ തുകയാണ് നല്കിയിട്ടുള്ളത് എന്ന് വൗച്ചറിൽ നിന്നു വ്യക്തമല്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ തുക നല്കിയിട്ടുള്ളത് എന്നും വ്യക്തമല്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം ഫയലും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം50/21/തീയതി-27.04.2022 ന് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ നിലനില്ക്കുന്നതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-129 കാര്യക്ഷമമായ ഭരണനിർവ്വഹണത്തിലെ വീഴ്ച

കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ അഡീ.സെക്രട്ടറിയുടെ തസ്തിക സൃഷ്ടിച്ചതിനെ തുടർന്ന്, G.O.(Ms.)No.295/2008/LSGD Dt.06.11.2008 പ്രകാരം സെക്രട്ടറി, അഡീ.സെക്രട്ടറി, ഡെ.സെക്രട്ടറി എന്നീ തസ്തികകളിലെ ജോലി വിഭജനം നടത്തി ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിലെ ജോലി വിഭജനത്തിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

സെക്രട്ടറി

1.കോർപ്പറേഷന്റെ സ്വന്തം റവന്യൂ വരുമാനം വർധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൗൺസിലിന്റെ പരിഗണനയ്ക്കായി തയ്യാറാക്കൽ.

2.നികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

3.വസ്തു നികുതി, തൊഴിൽ നികുതി മുതലായവയുടെ മൂല്യനിർണയത്തി ന്റെയും പിരിച്ചെടുക്കലിന്റെയും പുരോഗതിയുടെ ആനുകാലിക അവലോ കനം.

4.അറ്റൻഡൻസ് രജിസ്റ്ററുകളുടെയും മൂവ്മെന്റ് രജിസ്റ്ററുകളുടെയും ആനുകാ ലിക പരിശോധന.

അഡീ.സെക്രട്ടറി

5.മികച്ച ഭരണം ഉറപ്പാക്കാൻ കോർപ്പറേഷന്റെ വിവിധ വകുപ്പുകളിൽ കാലാകാലങ്ങളിലുള്ള പരിശോധന.

6.വിതരണ (Distribution)രജിസ്റ്ററിന്റെ പരിശോധന

7.തൻപതിവേടിന്റ(Personal Register) രജിസ്റ്ററിന്റെ പരിശോധന

8.മുൻകൂർ/നിക്ഷേപ രജിസ്റ്ററിന്റെ പരിശോധന

9.കോർപ്പറേഷന്റെ റവന്യൂ വകുപ്പിലെ ഫീൽഡ് ലെവൽ ജീവനക്കാരുടെ വർക്ക് ഡയറിയുടെ വെരിഫിക്കേഷൻ

10.കോർപറേഷനിലെ വിവിധ വകുപ്പുകളുടെ ഹാജർ പുസ്തകങ്ങളുടെ പരിശോധന.

11.കോർപ്പറേഷന്റെ സ്ഥാവര ജംഗമ ആസ്തികളുടെ ആനുകാലിക പരിശോധന

12.സ്റ്റോക്കുകളുടെയും സ്റ്റോറുകളുടെയും വാർഷിക പരിശോധന

ഡെ.സെക്രട്ടറി

13.ബിൽ കളക്ടർമാർക്കും റവന്യൂ ഇൻസ്പെക്ടർമാർക്കും ഉള്ള ജോലി വിഭജനം തയ്യാറാക്കൽ.

14.തൻപതിവേടിന്റ(Personal Register) പരിശോധന

15.സോണൽ ഓഫീസുകളുടെ പരിശോധന

16.കോർപ്പറേഷന്റെ റവന്യൂ വകുപ്പിലെ കാഷ്വൽ ലീവ് രജിസ്റ്റർ, ഹാജർ പുസ്തകങ്ങൾ എന്നിവയുടെ പരിപാലനം,

17.കോർപ്പറേഷന്റെ റവന്യൂ സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൗൺസിലിന്റെ പരിഗണനയ്ക്കായി തയ്യാറാക്കൽ

18.വർദ്ധിപ്പിച്ച നികുതി നിരക്കിനുള്ള നിർദ്ദേശങ്ങൾ.

19.വസ്തുനികുതി, തൊഴിൽനികുതി മുതലായവയുടെ മൂല്യനിർണ്ണയത്തിന്റെയും പിരിച്ചെടുക്കലിന്റെയും പുരോഗതിയുടെ ആനുകാലിക അവലോകനം.

20.അറ്റൻഡൻസ് രജിസ്റ്ററുകളുടെയും മൂവ്മെന്റ് രജിസ്റ്ററുകളുടെയും ആനുകാലിക പരിശോധന.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ ഗുണപരമായി സ്വാധീനിക്കാവുന്ന നിർദ്ദേശങ്ങളാണ് ജോലിവിഭജന രേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്നിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി, അഡീ.സെക്രട്ടറി, ഡെ.സെക്രട്ടറി എന്നിവർ മേൽ വിഷയങ്ങളിൽ എടുത്ത നടപടികൾ (*രേഖകളുടെ പിൻബലത്തോടെ*) നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം.33/22.04.22 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കാത്തതിനാൽ, നികുതിദായകരായ പൊതുജനങ്ങളുടെ നിത്യജീവിതത്തെ

നേരിട്ട് ബാധിക്കുന്ന വിവിധ വിഷയങ്ങളിൽ പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ടോയെന്നുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റെ വരവ്, ചെലവ് എന്നിവയിലെ കാര്യക്ഷമതയും കോർപ്പറേഷന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥർ കാലികമായി പരിശോധനക്ക് വിധേയമാക്കുന്നുണ്ടോ എന്നതും ഉറപ്പിക്കാനായില്ല.

സർക്കാർ ഉത്തരവ് അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഭരണ - ഉദ്യോഗസ്ഥ നേതൃത്വത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-130 മാലിന്യ നിർമ്മാർജ്ജന ഫണ്ട് - നിയമ നിഷ്കർഷ പാലിച്ചില്ല.

മുനിസിപ്പാലിറ്റി പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി മുനിസിപ്പാലിറ്റി '*മാലിന്യനിർമ്മാർജ്ജന ഫണ്ട്*' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 334-സി യിൽ നിഷ്കർഷിക്കുന്നുണ്ട്.

പ്രസ്തുത നിധിയിൽ താഴെ പറയുന്ന തരത്തിലുള്ള വരവിനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്;

എ) 334 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധിക ഫീസ്.

ബി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴ സംഖ്യ.

സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ,

ഇത്തരത്തിൽ ഒരു നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകേണ്ടതാണെന്ന് (ബാങ്ക് അക്കൗണ്ട് നം., 2020-21 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് മുതലായവ) ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ന.33/22.04.22 നൽകിയതിന് ഇത്തരത്തിലുള്ള ഒരു ഫണ്ട് രൂപീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.

ഒരു നിയന്ത്രണാധികാര സ്ഥാപനമായ കോർപ്പറേഷൻ, നിയമത്തിൽ അനുശാസിക്കുന്ന അർത്ഥത്തിൽ അതിന്റെ നിയന്ത്രണാധികാരം വിനിയോഗിച്ച്, ഈ ഫണ്ടിലേക്ക് വരവായി ഉൾപ്പെടുത്താൻ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഇനങ്ങൾ ഈ ഫണ്ടിലേക്ക് മുതൽ കൂട്ടിയിരുന്നുവെങ്കിൽ ഫണ്ടിന്റെ രൂപീകരണ ഉദ്ദേശ്യം സാർത്ഥകമാകുമായിരുന്നു. അധികൃതരുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.


## 1-131 ആസ്തി സംരക്ഷണത്തിലെ വീഴ്ച

1993-ലെ ഭരണഘടനാ ഭേദഗതികളിലൂടെ ലക്ഷ്യം വെച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ സ്ഥാപനം 1994-ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി നിയമനിർമ്മാണത്തിലൂടെ യാഥാർത്ഥ്യമായി. പക്ഷേ, അത് കാര്യക്ഷമവും ഫലപ്രദവും വസ്തുനിഷ്ഠവുമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30 പ്രകാരം പൊതു ആസ്തികളുടെ സംരക്ഷണം കോർപ്പറേഷന്റെ അനിവാര്യ ചുമതലയാണ്. ഇവയുടെ കാര്യക്ഷമമല്ലാത്ത നിർവ്വഹണവും മോശം പരിപാലനവും ആശങ്കകളുടെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. 2000-ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം വസ്തുക്കൾ പരിപാലിച്ച് കോർപ്പറേഷന്റെ സാമ്പത്തിക ഭദ്രത നിലനിറുത്തേണ്ടതും അഭിവൃദ്ധിപ്പെടുത്തേണ്ടതും മാറിമാറി വരുന്ന ഭരണസമിതികളുടെ കർത്തവ്യമാണ്. ആസ്തി പരിപാലനം മെച്ചപ്പെട്ട സേവനപ്രദാനത്തിന് അത്യന്താപേക്ഷിതവുമാണ്. പദ്ധതി രൂപീകരണത്തിൽ പുതിയ ആസ്തികൾ വിഭാവനം ചെയ്യുമ്പോൾ കൈവശമുള്ള ആസ്തികളെക്കുറിച്ചും അവയുടെ പരിപാലനത്തെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടാക്കേണ്ടതാണ്. അവയുടെ പ്രവർത്തനം, അറ്റകുറ്റപ്പണി നടത്തിയാൽ ലാഭകരമാക്കാവുന്നവ, ഉപേക്ഷിച്ചില്ലെങ്കിൽ ഭാവിയിൽ ബാധ്യതയാകാവുന്നവ, ഉപയോഗിക്കാൻ ഒരു രീതിയിലും സാധ്യമാകാത്തവ, നല്ല ശ്രദ്ധ കൊടുക്കേണ്ടവ എന്നിങ്ങനെ പല ഗണങ്ങളായി ക്രോഡീകരിച്ച് ഉചിതമായ തീരുമാനത്തിനായി കൗൺസിലിൽ അവതരിപ്പിച്ച് ആസ്തി പരിപാലനം കാര്യക്ഷമമാക്കാൻ കഴിയും.

തൃശ്ശൂർ കോർപ്പറേഷന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ നിലവിലുള്ള ആസ്തികളെ സംബന്ധിച്ച് വളരെ പരിമിതമായ രീതിയിലുള്ള ഒരു പരിശോധന മാത്രമാണ് നടത്തുവാൻ കഴിഞ്ഞതെങ്കിലും ലഭിച്ച പരിശോധനാ ഫലങ്ങൾ ഒട്ടും ശുഭസൂചകമല്ല.

വിവിധ മേഖലാ കാര്യാലയങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞ തൽസ്ഥിതി ചിത്രങ്ങൾ താഴെ ചേർക്കുന്നു;

ഫോർക്കഞ്ചേരി മേഖലാ കാര്യാലയം, കമ്മ്യൂണിറ്റി ഹാൾ



വനിതാ വ്യവസായ കോംപ്ലക്സ്, നെട്ടുപുഴ



കൂർക്കഞ്ചേരി മേഖലാ കാര്യാലയം, കമ്മ്യൂണിറ്റി ഹാൾ



ഉദാഹരണത്തിന് കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിനോടനുബന്ധിച്ച ഷോപ്പിങ്ങ് കോംപ്ലക്സിൽ മുകൾ ഭാഗം മുഴുവൻ നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. താഴെ നിലയിൽ 3 മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരോട് സംസാരിച്ചതിൽ നിന്നും ഭൗതിക പരിശോധനയിൽ നിന്നും പ്രസ്തുത കടമുറികളുടെ അവസ്ഥ അത്യന്തം ശോചനീയമാണെന്ന് കണ്ടു. ഇതേ ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പുറകിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ സീലിങ്ങ്, പ്ലാസ്റ്ററിങ്ങ് അടർന്ന് വീണ് ഉപയോഗയോഗ്യമായ നിലയിലല്ല.

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന വനിതാ വ്യവസായ കോംപ്ലക്സിന്റെ ആകെയുള്ള 12 മുറികളിൽ 2 മുറികളിൽ മാത്രമാണ് വാടകക്കാരുള്ളത്. മറ്റു മുറികളിൽ കാലാകാലങ്ങളിലുള്ള പരിപാലനത്തിന്റെ അഭാവം കാണുന്നുണ്ട്.

<u>കുറുപ്പം റോഡ് ഷോപ്പിംഗ് കോംപ്ലക്സ് - ശോചനീയാവസ്ഥയിൽ</u>

തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കുറുപ്പം റോഡിലെ ബെൽമൗത്ത് ഷോപ്പിംഗ് കോംപ്ലക്സ് വളരെ ശോചനീയവും മലീമസവുമായ സ്ഥിതിയിലാണ് കാണപ്പെട്ടത്. കെട്ടിടത്തിന്റെ മുകൾനിലകളിലെ കടമുറികൾ വേണ്ടത്ര സുരക്ഷിതവും ശുചിയായും പരിപാലിക്കപ്പെടുന്നില്ല. പ്രവർത്തിക്കുന്ന കടമുറികളിലെ പല വാടകക്കാരും ലൈസൻസ് എടുത്തിട്ടില്ല. ആയതിൽ തന്നെ പലതിലും യഥാർത്ഥ വാടകക്കാരനല്ല കട നടത്തുന്നത്.

ഭൂരിഭാഗവും അധിക തുകയ്ക്ക് മേൽവാടകയ്ക്ക് കൊടുത്തിട്ടുള്ളവയാണ്. ലൈസൻസോ ജി എസ് ടി രജിസ്ട്രേഷനോ ഇല്ലായെന്നുള്ളത് നേരിട്ട് പരിശോധിക്കുന്ന വേളയിൽ മാത്രമാണ് കണ്ടുപിടിക്കപ്പെടുന്നത്. ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷ പരിഗണിക്കുമ്പോഴോ അതല്ലായെങ്കിൽ വർഷത്തിലൊരിക്കലെങ്കിലോ കടമുറികൾ സന്ദർശിച്ച് നടത്തിപ്പിലെ അപാകതകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടത് കോർപ്പറേഷന്റെ ചുമതലയാണ്. കടമുറികളിലെ മാലിന്യങ്ങൾ ലൈസൻസികൾ തന്നെ കൃത്യമായി നശിപ്പിക്കുകയും പരിസരം ശുചിയായി പരിപാലിച്ചു കൊള്ളാമെന്നും കരാർ മുഖേന കോർപ്പറേഷന് ഉറപ്പ് നൽകിയിട്ടുള്ളതാണെന്നിരിക്കെ ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല. ഇത് കോർപ്പറേഷന്റെ ആരോഗ്യ വിഭാഗത്തിന്റെ വീഴ്ചയാണ്.





ഷോപ്പിംഗ് കോംപ്ലക്സിൽ രജിസ്റ്റർ പ്രകാരം മൂന്ന് നിലകളിലായി ആകെ 15 കടമുറികളുണ്ട്. ഒന്നാം നിലയിലെ അഞ്ച് കടമുറികളിൽ ഒരെണ്ണം അടച്ചിട്ടിരിക്കയാണ്. രണ്ടാം നിലയിൽ തൃശ്ശൂർ കോർപ്പറേഷൻ വക അക്ഷയ കംപ്യൂട്ടർ സെന്റർ എന്നെഴുതിയ സൂചിക ചുവരിൽ എഴുതിയിട്ടുണ്ടെങ്കിലും ഓഡിറ്റ് ടീം സന്ദർശിച്ച സമയം സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടില്ല. വാടക രജിസ്റ്ററിൽ, കൗൺസിൽ വക അക്ഷയ സെന്റർ നടത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുറിയുടെ വിസ്തൃതി നിശ്ചയിച്ച് സ്ഥാപനത്തിന് വാടക നിജപ്പെടുത്തി നൽകിയിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനം വാടക അടച്ചിട്ടുമില്ല. ഒന്നാം നിലയിലെ മറ്റ് നാല് കടമുറികളിലെ വാടകക്കാരും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കടമുറി നം. | ലൈസൻസിയുടെ വിവരം | നിലവിലെ വ്യാപാര വിവരം | അപാകതകൾ |
|---|---|---|---|
| ഒന്നാം നില -1 | ആനന്ദ പ്രസാദ് | മണ്ടുമ്പാല മുട്ടക്കച്ചവടം | കരാറിൽ ആയുർവേദ മരുന്ന് കച്ചവടം എന്നാണ് ലൈസൻസ് എടുത്തിട്ടില്ല. ജിഎസ്ടി രജിസ്ട്രേഷൻ ഇല്ല. |
| 2 | അമൽ ടിഎ, s/oആനന്ദപ്രസാദ് | ആയുർവേദ മരുന്ന് കച്ചവടം | നിലവിൽ പൂട്ടിയിട്ടിരിക്കുന്നു. |
| 3 | വിളക്കുതറ ബാലചന്ദ്രൻ | ജെന്റ്സ് ബ്യൂട്ടി പാർലർ | ലൈസൻസ് എടുത്തിട്ടില്ല. |
| 4 | വിളക്കുതറ ബാലചന്ദ്രൻ | ഡ്രൈ ക്ലീനിംഗ് &ടൈലറിംഗ് | നേരിൽ പരിശോധിക്കുന്ന വേളയിൽ അടച്ചിരുന്നു. |
| 5 | സജി സെബാസ്റ്റ്യൻ | മൊബൈൽ സർവ്വീസ് ജിഎസ് ടി രജിസ്ട്രേഷൻ ഇല്ല. | കരാറിൽ, ആയുർവേദ മരുന്ന് വില്പന എന്നാണ് ചേർത്തിട്ടുള്ളത്. |
| രണ്ടാം നില (6) | റീജിയണൽ മാനേജർ | കാര്യാലയമായി പ്രവർത്തിക്കുന്നു വാടക അടവാക്കുന്നുണ്ട്. | കേരള സംസ്ഥാന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് കാര്യാലയം |
| മൂന്നാം നില (7) | തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ വക കംപ്യൂട്ടർ പഠനം ക്ലാസ്സ്.(അക്ഷയ) | വാടക അടയ്ക്കാറില്ല. | നിലവിൽ ക്ലാസ്സുകൾ നടത്തുന്നില്ല |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 211 (1)പ്രകാരം മുനിസിപ്പാലിറ്റിക്ക് സ്വന്തമായുള്ളതോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് റിവർഷനറി അവകാശം ഉള്ളതോ ആയ എല്ലാ സ്ഥാവര വസ്തുക്കളുടെയും ഒരു 'വസ്തു വിവര പട്ടിക' സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മേൽപ്പറഞ്ഞ 'വസ്തു വിവര പട്ടിക' യുടെ ഒരു പകർപ്പ് സർക്കാരിനെ ഏൽപ്പിക്കേണ്ടതും എല്ലാ മാറ്റങ്ങളും അവരെ ഉടനടി അറിയിക്കേണ്ടതുമാണ്.

നിയമ നിഷ്കർഷ പാലിച്ച് 'വസ്തു വിവര പട്ടിക' തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പും അത് സർക്കാരിന് സമർപ്പിച്ച കത്തും ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം.33/22.04.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല.

കോർപ്പറേഷന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ ശരിയായ രീതിയിൽ പരിപാലിച്ച് അതിൽ നിന്നും ലഭിയ്ക്കേണ്ട വാടക, ലൈസൻസ് ഫീയിനങ്ങളിലുള്ള വരുമാനം എന്നിവ കൃത്യമായി വസൂലാക്കേണ്ടതും വരുമാനചോർച്ച തടയാൻ കോർപ്പറേഷൻ ജാഗ്രത പാലിയ്ക്കേണ്ടതുമാണ്.

## 1-132 വിൽവട്ടം സോണൽ ഏരിയയിലെ തെരുവു വിളക്കുകൾ,ഹൈമാസ്റ്റ് ലാമ്പുകൾ എന്നിവയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് നല്കിയത്

പേയ്മെന്റ് ഓർഡർ നം-520034466,ഫയൽ നം-V/40123/2021

ചെക്കു നമ്പർ-792707/8.1.2021

തുക-2,98 090/-

വിൽവട്ടം സോണൽ പരിധിയിലെ തെരുവ് വിളക്കിന്റെയും ഹൈമാസ്റ്റ് ലാമ്പിന്റെയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 2,98,090/-രൂപ മേൽ വൗച്ചർ പ്രകാരം കെ.എസ്.ഇ.ബി രാമവർമ്മപുരത്തിനു നല്കിയിട്ടുണ്ട്.എന്നാൽ എത്ര തെരുവുവിളക്കുകൾ,എത്ര ഹൈമാസ്റ്റ് ലാമ്പുകൾ എന്നിവയ്ക്കു എത്ര രൂപ നിരക്കിൽ വൈദ്യുതി ചാർജ്ജ് നല്കിയെന്നതിന്റെ വിവരങ്ങൾ വൗച്ചറിൽ നിന്നും ലഭ്യമല്ല. തെരുവു വിളക്കിന്റെയും,ഹൈമാസ്റ്റ് ലാമ്പിന്റെയും എണ്ണം , താരിഫ്, ഡിമാന്റ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററും,ഫയലും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 48/21/തീയതി-27.04.2022 മറുപടിയോടൊപ്പം ഹാജരാക്കിയ ഫയലിലും, രജിസ്റ്ററിലും മേല്പറഞ്ഞ വിവരം രേഖപ്പെടുത്തിയിട്ടില്ല.ഫയലിനോടൊപ്പം വിൽവട്ടം സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന തെരുവു വിളക്കുകളുടെയും,ഹൈമാസ്റ്റ് ലാമ്പുകളുടെയും കറന്റ് ചാർജ്ജ് ഫോർ ദി മന്ത് 1/20എന്നു രേഖപ്പെടുത്തിയത് തിരുത്തി 1/2021 എന്നാക്കിയത് അസിസ്റ്റന്റ്എഞ്ചിനീയറുടെ കാര്യാലയം ,രാമവർമ്മപുരത്തു നിന്നു നല്കിയത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയത് കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക ഇൻവോയ്സ് ഇല്ലാതെ ലിസ്റ്റ് മാത്രം ഹാജരാക്കിയത് അംഗീകരിയ്ക്കുന്നില്ല.ഇൻവോയ്സിൽ സീരിയൽ നമ്പരും കൺസ്യൂമർ നമ്പർ തുക എന്നിവ മാത്രമാണ്.വിൽവട്ടം സോണൽ ഓഫീസ് പരിധിയിൽ എത്ര ഹൈമാസ്റ്റ് ലാമ്പ് ഉണ്ട് എന്നുള്ള വിവരങ്ങൾ രജിസ്റ്ററിലോ ഫയലിലോ ഹാജരാക്കിയിട്ടില്ല.26.02.2017ലെ സ.ഉ.(അച്ചടി) നം27/2017/ധന ഉത്തരവിലെ പൊതുവായ മാർഗ്ഗനിർദ്ദേശം നം.vii-ഹൈമാസ്റ്റ് ലാമ്പ്/മിനിമാസ്റ്റ് ലാമ്പ് ലൈറ്റുകൾ സ്ഥാപിയ്ക്കുന്ന സ്ഥലങ്ങളിൽ നിലവിൽ പ്രവർത്തിയ്ക്കുന്ന തെരുവു വിളക്കുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൈക്കൊള്ളേണ്ടതാണ് "എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. ഫയലിലോ, കെ.എസ്.ഇ. ബി. നല്കിയ ലിസ്റ്റിലോ ഹൈമാസ്റ്റ് ലാമ്പ്/മിനിമാസ്റ്റ് ലാമ്പ് എന്നിവയിൽ ഉപയോഗിച്ചിരിയ്ക്കുന്ന ബൾബുകളുടെ എണ്ണം,ബൾബുകളുടെ കപ്പാസിറ്റി (വാട്ട്സ് )മുതലായവ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി - ചട്ടം 3(1) പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൃശ്ശൂർ നഗരസഭ പരിധിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 ലെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ 3-ാം ഡിവിഷനിലെ സുധർമ്മ മെട്രോപോളിസ് ഹെൽത്ത് സർവീസസ് എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച പത്രികയിലെ ശമ്പള പ്രകാരം ചില ജീവനക്കാരിൽ നിന്നും 2020-21 ഒന്നാം അർദ്ധവർഷം 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷിക വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | അതുൽ കൃഷ്ണ.കെ | 82782 | 750 | 450 | 300 |
| 2 | ഡെൽനിസ്.വി.ഡി | 71502 | 600 | 300 | 300 |
| 3 | ധന്യ.തോമസ്.എം | 85500 | 750 | 450 | 300 |
| 4 | ഇമ്മാനുവൽ തോമസ് | 74862 | 600 | 300 | 300 |
| 5 | ഹരികൃഷ്ണൻ.പി | 104022 | 1000 | 450 | 550 |
| 6 | ജിഷ്ണുദേവ്.എം.വി | 74862 | 600 | 300 | 300 |
| 7 | സാഗർ.കെ.വി | 76704 | 750 | 450 | 300 |
| 8 | രമ.ഇ.ബി | 136368 | 1250 | 1000 | 250 |
| | ആകെ | | | | 2600 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.87/29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവു വന്ന തുക 2600/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ

## സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു.

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ച

എ)പ്രോജക്ട് നമ്പർ(SO 899/21)

അടങ്കൽ: 2549250(വികസനഫണ്ട്)

ഹരിത കർമ്മ സേന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പ്രോജക്ട് പ്രകാരം 127 പേർക്ക് 15300 രൂപ വച്ച് 1943100 ചെലവഴിച്ചിട്ടുണ്ട്

| തിയതി | ബിൽനമ്പർ | തുക |
|---|---|---|
| 28/01/2021 | 01/2020-21 | 459000 |
| 28/01/2021 | 02/2020-21 | 459000 |
| 28/01/2021 | 03/2020-21 | 489000 |
| 28/01/2021 | 04/2020-21 | 413100 |
| 23/02/2021 | 05/2020-21 | 76500 |
| 23/02/2021 | 06/2020-21 | 15300 |
| 24/03/2021 | 09/2020-21 | 30600 |
| | ആകെ | 1943100 |

സ.ഉ (സാധാ) 703/2019 നം തസ്വഭവ. തിയതി 25/03/2019 & സ.ഉ(സാധാ) നം62/2020 തസ്വഭവ. തിയതി. 11//04/2020 പ്രകാരം കോർപ്പറേഷനുകൾക്ക് വാർഡ് അടിസ്ഥാനത്തിൽ ചെലവഴിക്കാവുന്ന പരമാവധിതുക 46350 ആണ്. ആയതിൽ പ്രകാരം ഒരു ഡിവിഷനിൽ ഹരിതകർമ്മ സേനയ്ക്ക് പരമവധി ആറുമാസത്തേക്ക് നല്കാവുന്ന തുക 46350/രൂപ ആണെന്ന് 13/07/2020 ലെ കൗൺസിൽ തീരുമാനം (5ാം നമ്പർ) എടുത്തിട്ടുണ്ട്. മേൽതീരുമാനത്തിനു വിരുദ്ധമായി പള്ളിക്കളം (35) ഡിവിഷനിൽ മേൽ തീരുമാനത്തിനു വിരുദ്ധമായി 122400/ രൂപ (8പേർക്ക് 15300 രൂപ വച്ച് ) ചെലവഴിച്ചതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരുവിവരം | ഹരിതകർമ്മ സേന | തുക | ഡിവിഷൻ |
|---|---|---|---|---|
| 1 | ദീപിക രാജേഷ് | ക്ളീൻ സിറ്റി | 15300 | പള്ളിക്കളം (35) |
| 2 | റീബ നീലങ്കാവിൽ | ക്ളീൻ സിറ്റി | 15300 | പള്ളിക്കളം (35) |
| 3 | വൽസല.കെ | ക്ളീൻ സിറ്റി | 15300 | പള്ളിക്കളം (35) |
| 4 | സാവിത്രി ശശി | ശക്തൻ HKS | 15300 | പള്ളിക്കളം (35) |
| 5 | ജെസ്സി കല്ലക്കാരൻ | ശക്തൻ HKS | 15300 | പള്ളിക്കളം (35) |
| 6 | ഉഷചീരക്കുഴി. | ശക്തൻ HKS | 15300 | പള്ളിക്കളം (35) |
| 7 | ഗീത പുളിപറമ്പിൽ | ശക്തൻ HKS | 15300 | പള്ളിക്കളം (35) |

| | | | | |
|---|---|---|---|---|
| 8 | വൽസല തൊറക്കാട്ടിൽ | ശക്തൻ HKS | 15300 | പള്ളിക്കളം (35) |
| ആകെ | | | 122400 | |

122400-46350=76050 രൂപ കൂടുതലായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ കുടുംബശ്രീ മെമ്പർ സെക്രട്ടറിയിൽ നിന്നു തിരിച്ചു പിടിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകിയതിൽ അധിക തുക അനുവദിച്ചു

പ്രൊജക്ട് നമ്പർ - SOO 264/ 21(സ്പിൽ ഓവർ 434/20)
അടങ്കൽ - 5,00,000 രൂപ
ചെലവ് - 4,75,236 രൂപ (ബിൽ നമ്പർ 163/ 11.04.2020 )

നിർവഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ,ജിഎച്ച് എസ് എസ്,
വികസന ഫണ്ട്(പൊതുവിഭാഗം)

വിദ്യാലയങ്ങൾക്ക് A3 പ്രിന്റർ നൽകുന്ന പദ്ധതിയിൽ അടങ്കൽ തുക 5,00,000/- രൂപയും ചെലവഴിച്ച തുക 4,75,236/- രൂപയും ആണ്. കെൽട്രോണിന്റെ 29.03.2021-ാം തിയ്യതിയിലെ ഓർഡർ നം. 21384 പ്രകാരം 10 എണ്ണം A3 പ്രിന്ററിന്റെ തുക 4,54,420/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 4,75,236/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെ ബിൽ ബുക്കിൽ തുക മാറിയതിന്റെ രേഖപ്പെടുത്തലുകൾ കാണുന്നില്ല എങ്കിലും എ.സി.ആർ. പ്രകാരം ബിൽ നമ്പർ 163/ 11.04.2020 തുക ചെലവഴിച്ചതായി കാണുന്നു.

കെൽട്രോണിന്റെ ബിൽ തുകയും, എ.സി.ആർ.തുകയും തമ്മിൽ 20,816/- രൂപയുടെ വ്യത്യാസം കാണുന്നു. കൂടുതലായി അനുവദിച്ച 20,816 /- രൂപയുടെ വിശദാംശങ്ങൾ, ബിൽ ബുക്കിൽ തുക രേഖപ്പെടുത്താത്തത് എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( എൻക്വയറി നമ്പർ 46 തിയതി 27.04.20 ) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 20,816 /- രൂപ തിരിച്ചടക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | | KSA(TSC) 4- |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|
| 2020-21 | 1,41,85,118/- | ഇല്ല | 497029 | 14682147/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പാ തിരിച്ചടവ്

വായ്പാ രജിസ്റ്റർ പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു.

| മുൻബാക്കി | വരവ് | തിരിച്ചടവ് | നീക്കി ബാക്കി |
|---|---|---|---|
| 5,07,29,165 | 1,42,49,000 | 55,92,000 | 5,93,86,165 |

അക്കൗണ്ട്സ് പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു

| മുൻബാക്കി | വരവ് | തിരിച്ചടച്ചത് | ബാലൻസ് (ബി 5 ഷെഡ്യൂൾ) |
|---|---|---|---|
| 4,96,97,793 | 1,42,49,000 ഹഡ്കോ | 51,18,385 | 5,88,28,408 |

വായ്പാ രജിസ്റ്റർ പ്രകാരമുള്ള വായ്പാ വരവും തിരിച്ചടവും ഹഡ്കോ വായ്പയുടേത് മാത്രമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി 5 ഷെഡ്യൂൾ പ്രകാരം ഹഡ്കോ വായ്പാ നീക്കിയിരിപ്പ് 58828408 ആണ്. വായ്പാ രജിസ്റ്ററും വാർഷിക കണക്ക് പ്രകാരമുള്ള വായ്പ വിവരവും പൊരുത്തപ്പെടുന്നില്ല.

* മറ്റ് ലോൺ വിശദാംശങ്ങൾ

വാർഷിക കണക്ക് പ്രകാരം ഷെഡ്യൂൾ B5 ൽ കാണുന്ന മറ്റ് ലോൺ നീക്കിയിരിപ്പ് വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Loan Under IDSMT | 15750 |
| Loan From Other Institutions | 887393 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 18,88,58,972 |
| Resumption Amount | ₹ 11,63,44,545 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 7,25,14,427 |

## 4-7 ഓഡിറ്റ് റിക്കവറി

ലോക്കൽ ഫണ്ട് ഓഡിറ്റ് 2006-07 സമാഹൃത ഓഡിറ്റ് ഖണ്ഡിക 4.4.2 പ്രകാരമുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിലേക്കായി കൗൺസിലർമാർ അടവാക്കിയിട്ടുള്ള തുകയുടെ വിവരം ചേർക്കുന്നു.

| ക്രമ നം. | പേര് | തുക + പിഴ = ആകെ | രസീതി നമ്പർ, തീയതി |
|---|---|---|---|
| 1 | ശ്രീ.ഉണ്ണികൃഷ്ണൻ ഈച്ചരത്ത് | 6488+1696 = 8184/- | Rt.No.120010111235/18.11.2020 |
| 2 | ശ്രീ.സതീഷ് അപ്പുകുട്ടൻ | 6488+1696 = 8184/- | Rt.No.102220107459/16.11.2020 |
| 3 | ശ്രീ.ജയപ്രകാശ് പൂവ്വത്തിങ്കൽ | 6488+1696 = 8184/- | Rt.No.12004018006/16.11.2020 |
| 4 | ശ്രീ.പി.എ.വർഗ്ഗീസ് | 6488+1696 = 8184/- | Rt.No.120010110948/03.11.2020 |
| 5 | ശ്രീ.രാജൻ.ജെ.പല്ലൻ | 6488+1696 = 8184/- | Rt.No.120010110522/09.11.2020 |
| 6 | ശ്രീ.ഡോ. ഉസ്മാൻ | 6488+1696 = 8184/- | Rt.No. 120010116510/09.11.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി

| ക്രമ നം. | വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1991-1992 | 43 | 2000-01 | അദ്ധ്യായം 53(എ) | ഗവൺമെന്റ് വായ്പ തിരിച്ചടയ്ക്കാത്തതുമൂലം ഉണ്ടായ സാമ്പത്തികനഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.7.4) 19,630/- രൂപയുടെ നഷ്ടം നികത്താനായി സെക്ഷൻ ക്ലർക്കിന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന 2,996/- രൂപ ടിയാളുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. അയതിന്മേലുള്ള അന്തിമറിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2 | 1991-1992 | 55 | 2000-01 | അദ്ധ്യായം 53(സി) | റോഡ് നിർമ്മാണം കോൺട്രാക്ടർക്ക് അധികം തുക നൽകിയത് അംഗീകരിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.8.4) കോർപ്പറേഷന് ഉണ്ടായ നഷ്ടം ഈടാക്കുന്നതിന വേണ്ടി റിക്കവറി നടപടികൾ സ്വീകരിച്ച് റിക്കവറി നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. |
| 3 | 1999-2000 | 33 | 2000-01 | അദ്ധ്യായം 53(ഇ) | എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് 1 ലക്ഷം രൂപ അധികം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) 17മത് റിപ്പോർട്ട് (ഖണ്ഡിക നം.105) എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയിൽ നിന്ന് 23,484/- രൂപ കോർപ്പറേഷന് ലഭിക്കാനുണ്ട്. പ്രസ്തുത തുക അടിയന്തിരമായി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. |
| 4 | 1999-2000 | 32 | 2000-01 | അദ്ധ്യായം 53(എഫ്) | സിമന്റ് ലഭ്യമാക്കിയതിൽ കുറവ് 42,192/- രൂപയുടെ നഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.10.7) കോർപ്പറേഷന് ഉണ്ടായ നഷ്ടം 42,192/- രൂപയുടെ നഷ്ടം ഉത്തരവാദിയായ<br>കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 5 | 1998-1999 | 36 | 2000-01 | അദ്ധ്യായം 53(ജി) | നാഷണൽ ഹൈവേ (സി) ഡിവിഷന് കടം നൽകിയ 10 ടൺ കമ്പി നഷ്ടപ്പെട്ടു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.4.1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫയലുകൾ സൂക്ഷിയ്ക്കുന്നതിനും തീർപ്പാക്കുന്നതിനും തീർപ്പാക്കിയ ഫയലുകൾ റെക്കോർഡ് റൂമിൽ സൂക്ഷിയ്ക്കുന്നതിനും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഫയലുകൾ കൈമാറുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ ഫലപ്രദവും കുറ്റമറ്റതുമാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടിക്രമങ്ങൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. |
| 6 | 1998-1999 | 71 | 2000-01 | അദ്ധ്യായം 53(എച്ച്) | ജനകീയാസൂത്രണ പദ്ധതി വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.11.10) പദ്ധതി നിർവ്വഹണ സമയത്ത് തൃശ്ശൂർ കോർപ്പറേഷനിൽ വ്യവസായ വികസന ഓഫീസറായ ശ്രീ.മുഹമ്മദ് കോയ ജോലി നോക്കിയിട്ടില്ലാത്തതിനാൽ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാനും ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിൽ സമർപ്പിക്കുവാൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുവാനും പരിശോധനയിൽ ധനനഷ്ടമേ ധനാ പഹരണമോ ഉണ്ടായിട്ടുണ്ടെന്ന് തെളിയുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാനും രേഖകൾ ഹാജരാക്കി ബോദ്ധ്യപ്പെട്ട സംഗതികളിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശുപാർശ ചെയ്തു. തുടർനടപടികളുണ്ടായിട്ടില്ല |
| 7 | 2000-2001 | 51 | 2003-04 | അദ്ധ്യായം 7(4) (2) | വനിത ഹോസ്റ്റൽ പണിയുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ തുക അടവാക്കി - പണി തുടങ്ങിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) 39-ാമത് റിപ്പോർട്ട് ഖണ്ഡിക നം.23 പ്രകാരം ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ച പണത്തിന് ആനുപാതികമായ പ്രവൃത്തി അവരെക്കൊണ്ട് നടത്തിച്ചശേഷം ബാക്കി നഗരസഭ തന്നെ നേരിട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് ശുപാർശ ചെയ്തു. തുടർനടപടികളുണ്ടായിട്ടില്ല |
| 8 | 2001-02 | 5ബി (1), (2) | 2003-04 | അദ്ധ്യായം 7(4)(2) | തെരുവ് വിളക്ക് സ്ഥാപിക്കാൻ വൈദ്യുതി ബോർഡിന് തുക നൽകിയെങ്കിലും പണി തുടങ്ങിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 9 | 2001-2002 (ചെലവ്) | 2-14 | 2005-06 | അദ്ധ്യായം 3.4.1 | ടാർ വാങ്ങിയതിലെ അപാകതകൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 10 | 2001-2002 (ചെലവ്) | 2-17 | 2005-06 | അദ്ധ്യായം 3.4.2 | കാരാറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് | ഖണ്ഡിക നിലനിൽക്കുന്നു |
| 11 | 2001-2002 (ചെലവ്) | 2-22 | 2005-06 | അദ്ധ്യായം 3.4.3. | മൊബൈൽ ഫോൺ ചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന് | ഖണ്ഡിക നിലനിൽക്കുന്നു |
| 12 | 2002-2003 (ചെലവ്) | 2-31 | 2005-06 | അദ്ധ്യായം 4.4.2 | കാർ വാടകയ്ക്ക് എടുത്തതിന് ചെലവായത് - നഷ്ടം വരുത്തിയ തുക തിരിച്ചുപിടിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 13 | 2002-2003 (ചെലവ്) | 2-46 | 2005-06 | അദ്ധ്യായം 4.4.3 | ചിപ്പിംഗ് കാർപ്പെറ്റിന് അധികനിരക്ക് നൽകി | ഖണ്ഡിക നിലനിൽക്കുന്നു |
| 14 | 2002-2003 (ചെലവ്) | 2-4-7 | 2006-07 | അദ്ധ്യായം 4.4.4. | കാരാറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു | ഖണ്ഡിക നിലനിൽക്കുന്നു |
| 15 | 2005-2006 (ചെലവ്) | 2-12 | 2009-10 | അദ്ധ്യായം 3.1.6(i) | നഗരസഭ വക കെട്ടിടം - ബിനി ടൂറിസ്റ്റ് ഹോം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ അപാകത | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 22-ാമത് റിപ്പോർട്ട് ഖണ്ഡിക നം.45 നഗരസഭയുടെ ടൂറിസ്റ്റ് ഹോം ടെണ്ടർ നടപടികളിലെ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി നിയമാനുസൃതമായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള വിശദീകരണവും നൽകുവാൻ സമിതിത ആവശ്യപ്പെട്ടിട്ടുണ്ട്. തുടർനടപടികളുണ്ടായിട്ടില്ല |
| 16 | 2006.2007 | 3-30 | 2010-11 | അദ്ധ്യായം 5.2.19(1) | സ്ലീപദവിപാനം 4,26,580/- രൂപ പാഴായി | |
| 17 | 2007-2008 | 3-4 | 2010-11 | അദ്ധ്യായം 5.2.19(2) | നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിൽ 83 ലക്ഷത്തിന്റെ ബാധ്യത | |
| 18 | 2008-2009 | 2-12ഇ, 3-24 | 2011-12 | അദ്ധ്യായം 4-13 | വനിതാ വ്യവസായകേന്ദ്രം പ്രവർത്തനസജ്ജമായില്ല – നിഷ്ക്രിയ നിക്ഷേപം 10,97,913/- | ഖണ്ഡിക നിലനിൽക്കുന്നു |
| 19 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 20 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-1 | കാർഷികപദ്ധതികളും കൃഷിഭവനും | ഖണ്ഡിക നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 21 | 2009-10 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-3 | ശിശുക്ഷേമപദ്ധതികളും അംഗനവാടികളും | ഖണ്ഡിക നിലനിൽക്കുന്നു |
| 22 | 2008-2009 | 3-24 | 2011-12 | 4-14 | പൊളിച്ചുമാറ്റിയ കെട്ടിടത്തിന് സംരക്ഷണപദ്ധതി | ഖണ്ഡിക നിലനിൽക്കുന്നു |
| 23 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | 7-5 | 2012-13 | 3-1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലനം | ഖണ്ഡിക നിലനിൽക്കുന്നു |
| 24 | 2009-2010 | 7-4 | 2012-13 | 3-3 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും | ഖണ്ഡിക നിലനിൽക്കുന്നു |
| 25 | | 3-44-1 | 2014-15 | 6-10 | ആശ്രയ ഭവനപദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 26 | 2011-12 (ചെലവ്) | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2013-14 | | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | ഖണ്ഡിക നിലനിൽക്കുന്നു |
| 27 | 2012-13 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2014-15 | | അധികാരവികേന്ദ്രീകരണവും മൃഗസംരക്ഷണ ക്ഷീരവികസന മേഖലയും, കേന്ദ്രാവിഷ്കൃത പദ്ധതികൾ, നിഷ്ക്രിയാസ്തികൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 28 | 2016-2017 | 3-25 | 2017-18 | അദ്ധ്യായം 1-8 | ഐ.എച്ച്.എസ്.ഡി.പി. പദ്ധതി- കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 29 | 2017-2018 | 3-28 | 2018-19 | - | വെന്റേഴ്സ് മാർക്കറ്റ് - നിഷ്ക്രിയ ആസ്തി - നഗരസഭയ്ക്ക് 1,25,45,484/- രൂപ നഷ്ടം | |
| 30 | 2017-18 | 3-42 | 2018-19 | - | മലിനജലസംസ്കരണത്തിനായി സ്ഥലം വാങ്ങൽ - 2,15,71,588/- രൂപ പാഴ്ച്ചെലവ് | ഖണ്ഡിക നിലനിൽക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 271,01,39,919/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 253,71,94,153/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2,600/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96,866/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,71,75,001.34/- |

ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | വരവ് നഷ്ടം | ചെലവ് നഷ്ടം | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | കുറിപ്പ് |
|---|---|---|---|---|---|---|
| 2-1 | | | 2,600 | | വി.അച്യുതൻ ഡെപ്യൂട്ടി സെക്രട്ടറി | |
| 3-1 | | | | 76,050 | ബിനു.പി.ബി,മെമ്പർ സെക്രട്ടറി,കുടുംബശ്രീ | |
| 3-2 | | | | 20,816 | ഭരതരാജൻ.കെ.എസ് പ്രിൻസിപ്പാൾ,ഗവ, ഹയർ സെക്കന്ററി സ്കൂൾ | |
| ആകെ | | | 2,600 | 96,866 | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-91 | 18,43,630 | ശ്രീമതി. സരസ്വതി .എ.കെ. കൃഷി ഡെപ്യൂട്ടി ഡയറക്ടർ(സി) പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, തൃശ്ശൂർ |
| 1-92 | 7,35,829 | ശ്രീമതി. സരസ്വതി .എ.കെ. കൃഷി ഡെപ്യൂട്ടി ഡയറക്ടർ(സി) |

| | | |
|---|---|---|
| | | പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ,<br>തൃശ്ശൂർ |
| 1-93 | 1,14,000 | ശ്രീമതി. സരസ്വതി .എ.കെ.<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ(സി)<br>പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ,<br>തൃശ്ശൂർ |
| 1-99 | 1,47,200 | ശ്രീ.ഷിബുകുമാർ. പി.കെ.<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ,തൃശ്ശൂർ |
| 1-101 | 90,631 | ശ്രീ. ബാലസുബ്രഹ്മണ്യൻ. വി.സി.<br>ഹെൽത്ത് സൂപ്പർവൈസർ,<br>തൃശ്ശൂർ കോർപ്പറേഷൻ |
| 1-108 | 9,55,284 | ഭരതരാജൻ കെ.എസ്. ,<br>പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-110 | 45,900 | ബിനു.പി.ബി,<br>മെമ്പർ സെക്രട്ടറി,കുടുംബശ്രീ |
| 1-117 | 1,08,935.34 | പി.രാധാകൃഷ്ണൻ, സെക്രട്ടറി ,<br>തൃശ്ശൂർ കോർപ്പറേഷൻ |
| 1-118 | 1,43,556 | പി.രാധാകൃഷ്ണൻ, സെക്രട്ടറി ,<br>തൃശ്ശൂർ കോർപ്പറേഷൻ |
| 1-119 | 6,26,01,044 | പി.രാധാകൃഷ്ണൻ, സെക്രട്ടറി ,<br>തൃശ്ശൂർ കോർപ്പറേഷൻ |
| 1-120 | 6,18,27,068 | അരുൺകുമാർ വി.സി,<br>അഡീഷണൽ സെക്രട്ടറി |
| 1-122 | 1,69,50,506 | അരുൺകുമാർ വി.സി,<br>അഡീഷണൽ സെക്രട്ടറി |
| 1-123 | 1,700 | അരുൺകുമാർ വി.സി,<br>അഡീഷണൽ സെക്രട്ടറി |
| 1-124 | 15,00,000 | അരുൺകുമാർ വി.സി,<br>അഡീഷണൽ സെക്രട്ടറി |
| 1-128 | 1,09,718 | വിനു.സി.കുഞ്ഞപ്പൻ,<br>സെക്രട്ടറി |
| ആകെ | 14,71,75,001.34 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിനു.പി.ബി,<br>മെമ്പർസെക്രട്ടറി,കുടുംബശ്രീ | മെമ്പർ സെക്രട്ടറി,<br>കുടുംബശ്രീ | ഷാൻഗ്രില,ചൂലിശ്ശേരി.പി.ഒ<br>തൃശ്ശൂർ-680541 |
| പി.രാധാകൃഷ്ണൻ , സെക്രട്ടറി | സെക്രട്ടറി<br>വയനാട് ജില്ലാ പഞ്ചായത്ത്<br>കല്പറ്റ | പൂജ, ഒ.എൻ.വി റോഡ്<br>തൃച്ചംബരം, തളിപറമ്പ്<br>കണ്ണൂർ |
| അരുൺ കുമാർ വി.സി,<br>അഡീഷണൽ സെക്രട്ടറി<br>(ഇൻ ചാർജ്ജ്) | സൂപ്രണ്ട്<br>പ്ലാനിംഗ് വിഭാഗം<br>തൃശ്ശൂർ കോർപ്പറേഷൻ | കാവ്യം, പി.ഒ കൊരട്ടിക്കര<br>680543 |
| ശ്രീ.ഭരതരാജൻ.കെ.എസ്. | പ്രിൻസിപ്പാൾ<br>ഗവ. ഹയർ സെക്കന്ററി<br>സ്കൂൾ | കണിയമംഗലം<br>പേരാമംഗലം<br>പി.ഒ.680545 |
| ശ്രീമതി. സരസ്വതി .എ.കെ. | കൃഷി ഡെപ്യൂട്ടി<br>ഡയറക്ടർ(സി)<br>പ്രിൻസിപ്പൽ<br>അഗ്രികൾച്ചറൽ<br>ഓഫീസർ,തൃശ്ശൂർ | ആലുക്കപ്പറമ്പിൽ ഹൗസ്<br>അലയൻസ് സ്ട്രീറ്റ്<br>മണ്ണുത്തി.പി.ഒ |

| | | |
|---|---|---|
| ശ്രീ.ഷിബുകമാർ.പി.കെ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ,തൃശ്ശൂർ | പെരുമുഴിക്കൽ ഹൗസ് വാപ്പൽശ്ശേരി.പി.ഒ അങ്കമാലി |
| ശ്രീ.ബാലസുബ്രഹ്മണ്യൻ.വി.സി. | ഹെൽത്ത് ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ | "കൃഷ്ണപ്രിയ" എഴവന്തുരുത്തി.പി.ഒ പൊന്നാനി |
| ശ്രീ.വിനു.സി.കുഞ്ഞപ്പൻ | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | ചീനിക്കുഴിയിൽ ഹൗസ് അശോകപുരം റോസ് ഗാർഡൻ ഫസ്റ്റ് ലൈൻ, ആലുവ |
| ശ്രീ.വി.അച്യുതൻ | ഡെപ്യൂട്ടി സെക്രട്ടറി (വിരമിച്ചു) | "നിർമ്മാല്യം" പള്ളത്തേരി ഹൗസ് എരട്ടയാൽ പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1991-1992 | എൽ.എഫ്.ടി.എം. 4-223/2000 തീയതി:15.05.2000/24.07.2000 | |
| 1996-1997 | എൽ.എഫ്.ടി.ആർ.സി.4-556/2006 തീയതി: 03.05.2007/22.05.2007 | |
| 1997-1998 | എൽ.എഫ്.ടി.ആർ.സി.4-555/2006 തീയതി: 03.05.2007/28.05.2007 | |
| 1998-1999 | എൽ.എഫ്.ടി.ആർ.സി.4-578/2007 തീയതി: 11.03.2008/24.04.2008 | |
| 1999-2000 | എൽ.എഫ്.ടി.ആർ.സി.4-428/2008 തീയതി: 24.04.2009/23.05.2009 | |
| 2000-2001 | എൽ.എഫ്.ടി.ആർ.സി.4-439/2008 തീയതി: 25.04.2009/29.05.2009 | |
| 2001-2002 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-450/2008 തീയതി: 23.10.2009/24.11.2009 | |
| 2001-2002 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-227/2005 തീയതി: 23.09.2005/30.11.2005 | |
| 2001-2002 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.ആർ.സി.4-556/2003 തീയതി: 11.12.2003/04.02.2004 | |
| 2002-2003 | എൽ.എഫ്.ടി.ആർ.സി.4-507/2008 തീയതി: 23.10.2009/24.11.2009 | |
| 2003-2004 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-508/2008 തീയതി: 23.10.2009/24.11.2009 | |
| 2003-2004 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-262/2007 തീയതി: 23.10.2007/15.12.2007 | |
| 2004-2005 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-509/2008 തീയതി: 28.10.2009/24.11.2009 | |
| 2004-2005 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-54/A/2008 തീയതി: 31.10.2008/29.12.2008 | |
| 2005-2006 | എൽ.എഫ്.ടി.ആർ.സി. 4-442/2008 തീയതി: 28.10.2009/24.11.2009 | |
| 2006-2007 | എൽ.എഫ്.ടി.ആർ.സി. 4-564/2009 തീയതി: 19.12.2009/19.01.2010 | |
| 2007-2008 | എൽ.എഫ്.ടി.ആർ.സി. 4-174/2010 തീയതി:13.07.2010/19.07.2010 | |
| 2008-2009 | എൽ.എഫ്.ടി.ആർ.സി. 4-133/2011 തീയതി: 24.06.2011 | |
| 2009-2010 | എൽ.എഫ്.ടി.ആർ.സി. 4-356/2012 തീയതി: 20.12.2012 | |
| 2010-2011 | എൽ.എഫ്.ടി.ആർ.സി. 4-314/2014 തീയതി: 17.11.2014/22.12.2014 | |

| | | |
|---|---|---|
| 2011-2012 (ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-331/2014<br>തീയതി: 19.05.2014/14.07.2014 | |
| 2011-2012 (വരവ്) | എൽ.എഫ്.ടി.ആർ.സി. 4-35/2015<br>തീയതി: 17.09.2015/22.09.2015 | |
| 2012-2013 | എൽ.എഫ്.ടി.ആർ.സി. 4-58/2015<br>തീയതി: 08.10.2015/27.10.2015 | |
| 2013-2014 | കെ.എസ്.എ.ടി.എസ്.സി4-810/2015<br>തീയതി :01.07.2016 / 19.07.2016 | |
| 2014-2015 | കെ.എസ്.എ.ടി.എസ്.സി4-510/2015<br>തീയതി : 03.08.2016 | |
| 2015-2016 | കെ.എസ്.എ.ടി.എസ്.സി 4-740/2016<br>തീയതി : 25.01.2017 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.സി 4-808/2017<br>തീയതി : 30.11.2017 | |
| 2017-2018 | കെ.എസ്.എ.ടി.എസ്.സി 4-1155/2018<br>തീയതി : 08.04.2019/16.04.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.സി 4-100/2020<br>തീയതി : 30.07.2020 | |
| 2019-20 | കെ.എസ്.എ.ടി.എസ്.സി 4-830/2021<br>തീയതി : 15.01.2022 | |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്